# രക്ഷാചരിത്രം:
# എസ്രാ - നെഹെമിയാ


**ഡോ. ജോസഫ് പാംപ്ലാനി**
**ഡോ. മൈക്കിൾ കാരിമറ്റം**



**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# രക്ഷാചരിത്രം:
# എസ്രാ-നെഹെമിയാ

**Title:** Salvation History:
Ezra - Nehemiah

**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707

**Published on:** 2015 July 28 (St. Alphonsa)

---

**Author:** Rev. Dr. Joseph Pamplany
Rev. Dr. Michael Karimattam

---

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith KC
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K

**Design & Layout:** Mr. Midhun Thomas

**Printing:** Vimala Offset Press, Thalassery

**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം


1. ബൈബിളിലെ രക്ഷാചരിത്രം ...................................................................... 5
2. പ്രവാസികളുടെ തിരിച്ചുവരവും ദേവാലയനിർമ്മാണവും.......................... 52
3. എസ്രായുടെ പ്രാരംഭ പ്രവർത്തനങ്ങൾ....................................................... 82
4. നെഹമിയായുടെ പുസ്തകം: ആമുഖം...................................................... 100
5. നെഹമിയായുടെ തിരിച്ചുവരവും നഗരമതിലിന്റെ നിർമ്മാണവും............ 103
6. നിയമപാരായണവും ഉടമ്പടി നവീകരണവും............................................ 133

*Published for the use of the students of Alpha Institute of Theology and Science*

# 01

## ബൈബിളിലെ രക്ഷാചരിത്രം

രക്ഷാകര ചരിത്രത്തിന്റെ സമഗ്രമായ ഒരു ചിത്രം അവതരിപ്പിക്കുക എന്നതാണ് ഈ പ്രാരംഭപഠനത്തിന്റെ ലക്ഷ്യം. സൃഷ്ടികർമ്മത്തിലൂടെയും അതിലുപരി രക്ഷാകർമ്മത്തിലൂടെയും പ്രകടമായ ദൈവസ്നേഹത്തിന്റെ കഥയാണ് ബൈബിൾ പറയുന്നത്. ആരംഭവും അവസാനവുമില്ലാത്ത ദൈവം മാംസം ധരിച്ച് മനുഷ്യനായി. ജീവന്റെ ഉറവിടമായ ദൈവത്തിൽനിന്ന് പാപംമൂലം അകന്നുപോയ മനുഷ്യന് ദൈവികജീവനിൽ വീണ്ടും പങ്കുനല്കുക എന്നതാണ് മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കു ദൈവം മനുഷ്യനെ നയിക്കുന്നതിന്റെ ചരിത്രം ബൈബിൾ വിവരിക്കുന്നു. ഇത് പാപിക്കു ദൈവം നല്കുന്ന രക്ഷയുടെ ചരിത്രമാണ്. അതിനാൽ ബൈബിളിനെ രക്ഷാചരിത്രം എന്നു വിളിക്കുന്നു. ബൈബിൾ രചിക്കപ്പെട്ടതിന്റെ ലക്ഷ്യംതന്നെ മനുഷ്യരക്ഷയാണെന്നു സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു: "ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20,31).

### ചരിത്രഗ്രന്ഥങ്ങളുടെ ആമുഖം

തന്റെ ജീവൻ മനുഷ്യനുമായി പങ്കുവയ്ക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് ബൈബിൾ നമുക്കു

വെളിപ്പെടുത്തിത്തരുന്നു. മനുഷ്യരെല്ലാം തന്നോടൊന്നിച്ച് എന്നേക്കും ജീവിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. പുരുഷനും സ്ത്രീയുമായി മനുഷ്യനെ ദൈവം തന്റെതന്നെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത് ഈ കൂട്ടായ്മയ്ക്കുവേണ്ടിയാണ്. ദൈവത്തിന്റെ സ്വഭാവത്തിൽ പങ്കുചേരുന്ന മനുഷ്യർ ദൈവത്തോടും തമ്മിൽത്തമ്മിലും ഐക്യത്തിൽ കഴിയണം. ചിന്തിക്കാനും ആലോചിക്കാനും തീരുമാനം എടുക്കാനും കഴിവുള്ള സ്വതന്ത്രവ്യക്തികളായി മനുഷ്യരെ സൃഷ്ടിച്ചപ്പോൾ ഈ ഐക്യമായിരുന്നു ദൈവം ലക്ഷ്യം വച്ചത് എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

മനുഷ്യനിൽ പതിഞ്ഞിരിക്കുന്ന ദൈവത്തിന്റെ ഛായയും (ഉൽപ1,26-28) മണ്ണിൽ നിന്നു മെനഞ്ഞെടുത്ത മനുഷ്യനെ ജീവനുള്ളവനാക്കിമാറ്റിയ ദൈവത്തിന്റെ ശ്വാസവും (ഉൽപ 2,7) ആദിമനുഷ്യനെ പാർപ്പിച്ച പറുദീസായുമെല്ലാം (ഉൽപ 2,18-25) ഈ സത്യത്തിലേക്കു വിരൽചൂണ്ടുന്നു. ദൈവത്തിന്റെ ദൃശ്യമായ പ്രതിരൂപമാണ് മനുഷ്യൻ. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണവൻ. ദൈവസ്നേഹത്തിന്റെ മൂർത്തരൂപമായി മനുഷ്യൻ ഭൂമിയിൽ വർത്തിക്കണം എന്നതായിരുന്നു ദൈവത്തിന്റെ ആഗ്രഹം. എന്നാൽ തനിക്കു ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗിച്ച മനുഷ്യൻ തന്നിലെ ദൈവിക പ്രതിഛായ വികലമാക്കി; പാപംമൂലം അവൻ ദൈവത്തോടുള്ള ബന്ധം വിഛേദിച്ചു, പറുദീസായ്ക്കു പുറത്തായി.

ജീവന്റെ ഉറവിടമായ ദൈവത്തെ നിഷേധിച്ച് തനിക്കായി ജലം സൂക്ഷിക്കാൻ കഴിയാത്ത പൊട്ടക്കിണറുകൾ കുഴിച്ച (ജറെ 2,13) മനുഷ്യനെ ദൈവം ഉപേക്ഷിച്ചില്ല. അകന്നുപോകുന്നവന്റെ പിന്നാലെ വരുന്ന സ്രഷ്ടാവിന്റെ ചിത്രമാണ് രക്ഷാചരിത്രം വരച്ചുകാട്ടുന്നത്. ഒരിക്കലും കുറയാത്തതും അസ്തമിക്കാത്തതുമായ സ്നേഹത്തോടെ മനുഷ്യനെ തന്നിലേക്കാകർഷിക്കാനായി അവനെ തേടിയെത്തുന്ന ദൈവവും അജ്ഞതയും ഔദ്ധത്യവും അവയിൽനിന്നു ജനിക്കുന്ന അഹങ്കാരവുംവഴി കൂടുതൽ അകലത്തേക്കു പ്രയാണം ചെയ്യുന്ന മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രമാണ് ബൈബിൾ വരച്ചുകാട്ടുന്ന രക്ഷാചരിത്രം. സൃഷ്ടികർമ്മത്തിൽ ആരംഭിക്കുന്ന ഈ ചരിത്രം എല്ലാറ്റിനെയും നവീകരിക്കുന്ന പുതിയ സൃഷ്ടിയിലാണ് പൂർത്തിയാകുന്നത്.

ദൈവികജീവനിലും നിത്യമായ സന്തോഷത്തിലും മനുഷ്യനെയും പങ്കുചേർക്കുക എന്ന ദൈവികപദ്ധതിക്ക് മനുഷ്യന്റെ പാപം വിലങ്ങുതടിയായി. ദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണഹൃദയത്തോടെ, സമ്പൂർണ്ണമായ അനുസരണത്തിലൂടെ അവിടുത്തെ ഹിതം ജീവിത വ്രതമാക്കുകയും ചെയ്യുന്നതിനുപകരം മനുഷ്യൻ സ്വന്തം താല്പര്യങ്ങൾക്കും വികലമായ സ്വാതന്ത്ര്യബോധത്തിനും മുൻഗണന നല്കിയപ്പോൾ അവനു ദൈവികജീവൻ നഷ്ടമായി; ദൈവികസാന്നിദ്ധ്യമായ പറുദീസായിൽനിന്ന് അവൻ പുറത്തായി.

ദൈവംതന്നെ മനുഷ്യന്റെ പാപം പരിഹരിക്കും; അവിശ്വസ്തതയുടെ മുറിവുണക്കും. അവന്റെമേൽ പരിശുദ്ധാത്മാവാകുന്ന ശുദ്ധ

ജലം തളിച്ച് എല്ലാമാലിന്യങ്ങളിൽനിന്നും അവനെ ശുദ്ധീകരിക്കും (എസെ 36,25-28). നഷ്ടപ്പെടുത്തിയ പറുദീസാ അവനു വീണ്ടും നല്കും. ദൈവത്തിനും മനുഷ്യനും വിരുദ്ധമായി നില്ക്കുന്ന തിന്മ യുടെ ശക്തികളെ തോല്പിച്ച് ഉന്മൂലനം ചെയ്യും. അതിനായി ദൈവംതന്നെ ചരിത്രത്തിലേക്ക് ഇറങ്ങിവന്ന്, മനുഷ്യനോടു ചേർന്നു നില്ക്കും. തിന്മയ്ക്ക് അധീനമായ മനുഷ്യപ്രകൃതി സ്വന്തമായി സ്വീക രിച്ചുകൊണ്ട് മനുഷ്യശരീരത്തിൽ പാപത്തെ പരാജയപ്പെടുത്തി, തിന്മയെ ഉന്മൂലനം ചെയ്യും. അങ്ങനെ അകന്നുപോയ മനുഷ്യനെ തിന്മയുടെ ആധിപത്യത്തിൽനിന്നും രക്ഷിച്ച് വീണ്ടും ദൈവത്തിന്റെ സഹവാസത്തിലേക്കു നയിക്കും. ഈ പദ്ധതിയാണ് ബൈബിൾ വിവരിക്കുന്ന രക്ഷാചരിത്രം - സൃഷ്ടിമുതൽ പുതുസൃഷ്ടിവരെ നീളുന്ന രക്ഷാചരിത്രം: "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നു പോയി... ഇതാ ഞാൻ സകലവും നവീകരിക്കുന്നു" (വെളി 2, 1-5).

ബൈബിൾ അവതരിപ്പിക്കുന്ന രക്ഷാചരിത്രത്തെ മൂന്നു ഭാഗ ങ്ങളായി തിരിക്കാം. 1. ഒരുക്കം 2. പൂർത്തീകരണം 3. പ്രഘോഷ ണം- പരിസമാപ്തി. സൃഷ്ടിമുതൽ രക്ഷകനായ യേശുക്രിസ്തു വിന്റെ വരവുവരെയുള്ള കാലഘട്ടത്തെ ഒരുക്കത്തിന്റെ കാലം എന്ന് വിശേഷിപ്പിക്കുന്നു. ഈ കാലഘട്ടം മുഖ്യമായും പഴയനിയമത്തിന്റെ കാലമാണ്. സകലജനതകളും പ്രതീക്ഷിച്ചിരുന്നതും പഴയനിയമ ത്തിൽ അനേകം പ്രവചനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും മുൻകൂട്ടി അറിയിക്കപ്പെട്ടതുമായ മാനവരക്ഷകനാണ് ദൈവപുത്ര നായ യേശുക്രിസ്തു. യേശുവിന്റെ ജനനം, പ്രവർത്തനങ്ങൾ, പ്രബോധനം, മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നിവ ഉൾക്കൊ ള്ളുന്ന ഹ്രസ്വമായ കാലഘട്ടത്തെ പൂർത്തീകരണത്തിന്റെ കാലം എന്നു വിളിക്കുന്നു. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനും സൃഷ്ട പ്രപഞ്ചം മുഴുവനും ലഭ്യമായ രക്ഷയുടെ സദ്വാർത്ത ലോകത്തിന്റെ അതിർത്തികൾവരെ, സകലജനതകളോടും പ്രഘോഷിക്കുന്ന കാല ഘട്ടമാണ് രക്ഷാചരിത്രത്തിലെ മൂന്നാമത്തെ കാലം.

ആദ്യകാലഘട്ടം ഇസ്രായേലിന്റെ അഥവാ പഴയനിയമത്തിന്റെ കാലം എന്നും മൂന്നാമത്തേത് സഭയുടെ അഥവാ പുതിയ ഇസ്രാ യേലിന്റെ കാലം എന്നും വിശേഷിപ്പിക്കപ്പെടുന്നു. ഇവയ്ക്കു മധ്യേയുള്ള കാലം ചരിത്രത്തിന്റെ കേന്ദ്രബിന്ദുവാണ്. അതുവരെ യുള്ള ചരിത്രം മുഴുവൻ യേശുവിലേക്കു നയിക്കുന്നു; അതിനുശേ ഷമുള്ള കാലം യേശുവിൽനിന്നു ശക്തിയാർജ്ജിച്ച് യേശുവിനെ പ്രഘോഷിക്കുന്നു. രക്ഷാചരിത്രത്തിന്റെ അന്ത്യം പ്രപഞ്ചചരിത്ര ത്തിന്റെതന്നെ അന്ത്യം കുറിക്കുന്നു. പിന്നെ അങ്ങോട്ട് ചരിത്രമില്ല. നവീകരിക്കപ്പെട്ട പ്രപഞ്ചവും മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെട്ട മനുഷ്യരും ദൈവികമഹത്വം പ്രകടമാക്കുന്ന നിത്യശക്തിയുടെ നിമി ഷമാണത്. വേദനയും ദുഃഖവുമില്ലാത്ത, കണ്ണീരും മുറവിളിയുമി ല്ലാത്ത, അവാച്യമായ ആനന്ദത്തിന്റെ അനന്തമായ നിമിഷം. ഈ ആനന്ദത്തിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ദൈവം

തന്നെ മനുഷ്യനെ ഈ ലക്ഷ്യത്തിലേക്കു നയിക്കും എന്ന് ബൈബിൾ ഉറപ്പിച്ചു പറയുന്നു- അതിന് മനുഷ്യന്റെ സഹകരണം ആവശ്യമാണെന്നുമാത്രം. സഹകരിക്കാതെ എതിർത്തുനില്ക്കുന്നവർ എന്നേക്കുമായി വിച്ഛേദിക്കപ്പെടുമെന്നും ബൈബിൾ താക്കീതു നല്കുന്നു (വെളി 2,8).

**ഒരുക്കത്തിന്റെ കാലം**

രക്ഷകന്റെ വരവിനായുള്ള കാലത്തെ പഴയനിയമകാലം എന്നു വിശേഷിപ്പിക്കുന്നു. ബൈബിളിൽ മുഖ്യമായും ഇത് ഇസ്രായേൽ ജനത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ കാലത്തെ പഠനത്തിനുള്ള സൗകര്യാർത്ഥം ഏഴു ഘട്ടങ്ങളായി തിരിക്കാം.

1. ആദിചരിത്രം - ബി. സി. 1850
2. പൂർവ്വപിതാക്കന്മാരുടെ ചരിത്രം - ബി. സി. 1850-1550
3. അടിമത്തവും പുറപ്പാടും - ബി.സി. 1550-1250
4. വാഗ്ദത്തഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ - ബി.സി. 1250-1030
5. രാജവാഴ്ച - ബി.സി. 1030-587
   - A. അവിഭക്തരാജ്യം - ബി.സി. 1030-930
   - B. വിഭക്തരാജ്യം - ബി.സി. 930-721
   - C. യൂദാമാത്രം - ബി.സി. 721-587
6. പ്രവാസം - ബി.സി. 587-538
7. പ്രവാസാനന്തരകാലം - ബി.സി. 538 - എ.ഡി. 135
   - A. പേർഷ്യൻ ആധിപത്യം ബി.സി. - 538-332
   - B. ഗ്രീക്ക്ആധിപത്യം ബി.സി. - 332-63
   - C. റോമൻ ആധിപത്യം ബി.സി. 63 - എ.ഡി. 135

ചരിത്രം എന്നു വിശേഷിപ്പിക്കാവുന്ന കാലഘട്ടം ആരംഭിക്കുന്നത് പൂർവ്വപിതാവായ അബ്രാഹത്തിന്റെ കാലത്തോടെയാണ്. അതിനുമുമ്പുള്ള കാലത്തെ മുഴുവനായി ചരിത്രാതീതകാലം എന്നു വിശേഷിപ്പിക്കുന്നു. രാജവാഴ്ചയുടെ കാലഘട്ടത്തെ മൂന്നായി വിഭജിച്ചാണ് വിശകലനം ചെയ്യുന്നത്. അതുപോലെതന്നെ പ്രവാസാനന്തരകാലത്തെയും. ബി.സി. 63 ൽ റോമൻ കോൺസുളായ പോംപേയ് പാലസ്തീനാ കീഴടക്കിയതോടെ റോമൻ കാലഘട്ടം ആരംഭിക്കുകയായി. എ.ഡി. 135 ൽ ഇസ്രായേൽജനം റോമാക്കാരുമായി നടത്തിയ രണ്ടാം യുദ്ധത്തിൽ പരാജയപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. തന്നെയുമല്ല, ജറുസലെം നഗരിയുടെ പേരുതന്നെ മാറ്റി, കിഴക്കൻ തലസ്ഥാനം എന്ന അർത്ഥത്തിൽ "ഏലിയാ കാപ്പിത്തൊളീനാ" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങുകയും ചെയ്തു. ഇസ്രായേൽ വംശജർക്ക് ജറുസലെമിൽ പ്രവേശനം നിഷേധിച്ചു. ഇതോടെ രക്ഷാചരിത്രത്തിലുള്ള ഇസ്രായേലിന്റെ സ്ഥാനത്തിനുതന്നെ കാതലായ വ്യതിയാനം സംഭവിച്ചു.

ഈ കാലഘട്ടത്തിലാണ് രക്ഷകനായ യേശുക്രിസ്തു ജനിച്ചതും മനുഷ്യരക്ഷയ്ക്കായി പീഡസഹിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ്, മഹ

ത്വീകരിക്കപ്പെട്ടതും. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യസമൂഹം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാൻ തുടങ്ങി. ലോകത്തിന്റെ അതിർത്തികൾവരെയുള്ള അവരുടെ പ്രേഷിതയാത്രകളും ഈ കാലഘട്ടത്തിൽത്തന്നെ ആരംഭിച്ചു. അതിനാൽ റോമൻ ഭരണത്തിന്റെ കാലം പഴയനിയമത്തിൽനിന്ന് പുതിയ നിയമത്തിലേക്ക്, ഇസ്രായേലിൽനിന്ന് സഭയിലേക്ക്, പഴയ ഇസ്രായേലിൽനിന്ന് പുതിയ ഇസ്രായേലിലേക്കുള്ള മാറ്റത്തിന്റെ കാലഘട്ടം കൂടിയാണ്.

ഓരോ കാലഘട്ടത്തെയും അല്പംകൂടി വിശദമായി പരിശോധിക്കാൻ ശ്രമിക്കുകയാണ് അടുത്തതായി ചെയ്യുന്നത്. ഓരോ കാലഘട്ടവും പരിശോധിക്കുമ്പോൾ ആ കാലഘട്ടത്തിന്റെ ചരിത്രപരമായ പ്രത്യേകതകൾ, ആ കാലഘട്ടത്തെ വിവരിക്കുന്ന ബൈബിൾ ഗ്രന്ഥങ്ങളും ഗ്രന്ഥഭാഗങ്ങളും, ഈ കാലഘട്ടത്തിലെ പ്രധാനസംഭവങ്ങൾ, വ്യക്തികൾ എന്നിവയും എടുത്തുകാട്ടാൻ ശ്രമിക്കുന്നതാണ്. കൂടുതൽ വിശദമായ പഠനം ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും വ്യാഖ്യാനങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്.

ഒരുക്കത്തിന്റെ കാലത്തെ ഏഴ് ഘട്ടങ്ങളായി തരംതിരിച്ചതിൽ ആദ്യത്തെ മൂന്ന് ഘട്ടങ്ങളുടെ ചരിത്രം പഞ്ചഗ്രന്ഥിയിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ ആദ്യവാല്യത്തിൽ ഈ ചരിത്രം വിശദീകരിച്ചിട്ടുള്ളതിനാൽ തുടർന്നുള്ള നാല് കാലഘട്ടങ്ങളുടെ ചരിത്രമാണ് ഈ പഠനത്തിൽ വിശദീകരിക്കുന്നത്.

## വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ (ബി.സി. 1250–1030)

ഹാരാനിൽ വച്ചു വിളിക്കുമ്പോൾ ദൈവം അബ്രാഹത്തിനു നല്കിയ വാഗ്ദാനങ്ങളിൽ ഒന്ന്, സ്വന്തമായ ഒരു രാജ്യമായിരുന്നു. വാഗ്ദത്തഭൂമിയുടെ പടിവാതില്ക്കൽ എത്തി പാളയമടിച്ചു കിടക്കുന്ന ഇസ്രായേൽ ജനത്തിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് പഞ്ചഗ്രന്ഥം സമാപിക്കുന്നത്. തുടർന്നുള്ള രണ്ടു പുസ്തകങ്ങൾ, ജോഷ്വയും ന്യായാധിപന്മാരും, വാഗ്ദത്തഭൂമി കൈവശമാക്കുന്നതിനും, കൈവശപ്പെടുത്തി സ്വന്തമായി കാത്തുസൂക്ഷിക്കുന്നതിനുംവേണ്ടി നടത്തിയ യുദ്ധങ്ങൾ വിവരിക്കുന്നു.

### ചരിത്രപശ്ചാത്തലം: ഫിലിസ്ത്യരുടെ കുടിയേറ്റം

ബി.സി. പതിമൂന്നാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ട്, വാഗ്ദത്തഭൂമിയായ കാനാൻദേശം ലക്ഷ്യംവച്ച്, മരുഭൂമിയിലൂടെ യാത്ര ചെയ്തത്. മോശയുടെ മരണത്തിനുശേഷം ജോഷ്വയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ആരംഭിച്ചു. ഏതാണ്ട് ഇതേ കാലഘട്ടത്തിൽത്തന്നെ കൂടുതൽ ശക്തമായ മറ്റൊരു ജനതയും കാനാൻദേശം കീഴടക്കി വാസമുറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഫിലിസ്ത്യർ എന്നാണ് അവർ അറിയപ്പെടുന്നത്.

പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏജിയൻ കടൽത്തീരത്തുനിന്നു പുറപ്പെട്ട ഒരു ജനത മധ്യധരണ്യാഴിയിലൂടെ വന്ന്

ഈജിപ്തിനെ ആക്രമിച്ചു. കടൽമാർഗ്ഗം വന്നതിനാൽ അവരെ കടൽമനുഷ്യർ (sea people) എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. അംഗസംഖ്യയിൽ കുറവാണെങ്കിലും ഏറ്റം മികച്ച ആയുധങ്ങളും യുദ്ധമുറകളും കണിശമായ സൈനികപരിശീലനവും നേതൃത്വവുമുണ്ടായിരുന്ന അവർ ശക്തരായിരുന്നു. ഇസ്രായേൽക്കാർ ഈജിപ്തുവിട്ട് അധികം വൈകാതെയാണ് ഇവർ ഈജിപ്ത് കയ്യടക്കാൻ ശ്രമിച്ചത്. പക്ഷേ റമേസസ് മൂന്നാമൻ എന്ന ഈജിപ്തുരാജാവ് അവരെ 1190 ൽ യുദ്ധത്തിൽ തോല്പിച്ചു കീഴടക്കി.

ഈജിപ്തിനു കീഴടങ്ങിയ അവർ ഈജിപ്തിന്റെ കൂലിപ്പട്ടാളമായി പ്രവർത്തിച്ചു. ഈജിപ്തുകാർ അവരെ തങ്ങളുടെ കിഴക്കെ അതിർത്തിയിൽ, കാനാന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ കുടിയിരുത്തി. ഗാസാ, അഷ്ദോദ്, അഷ്കലോൺ എന്നീ പട്ടണങ്ങൾ അവർ സ്ഥാപിച്ചു. അധികം വൈകാതെ അവർ ഈജിപ്തുമായുള്ള ബന്ധം വിച്ഛേദിച്ച് സ്വതന്ത്രനഗരങ്ങളായി. എക്രോൺ, ഗത്ത് എന്നീ രണ്ടു പട്ടണങ്ങൾകൂടി സ്ഥാപിച്ച് *പഞ്ചനഗരങ്ങൾ* എന്ന് അറിയപ്പെടാൻ തുടങ്ങി. ഫിലിസ്ത്യരായ ഇവരിൽനിന്നാണ് കാനാൻ ദേശത്തിനു പലസ്തീനാ എന്ന പേരു കൈവന്നത്.

ഫിലിസ്ത്യരുടെ സ്വാധീനം ഈ പഞ്ചനഗരങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. അമ്പും വില്ലും, വാളും കുന്തവും, കുതിരയും തേരും സ്വന്തമായുണ്ടായിരുന്ന ഇവർ ഓരോ നഗരത്തിലും ഒരു നാട്ടുരാജാവിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. ഈ ഫിലിസ്ത്യർ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കാനാൻദേശം മുഴുവൻ കീഴടക്കാൻ ശ്രമം ആരംഭിച്ചു. യുദ്ധം ചെയ്തു കീഴടക്കി മുന്നോട്ടു പോവുകയല്ല, കീഴടക്കിയ ദേശങ്ങളിൽ വാസമുറപ്പിക്കുകയായിരുന്നു ഇവരുടെ പദ്ധതി. ഇതേ സമയത്താണ് ഇസ്രായേൽക്കാർ കിഴക്കുനിന്നു വന്നു കാനാൻ കീഴടക്കാൻ ശ്രമിച്ചത്. അതിനാൽ ഇസ്രായേൽക്കാരും ഫിലിസ്ത്യരുമായി സംഘട്ടനം അനിവാര്യമായിരുന്നു. അതിന്റെ ചരിത്രമാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ അധികപങ്കും രേഖപ്പെടുത്തുന്നത്. എന്നാൽ ഇതുമാത്രമായിരുന്നില്ല ചരിത്രപശ്ചാത്തലത്തിന്റെ പ്രത്യേകത.

### കാനാനിൽ ആഭ്യന്തരകലാപം

അനേകം ചെറിയ നാട്ടുരാജ്യങ്ങളുടെ ഒരു സമാഹാരമായിരുന്നു പുറപ്പാടുകാലത്തെ കാനാൻ. രാജാക്കന്മാർ, പ്രഭുക്കന്മാർ, കുടിയാന്മാർ എന്നിങ്ങനെ പലതട്ടുകളായി തിരിഞ്ഞ ഒരു സാമൂഹികവ്യവസ്ഥ അവിടെ നിലനിന്നു. ഈജിപ്തുമായി നല്ല ബന്ധവും സഖ്യവും നിലനിർത്താൻ കാനാനിലെ നാട്ടുരാജാക്കന്മാർ ശ്രമിച്ചിരുന്നു. ബി.സി. പതിനാലാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലും കാനാനിൽ കലാപങ്ങൾ അരങ്ങേറി.

കാനാൻദേശത്തിനുമേൽ ഈജിപ്തിനുണ്ടായിരുന്ന സ്വാധീനം കുറഞ്ഞപ്പോൾ നാട്ടുരാജാക്കന്മാർ പരസ്പരം പടവെട്ടി കീഴടക്കാൻ

ശ്രമിച്ചു. ഇതിന്റെകൂടെ മറ്റൊന്നുകൂടി സംഭവിച്ചു. കാനാനിലെ പല നാട്ടുരാജ്യങ്ങളിലും "ഹപ്പീറു" അഥവാ "ഹബീറു" എന്നറിയപ്പെട്ടിരുന്ന നാടോടികൾ വാസമുറപ്പിച്ചിരുന്നു. അവർ കർഷകത്തൊഴിലാളികളായും കൂലിപ്പട്ടാളമായും തങ്ങളുടെ സേവനം നാടുവാഴികൾക്കു നല്കിയിരുന്നു. ഇസ്രായേൽക്കാർ എന്ന് അറിയപ്പെടുന്നവർ ഈ ജനതയുടെ ഭാഗമായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. ഹെബ്രായർ (Hebrews) എന്ന പേരിന്റെ ഉൽപത്തി "ഹബീറു"വിൽ നിന്നാണെന്നു കരുതപ്പെടുന്നു.

നാടുവാഴികൾ പരസ്പരം പടവെട്ടിയതിനു പുറമേ നാടുകൾക്കുള്ളിൽത്തന്നെ കലാപങ്ങളുണ്ടായി. കർഷകരായ കുടിയാന്മാർ നാടുവാഴികളുടെ മേൽക്കോയ്മ അംഗീകരിക്കാതായി. കൂലിപ്പട്ടാളവും അവരുടെ കൂടെ ചേർന്നു. ഇങ്ങനെ കലാപകലുഷിതമായ അന്തരീക്ഷത്തിൽ ഈജിപ്തിന്റെ സഹായം തേടി നാട്ടുരാജാക്കന്മാർ അയച്ച അപേക്ഷകൾ ഈജിപ്തിലെ ഒരു തലസ്ഥാനനഗരിയായിരുന്ന എൽ അമർണായിൽനിന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ജോഷ്വയുടെ നേതൃത്വത്തിൽ കടന്നുവന്ന ഇസ്രായേൽക്കാർക്ക് ഈ ആഭ്യന്തരകലാപങ്ങൾ അനുകൂലമായ സാഹചര്യം ഒരുക്കിയിരുന്നു. മാത്രമല്ല, പലരും ചില നാട്ടുരാജാക്കന്മാരടക്കം (ഉദാ. ഗിബയോൻകാർ - ജോഷ്വ 9) ഇസ്രായേൽക്കാരുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു. സങ്കീർണ്ണമായ ഈ പശ്ചാത്തലത്തിൽവേണം വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള ഇസ്രായേൽക്കാരുടെ പോരാട്ടങ്ങൾ മനസ്സിലാക്കാൻ.

**ജോഷ്വ**

വാഗ്ദത്തഭൂമി കീഴടക്കാൻവേണ്ടി നടത്തിയ യുദ്ധങ്ങളാണ് ജോഷ്വയുടെ പുസ്തകത്തിലെ മുഖ്യപ്രതിപാദ്യം. മോശയുടെ മരണത്തിനുശേഷം ജോഷ്വ നേതൃത്വം ഏറ്റെടുത്തു. ദൈവം തന്റെ സാന്നിധ്യവും സഹായവും ജോഷ്വയ്ക്കു വാഗ്ദാനം ചെയ്തു. യുദ്ധത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളാണ് ജോഷ്വ 1-5 അധ്യായങ്ങളിൽ വിവരിക്കുന്നത്. ദൈവത്തിന്റെ സഹായം ഉറപ്പുണ്ടെങ്കിലും ഒരു സൈന്യാധിപൻ എന്ന നിലയ്ക്കു താൻ ചെയ്യേണ്ട കാര്യങ്ങൾ ജോഷ്വ അവഗണിക്കുന്നില്ല. ചാരന്മാരെ അയച്ച് ദേശത്തു രഹസ്യനിരീക്ഷണം നടത്തി; ജനത്തെ ധീരരും പ്രബുദ്ധരുമാക്കി. ദൈവമാണ് യുദ്ധം നയിക്കുന്നതും നടത്തുന്നതുമെന്ന് അവർക്ക് ഉറപ്പുനല്കി. 6-12 അധ്യായങ്ങൾ വാഗ്ദത്തഭൂമിക്കുവേണ്ടി നടത്തിയ അനേകം യുദ്ധങ്ങൾ വിവരിക്കുന്നു. കീഴടക്കിയ പ്രദേശങ്ങൾ പന്ത്രണ്ടു ഗോത്രങ്ങൾക്കായി വീതിച്ചു കൊടുത്തതിന്റെ വിവരണമാണ് 13-22 അധ്യായങ്ങളിൽ നല്കുന്നത്. മുൻഗാമിയായ മോശ ചെയ്തതുപോലെ ജോഷ്വയും ഒരു വിടവാങ്ങൽ പ്രസംഗത്തിലൂടെ ജനത്തെ കർത്താവു ചെയ്ത വലിയ കാര്യങ്ങൾ അനുസ്മരിപ്പിക്കുകയും ചെയ്തു (ജോഷ്വ 23). സീനായ്മലയിൽ വച്ചു നടത്തിയ ഉടമ്പടി ഷെക്കെമിൽ വച്ച് നവീകരിച്ചതിനുശേഷമാണ് ജോഷ്വ മരിച്ചത് (ജോഷ്വ 24).

## ന്യായാധിപന്മാർ

ജോഷ്വയുടെ നേതൃത്വത്തിൽ കാനാൻദേശത്തു പ്രവേശിച്ച് വാസമുറപ്പിച്ച ഇസ്രായേൽഗോത്രങ്ങൾ തങ്ങൾക്കു ലഭിച്ച പ്രദേശങ്ങൾ സ്വന്തമായി കാത്തുസൂക്ഷിക്കാനും കൂടുതൽ പ്രദേശങ്ങൾ പിടിച്ചടക്കാനുംവേണ്ടി നടത്തിയ യുദ്ധങ്ങളുടെ ചരിത്രമാണ് ന്യായാധിപന്മാർ എന്ന പുസ്തകത്തിന്റെ പ്രതിപാദ്യം. ഒത്ത്നിയേൽ, ഏഹൂദ്, ഷംഗാർ, ദെബോറ-ബാറാക്, ഗിദയോൻ, തോല, ജായിർ, ജെഫ്താ, ഇബ്സോൻ, ഏലോൻ, അബ്ദോൻ, സാംസൺ എന്നിങ്ങനെ പന്ത്രണ്ടു നേതാക്കന്മാരാണ് ന്യായാധിപന്മാർ എന്ന പേരിൽ അറിയപ്പെടുന്നത്. പ്രതിപാദനത്തിന്റെ ദൈർഘ്യമനുസരിച്ച് ഇവരിൽ ആറുപേർ വലിയ ന്യായാധിപന്മാരെന്നും ആറുപേർ ചെറിയ ന്യായാധിപന്മാരെന്നും അറിയപ്പെടുന്നു. ദെബോറാ എന്ന ഏക സ്ത്രീ ന്യായാധിപ ബാറാകിന്റെകൂടെച്ചേർന്ന് ഒന്നായി എണ്ണപ്പെടുന്നു.

ന്യായാധിപന്മാർ എന്ന് അറിയപ്പെടുന്നെങ്കിലും ദെബോറയൊഴികെ മറ്റാരും ഏതെങ്കിലും വിധത്തിലുള്ള ന്യായാധിപന്റെ പ്രവൃത്തി ചെയ്തതായി പറയുന്നില്ല. ശത്രുക്കളുടെ ആക്രമണത്തിൽനിന്നും ആധിപത്യത്തിൽനിന്നും ഇസ്രായേൽഗോത്രങ്ങളെ രക്ഷിക്കാനായി ദൈവം നിയോഗിച്ചയച്ച നേതാക്കന്മാരായിരുന്നു അവർ. ഫിലിസ്ത്യരായിരുന്നു ഈ കാലഘട്ടത്തിൽ ഇസ്രായേലിന്റെ മുഖ്യശത്രുക്കൾ. എന്നാൽ അവർ മാത്രമായിരുന്നില്ല.

ന്യായാധിപഭരണം ഒരു സ്ഥിരസംവിധാനമായിരുന്നില്ല. ആപൽസന്ധികളിൽ ഒരു ന്യായാധിപൻ രംഗപ്രവേശം ചെയ്യാൻ ദൈവം ഇടവരുത്തും. പ്രതിസന്ധികഴിയുമ്പോൾ അവർ തിരോധാനം ചെയ്യും. കാനാൻ ദേശത്തു പ്രവേശിച്ച ഇസ്രായേൽക്കാർ ദേശത്തിന്റെ പലഭാഗങ്ങളിലായി ഗോത്രാടിസ്ഥാനത്തിൽ ചിതറിപ്പാർക്കുകയായിരുന്നു. ഓരോ ഗോത്രവും ഒറ്റയ്ക്കു തങ്ങളുടെ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. ചുരുക്കം സാഹചര്യങ്ങളിൽ മാത്രമേ ഒന്നിലധികം ഗോത്രങ്ങൾ ഒരുമിച്ചു വരാറുള്ളൂ. അതുതന്നെ ഏതെങ്കിലും പ്രതിസന്ധിയെ തരണം ചെയ്യാൻവേണ്ടി മാത്രമായിരുന്നു.

കാലക്രമത്തിൽ ഫിലിസ്ത്യർ കൂടുതൽ ശക്തിയാർജ്ജിച്ചു; ദേശങ്ങൾ കീഴടക്കി. ഇസ്രായേൽ ഗോത്രങ്ങൾക്ക് അവർക്കെതിരേ ചെറുത്തു നില്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായി. സാംസണെപ്പോലെ ഒറ്റപ്പെട്ട വീരന്മാരുടെ സാഹസികതകൊണ്ടുമാത്രം ഫിലിസ്ത്യരുടെ ആക്രമണങ്ങളിൽനിന്നും മേല്ക്കോയ്മയിൽനിന്നും മോചനം സാധ്യമല്ലാത്ത ഒരവസ്ഥ വന്നു. ഈ സാഹചര്യമാണ് 2 സാമു 1-8 വിവരിക്കുന്നത്. സംഹാരശേഷിയുള്ള ആയുധങ്ങളും സുസജ്ജമായ സൈന്യവും ധീരയോദ്ധാക്കളായ രാജാക്കന്മാരുടെ നേതൃത്വവും ഉണ്ടായിരുന്ന ഫിലിസ്ത്യർക്കെതിരേ, വല്ലപ്പോഴും കടന്നുവരുന്ന ന്യായാധിപന്മാരിലൂടെ ചെറുത്തുനില്ക്കാൻ ഇസ്രായേൽഗോത്രങ്ങൾക്കു സാധിച്ചില്ല. അപ്പോഴാണ് ജനം ഒരു

രാജാവിനുവേണ്ടി മുറവിളി കൂട്ടിയത്. ആ ചരിത്രം അടുത്ത ഘട്ട ത്തിൽ പഠനവിഷയമാക്കുന്നു.

**നിയമാവർത്തനാത്മകചരിത്രം**

ജോഷ്വ-ന്യായാധിപന്മാർ എന്നീ പുസ്തകങ്ങൾ ചരിത്രഗ്രന്ഥ ങ്ങളായിട്ടാണ് അറിയപ്പെടുന്നതെങ്കിലും ചരിത്രസംഭവങ്ങളുടെ യഥാർത്ഥ വിവരണങ്ങളല്ല അവയിലുള്ളത്. ഇസ്രായേൽജനം കാനാൻദേശത്തു പ്രവേശിച്ചു വാസമുറപ്പിച്ചതുമുതൽ അവിടെനിന്ന് ബഹിഷ്ക്കരിക്കപ്പെട്ട് ബാബിലോണിൽ പ്രവാസികളായിത്തീരുന്നു തുവരെയുള്ള ഏകദേശം അഞ്ചുനൂറ്റാണ്ടു കാലത്തെ സുദീർഘ മായ ചരിത്രം അവതരിപ്പിക്കുന്ന നിയമാവർത്തനാത്മക ചരിത്ര ത്തിന്റെ ആദ്യഭാഗമാണിത്.

ബി.സി. 721 ൽ വടക്കൻ രാജ്യമായ ഇസ്രായേൽ അസ്സീറിയാ യുടെ ആക്രമണത്തിൽ തകർന്നടിഞ്ഞ് നാമാവശേഷമായതുകണ്ട പ്രവാചകശിഷ്യന്മാർ അവശേഷിക്കുന്ന യൂദായ്ക്കും ഇതേ ഗതി ഉണ്ടാവരുത് എന്ന ലക്ഷ്യത്തോടെ ഉടമ്പടിയുടെ നിയമങ്ങൾ പാലിച്ച് കർത്താവിനോടു വിശ്വസ്തരായിരിക്കാൻ ജനത്തെ ആഹ്വാനം ചെയ്തു. അതിനുവേണ്ടി രചിച്ച ഗ്രന്ഥമാണ് "നിയമാവർത്തനം" എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകത്തിന്റെ ആദ്യരൂപം - മുഖ്യ മായും നിയ 12-26 അധ്യായങ്ങൾ. ഈ ഗ്രന്ഥത്തിനു രൂപംകൊ ടുത്തവരെ നിയമാവർത്തനഗ്രന്ഥകാരന്മാർ എന്നു വിളിക്കുന്നു. ഷെക്കെമിൽവച്ച് രൂപം കൊണ്ട ഈ ആദ്യപകർപ്പ് ജറുസലെം ദേവാ ലയത്തിന്റെ ഭണ്ഡാരത്തിൽ നിക്ഷേപിച്ചു. ഹെസെക്കിയായുടെ മതനവീകരണത്തിന്റെ അവസരത്തിൽ ഈ ആദ്യപകർപ്പു കണ്ടെ ത്തിയത് (2 രാജാ 22, 8-20) മതനവീകരണത്തിന് ആക്കം കൂട്ടി.

ജോസിയാ രാജാവിന്റെ കാലത്ത് (ബി.സി 640-609) മതനവീക രണശ്രമങ്ങളുടെ മുൻപന്തിയിൽ നിന്നത് നിയമാവർത്തനഗ്രന്ഥ ത്തിന്റെ ചൈതന്യം ഉൾക്കൊണ്ടവരാണ്. അവരെ നിയമാവർത്ത നാത്മകഗണം (Deu-teronomistic School) എന്നു വിളിക്കുന്നു. ബാബിലോൺ പ്രവാസകാലത്തും (ബി.സി. 587-538) ഇവരുടെ പ്രവർത്തനം സജീവമായിരുന്നു. വാഗ്ദത്തഭൂമിയിൽനിന്ന് ജനം പുറ ന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ വിശദമാക്കുകയും ഇനി അങ്ങനെയൊരു ദുരന്തം ഉണ്ടാകാതിരിക്കാൻ മാർഗ്ഗനിർദ്ദേശം നല്കു കയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അവർ ഇസ്രായേൽചരിത്രം സംഗ്രഹിച്ചെഴുതി. ആ ചരിത്രത്തിന്റെ ആമുഖമാണ് നിയമാവർത്ത നത്തിന്റെ ഇന്നു ലഭിച്ചിരിക്കുന്ന ഏറ്റം അവസാനത്തെ പതിപ്പ് എന്ന് കരുതപ്പെടുന്നു. ജോഷ്വ-ന്യായാധിപന്മാർ ആ ചരിത്രത്തിന്റെ ഒന്നും രണ്ടും അധ്യായങ്ങളാണ്.

**നിയമാവർത്തനചരിത്രത്തിന്റെ ഘടന**

1. ദൈവത്തിന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പ്
2. ദൈവജനത്തിന്റെ അവിശ്വസ്തത - പാപം
3. പാപം വിളിച്ചുവരുത്തുന്ന ശിക്ഷ

4. ജനത്തിന്റെ മാനസാന്തരം
5. ദൈവം ശിക്ഷ പിൻവലിച്ച് വീണ്ടും രക്ഷ നല്കുന്നു

ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഒരു അവതരണമാണ് ഇവിടെ കാണുന്നത്. ദൈവം മുൻകൈ എടുത്ത് ഇസ്രായേലിനെ സ്വന്തം ജനമായി തിരഞ്ഞെടുത്തു. ഉടമ്പടിയിലൂടെ അവർക്ക് ഒരു ദേശവും സംരക്ഷണവും വാഗ്ദാനം ചെയ്തു. എന്നാൽ ഉടമ്പടി നിരുപാധികമായിരുന്നില്ല. ജനം അവിശ്വസ്തത കാട്ടി; അന്യദൈവങ്ങളെ ആരാധിച്ചു. അങ്ങനെ ഉടമ്പടി ലംഘിച്ചു. ഈ ലംഘനം ശിക്ഷ വിളിച്ചുവരുത്തി. ശത്രുക്കളുടെ ആക്രമണങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, ക്ഷാമം മുതലായ ദേശീയപ്രതിസന്ധികൾ എല്ലാം ഉടമ്പടിയുടെ നിബന്ധനകളനുസരിച്ചുള്ള ശിക്ഷയായി വ്യാഖ്യാനിക്കപ്പെട്ടു. ശിക്ഷയേറ്റ ജനം മാനസാന്തരപ്പെട്ട് ദൈവത്തെ വിളിച്ചപേക്ഷിച്ചു. കരുണയ്ക്കും സ്നേഹത്തിനും അതിരുകളില്ലാത്ത ദൈവമായ കർത്താവ് അവരോടു ക്ഷമിച്ച് ശിക്ഷ പിൻവലിച്ചു. അപ്പോൾ വീണ്ടും അവർ അവിശ്വസ്തരായി. ഒരു ചക്രം എന്നതുപോലെ ഈ അഞ്ചുഘടകങ്ങൾ തിരിയുന്നതാണ് നിയമാവർത്തനാത്മകചരിത്രം. ഈ കാഴ്ചപ്പാടിലാണ് ജോഷ്വ മുതൽ 2 രാജാക്കന്മാർ വരെയുള്ള ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്.

വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ മാനങ്ങൾ മാത്രമല്ല, ആത്മീയമാനവുമുണ്ട്. അബ്രാഹത്തിനു നല്കിയ വാഗ്ദാനത്തിൽ വാഗ്ദത്തഭൂമി എന്നത് പ്രത്യക്ഷത്തിൽ കാനാൻദേശമാണെന്നു തോന്നാം. എന്നാൽ കാലക്രമത്തിൽ ഈ വാഗ്ദാനം കൂടുതൽ വ്യക്തത പ്രാപിച്ചു. പ്രവാചകന്മാർ അതിനു സഹായിച്ചു. യേശുവിലാണ് വാഗ്ദത്തഭൂമി അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രത്യക്ഷപ്പെട്ടത്. യേശു അതിനെ "ദൈവരാജ്യം" എന്നു വിളിച്ചു. ദൈവത്തിന്റെ തിരുഹിതം പൂർണ്ണമായി നടപ്പിലാകുന്ന, ദൈവഹിതത്തിനു സ്വയം സമർപ്പിക്കുന്ന വ്യക്തികളിലും സമൂഹത്തിലും സ്ഥാപിതമാകുന്ന ദൈവഭരണമാണ് വാഗ്ദത്തഭൂമിയായ ദൈവരാജ്യം എന്ന് അനേകം അത്ഭുതങ്ങളിലൂടെ പ്രകടമാക്കി; ഉപമകളിലൂടെ വിശദീകരിച്ചു.

കാനാൻദേശത്തേക്ക് ഇസ്രായേൽജനത്തെ നയിച്ച ജോഷ്വ ദൈവരാജ്യത്തിലേക്കാനയിക്കുന്ന, ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുന്ന, യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ്. യേശു പ്രഘോഷിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്ത ദൈവരാജ്യത്തിലാണ് രക്ഷാചരിത്രം പൂർണ്ണമാകുന്നത്. ശത്രുക്കളിൽനിന്നു ജനത്തിനു സംരക്ഷണം നല്കുകയും വാഗ്ദത്തഭൂമിയിൽ വസിക്കാൻ സഹായിക്കുകയും ചെയ്ത ന്യായാധിപന്മാരും ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ പ്രതീകങ്ങൾതന്നെ. വാഗ്ദത്തഭൂമി ആത്യന്തികമായി ദൈവരാജ്യത്തെ സൂചിപ്പിക്കുന്നതുപോലെ ശത്രുക്കൾ ആത്യന്തി

കമായി തിന്മയുടെ ശക്തിയെയാണ് സൂചിപ്പിക്കുന്നത്. തിന്മയ്ക്കെതിരേയുള്ള പോരാട്ടമാണ് മുഖ്യവിഷയം.

**യോദ്ധാവായ ദൈവം**

രക്ഷാചരിത്രം പുരോഗമിക്കുന്നതനുസരിച്ച് ഇസ്രായേലിനു ലഭിക്കുന്ന ദൈവികവെളിപാടിലും പുരോഗമനമുണ്ടാകുന്നു. അവർക്കുണ്ടാകുന്ന ദൈവാനുഭവത്തിലും വ്യത്യാസങ്ങൾ കാണാം. പിതാക്കന്മാരുടെ ദൈവം ഇടയനായിരുന്നു, പുറപ്പാടു നയിച്ച ദൈവം അതിശക്തനായ വിമോചകനും നായകനും സംരക്ഷകനുമാണ്. പോരാട്ടങ്ങളുടെ കാലഘട്ടത്തിൽ ദൈവം ഇസ്രായേലിന്റെ സൈന്യാധിപനായി പ്രത്യക്ഷപ്പെടുന്നു. വാഗ്ദത്തഭൂമി കൈവശമാക്കാനുള്ള യുദ്ധങ്ങൾ നയിക്കുന്നത് യഥാർത്ഥത്തിൽ യാഹ്വേതന്നെയാണ്. അതുകൊണ്ടാണ് ഇസ്രായേൽസൈന്യം ആയുധമെടുക്കുന്നതിനുമുമ്പേ കോട്ടകൾ തകർന്നു വീഴുന്നത്; രാജാക്കന്മാർ ഭയന്നു വിറയ്ക്കുകയും രാജ്യങ്ങൾ കീഴടങ്ങുകയും ചെയ്യുന്നത്. തിന്മയ്ക്കെതിരേയുള്ള പോരാട്ടങ്ങളിൽ, ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിനായുള്ള യുദ്ധങ്ങളിൽ ദൈവംതന്നെയാണ് സേനാനായകൻ; അവിടുന്നാണ് യുദ്ധം ചെയ്യുന്നത്. പുറപ്പാടുസംഭവത്തിൽ കണ്ടറിഞ്ഞ ഈ സത്യം വാഗ്ദത്തഭൂമിയിലേക്കു കുടിയേറിയപ്പോൾ കൂടുതൽ വ്യക്തമായി അനുഭവപ്പെട്ടു.

ഉടമ്പടിയുടെ പേടകം കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമായി ജനത്തിനുമുമ്പേ പോയിരുന്നു. ജോർദ്ദാൻനദി വറ്റിക്കാനും ജെറീക്കോയുടെ മതിലുകൾ തകർക്കാനും പേടകത്തിൽ സന്നിഹിതനായ ദൈവമാണ് മുൻപേ പോയത്. എന്നാൽ വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചതോടെ പേടകവും സമാഗമകൂടാരവും ഒരു പട്ടണത്തിൽ സ്ഥിരവാസമാക്കി. ഗിൽഗാൽ (ജോഷ്വ 4), ഷെക്കെം (ജോഷ്വ 24), ഷീലോ (1 സാമു 1), ബേത്ഷേമെഷ് (1 സാമു 6, 13 -21), കിരിയാത്ത്യയാറിം (1 സാമു 7,1) എന്നിങ്ങനെ വിവിധ നഗരങ്ങളിൽ പേടകം സ്ഥാപിച്ചിരുന്നു. ദൈവികസാന്നിധ്യം തേടി ജനങ്ങൾ അങ്ങോട്ടു തീർത്ഥാടകരായി പോകുമായിരുന്നു. സർവ്വവ്യാപിയും മുൻഗാമിയുമായ ദൈവം ഒരു പ്രത്യേകസ്ഥലത്തു വസിക്കുന്നു എന്ന വിശ്വാസം പ്രബലപ്പെടാൻ ഇതു കാരണമായി.

**രാജവാഴ്ച (ബി.സി. 1030-587)**

ഈജിപ്തിൽനിന്നു പുറപ്പെട്ട് മരുഭൂമിയിൽ ദീർഘകാലം അലഞ്ഞുനടന്ന, മേൽവിലാസം ഇല്ലാത്ത ഒരുപറ്റം അടിമകൾ ശക്തമായ ഒരു രാജ്യമായി മാറിയതിന്റെ കഥയാണ് രാജവാഴ്ചയിലൂടെ വിവരിക്കുന്നത്. ഇസ്രായേലിലെ രാജവാഴ്ചയെ മൂന്നുഘട്ടമായി തിരിക്കാം.

1. **അവിഭക്തരാജ്യം - ബി.സി. 1030-931**
2. **വിഭക്തരാജ്യം - 931-721**
3. **യൂദാമാത്രം - 721-587**

ആദ്യരാജാവായ സാവൂൾ മുതൽ അവസാനരാജാവായ സെദെക്കിയാവരെ ഏകദേശം 450 വർഷം ദീർഘിച്ചു ഇസ്രായേലിലെ രാജവാഴ്ച. 587 ൽ ബാബിലോണിന്റെ ആക്രമണത്തിൽ ഇസ്രായേലിലെ രാജവാഴ്ച അവസാനിച്ചു; പ്രവാസം ആരംഭിച്ചു.

**രാജവാഴ്ചയുടെ തുടക്കം - ചരിത്രപശ്ചാത്തലം**

ജോഷ്വയുടെ നേതൃത്വത്തിൽ കാനാൻദേശത്തു പ്രവേശിച്ച ഇസ്രായേൽക്കാർക്ക് ദേശം മുഴുവൻ കീഴടക്കാൻ കഴിഞ്ഞില്ല. തുടർന്നുള്ള ഏകദേശം 150 വർഷം നിരന്തരമായ പോരാട്ടങ്ങളുടെ കാലമായിരുന്നു. അടിയ്ക്കടി ശക്തിയാർജ്ജിച്ചുവന്ന ഫിലിസ്ത്യരെ നേരിടാനും അവരുടെ ആക്രമണങ്ങളിൽനിന്നു സ്വയം രക്ഷിക്കാനും ഇസ്രായേലിന്റെ ന്യായാധിപസംവിധാനം അപര്യാപ്തമായി. ഇസ്രായേൽക്കാർ ഫിലിസ്ത്യരുടെ സാമന്തരും ദാസന്മാരുമായി കഴിയേണ്ട അവസ്ഥ സംജാതമായി.

ഇരുമ്പിന്റെ കുത്തകാവകാശം ഫിലിസ്ത്യർ കയ്യടക്കിയിരുന്നതിനാൽ സ്വന്തമായി ഇരുമ്പായുധങ്ങൾ ഉണ്ടാക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല. കാർഷികോപകരണങ്ങൾക്കുപോലും ഫിലിസ്ത്യരെ ആശ്രയിക്കേണ്ടിവന്നു. ഫിലിസ്ത്യർക്കെതിരേ യുദ്ധത്തിനു പോകുമ്പോൾ സാവൂളിനും പുത്രൻ ജോനാഥനും മാത്രമേ ഇരുമ്പായുധം കൈവശമുണ്ടായിരുന്നുള്ളൂ (1 സാമു 13,22). തേരും കുതിരയും വാളും കുന്തവുമായി യുദ്ധത്തിനു വരുന്ന ഫിലിസ്ത്യസൈന്യത്തെ നേരിടാൻ വാരിക്കുന്തം കയ്യിലേന്തിയ, സൈനികപരിശീലനം ലഭിച്ചിട്ടില്ലാത്ത, കൃഷീവലന്മാരുടെ ഒരു സംഘം മാത്രമേ ഇസ്രായേൽക്കാർക്കുണ്ടായിരുന്നുള്ളൂ.

ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനായ സാമുവേലിന്റെ കാലമായപ്പോഴേക്കും ഫിലിസ്ത്യരുടെ ആക്രമണം കൂടുതൽ ശക്തമായി. അഫെക്കിൽവച്ചു നടന്ന യുദ്ധത്തിൽ ഇസ്രായേലിന്റെ പുരോഹിതനേതാക്കന്മാരായിരുന്ന ഹോഫ്നിയും ഫിനഹാസും കൊല്ലപ്പെട്ടു. കർത്താവിന്റെ സഹായം തേടി യുദ്ധക്കളത്തിലേക്കു കൊണ്ടുവന്ന ഉടമ്പടിയുടെ പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു. വിവരമറിഞ്ഞപ്പോൾ വൃദ്ധപുരോഹിതൻ ഹേലി മറിഞ്ഞുവീണ് കഴുത്തൊടിഞ്ഞു മരിച്ചു (1 സാമു 4,1-18). ഇസ്രായേലിന്റെ ആരാധനാകേന്ദ്രമായിരുന്ന ഷീലോ ഫിലിസ്ത്യർ നശിപ്പിച്ചു. ഈ പരാജയങ്ങളിൽനിന്നു കരകയറാൻ സാമുവേലിന്റെ നേതൃത്വം കുറെയൊക്കെ സഹായിച്ചെങ്കിലും ഫിലിസ്ത്യർക്കെതിരേ വിജയിക്കണമെങ്കിൽ അവരെപ്പോലെ ഒരു രാജാവും സ്ഥിരമായ സൈന്യവും തങ്ങൾക്കും ഉണ്ടാകണം എന്ന അഭിപ്രായം ഇസ്രായേൽക്കാർക്കിടയിൽ ശക്തിപ്പെട്ടു.

സാമുവേൽ വൃദ്ധനാവുകയും മക്കൾ ഉത്തമനേതൃത്വഗുണങ്ങളില്ലാത്ത സ്വാർത്ഥമതികൾ ആവുകയും ചെയ്തപ്പോൾ തങ്ങളെ നയിക്കാൻ ഒരു രാജാവുവേണം എന്ന ജനത്തിന്റെ ആവശ്യം നിരസിക്കാൻ സാമുവേലിനു കഴിയാതായി (1 സാമു 8). കർത്താവു

നല്കിയ നിർദ്ദേശമനുസരിച്ച് സാമുവേൽ ഇസ്രായേൽജനത്തിന് സാവൂളിനെ രാജാവായി അഭിഷേകം ചെയ്തുകൊടുത്തു (1 സാമു 9-10).

**അവിഭക്തരാജ്യം (ബി.സി. 1030-931)**

ദൈവം മുൻകൂട്ടി അറിയിക്കുകയും (1 സാമു 9,15-16) വീണ്ടും തന്റെ തിരഞ്ഞെടുപ്പ് സ്ഥിരീകരിക്കുകയും (1 സാമു 10,20-21) സാമുവേൽ അഭിഷേചിക്കുകയും (1 സാമു 9, 26-27) ജനം സ്വീകരിക്കുകയും (1 സാമു 10,24) ചെയ്ത ഇസ്രായേലിലെ ആദ്യരാജാവാണ് സാവൂൾ. ഫിലിസ്ത്യരുടെമേൽ നേടിയ വിജയത്തിലൂടെ തന്റെ കഴിവ് അയാൾ തെളിയിക്കുകയും ചെയ്തു (1 സാമു 11). എന്നാലും കർത്താവിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല എന്ന കുറ്റത്തിന് അയാളെ പുറന്തള്ളി, പകരം ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു (1 സാമു 13-16). തിരസ്കൃതനായെങ്കിലും സാവൂൾ ഏകദേശം ഇരുപതുവർഷം (1030-1010) ഇസ്രായേലിന്റെ രാജാവായിരുന്നു. പക്ഷേ പലകാരണങ്ങളാൽ കാര്യക്ഷമമായ നേതൃത്വം നല്കാനോ ഫിലിസ്ത്യരിൽനിന്ന് ജനത്തെ സംരക്ഷിക്കാനോ സാവൂളിനു കഴിഞ്ഞില്ല. അവസാനം ഫിലിസ്ത്യരോടുള്ള പോരാട്ടത്തിൽ സാവൂളും മകൻ ജോനാഥനും ഗിൽബൊവാക്കുന്നിൽ മരിച്ചു വീണു.

സാവൂളിന്റെ മരണത്തോടെ വീണ്ടും പ്രതിസന്ധിയിലായ ജനത്തെ ധീരമായി നയിക്കുകയും ശക്തമായി സംരക്ഷിക്കുകയും ചെയ്തത് ദാവീദാണ്. ആരംഭത്തിൽ യൂദാഗോത്രം മാത്രമേ അദ്ദേഹത്തെ രാജാവായി സ്വീകരിച്ചുള്ളുവെങ്കിലും ഏറെ താമസിയാതെ മറ്റു ഗോത്രങ്ങളും ഒരുമിച്ചു വന്നു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളും ഒരു രാജാവിന്റെ നേതൃത്വത്തിൻ കീഴിൽ സമ്മേളിച്ചു. ഫിലിസ്ത്യരിൽനിന്നുള്ള ഭീഷണിക്ക് പൂർണ്ണവിരാമമായത് ദാവീദിന്റെ കാലത്താണ്. അബ്രാഹത്തിനു ദൈവം വാഗ്ദാനം ചെയ്ത ഭൂമി മുഴുവൻ പിടിച്ചടക്കി ഇസ്രായേലിന്റെ സ്വന്തമാക്കാൻ ദാവീദിനു കഴിഞ്ഞു. 40 വർഷം ദീർഘിച്ച (1010-970) ദാവീദിന്റെ ഭരണം ഇസ്രായേൽജനത്തിന്റെ സുവർണ്ണദശയായിരുന്നു. രാജ്യം സുരക്ഷിതമായി; അതിർത്തികൾ വിസ്തൃതമായി; ദേശത്ത് സമ്പൽസമൃദ്ധിയും സമാധാനവുമുണ്ടായി.

ദാവീദ് വാൾമുനയിൽ പടുത്തുയർത്തിയ സാമ്രാജ്യം മകൻ സോളമൻ (970-931) കൂടുതൽ സമ്പന്നമാക്കി. അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും വ്യാപാരക്കരാറുകളിലൂടെയും അയൽരാജ്യങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കാനും നിലനിർത്താനും സോളമനു കഴിഞ്ഞു. മധ്യപൗരസ്ത്യദേശത്തെ പ്രമുഖ രാജ്യങ്ങളായ ഈജിപ്ത്, അസീറിയാ, ബാബിലോൺ എന്നിവ പ്രായേണ ദുർബലമായി കഴിഞ്ഞ ഒരു കാലഘട്ടമായിരുന്നതുകൊണ്ട് ഒരു സാമ്രാജ്യം സ്ഥാപിച്ചു വളർത്താൻ ദാവീദിനും മകൻ സോളമനും സാധിച്ചു. മറ്റു രാജ്യങ്ങൾക്കു മധ്യേ തുല്യതയുള്ള ഒരു സാമ്രാജ്യമായി

ഇസ്രായേൽ ഉയർന്നു. ഫറവോയുടെ പുത്രിയെ ഭാര്യയായി സ്വീകരിച്ച് ഈജിപ്തുമായി ഉടമ്പടി സ്ഥാപിക്കാൻമാത്രം സോളമനും ഇസ്രായേലും വളർന്നു.

**വിഭക്തരാജ്യം (ബി.സി. 931-721)**

സോളമന്റെ ഭരണകാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ഇസ്രായേൽ അദ്ദേഹത്തിന്റെ മരണത്തിനുശേഷം തകർച്ചയിലേക്കു നീങ്ങി. താങ്ങാനാവാത്ത നികുതിഭാരവും, പ്രഭുക്കന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ക്രൂരതയും ദുർഭരണവും, ഭരണാധികാരികളുടെ സീമാതീതമായ ധൂർത്തും മൂലം പൊറുതിമുട്ടിയ ജനം നികുതിയിളവും മറ്റ് ആനുകൂല്യങ്ങളും ആവശ്യപ്പെട്ടു. വിവേകമില്ലാത്ത ചെറുപ്പക്കാരുടെ ഉപദേശം സ്വീകരിച്ച യുവരാജാവ് റെഹൊബൊവാം ജനത്തിന്റെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചില്ലെന്നു മാത്രമല്ല, അവരെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇത് രാജ്യം രണ്ടായി പിളരാൻ കാരണമായി (1 രാജാ 12).

പത്ത് ഗോത്രങ്ങൾ ഒരുമിച്ച് ഇസ്രായേൽ എന്ന പേരിൽ വടക്ക് ഒരു രാജ്യം രൂപംകൊണ്ടു. ഷെക്കെം (1 രാജാ 12,25), പെനുവേൽ (1 രാജാ 12, 25), തിർസാ (1 രാജാ 16,8) മുതലായ പട്ടണങ്ങൾക്കുശേഷം ഇസ്രായേൽ രാജാവായ ഓമ്രി സമറിയാമല വിലയ്ക്കുവാങ്ങി രാജ്യത്തിന്റെ തലസ്ഥാനനഗരമായി പണിതുയർത്തി. യൂദാ-ബെഞ്ചമിൻ ഗോത്രങ്ങൾ തെക്ക് ജറുസലെം തലസ്ഥാനമാക്കി യൂദാ എന്ന പേരിലും അറിയപ്പെട്ടു. ഇരു രാജ്യങ്ങളും തമ്മിൽ ഏതാണ്ട് നിരന്തരമായി യുദ്ധം നടന്നു. ചുരുക്കം കാലത്തുമാത്രമേ ഇരു രാജ്യങ്ങളും തമ്മിൽ ഐക്യം ഉണ്ടായിരുന്നുള്ളൂ.

യൂദാ-ഇസ്രായേൽ രാജ്യങ്ങൾ പരസ്പരം യുദ്ധം ചെയ്തു തളർന്നു തകർന്നുകൊണ്ടിരുന്നപ്പോൾ കിഴക്ക് അസീറിയാക്കാർ ഒരു വൻശക്തിയായി വളർന്നു വരികയായിരുന്നു. ചുറ്റുപാടുമുള്ള രാജ്യങ്ങൾ യുദ്ധത്തിൽ അവർ കീഴടക്കി. ചെറുത്തു നില്ക്കുക അസാധ്യമെന്നു കരുതി ചെറു രാജ്യങ്ങൾ കീഴടങ്ങി, കപ്പം കൊടുത്ത് സാമന്തരായി. കിഴക്കു നിന്നുണ്ടായ ഈ വൻഭീഷണിയെ നേരിടാൻ ഇസ്രായേൽ സിറിയായുമായി സഖ്യമുണ്ടാക്കി. ചുറ്റുപാടുമുള്ള ചെറുരാജ്യങ്ങളിൽ പലതും സഖ്യത്തിൽചേർന്നു. വിസമ്മതിച്ച യൂദായ്ക്കെതിരേ ഇസ്രായേൽ-സിറിയൻ സംയുക്തസൈന്യം പടനീക്കം നടത്തി. ബി.സി. 736 ലായിരുന്നു അത്.

ഭയവിഹ്വലനായ യൂദാരാജാവ് ആഹാസ്, ഏശയ്യാപ്രവാചകനിലൂടെ കർത്താവു നല്കിയ വാഗ്ദാനത്തിൽ (ഏശ 7) വിശ്വസിക്കാതെ അസീറിയായുടെ സഹായം തേടി. സന്തുഷ്ടനായ അസീറിയൻരാജാവ് തിഗ്ലാത്പിലേസർ III സിറിയായ്ക്കെതിരേ നീങ്ങി. യൂദായ്ക്കെതിരേ ഉയർത്തിയ ഉപരോധം ഉപേക്ഷിച്ച് സിറിയ-ഇസ്രായേൽ സൈന്യങ്ങൾ സ്വന്തം രാജ്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ചു. പക്ഷേ വിജയിച്ചില്ല. ബി.സി. 734 ൽ ഇരുരാജ്യങ്ങളും അസീറി

യായ്ക്കു കീഴടങ്ങി. ബി.സി. 727 ൽ തിഗ്ലാത്പിലേസർ III മരിച്ചു. അസീറിയയിൽ ആഭ്യന്തരകലാപമുണ്ടായി. ഇനി അവർ തിരിച്ചുവരില്ല എന്നു കരുതിയ ഇസ്രായേൽ കപ്പം കൊടുക്കൽ നിർത്തി, സ്വാതന്ത്ര്യം പ്രഖ്യാപിച്ചു; ഈജിപ്തിന്റെ സഹായംതേടി. പക്ഷേ പ്രതീക്ഷിക്കാത്തതു സംഭവിച്ചു.

ആഭ്യന്തരകലാപം അടിച്ചമർത്തി ഷൽമനേസർ V അസീറിയായുടെ അനിഷേധ്യരാജാവായി. അസീറിയൻ സൈന്യം പടിഞ്ഞാറോട്ടുനീങ്ങി. ആർക്കും ചെറുത്തുനില്ക്കാനായില്ല. ഇസ്രായേൽ പ്രതിരോധത്തിനൊരുങ്ങി. അസീറിയൻ സൈന്യം സമറിയായ്ക്ക് ഉപരോധം ഏർപ്പെടുത്തി. യുദ്ധത്തിൽ തീരുമാനമാകുന്നതിനുമുമ്പ് 722ൽ ഷൽമനേസർ മരിച്ചു. തങ്ങൾ രക്ഷപ്പെട്ടു എന്ന് കരുതിയ ഇസ്രായേൽക്കാർക്കു തെറ്റി. ഷൽമനേസറിന്റെ പിൻഗാമിയായി വന്ന സാർഗൺ II സമറിയായുടെ ഉപരോധം ശക്തിപ്പെടുത്തി; തുടർന്ന് ആക്രമണത്തിലേക്കു നീങ്ങി. ഇസ്രായേൽ പ്രത്യാശയർപ്പിച്ച ഈജിപ്തു സൈന്യം സഹായത്തിനെത്തിയില്ല.

അവസാനം ബി.സി. 721 ൽ സമറിയായുടെ മതിലുകൾ തകർത്ത് അസീറിയൻ സൈന്യം അകത്തു പ്രവേശിച്ചു. അനേകായിരങ്ങളെ വാളിനിരയാക്കി; ശേഷിച്ചവരെ അടിമകളാക്കി അസീറിയൻ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയച്ചു, അടിമച്ചന്തകളിൽ ലേലം ചെയ്തു. അസീറിയായുടെ പലഭാഗങ്ങളിൽനിന്ന് ജനതകളെ സമറിയായിലും ഇസ്രായേൽരാജ്യത്തിന്റെ പലഭാഗങ്ങളിലും കുടിയിരുത്തി. നാട്ടിൽ അവശേഷിച്ചിരുന്ന ഇസ്രായേൽക്കാർ ഈ വിജാതീയരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട് ഒരു സങ്കരവർഗ്ഗം രൂപം കൊണ്ടു. തലസ്ഥാനനഗരിയുടെ പേരിൽ അവർ സമറിയാക്കാർ എന്നറിയപ്പെട്ടു.

### യൂദാരാജ്യം മാത്രം (ബി.സി. 721-587)

സാർഗൻ II (ബി.സി. 722-705) സെന്നാക്കെറീബ് (ബി.സി. 705 -681) രാജാക്കന്മാരുടെ കാലത്ത് പ്രതാപത്തിന്റെ ഉച്ചകോടിയിലെത്തിയ അസീറിയാ സാവധാനം തളർന്നു ക്ഷയിച്ചു. കിഴക്ക് ഏലാം, മേദിയാ, ബാബിലോൺ എന്നീ രാജ്യങ്ങൾ ശക്തിയാർജ്ജിച്ചുവന്നു. ഇത് തെക്കൻ രാജ്യമായ യൂദായ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കി. ഇസ്രായേലിനെ നാമാവശേഷമാക്കിയ അസീറിയാ ആക്രമിച്ചെങ്കിലും കീഴടങ്ങി കപ്പംകൊടുത്തതുകൊണ്ട്, നാമമാത്രമായ സ്വാതന്ത്ര്യം കാത്തുപാലിക്കാൻ യൂദായ്ക്കു കഴിഞ്ഞു. ജോസിയാ രാജാവിന്റെ കാലത്ത് (ബി.സി. 640-609) യൂദാ കൂടുതൽ ശക്തിയാർജ്ജിച്ചു. വൻശക്തികളുടെ ബലഹീനതകൾ മുതലെടുത്ത് രാജ്യാതിർത്തി വിസ്തൃതമാക്കാനും ജോസിയാരാജാവിനു സാധിച്ചു. ജോസിയാ കർക്കശമായി നടപ്പിലാക്കിയ മതനവീകരണമാണ് ഇതിനു കാരണമെന്നു ജനം കരുതി. എന്നാൽ ബി.സി. 609 ൽ ഈ വിശ്വാസത്തിനും കോട്ടംതട്ടി.

നാബോപൊലാസറിന്റെ (ബി.സി. 626-605) നേതൃത്വത്തിൽ ബാബിലോൺ ഒരു വൻശക്തിയായി വളർന്നു. ഏലാമും മേദിയായും ബാബിലോണിനു കീഴടങ്ങി. 612 ൽ അസീറിയായുടെ തലസ്ഥാനമായ നിനെവേ ബാബിലോണിനുമുന്നിൽ നിപതിച്ചു. ഏതു വിധേനയും പിടിച്ചു നിൽക്കാൻ ശ്രമിച്ച അസീറിയാ പൂർവ്വവൈരികളായിരുന്ന ഈജിപ്തുകാരുടെ സഹായം തേടി. ബാബിലോണിന്റെ ഉയർച്ച തനിക്കും ദോഷകരമാകും എന്നു മനസ്സിലാക്കിയ ഫറവോ നെക്കോ ബി.സി. 609 ൽ അസീറിയായുടെ സഹായത്തിനു സൈന്യവുമായി വടക്കോട്ടു നീങ്ങി. അസീറിയായെയും ഈജിപ്തിനെയും അപകടകാരികളായ ശത്രുക്കളായി കണ്ട ജോസിയാ ബാബിലോണിന്റെ വിജയം യൂദായ്ക്കനുകൂലമായിരിക്കും എന്നു കരുതി, ഈജിപ്തുസൈന്യത്തിനു വഴിതടഞ്ഞു. നെക്കോയുടെ താക്കീതുകൾ മാനിക്കാഞ്ഞ ജോസിയായ്ക്കെതിരേ ഈജിപ്തുസൈന്യം യുദ്ധം ചെയ്തു. മെഗിദ്ദോയിലെ യുദ്ധക്കളത്തിൽ ജോസിയാ മരിച്ചുവീണു. യൂദാ വീണ്ടും പ്രതിസന്ധിയിലായി.

ഈജിപ്തിനും അസീറിയായെ രക്ഷിക്കാനായില്ല. നബോപൊലാസറിനുശേഷം ബാബിലോണിൽ രാജാവായ, അതിശക്തനായ നബുക്കദ്നേസർ (ബി.സി. 605-562) 605 ൽ അസീറിയായുടെ വടക്കുകിഴക്കെ അതിർത്തിയിൽ, യൂഫ്രട്ടീസ് നദീതീരത്തുള്ള കർക്കേമിഷിൽവച്ച് അസീറിയാ-ഈജിപ്ത് സംയുക്ത സൈന്യത്തെ പരാജയപ്പെടുത്തി. അതോടെ ബാബിലോൺ മധ്യപൗരസ്ത്യദേശത്തെ ഏകവൻശക്തിയായി. തുടർന്നുള്ള ഏകദേശം 20 വർഷം യൂദായെ സംബന്ധിച്ച് പരാജയങ്ങളുടെയും നാശനഷ്ടങ്ങളുടെയും കാലമായിരുന്നു.

ബി.സി. 598 ൽ നബുക്കദ്നേസറിന്റെ സൈന്യം യൂദാ കീഴടക്കി, ജറുസലേമിൽ പ്രവേശിച്ചു. വലിയ തുക കപ്പം കൊടുക്കാമെന്നു സമ്മതിച്ചതിനാൽ സൈന്യം പിൻവാങ്ങി. പട്ടണത്തിലും ദേവാലയത്തിലും ഉണ്ടായിരുന്ന വിലപിടിച്ച അനേകം വസ്തുക്കൾ എടുത്തുകൊണ്ടാണ് അവർ പോയത്. യഹോയാക്കിൻ രാജാവിനെയും നാട്ടിലെ പ്രമുഖരായ പതിനായിരത്തിൽപരം ആളുകളെയും തടവുകാരാക്കി ബാബിലോണിലേക്കു കൊണ്ടുപോയി (2 രാജാ 24,8-17).

തുടർന്നുള്ള വർഷങ്ങളിൽ ബാബിലോണിൽ ആഭ്യന്തരകലാപമുണ്ടായി. പല സാമന്തരും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബാബിലോൺ രാജാവിന് കപ്പം കൊടുക്കൽ നിർത്തി ഈജിപ്തുമായി സഖ്യം ചെയ്ത് തന്റെ നില ഭദ്രമാക്കാൻ യഹോയാക്കിൻ ശ്രമിച്ചു. എന്നാൽ കൃത്യം പത്തുവർഷം കഴിഞ്ഞപ്പോൾ ആഭ്യന്തരകലാപങ്ങൾ അടിച്ചമർത്തിയശേഷം ബാബിലോൺ സൈന്യം തിരിച്ചുവന്നു. അതു കീഴടക്കി ഭരിക്കാനല്ല, നശിപ്പിച്ച് പ്രതികാരം ചെയ്യാനായിരുന്നു. ഒന്നരവർഷത്തോളം ദീർഘിച്ച ഉപരോധത്തിനുശേഷം ബി.സി. 587 ൽ ബാബിലോൺ സൈന്യം മതിൽ തകർത്ത് ജറുസലെമിൽ പ്രവേശിച്ചു. കൊട്ടാരവും മറ്റു കെട്ടിടങ്ങളും ഇടിച്ചുനിരത്തി. ദേവാലയം അഗ്നിക്കിരയാക്കി. നഗരത്തിൽ രക്തപ്പുഴയൊഴുകി. ഒളിച്ചോടിയ

സെദക്കിയാരാജാവിനെ മരുഭൂമിയിൽ വച്ചു പിടികൂടി. ബാബിലോൺ രാജാവ് അവന്റെമേൽ വിധി പ്രസ്താവിച്ചു. രണ്ടു കണ്ണും ചൂഴ്ന്നെടുത്തു. കഴുത്തിൽ ചങ്ങലയിട്ട് വിദൂരസ്ഥമായ ബാബിലോണിലേക്കു കൊണ്ടുപോയി; കൂടെ യൂദാജനത്തെയും. ചുരുക്കം പേർ മാത്രം നാട്ടിൽ അവശേഷിച്ചു. അങ്ങനെ ഇസ്രായേലിലെ രാജഭരണം എന്നേക്കുമായി അവസാനിച്ചു. ബാബിലോൺ പ്രവാസം ആരംഭിച്ചു.

### രാജവാഴ്ച - ഒരവലോകനം

ബി.സി. 1030-587 കാലഘട്ടത്തിൽ ഇസ്രായേൽജനത്തിന് മൊത്തം 41 രാജാക്കന്മാരും ഒരു രാജ്ഞിയും ഉണ്ടായിരുന്നു. സാവൂൾ, ദാവീദ്, സോളമൻ എന്നീ മൂന്നുപേർ ജനത്തിനു മുഴുവൻ രാജാക്കന്മാരായി 100 വർഷം ഭരിച്ചു. തുടർന്ന് രാജ്യം രണ്ടായി പിളർന്നു. വടക്കൻ രാജ്യമായ ഇസ്രായേലിൽ 19 രാജാക്കന്മാരുണ്ടായി. 40 വർഷം ഭരിച്ച ജെറൊബൊവാം രണ്ടാമൻ മുതൽ 6 ദിവസം മാത്രം ഭരിച്ച സിമ്രി വരെ ഈ കൂട്ടത്തിൽപ്പെടും. വിഭജനത്തിനുശേഷം ബാബിലോൺ പ്രവാസം വരെ യൂദായിൽ 19 രാജാക്കന്മാരും അത്താലിയാ എന്ന ഒരു രാജ്ഞിയും ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു.

രാജഭരണത്തെക്കുറിച്ച് സമ്മിശ്രമായൊരു അവലോകനമാണ് ബൈബിൾ നല്കുന്നത്. 1-2 സാമു; 1-2 രാജാ എന്നീ നാലു പുസ്തകങ്ങൾ നിയമാവർത്തനാത്മകചരിത്രം രേഖപ്പെടുത്തുന്നു. ഈ ചരിത്രത്തിന്റെ ആദ്യത്തെ രണ്ടധ്യായങ്ങളാണ് ജോഷ്വയും ന്യായാധിപന്മാരും എന്നു നാം കണ്ടുകഴിഞ്ഞു. കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടും എത്രമാത്രം വിശ്വസ്തരായിരുന്നു എന്ന ഏകമാനദണ്ഡമനുസരിച്ചാണ് ഈ ഗ്രന്ഥങ്ങൾ രാജഭരണത്തെയും രാജാക്കന്മാരെയും വിലയിരുത്തുന്നത്. അതിൻപ്രകാരം ദാവീദ്, ഹെസെക്കിയാ, ജോസിയാ എന്നീ മൂന്നു രാജാക്കന്മാർ മാത്രമേ പ്രശംസയർഹിക്കുന്നുള്ളൂ. ഇവർക്കു നല്കുന്ന പ്രശംസപോലും പൂർണ്ണമല്ല. അവരുടെ വീഴ്ചകളും എടുത്തുകാട്ടാൻ മടിക്കുന്നില്ല. ബാക്കിയുള്ള 38 പേർക്കും യാതൊരു പ്രശംസയും ലഭിക്കുന്നില്ല, അവരുടെ ഭൗതികനേട്ടങ്ങൾ എത്ര വലുതാണെങ്കിലും. ഉടമ്പടിയുടെ വെളിച്ചത്തിൽ അവരെല്ലാം പരാജയപ്പെട്ടവരാണ്; കർത്താവിനോട് അവിശ്വസ്തത കാട്ടിയവരാണ്.

1-2 ദിനവൃത്താന്തങ്ങൾ എന്ന ഗ്രന്ഥങ്ങളും രാജഭരണത്തിന്റെ ചരിത്രം വിവരിക്കുന്നുണ്ട്. ഈ ചരിത്രത്തെ ദിനവൃത്താന്തചരിത്രം (chronicler's history) എന്നു വിളിക്കുന്നു. പ്രവാസത്തിനുശേഷം യൂദായിൽ നേതൃത്വം വഹിച്ച എസ്രാ-നെഹെമിയാമാരുടെ പ്രവർത്തനങ്ങളും ഈ ചരിത്രത്തിന്റെ ഭാഗമാണ്. തെക്കൻ രാജ്യമായ യൂദായുടെ ചരിത്രം മാത്രമേ ഈ ഗ്രന്ഥങ്ങൾ വിവരിക്കുന്നുള്ളൂ. പാരാലിപ്പോമെനാ (paralipomena) "വിട്ടുകളഞ്ഞവ" എന്നാണ് ഈ ഗ്രന്ഥത്തെ ഗ്രീക്കു വിവർത്തനമായ സപ്തതി ബൈബിൾ വിശേഷിപ്പിക്കുന്നത്. സാമുവേൽ, രാജാക്കന്മാർ എന്നീ പുസ്കത

ങ്ങളിൽ പറയുന്നവയോടു കൂട്ടിച്ചേർക്കേണ്ട വിശദാംശങ്ങൾ അവതരിപ്പിക്കുന്നു എന്നാണ് ഈ പേരിനർത്ഥം. ദേവാലയം, ബലിയർപ്പണം, തിരുനാളാഘോഷങ്ങൾ മുതലായവയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഈ ഗ്രന്ഥങ്ങൾ രാജഭരണത്തെ തികച്ചും ഭാവാത്മകമായിട്ടാണ് വിലയിരുത്തുന്നത്. വടക്കൻ രാജ്യമായ ഇസ്രായേലിനെക്കുറിച്ച് ഒന്നും പറയുന്നില്ല; യൂദാമാത്രമാണ് ശ്രദ്ധാകേന്ദ്രം.

**രാജഭരണത്തിന്റെ നേട്ടങ്ങൾ**

രക്ഷാചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടമാണ് ഇസ്രായേലിലെ രാജവാഴ്ച. ഇസ്രായേൽ ഗോത്രങ്ങൾ ഒരുമിച്ച് ഒരു ജനത എന്ന അവബോധത്തിലേക്കു വന്നത് രാജഭരണകാലത്താണ്. പിന്നീട് രണ്ടുരാജ്യങ്ങളായെങ്കിലും ഏകദേശം നൂറുവർഷം ദീർഘിച്ച അവിഭക്ത രാജഭരണം അവരെ ദൈവം തിരഞ്ഞെടുത്ത ഒറ്റ ജനം എന്ന അവബോധത്തിലേക്കു നയിക്കാൻ സഹായിച്ചു.

ജബൂസ്യരുടെ പട്ടണമായ ജറുസലെം കീഴടക്കി അവിഭക്ത ഇസ്രായേലിന്റെ തലസ്ഥാനമാക്കിയതോടെ ദാവീദ് ജനത്തിന്റെ ഐക്യത്തിന് പുതിയൊരടിസ്ഥാനവും അർത്ഥവും നല്കി. എല്ലാ ഗോത്രങ്ങൾക്കും അവകാശപ്പെട്ടതും എന്നാൽ ഒരു ഗോത്രത്തിന്റെ മാത്രം സ്വന്തമാകാത്തതുമായ തലസ്ഥാനനഗരം ഐക്യത്തിന്റെ പ്രതീകമായി. ഉടമ്പടിയുടെ പേടകം ദാവീദു രാജാവ് സാഘോഷം ജറുസലെമിൽ കൊണ്ടുവന്നു സ്ഥാപിക്കുകയും സോളമൻ ദേവാലയം നിർമ്മിക്കുകയും ചെയ്തതോടെ ഇസ്രായേലിന്റെ രാഷ്ട്രീയ തലസ്ഥാനം കർത്താവിന്റെ നഗരമായി. ഇസ്രായേൽജനത്തിന്റെ മാത്രമല്ല, ലോകജനതകളുടെ മുഴുവൻ ആകർഷണകേന്ദ്രമായി ജറുസലേം. അവിടെനിന്നാണ് പിന്നീട് "സ്വർഗ്ഗീയജറുസലെം" എന്ന ആശയം രൂപംകൊണ്ടത്. ദൈവം തങ്ങളുടെ മധ്യേ വസിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളവും തെളിവുമായി ജറുസലെം ദേവാലയം.

രാജഭരണത്തിന്റെ ആവിർഭാവത്തോടെ ജനത്തിന് ദൃശ്യമായ ഒരു തലവനും ശക്തനായ ഒരു നേതാവുമുണ്ടായി. ശത്രുക്കളുടെ ഭീഷണിയെ ഫലപ്രദമായി നേരിടാൻ കഴിഞ്ഞു. അതിർത്തികൾ സുരക്ഷിതവും വിസ്തൃതവുമായി. ദൈവം വാഗ്ദാനംചെയ്ത ദേശം സ്വന്തമാക്കാൻ ജനത്തിനു കഴിഞ്ഞു. രാജ്യത്ത് സമാധാനവും സമൃദ്ധിയുമുണ്ടായി. ഇസ്രായേലിന് ലോകജനതകൾക്കിടയിൽ ബഹുമാന്യമായ സ്ഥാനം ലഭിച്ചു.

രാജവാഴ്ചയുടെ ആവിർഭാവത്തോടെയാണ് വരാനിരിക്കുന്ന ഒരു ലോകരക്ഷകനെ, മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾക്കു വ്യക്തത ലഭിച്ചത്. നാഥാൻ പ്രവാചകൻവഴി ദാവീദിനു ലഭിച്ച വാഗ്ദാനം (2 സാമു 7,1-17) മിശിഹായെ സംബന്ധിച്ച പ്രവചനങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതാണ്. പ്രവാചകന്മാരുടെ വരവാണ് രാജഭരണകാലത്തെ മറ്റൊരു സവിശേഷത. പ്രവാചകന്മാരുടെ ക്ലാസിക്കൽ യുഗം എന്നു പറയുന്നത് രാജവാഴ്ചയുടെ കാലമാണ്.

നാഥാൻ, അഹിയാ, മിക്കായാ, ഏലിയാ, ഏലീഷാ തുടങ്ങിയ എഴുത്തുകാരല്ലാത്ത പ്രവാചകന്മാരും ആമോസ് മുതൽ എസെക്കിയേൽവരെയുള്ള പ്രവാചകപ്രമുഖരും രാജവാഴ്ചയുടെ കാലത്താണ് കടന്നുവന്നത്. ദൈവത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ അവർവഴി ജനത്തിനു ലഭിച്ചു; ദൈവഹിതം അറിയാൻ അവർക്കു കഴിഞ്ഞു.

രാജഭരണകാലത്താണ് എഴുതപ്പെട്ട ദൈവവചനമായ ബൈബിളിന്റെ എഴുത്തു തുടങ്ങിയത്. പൂർവ്വപിതാക്കന്മാരെക്കുറിച്ചുള്ള സ്മരണകളും പുറപ്പാടിന്റെ വിവരണങ്ങളും ഏറിയപങ്കും വാചികപാരമ്പര്യങ്ങളായി കൈമാറിവന്നു. മോശയുടെയും ജോഷ്വയുടെയും കാലത്ത് പത്തു പ്രമാണങ്ങൾ തുടങ്ങി ചില കാര്യങ്ങൾ ചുരുക്കമായി എഴുതിയിട്ടുണ്ടെങ്കിലും എഴുതപ്പെട്ട ബൈബിളിന്റെ ആദ്യരൂപം ആരംഭിക്കുന്നത് ദാവീദിന്റെയും സോളമന്റെയും കാലത്താണ്. പ്രപഞ്ചസൃഷ്ടി മുതൽ ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും ഉടമ്പടിയും ഉൾക്കൊള്ളുന്ന "യാഹ്‌വെ" (Yahwist-J) പാരമ്പര്യം എന്നറിയപ്പെടുന്ന ആദ്യലിഖിതം ഈ കാലഘട്ടത്തിലാണ് രൂപംകൊണ്ടത്. ആദിമാതാപിതാക്കൾക്കും പൂർവ്വപിതാക്കൾക്കും നല്കുകയും ഉടമ്പടിയിലൂടെ ഉറപ്പിക്കുകയും ചെയ്ത രക്ഷകനെ സംബന്ധിച്ച വാഗ്ദാനം ഭാഗികമായെങ്കിലും ദാവീദിൽ പൂർത്തിയാകുന്നതായി ഈ പാരമ്പര്യം എടുത്തുകാട്ടുന്നു. ഇസ്രായേലിന്റെ ചരിത്രമാണ് രക്ഷാചരിത്രമായി അവതരിപ്പിക്കുന്നത്. ആ ചരിത്രത്തിന്റെ രചന തുടങ്ങിയതും രാജവാഴ്ചയോടെയായിരുന്നു.

രാജ്യത്തിന്റെ വിഭജനത്തിനുശേഷം വടക്കൻ രാജ്യം തങ്ങളുടെ പ്രത്യേകമായ ദൈവാനുഭവങ്ങളുടെ വെളിച്ചത്തിൽ രക്ഷാചരിത്രത്തിന്റെ മറ്റൊരു വിവരണത്തിനു രൂപം കൊടുത്തു. ഏലോഹിസ്റ്റ് പാരമ്പര്യം (Elohist-E) എന്നറിയപ്പെടുന്ന ഈ പ്രാഗ്‌രൂപം ബി.സി. എട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ, ജെറോബൊവാം രണ്ടാമന്റെ ഭരണകാലത്ത് ഷെക്കെമിൽ വച്ചു രചിക്കപ്പെട്ടു എന്ന് ബൈബിൾ പണ്ഡിതന്മാർ കരുതുന്നു. സീനായ് ഉടമ്പടിക്കാണ് ഈ ലിഖിതം പ്രാമുഖ്യം നല്കുന്നത്. ഈ രണ്ടു ലിഖിതപാരമ്പര്യങ്ങളും ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തകങ്ങളുടെ രചനയുടെ പിന്നിലുണ്ട് എന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള മൂന്നാമത്തെ ലിഖിതപാരമ്പര്യമായ നിയമാവർത്തന (Deuteronomist-D) പാരമ്പര്യത്തിന്റെ രചനയും രാജവാഴ്ചയുടെ കാലത്ത്, സമറിയായുടെ പതനത്തിനുശേഷം ആണ് തുടങ്ങിയത്; പൂർത്തിയായതു പ്രവാസകാലത്തും. ഉടമ്പടിയുടെ കല്പനകൾക്കും സ്നേഹത്തിന്റെ പ്രമാണത്തിനും നിയമത്തിന്റെ ആന്തരികതയ്ക്കും ഊന്നൽ നല്കുന്ന ഈ പാരമ്പര്യത്തിന്റെ സൃഷ്ടിയാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന നിയമാവർത്തന ഗ്രന്ഥം മുഴുവൻ. ഇങ്ങനെ രാജവാഴ്ച ഇസ്രായേൽ ചരിത്രത്തിൽ അനേകം വിലപ്പെട്ട സംഭാവനകൾ നല്കി. എന്നാൽ പാളിച്ചകളും കുറവായിരുന്നില്ല.

## രാജവാഴ്ചയുടെ കോട്ടങ്ങൾ- ദോഷഫലങ്ങൾ

വ്യക്തിപരവും ഗോത്രപരവുമായ സ്വാതന്ത്ര്യത്തിന് പരമപ്രാധാന്യം നല്കുന്ന ഒരു ജനതയായിരുന്നു ഇസ്രായേൽ. ദൈവം നേരിട്ട് അവർക്കു നല്കിയതാണ് ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള മോചനം. അത് ആർക്കും അടിയറ വയ്ക്കാൻ അവർ ആഗ്രഹിച്ചില്ല. രാജവാഴ്ചയുടെ തുടക്കംവരെ ഗോത്രാടിസ്ഥാനത്തിലുള്ള ഭരണസംവിധാനമാണ് അവർക്കുണ്ടായിരുന്നത്. എല്ലാ ഗോത്രങ്ങൾക്കും തുല്യ അവകാശം, തുല്യ മാന്യത, ഗോത്രത്തിലെ കുലങ്ങൾക്കും കുടുംബങ്ങൾക്കും തുല്യത. ഇവയൊക്കെ ഈ ഭരണസംവിധാനത്തിൽ കുടുംബത്തലവന്മാരിൽനിന്ന് കുലത്തലവന്മാരും അവരിൽനിന്ന് ഗോത്രത്തലവന്മാരും നിശ്ചയിക്കപ്പെട്ടിരുന്നു. എന്നാൽ രാജഭരണത്തിന്റെ ആവിർഭാവത്തോടെ ഈ സാമൂഹ്യവ്യവസ്ഥിതി തകിടംമറിഞ്ഞു.

രാജാവിന്റെ ഗോത്രം ഏറ്റം പ്രധാനഗോത്രമായി. ജനങ്ങൾക്കിടയിൽ ഉച്ചനീചത്വം ഉടലെടുത്തു; വലിയവരും ചെറിയവരും ഉണ്ടായി. രാജാവും പ്രഭുക്കന്മാരും രാജകീയോദ്യോഗസ്ഥരും അടങ്ങുന്ന ഒരു ചെറിയ സമൂഹം പ്രബലമായി. സാവധാനം ജനം മുഴുവൻ ഈ പ്രബലസമൂഹത്തിന്റെ, അഥവാ രാജാവിന്റെ അടിമകളെപ്പോലെയായി. രാജാവെന്ന ഒറ്റ വ്യക്തി രാജ്യം മുഴുവനിലുമുള്ള സകലജനങ്ങളെയുംകാൾ പ്രാധാന്യമുള്ളവനായി.

അതുവരെ സീനായ് ഉടമ്പടിയുടെ നിയമങ്ങളും ഗോത്രപാരമ്പര്യങ്ങളുമാണ് ജനങ്ങളെ നയിച്ചിരുന്നത്. തൽസ്ഥാനത്ത് രാജകീയനിയമങ്ങൾ കടന്നുവന്നു. അതു ജനത്തിനു സുരക്ഷിതത്വവും സമൃദ്ധിയും നല്കുക എന്നതിനേക്കാൾ രാജഭരണത്തിന്റെ നിലനില്പും വളർച്ചയും ലക്ഷ്യം വച്ചുണ്ടാക്കിയ നിയമങ്ങളായിരുന്നു. നിയമനിർമ്മാണത്തിൽ പൊതുജനത്തിനു പങ്കില്ലാതായി.

നഗരവാതിൽക്കൽ സ്ഥിരം സമ്മേളിക്കുന്ന കുടുംബ-കുലത്തലവന്മാരായിരുന്നു നാട്ടിൽ നീതിന്യായം നടപ്പിലാക്കിയിരുന്നത്. പരാതിക്കാർക്ക് സ്വതന്ത്രമായി അവരെ സമീപിക്കാം. നീതി ലഭിക്കും എന്നുറപ്പായിരുന്നു. എന്നാൽ രാജവാഴ്ചയോടെ ഈ സംവിധാനത്തിനും മാറ്റം വന്നു. നീതിന്യായകോടതികളിൽ രാജാവു നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർ ന്യായാധിപന്മാരായി. കിട്ടുന്ന കോഴയുടെ തോതും കക്ഷികളുടെ സ്വാധീനവും അനുസരിച്ച് വിധിപ്രസ്താവങ്ങൾ നടന്നു. ന്യായവും നീതിയും പാവപ്പെട്ടവനു കിട്ടാക്കനിയായി. ചെയ്യാത്ത കുറ്റത്തിന് ദരിദ്രർ ശിക്ഷിക്കപ്പെട്ടു; ധനികരായ കുറ്റവാളികൾ സ്വതന്ത്രരായി വിഹരിച്ചു.

വാഗ്ദത്തഭൂമി എല്ലാ കുടുംബങ്ങൾക്കും അംഗസംഖ്യയനുസരിച്ച് വീതിച്ചുകൊടുത്തിരുന്നു. അതിനാൽ എല്ലാവർക്കും ഒരു തുണ്ടു ഭൂമിക്ക് അവകാശമുണ്ടായിരുന്നു. ഭൂമി വില്ക്കുകയോ വാങ്ങുകയോ ചെയ്യാൻ പാടില്ലാത്ത വിശുദ്ധമായ സ്വത്തായിരുന്നു. എന്നാൽ രാജഭരണത്തോടെ ഭൂമിയുടെ ഈ വിശുദ്ധി നഷ്ടപ്പെട്ടു.

അത് ഒരു വില്പനച്ചരക്കായി മാറി. അതോടെ അനേകർക്കു കിട പ്പാടം നഷ്ടമായി. വിവിധമാർഗ്ഗങ്ങളിലൂടെ ചുരുക്കംപേർ ഭൂമി കയ്യ ടക്കി വലിയ ധനികരായപ്പോൾ അനേകർ ഭൂരഹിതരായ ദരിദ്രരും സാവകാശം അടിമകളുമായിത്തീർന്നു.

രാജവാഴ്ചയുടെ വരവോടെ വിവിധ ഉദ്യോഗങ്ങളും തസ്തി കകളും നിലവിൽവന്നു. ഭരണകർത്താക്കളും ഭരണീയരും എന്ന വ്യത്യാസം ഉടലെടുത്തു. രാജഭരണത്തിന്റെ ഭാരിച്ച ചെലവുകൾ നികുതിയിലൂടെ നികത്താൻ ശ്രമിച്ചപ്പോൾ അതു പാവപ്പെട്ടവരായ സാധാരണക്കാർക്ക് താങ്ങാനാകാത്ത ചുമടായിത്തീർന്നു. സമ്പ ന്നർ പ്രായേണ നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടു.

ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടാൻ വേണ്ടി യാണ് ജനം ഒരു രാജാവിനുവേണ്ടി മുറവിളി കൂട്ടിയത്. സാവൂളും ദാവീദും അതാണ് ജനത്തിനു നല്കാൻ ശ്രമിച്ചത്. എന്നാൽ ക്രമേണ ശത്രുക്കളിൽ നിന്നുള്ള സുരക്ഷിതത്വം എന്ന ആശയ ത്തിനു വ്യാപകമായ അർത്ഥം കൈവന്നു. സുരക്ഷിതമായ അതിർത്തികൾ നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ അതിരുകൾ അനന്ത മായി വികസിച്ചു. ഒരിക്കലും അവസാനിക്കാത്ത യുദ്ധങ്ങൾ, അയൽരാജ്യങ്ങൾ പിടിച്ചടക്കി സ്വന്തം സുരക്ഷിതത്വം ഉറപ്പിക്കാനും പ്രൗഢിപ്രകടിപ്പിക്കാനുമുള്ള മാർഗ്ഗങ്ങളായി. ജനം സൈന്യസേവ നത്തിനു നിർബന്ധിക്കപ്പെട്ടു; തങ്ങൾക്ക് യാതൊരു താൽപര്യവു മില്ലാത്ത യുദ്ധങ്ങളിൽ ഏർപ്പെടാൻ ബാധ്യസ്ഥരായി. സാധാരണ ക്കാരന്റെ സ്വത്തിനും ജീവനും സംരക്ഷണമില്ലാതായി.

രാജകീയ പ്രൗഢി വർദ്ധിച്ചു. കൊട്ടാരസമുച്ചയങ്ങളും കോട്ട ക്കൊത്തളങ്ങളും ഉയർന്നു. സർവ്വത്ര ധാരാളിത്വം അഴിഞ്ഞാടി. അതിനെല്ലാം ആവശ്യമായ തുക ജനങ്ങളിൽനിന്നും ഈടാക്കി. കൊടുക്കാൻ കഴിയാത്തവരുടെ സ്വത്തു കണ്ടുകെട്ടി. നികുതിയും കടവും വീട്ടാത്തവരെ അടിമച്ചന്തയിൽ ലേലം ചെയ്തു. അങ്ങനെ സാമുവേലിലൂടെ മുൻകൂട്ടി അറിയിച്ചത് (1 സാമു 8,10-16) യാഥാർത്ഥ്യ മായി.

മതമേഖലയിലും കാതലായ വ്യതിയാനങ്ങളുണ്ടായി. അതുവരെ ദൈവം എല്ലാവർക്കും അഭിഗമ്യനായിരുന്നു. ജറുസലെം ദേവാല യത്തിന്റെ നിർമ്മാണത്തോടെ ദൈവികസാന്നിദ്ധ്യം ദേവാലയ ത്തിന്റെ ഉള്ളറയിലെ അതിവിശുദ്ധ സ്ഥലത്തു മാത്രമാണെന്ന ചിന്ത ശക്തിപ്പെട്ടു. ദൈവത്തെ കാണാൻ, അവിടുത്തെ അനുഗ്രഹം പ്രാപി ക്കാൻ, നേർച്ചക്കാഴ്ചകളുമായി ജറുസലെമിലേക്കു വരണം എന്ന വിശ്വാസം സംജാതമായി. ജറുസലെമിൽ മാത്രമേ ബലിയർപ്പണം പാടുള്ളൂ. കുടുംബാന്തരീക്ഷത്തിൽ ആഘോഷിച്ചിരുന്ന പെസഹാ പോലും ആചരിക്കാൻ തലസ്ഥാനഗരിയിലേക്കു വരണം എന്ന നിബന്ധനയുണ്ടായി. സാവകാശം ദൈവം തങ്ങളിൽനിന്നകന്നു പോയി എന്ന ചിന്ത ജനങ്ങൾക്കിടയിൽ രൂപപ്പെടാൻ ഇതു കാര ണമായി.

ജറുസലെമിലേക്കു തീർത്ഥാടനം, തിരുനാളാഘോഷം, ബലിയർപ്പണം മുതലായ ആചാരാനുഷ്ഠാനങ്ങളാണ് മതാത്മകതയുടെ കാതൽ എന്ന ചിന്ത പ്രബലപ്പെട്ടതോടെ ദൈവം ജറുസലെം ദേവാലയത്തിൽ സ്ഥിരമായി വസിക്കുന്നു എന്നും അതിനാൽ പട്ടണവും രാജ്യവും ജനങ്ങളും എന്നും സുരക്ഷിതരായിരിക്കും എന്നുമുള്ള ഒരു വിശ്വാസം ജനഹൃദയങ്ങളിൽ വേരൂന്നി വളർന്നു. അതോടെ വ്യർത്ഥമായ ഒരു സുരക്ഷിതത്വബോധം ജനത്തെ ഗ്രസിച്ചു. ദൈവപ്രമാണങ്ങൾ ലംഘിക്കപ്പെട്ടാലും, നാട്ടിൽ അനീതിയും അക്രമവും നടമാടിയാലും മതകർമ്മങ്ങൾ മുടങ്ങാത്തിടത്തോളംകാലം ദൈവം തങ്ങളെ സംരക്ഷിക്കും എന്ന വിശ്വാസം വ്യാപകമായി. ബി.സി 701 ൽ സെന്നാക്കെരിബിന്റെ സൈന്യം ജറുസലെമിന്റെ ഉപരോധം ഉപേക്ഷിച്ചു പിൻവാങ്ങിയതും ജറുസലെം അത്ഭുതകരമായി രക്ഷപ്പെട്ടതും ഈ വിശ്വാസം വർദ്ധിക്കാൻ കാരണമായി. ഉടമ്പടിയുടെ നിയമങ്ങൾ അനുസരിക്കുന്നിടത്തോളം മാത്രമേ തങ്ങൾക്കു ദൈവജനമായി തുടരാൻ കഴിയൂ എന്ന സത്യം വിസ്മരിക്കപ്പെട്ടു. സീനായ് ഉടമ്പടി സോപാധികമാണെന്ന കാര്യം അവഗണിക്കപ്പെട്ടു.

നീതിനിഷ്ഠയിൽ അടിയുറച്ചതായിരുന്നു ഇസ്രായേലിന്റെ മതാത്മകയും സമൂഹജീവിതവും. എന്നാൽ രാജഭരണം പുരോഗമിച്ചതോടെ മതാത്മകതയും നീതിന്യായവും തമ്മിൽ ബന്ധമില്ലാതായി. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ന്യായാധിപന്മാരെയുംപോലെ ദൈവവും ലഭിക്കുന്ന കാഴ്ചകളിൽ പ്രസാദിച്ച് അനുഗ്രഹം വർഷിക്കും എന്ന വിശ്വാസം കടന്നുവന്നു. അതോടെ ദൈവാരാധനതന്നെ വിഗ്രഹാരാധനയായി പരിണമിച്ചു. യഥാർത്ഥ ആരാധകർ ദൈവഹിതമനുസരിച്ചു ജീവിതം ക്രമപ്പെടുത്താൻ ശ്രമിക്കുന്നു; വിഗ്രഹാരാധകരാകട്ടെ തന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ ദൈവത്തെ പ്രേരിപ്പിക്കാം എന്നു കരുതുന്നു.

ഈ സാഹചര്യത്തിലാണ് ദൈവത്തിന്റെ ജ്വലിക്കുന്ന വചനവുമായി പ്രവാചകന്മാർ രംഗപ്രവേശം ചെയ്തത്. സമൂഹത്തിന്റെ പല തലങ്ങളിലും സമൂലമായി ഒരു അഴിച്ചുപണി അവർ ആവശ്യപ്പെട്ടു. “നീതി ജലംപോലെ ഒഴുകട്ടെ” (ആമോ 5,24); “ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്” (ഹോസി 6,6); “നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക” (മിക്കാ 6,8); “നീതി അന്വേഷിക്കുവിൻ, മർദ്ദനം അവസാനിപ്പിക്കുവിൻ” (ഏശ 1, 17) എന്നിങ്ങനെയുള്ള തീക്ഷ്ണമായ ആഹ്വാനവുമായി അനേകം പ്രവാചകന്മാർ രാജഭരണകാലത്തു രംഗപ്രവേശം ചെയ്തു. അനുതപിച്ച് നീതിയുടെ പ്രവൃത്തിയിലേക്കു തിരിച്ചുവരുന്നില്ലെങ്കിൽ സമൂലനാശം നേരിടേണ്ടിവരും, വാഗ്ദത്തഭൂമിയിൽ നിന്നു കർത്താവ് ചുഴറ്റി എറിയും, അടിമത്തത്തിലേയ്ക്കു തിരിച്ചയയ്ക്കും എന്ന് നിരന്തരം താക്കീതു നൽകി. എന്നാൽ മുന്നറിയിപ്പുകളും താക്കീതുകളും വ്യർത്ഥമായി. അവസാനം പ്രവാചകന്മാർവഴി ആവർത്തിച്ചു നല്കിയ താക്കീതുകൾ യാഥാർത്ഥ്യമായി. ബി.സി. 587 ൽ യൂദാ നാടുകടത്തപ്പെട്ടു, പ്രവാസം ആരംഭിച്ചു.

## ബാബിലോൺ പ്രവാസം
## (ബി.സി. 587–538)

ഏകദേശം അഞ്ചുനൂറ്റാണ്ടു ദീർഘിച്ച രാജവാഴ്ച വലിയൊരു ദുരന്തത്തിൽ കലാശിച്ചു. ബി.സി. 721 ൽ വടക്കൻരാജ്യം നാമാവശേഷമായി. പത്തുഗോത്രങ്ങൾ ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായി. 587 ൽ യൂദായ്ക്കും സമാനമായ ഗതിയുണ്ടായി. കണ്ണു ചൂഴ്ന്നെടുത്ത്; കഴുത്തിൽ ചങ്ങലയുമായി അടിമകളാക്കപ്പെട്ട യൂദാജനത്തിന്റെമുമ്പേ ബാബിലോണിലേയ്ക്കു പോകുന്ന സെദക്കിയാ രാജാവ് ഈ ദുരന്തത്തിന്റെ ദൃശ്യമായ അടയാളമാണ്. പുറപ്പാടിലൂടെ ലഭിച്ച സ്വാതന്ത്ര്യവും പോരാട്ടങ്ങളിലൂടെ നേടിയെടുത്ത വാഗ്ദത്തഭൂമിയും നഷ്ടപ്പെട്ട് ജനം വീണ്ടും അടിമത്തത്തിലായി; ഒരു ചക്രം പൂർത്തിയായി. 2 രാജാ 25; 2 ദിന 26; ജറെ 52; വിലാപങ്ങൾ, എസെക്കിയേൽ, ഏശ 40–55, സങ്കീ 74; 137 എന്നീ ഭാഗങ്ങളിൽ ബാബിലോൺ പ്രവാസത്തെക്കുറിച്ചുള്ള വിവരണങ്ങൾ കാണാം.

ഇസ്രായേൽ ജനത്തെ സംബന്ധിച്ചുമാത്രമല്ല, രക്ഷാചരിത്രത്തെ സംബന്ധിച്ചും നിർണ്ണായകമായ ഒരു കാലഘട്ടമാണ് ബാബിലോൺ പ്രവാസം. വലിയ വിശ്വാസപ്രതിസന്ധിയുടെയും വീണ്ടുവിചാരത്തിന്റെയും പുതിയ കണ്ടെത്തലുകളുടെയും സമൂല പരിവർത്തനത്തിന്റെയും കാലമായിരുന്നു പ്രവാസം.

### വിശ്വാസപ്രതിസന്ധി

ജനത്തിനു സ്വാതന്ത്ര്യം നഷ്ടപ്പെട്ടു; വാഗ്ദത്തഭൂമിയിൽനിന്നു പുറത്തായി. രാജാവ് അടിമയായി. രാജകൊട്ടാരങ്ങൾ മാത്രമല്ല കർത്താവിന്റെ സ്ഥിരമായ വാസസ്ഥലം എന്നു കരുതിയിരുന്ന ജറുസലെം ദേവാലയവും അഗ്നിക്കിരയായി. അജയ്യം എന്നു കരുതപ്പെട്ടിരുന്ന കർത്താവിന്റെ പട്ടണം നാശക്കൂമ്പാരമായി. വിലാപങ്ങളുടെ പുസ്തകം ഈ നാശനഷ്ടങ്ങളുടെ ഭീകരത വെളിവാക്കുന്നുണ്ട്. എന്തേ ഇങ്ങനെ ഭവിച്ചു എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ നല്കപ്പെട്ടു.

ദൈവം തങ്ങളെ എന്നേക്കുമായി ഉപേക്ഷിച്ചിരിക്കുന്നു എന്നു ഭൂരിഭാഗം ജനങ്ങളും കരുതി (ഏശ 49,14). ഉടമ്പടി ലംഘിച്ചവരെ ദൈവം ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചുതന്നെ ശിക്ഷിച്ചിരിക്കുന്നു (ജറെ 34,18); ദൈവജനം എന്ന പദവിയിൽനിന്ന് തങ്ങൾ പുറന്തള്ളപ്പെട്ടിരിക്കുന്നു എന്നവർ കരുതി. പ്രവാചകന്മാർവഴി ദൈവം നല്കിയ നിരവധിയായ താക്കീതുകൾ വകവയ്ക്കാതിരുന്നവരുടെമേൽ പ്രവാചകന്മാർ അറിയിച്ചിരുന്ന സമൂലനാശം എന്ന ശിക്ഷ നിപതിച്ചിരിക്കുന്നു.

ഇസ്രായേൽജനം തലമുറകളായി ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള ശിക്ഷ മുഴുവൻ തങ്ങളുടെമേൽ പതിച്ചിരിക്കുന്നു എന്ന് അവർ വിശ്വസിച്ചു: “അവരുടെ മധ്യേ നീതിമാന്മാരുടെ രക്തം ചൊരിഞ്ഞ അവളുടെ പ്രവാചകന്മാരുടെ പാപങ്ങളും പുരോഹിതന്മാരുടെ തിന്മകളും നിമിത്തമാണ് ഇതു സംഭവിച്ചത്” (വിലാ 4,13). “ഞങ്ങളുടെ

പിതാക്കന്മാർ പാപം ചെയ്തു; അവർ മരിക്കുകയും ചെയ്തു. ഞങ്ങൾ അവരുടെ അകൃത്യങ്ങൾ വഹിക്കുന്നു" (വിലാ 5,7).

ഇതോടൊപ്പം തികച്ചും ദോഷകരമായ മറ്റൊരു ചിന്തയും കടന്നുവന്നു. ഓരോജനതയ്ക്കും അവരുടെ ദൈവം എന്ന കാഴ്ചപ്പാടാണ് അന്നു പൊതുവേ നിലനിന്നത്. ജനതകൾ തമ്മിൽ നടക്കുന്ന യുദ്ധങ്ങൾ യഥാർത്ഥത്തിൽ അവരുടെ ദൈവങ്ങൾ തമ്മിൽ നടക്കുന്ന യുദ്ധങ്ങളാണ്. ശക്തരായ ദൈവങ്ങൾ യുദ്ധത്തിൽ ജയിക്കുന്നു; ബലഹീനർ പരാജയപ്പെടുന്നു. ഈജിപ്തിലെ ദൈവങ്ങളെ പരാജയപ്പെടുത്തി ഇസ്രായേലിനെ മോചിപ്പിച്ച യാഹ്വേ മറ്റെല്ലാ ദൈവങ്ങളെയുംകാൾ ശക്തനാണ് എന്നു ജനം വിശ്വസിച്ചു. ഈ വിശ്വാസത്തിനാണ് പ്രവാസം കനത്ത ആഘാതം ഏല്പിച്ചത്.

ബാബിലോൺ രാജാവ് യാഹ്വേയുടെ ആസ്ഥാനമായ ജറുസലെം നഗരവും ദേവാലയവും നശിപ്പിച്ച്, അവിടുത്തെ സ്വന്തം ജനത്തെ അടിമകളാക്കിയെങ്കിൽ ബാബിലോണിന്റെ ദൈവങ്ങളല്ലേ തങ്ങൾ ആരാധിക്കുന്ന യാഹ്വേയെക്കാൾ ശക്തൻ എന്ന ചോദ്യം ജനമനസുകളിൽ ഉയർന്നു. ജോസിയാ രാജാവ് അന്യദേവതകളുടെ ആലയങ്ങൾ പൊളിക്കുകയും വിഗ്രഹങ്ങൾ തകർക്കുകയും ചെയ്തത് അവയുടെ കോപത്തിനും ഇസ്രായേൽ അനുഭവിക്കുന്ന ദുരിതങ്ങൾക്കും കാരണമായെന്നു പഠിപ്പിച്ചവരും ഈ കാലഘട്ടത്തിലുണ്ടായി. അതിനാൽ ശക്തി തെളിയിച്ച ബാബിലോണിന്റെ ദൈവങ്ങളെയല്ലേ ഇനി ആരാധിക്കേണ്ടത് എന്ന ചോദ്യവും ഉയർന്നു. ഇങ്ങനെ പ്രവാസം ജനത്തെ വലിയൊരു വിശ്വാസപ്രതിസന്ധിയിലാഴ്ത്തി.

**ദൈവം ഉപേക്ഷിക്കുന്നില്ല**

രൂക്ഷമായ വിശ്വാസപ്രതിസന്ധിയിലായ ജനത്തെ നേരായ വഴിയിലൂടെ നയിക്കാൻ ദൈവം വീണ്ടും പ്രവാചകന്മാരെ അയച്ചു. പ്രവാസത്തിനു ജനത്തെ ഒരുക്കാൻ നിയോഗിക്കപ്പെട്ട ജറെമിയാ തന്നെ പ്രവാസത്തിന്റെ അർത്ഥവും ലക്ഷ്യവും മുൻകൂർ വ്യാഖ്യാനിച്ചു കൊടുത്തിരുന്നു. ദൈവം ജനത്തെ ഉപേക്ഷിച്ചതിന്റെ അടയാളമല്ല പ്രവാസം, മറിച്ച് അവിശ്വസ്തതയ്ക്കുള്ള ശിക്ഷയും മാനസാന്തരത്തിനുള്ള ക്ഷണവുമാണത്. ദൈവത്തിന്റെ പദ്ധതി നാശത്തിനല്ല, ക്ഷേമത്തിനുള്ളതാണ്; ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്നതാണ് (ജറെ 29,11-13). ഉടമ്പടിയുടെ നിയമപ്രകാരമുള്ള ശിക്ഷ ശാശ്വതമായ പുറന്തള്ളലല്ല; ലംഘിക്കപ്പെട്ട ഉടമ്പടിക്കുപകരം അലംഘനീയമായ പുതിയ ഉടമ്പടി ദൈവം തന്നെ സ്ഥാപിക്കും (ജറെ 31,23-37) എന്നു ജറെമിയാ ഉദ്ഘോഷിച്ചു.

ഇതേ സന്ദേശംതന്നെ പ്രവാസികളുടെ പ്രവാചകനായ എസെക്കിയേൽ ആവർത്തിച്ചു (എസെ 16,59-63; 36,22-38). ഉണങ്ങിവരണ്ട അസ്ഥികൾക്ക് ഇനിയും ജീവിക്കാം എന്നു പ്രതീക്ഷയില്ല. എല്ലാം അവസാനിച്ചു എന്നു കരുതിയ പ്രവാസികൾ ഈ വരണ്ട അസ്ഥികളെപ്പോലെയാണ്. എന്നാൽ ദൈവം അവരെ വീണ്ടും ഒരുമിച്ചു

കൂട്ടി വാഗ്ദത്തഭൂമിയിലേക്ക് തിരികെകൊണ്ടുവരും എന്ന പ്രത്യാശ നല്കുന്നതാണ് വരണ്ട അസ്ഥികളുടെ ദർശനത്തിലൂടെ എസെക്കിയേൽ (എസെ 37,1-14) നല്കുന്നത്.

ഈ രണ്ടുപേരെയുംകാൾ കൂടുതൽ പ്രവാസികൾക്കു പ്രത്യാശയും ധൈര്യവും നല്കിയത് രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന പ്രവാചകനാണ് (ഏശ 40-55). ദൈവം തങ്ങളെ എന്നേക്കുമായി കൈവെടിഞ്ഞു എന്നു കരുതിയ ജനത്തോട് പ്രവാചകനിലൂടെ കർത്താവു പറയുന്നു: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49,15). രണ്ടാം ഏശയ്യായുടെ പ്രവചനങ്ങൾ മുഴുവൻ ദൈവത്തിന്റെ അചഞ്ചല സ്നേഹത്തിൽ ഊന്നി, പ്രത്യാശനല്കുന്നവയായിരുന്നു. "നിമിഷനേരത്തേക്കു ഞാൻ നിന്നെ ഉപേക്ഷിച്ചു. മഹാകരുണയോടെ ഞാൻ നിന്നെ തിരിച്ചു വിളിക്കും..... എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാനഉടമ്പടിക്കു ഭംഗം വരുകയുമില്ല" (ഏശ 54,7-10).

## വ്യക്തിപരമായ ഉത്തരവാദിത്വം

പൂർവ്വികരുടെ പാപത്തിനുള്ള ശിക്ഷയാണ് തങ്ങൾ അനുഭവിക്കുന്നതെന്നും അതിൽനിന്നു മോചനമില്ല എന്നും കരുതി നിരാശയിലാണ്ടുപോയ ജനത്തിന് വീണ്ടും പ്രത്യാശ നല്കുന്നതായിരുന്നു പ്രവാസികൾക്കു ലഭിച്ച പ്രവാചകവചനങ്ങൾ. ജനത്തെ ഒറ്റസമൂഹവും ഒരു വ്യക്തിയുമായി കാണുന്ന സംഘാതവ്യക്തിത്വം (Corporate personality) എന്ന ആശയമാണ് അതുവരെ ഇസ്രായേലിൽ നിലവിലിരുന്നത്. പിതാക്കന്മാരുടെ പാപങ്ങൾക്കു മക്കൾ ശിക്ഷിക്കപ്പെടും എന്നു വിശ്വസിച്ചുപോന്നു. ഒന്നാം പ്രമാണത്തിന്റെ ഭാഗമായി ഇതു രേഖപ്പെടുത്തിയിട്ടുണ്ട് (പുറ 20, 5). ഈ വിശ്വാസം പ്രവാസത്തോടനുബന്ധിച്ച് പ്രവാചകന്മാരിലൂടെ തിരുത്തിക്കുറിക്കപ്പെട്ടു.

ജനത്തെ പ്രവാസത്തിനൊരുക്കിയ ജറെമിയായിലൂടെയാണ് ഈ തിരുത്തൽ കടന്നുവന്നത്. "പിതാക്കന്മാർ പച്ചമുന്തിരിങ്ങ തിന്നു, മക്കളുടെ പല്ലുപുളിച്ചു എന്ന് ആ നാളുകളിൽ അവർ പറയുകയില്ല. ഓരോരുത്തരും അവനവന്റെ അകൃത്യംമൂലമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവന്റെ പല്ലേ പുളിക്കൂ." (ജറെ 31,29-30). എസെക്കിയേലും ഈ പ്രബോധനം ആവർത്തിച്ചു (18,1-3). നിയമാവർത്തനഗ്രന്ഥകാരനും ഈ ആശയത്തിന് ഊന്നൽ നല്കി: "മക്കൾക്കുവേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കുവേണ്ടി മക്കളെയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം" (നിയ 24,16). പ്രവാസം അവസാനമല്ല, മാനസാന്തരത്തിനും ജീവിതനവീകരണത്തിനുമുള്ള അവസരമാണ് എന്ന് പ്രവാചകന്മാർ പഠിപ്പിച്ചു. പൂർവ്വികരുടെ പാപത്തിനുള്ള ശിക്ഷയായി കരുതാതെ, ദൈവപ്രമാണങ്ങളനുസരിച്ച് ജീവിതം ക്രമപ്പെടുത്താനുള്ള ആഹ്വാനമായി പ്രവാസത്തെ കാണണം.

## സർവ്വശക്തനായ ഏകദൈവം

തങ്ങൾ ആരാധിക്കുന്ന ദൈവമായ യാഹ്‌വേയെക്കുറിച്ച് കൂടുതൽ വ്യക്തമായ വെളിപ്പെടുത്തലുകൾ ഇസ്രായേലിനു ലഭിച്ച അവസരമായിരുന്നു പ്രവാസം. സകലജനതകളുടെയും ദൈവങ്ങളെക്കാൾ ശക്തനാണ് യാഹ്‌വേ എന്ന് പ്രവാസത്തിനുമുമ്പ് ജനം വിശ്വസിച്ചിരുന്നു. യാഹ്‌വേ മാത്രമാണ് ദൈവം എന്ന് പ്രവാചകന്മാർ സൂചിപ്പിച്ചിരുന്നെങ്കിലും അനേകം ദൈവങ്ങളിൽ ഏറ്റം ഉന്നതനും ശക്തനുമാണ് യാഹ്‌വേ എന്ന വിശ്വാസത്തിനായിരുന്നു പ്രാബല്യം. ഈ വിശ്വാസത്തിനു പ്രവാസത്തിലൂടെ മാറ്റം വന്നു. രണ്ടാം ഏശയ്യായിലൂടെയാണ് ഈ മാറ്റത്തിനു വഴിയൊരുക്കിയതും.

ദൈവം ഒരുവൻ മാത്രമേയുള്ളൂ. ഇതരജനതകൾ ആരാധിക്കുന്ന ദൈവങ്ങളൊന്നും ദൈവമല്ല, മനുഷ്യസൃഷ്ടിയായ വിഗ്രഹങ്ങൾമാത്രം. യാഹ്‌വേ മാത്രമാണ് ദൈവം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനും, അപരിമേയനും നിത്യനുമായ ദൈവം യാഹ്‌വേ മാത്രം. ഈ വിശ്വാസം പ്രവാസകാലത്ത് ആഴപ്പെട്ടു. തദ്ഫലമായി മറ്റൊരു ബോധ്യവും ഉരുത്തിരിഞ്ഞു. യാഹ്‌വേ ഇസ്രായേലിന്റെ മാത്രമല്ല, സകലജനതകളുടെയും ദൈവമാണ്. ദൈവം ഒരു ജനതയെയും ഉപേക്ഷിക്കുന്നില്ല. എല്ലാവരും അവിടുത്തേക്കു തുല്യരാണ്. ഇതോടെ തങ്ങളുടെ വ്യക്തിത്വത്തെയും ദൗത്യത്തെയും സംബന്ധിച്ച പുതിയ ഉൾക്കാഴ്ചകൾ രൂപംകൊണ്ടു.

## ലോകത്തിന്റെ പ്രകാശം

എല്ലാ ജനതകളും തുല്യരെങ്കിൽ പിന്നെ എന്താണ് രക്ഷാചരിത്രത്തിൽ, ദൈവികപദ്ധതിയിൽ, തങ്ങൾക്കുള്ള പ്രത്യേകത? അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനം: "നിന്നിലൂടെ (നിന്റെ സന്തതിയിലൂടെ) ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും" (ഉൽപ 12,3; 22; 18) ഈ ചോദ്യത്തിന് ഉത്തരം നല്കി. ഇസ്രായേൽജനം ദൈവത്തിന്റെ പ്രത്യേകജനതയും പുരോഹിതരാജ്യവുമായി (പുറ 19,5) തിരഞ്ഞെടുക്കപ്പെട്ടത് തങ്ങൾക്കുവേണ്ടിയല്ല, എല്ലാ ജനതകൾക്കും വേണ്ടിയാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് സവിശേഷമായ ഒരു ദൗത്യവും ഉൾക്കൊള്ളുന്നു; ലോകജനതകൾക്കുമുന്നിൽ ദൈവത്തിന്റെ സാക്ഷികളാകണം.

"നീതിയും ന്യായവും പ്രവർത്തിച്ച് കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ (അബ്രാഹം) കല്പിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടുചെയ്ത വാഗ്ദാനം പൂർത്തിയാകുന്നതിനുംവേണ്ടി" (ഉൽപ 18,19)യാണ് ദൈവം അബ്രാഹത്തെയും മക്കളെയും തിരഞ്ഞെടുത്തത് എന്ന വചനത്തിന്റെ പൊരുൾ പ്രവാസകാലത്താണ് വ്യക്തമായത്: "ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ലോകത്തിന് പ്രകാശവുമായി നല്കിയിരിക്കുന്നു" (ഏശ 42,7). തിരഞ്ഞെടുക്കപ്പെട്ട ജനം എന്നത് മഹത്വത്തിന്റെ സ്ഥാനം എന്നതിനേക്കാൾ മറ്റു ജനതകളോടുള്ള ഉത്തരവാദിത്വത്തെ അനുസ്മരിപ്പിക്കുന്ന ദൗത്യമാണ് എന്ന അവബോധം വളരാൻ പ്രവാസം കാരണമായി.

## സംവിധാനങ്ങൾ ആപേക്ഷികം

ദൈവത്തിനു വിശുദ്ധജനവും പുരോഹിതരാജ്യവും ആകാൻ വിളിക്കപ്പെട്ടവർ ആചാരാനുഷ്ഠാനങ്ങളിലൂടെ ഈ ദൗത്യം നിർവ്വഹിക്കാം എന്നു കരുതിയിരുന്നു. ഈ ധാരണയാണ് പ്രവാസത്തിലൂടെ തകർക്കപ്പെട്ടത്. രാജാവും പുരോഹിതനും കൊട്ടാരവും ദേവാലയവും എല്ലാം ഒറ്റയടിക്കു തകർന്നു. ദേവാലയം നാശക്കൂമ്പാരമായി; തീർത്ഥാടനമില്ലാതായി. ബലിയർപ്പണം മുടങ്ങി. അവശ്യവും അനിവാര്യവുമെന്ന് കരുതപ്പെട്ടിരുന്ന സംവിധാനങ്ങളെല്ലാം നഷ്ടപ്പെട്ട പ്രവാസജനതയ്ക്ക് അടിസ്ഥാനപരമായ ഉൾക്കാഴ്ച ലഭിച്ചു. മനുഷ്യനിർമ്മിതമായ ഭവനങ്ങളും അവിടെ അനുഷ്ഠിക്കപ്പെടുന്ന ആചാരങ്ങളും എല്ലാം ആപേക്ഷികമാണ്; ദൈവം ഇവയ്ക്കെല്ലാം ഉപരിയും.

ദേവാലയമില്ലാതെ ദൈവികസാന്നിദ്ധ്യം അനുഭവിക്കാൻ കഴിയുമെന്ന് പ്രവാസികൾ ഗ്രഹിച്ചു. പ്രവാസികളുടെ മധ്യേ കേബാർനദീതീരത്ത് പ്രവാസിയായി കഴിഞ്ഞ എസെക്കിയേലിനുണ്ടായ ദൈവികദർശനം (എസെ 1-3) ഈ സത്യം അടിവരയിട്ടുറപ്പിക്കുന്നു. മനുഷ്യനിർമ്മിതമായ സംവിധാനങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഉപരിയാണ് ദൈവം. സ്ഥലകാലങ്ങൾക്കതീതനാണ് അവിടുന്ന്. ദൈവംതന്നെ ആലയമായിത്തീരുന്ന ഒരനുഭവമാണ് പ്രവാസികൾക്കു ലഭിച്ചത്.

ദൈവത്തെ പ്രീതിപ്പെടുത്താൻ ബാഹ്യമായ ചില അനുഷ്ഠാനങ്ങളേക്കാൾ ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചുള്ളജീവിതമാണ് ആവശ്യം എന്ന് അവർ മനസ്സിലാക്കി. രാജാവും പുരോഹിതനും ഇല്ലാതെതന്നെ ഒരു സമൂഹമെന്നനിലയിൽ ദൈവജനത്തിനൊന്നാകെ പുരോഹിത ശുശ്രൂഷചെയ്യാൻ കഴിയും എന്ന അവബോധത്തിലേക്ക് അവർ എത്തിച്ചേർന്നു. ദൈവഹിതം ജനത്തെയും, ജനത്തിന്റെ പ്രാർത്ഥനകളും ആവശ്യങ്ങളും ദൈവത്തെയും അറിയിക്കുകയും ദൈവകൃപയുടെ നീർച്ചാലായി വർത്തിക്കുകയുമാണ് പൗരോഹിത്യത്തിന്റെ മുഖ്യധർമ്മം. ഇതാണ് ലോകജനതകൾക്കുമുന്നിൽ പുരോഹിതനാവുക എന്നതിന്റെ അർത്ഥം.

ഈ അവബോധം സമൂലമായ ഒരു ജീവിതപരിവർത്തനത്തിലേക്കു നയിച്ചു. അങ്ങനെ ഇസ്രായേൽജനത്തിന് വലിയൊരു ശുദ്ധീകരണത്തിന്റെ, ആത്മീയനവീകരണത്തിന്റെ, അവസരമായി മാറി പ്രത്യക്ഷത്തിൽ നിരാശാജനകമായ, ശാപവും ശിക്ഷയുമായി കരുതപ്പെട്ട പ്രവാസം. 50 വർഷത്തെ പ്രവാസം ശുദ്ധീകരണത്തിന്റെ കാലമായിട്ടാണ് പ്രധാമ്മായും വി. ഗ്രന്ഥചരിത്രകാരന്മാർ വിലയിരുത്തുന്നത്.

## ലിഖിതങ്ങൾ

ദൈവികപദ്ധതിയെയും ആ പദ്ധതിയിൽ ഇസ്രായേൽജനത്തിനുള്ള സ്ഥാനത്തെയും സംബന്ധിച്ച ആഴമേറിയ ഉൾക്കാഴ്ചകൾ ലഭിച്ച ഒരു കാലഘട്ടമായിരുന്നു പ്രവാസം. ആ ഉൾക്കാഴ്ചകൾ പ്രവാസത്തിൽവച്ച് ലിഖിതരൂപത്തിലാക്കപ്പെട്ടു.

ദൈവികളുടമ്പടിയുടെ വെളിച്ചത്തിൽ ഇസ്രായേൽ ചരിത്രത്തെ അവലോകനം ചെയ്യുന്ന നിയമാവർത്തന ഗ്രന്ഥത്തിന്റെയും നിയമാവർത്തനാത്മകചരിത്രത്തിന്റെയും രചന പൂർത്തിയായത് പ്രവാസകാലത്താണ്. നിയമാവർത്തനം മുതൽ 2 രാജാക്കന്മാർവരെയുള്ള 7 പുസ്തകങ്ങൾ ഈ ഗണത്തിൽപെടുന്നു. ഹോസിയാ, ജറെമിയാ മുതലായ പ്രവാചകന്മാരുടെ ചൈതന്യം ഉൾക്കൊള്ളുന്ന പ്രവാചകശിഷ്യരായിരുന്നു നിയമാവർത്തനാത്മക ചരിത്രത്തിന്റെ പിന്നിൽ പ്രവർത്തിച്ചത്. അല്പം വ്യത്യസ്തമായ കാഴ്ചപ്പാടുകൾക്കൊണ്ട പുരോഹിതശിഷ്യരും ഈ കാലഘട്ടത്തിൽ രചനയിൽ മുഴുകി.

ദൈവാരാധനയിൽവന്ന പിശകുകളും വിഗ്രഹാരാധനയുമാണ് പ്രവാസത്തിലേക്കു നയിച്ച അവിശ്വസ്തതയുടെയും പാപത്തിന്റെയും പട്ടികയിൽ മുൻപന്തിയിൽ നില്ക്കുന്നത് എന്നു വിശ്വസിച്ച അവർ ദൈവാരാധാനയിലെ അനാചാരങ്ങൾ തിരുത്തുന്നതിനും ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പിക്കുന്നതിനും കൂടുതൽ പ്രാധാന്യം കൊടുത്തു. ഇവരെ പുരോഹിതശിഷ്യഗണം (priestly school) എന്നു വിളിക്കുന്നു. നിയമാവർത്തനാത്മക ചരിത്രകാരന്മാർ ദൈവസ്നേഹത്തിന് പ്രാമുഖ്യം കല്പിച്ചപ്പോൾ പുരോഹിതശിഷ്യർ ദൈവത്തിന്റെ വിശുദ്ധിക്കാണ് ഏറ്റം കൂടുതൽ പ്രാധാന്യം കല്പിച്ചത്. ഈ കാഴ്ചപ്പാടിൽ അവർ പഞ്ചഗ്രന്ഥത്തിന്റെ രചന പൂർത്തിയാക്കുന്ന ശ്രമത്തിൽ ഏർപ്പെട്ടു. പ്രവാസത്തിനുശേഷമാണ് രചന പൂർത്തിയായതെങ്കിലും അതിന്റെ തുടക്കം പ്രവാസകാലത്തായിരുന്നു. പഞ്ചഗ്രന്ഥത്തിൽ ലേവ്യരുടെ പുസ്തകം മുഴുവനായും പുരോഹിതപാരമ്പര്യത്തിന്റെ സംഭാവനയാണ്. മറ്റു നാലു പുസ്തകങ്ങളിലും, ഏറ്റക്കുറച്ചിലുകളോടെ, ഈ പാരമ്പര്യത്തിന്റെ സ്വാധീനം കാണാം. ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹെമിയാ എന്നീ പുസ്തകങ്ങളും പുരോഹിതപാരമ്പര്യത്തിൽനിന്നു വരുന്നു.

**മോചനം ആസന്നം**

നബുക്കദ്നേസറിന്റെ മരണത്തോടെ (ബി.സി. 562) ബാബിലോണിന്റെ ശക്തി ക്ഷയിച്ചു. പിന്നീടുവന്ന മൂന്നു രാജാക്കന്മാർ (എവിൽ മെറോദാക്ക് 562-560; നെരിഗ് ലാസ്സാർ 560-556; നബോനിദസ് 556-539) ഒന്നിനൊന്ന് ബലഹീനരായിരുന്നു. അതേസമയം കിഴക്ക് പേർഷ്യ ശക്തമായൊരു സാമ്രാജ്യമായി വളർന്നുവന്നു. സൈറസ് രാജാവ് (550-530) ചുറ്റുപാടുമുള്ള ജനതകളെ കീഴടക്കി. 539 ൽ ബാബിലോൺ സൈറസിനു മുന്നിൽ നിപതിച്ചു. മധ്യപൗരസ്ത്യദേശത്ത് പുതിയൊരു ഭരണവും പുതിയൊരു സംസ്കാരവും രൂപംകൊണ്ടു.

ഇതരജനതകളെ ശത്രുക്കളായിക്കണ്ട് അടിച്ചമർത്തി ഭരിക്കുകയായിരുന്നു അസീറിയായുടെയും ബാബിലോണിന്റെയും ശൈലി. അതിനാൽത്തന്നെ കീഴടക്കിയവരെ ചിതറിച്ച് ഒരു ജനതയല്ലാതാക്കുക, ചെറുത്തുനില്പിനും ഉയിർത്തെഴുന്നേല്പിനും അവസരം നിഷേധിക്കുക, അവരുടെ നയമായിരുന്നു. ഇതിൽനിന്നു തികച്ചും

വ്യത്യസ്തമായിരുന്നു പേർഷ്യക്കാരനായ സൈറസിന്റെ നയം. സംതൃപ്തരായ പ്രജകളിലാണ് സാമ്രാജ്യത്തിന്റെ സുരക്ഷിതത്വം അവർ കണ്ടത്. അതിനാൽ തന്റെ ഭരണസീമയിലുള്ള സകലജന തകൾക്കും താന്താങ്ങളുടെ വിശ്വാസങ്ങളും സംസ്കാരങ്ങളും അനു സരിച്ച് ജീവിക്കാൻ അനുവാദം നല്കി. ബലമായി നാടുകടത്തപ്പെ ട്ടവർക്ക് സ്വന്തം രാജ്യങ്ങളിലേക്കു തിരിച്ചുപോകാൻ രാജക ല്പനയിലൂടെ അനുവാദം ലഭിച്ചു. ഇത് രക്ഷാചരിത്രത്തിൽ പുതി യൊരു കാലഘട്ടത്തിനു തുടക്കം കുറിച്ചു. സൈറസിനെ കർത്താ വിന്റെ ദാസനും ഉപകരണവുമായിക്കണ്ട രണ്ടാംഏശയ്യാ ജന ത്തിന്റെ മോചനം ആസന്നമായിരിക്കുന്നു എന്നു പ്രവചിച്ചു (ഏശ 40, 1-11; 45,1-8)

## പ്രവാസാനന്തരകാലം
## (ബി.സി. 538-എ.ഡി. 135)

ഇസ്രായേൽ ചരിത്രത്തിലൂടെ ചുരുൾവിടരുന്ന രക്ഷാചരിത്ര ത്തിന്റെ ഏഴാം ഘട്ടത്തെ പ്രവാസാനന്തരകാലം എന്നു വിശേഷി പ്പിക്കുന്നു. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രാ യേൽക്കാർക്കു സ്വന്തം ദേശത്തേക്കു മടങ്ങിപ്പോകാൻ അനുവാദം നല്കുന്ന പേർഷ്യൻ രാജാവ് സൈറസിന്റെ കല്പന (538) മുതൽ, ജറുസലെമിനെ റോമൻ കോളണിയായി പ്രഖ്യാപിക്കുകയും യഹൂ ദർക്ക് അവിടെ പ്രവേശനം നിഷേധിക്കുകയും ചെയ്ത റോമൻ ചക്രവർത്തി ഹഡ്രിയാന്റെ കല്പന (എ.ഡി. 135)വരെയുള്ള സുദീർഘമായ കാലഘട്ടമാണ് ഇവിടെ പരിഗണനാവിഷയം. ഈ കാലഘട്ടത്തെ മൂന്നായി തിരിക്കാം.

1. പേർഷ്യൻ ഭരണം - ബി.സി. 538-332
2. ഗ്രീക്കു ഭരണം - ബി.സി. 332-63
3. റോമൻ ഭരണം - ബി.സി. 63-എ.ഡി. 135

### 1. പേർഷ്യൻ ഭരണം (ബി.സി. 538-332)

ബി.സി. 539 ൽ ബാബിലോണിനെ തോല്പിച്ച് മധ്യപൗരസ്ത്യ ദേശത്തെ ഏക വൻശക്തിയായി ഉയർന്ന പേർഷ്യയുടെ രാജാവ് സൈറസ് തന്റെ സാമ്രാജ്യത്തിലുള്ള സകലപ്രവാസികൾക്കും താന്താങ്ങളുടെ ദേശങ്ങളിലേക്കു പോയി അവരവരുടെ മതനിയമ ങ്ങളും സാംസ്കാരികപാരമ്പര്യങ്ങളും അനുസരിച്ച് ജീവിക്കാൻ അനുവാദം നല്കി. 538 ലെ ഈ വിളംബരം (2 ദിന 36,22-23) അനു സരിച്ച് ഇസ്രായേൽക്കാർക്കും പൂർണ്ണമായ മതസ്വാതന്ത്ര്യം ലഭി ച്ചു. പേർഷ്യൻ ഭരണം നിലനിന്നിടത്തോളം കാലം ഈ മതസ്വാ തന്ത്ര്യവും നിലനിന്നു. എന്നാൽ രാഷ്ട്രീയമായി ഇസ്രായേൽക്കാർ പേർഷ്യൻ ആധിപത്യത്തിൻ കീഴിലായിരുന്നു. ബി.സി. 332 ൽ മഹാ നായ അലക്സാണ്ടർ പലസ്തീനാ കീഴടക്കുന്നതുവരെ ഈ അവസ്ഥ തുടർന്നു. ബാബിലോൺ പ്രവാസത്തിനുമുമ്പ് അവസാ നത്തെ രാജാവായ സെദെക്കിയായ്ക്കുശേഷം ഇസ്രായേലിൽ രാ ജാവോ രാജഭരണമോ ഉണ്ടായില്ല. കാലാകാലങ്ങളിൽ മാറിമാറി

വന്ന വൻശക്തികളുടെ ആധിപത്യത്തിൻ കീഴിലാണവർ ജീവിച്ചത്. എന്നാൽ മതസ്വാതന്ത്ര്യമുണ്ടായിരുന്നു.

**പ്രതിസന്ധികൾ**

അനുവാദം ലഭിച്ചെങ്കിലും 50 വർഷം ബാബിലോണിൽ വസിച്ച പലർക്കും തിരിച്ചുപോകാൻ താൽപര്യമുണ്ടായിരുന്നില്ല. ജറെമിയായുടെ നിർദ്ദേശം അനുസരിച്ച് (ജറെ 29) പ്രവാസികൾ ബാബിലോണിൽ വീടുപണിയുകയും കൃഷിയിലും മറ്റു സംരംഭങ്ങളിലും ഏർപ്പെടുകയും ചെയ്തു. ഒരു തലമുറ കഴിഞ്ഞപ്പോഴേയ്ക്കും പിതാക്കന്മാർ വിട്ടിട്ടുപോന്ന വാഗ്ദത്തഭൂമിയുടെ ആകർഷണം അത്ര ശക്തമായിരുന്നില്ല. പലർക്കും ബാബിലോണിലെ ജീവിതം കൂടുതൽ അഭികാമ്യമായി തോന്നി. അതിനാൽ മടങ്ങിവന്നവർ അംഗസംഖ്യയിൽ പ്രായേണ കുറവായിരുന്നു.

വാഗ്ദത്തഭൂമിയിലേക്കു മടങ്ങിവന്നവർക്കാകട്ടെ പ്രവാചകന്മാർ കണ്ട സമൃദ്ധിയും സമാധാനവും സംരക്ഷണവും ലഭിച്ചില്ല. അന്യാധീനപ്പെട്ടുപോയ തങ്ങളുടെ വീടും സ്ഥലവും പലർക്കും തിരിച്ചുകിട്ടിയില്ല. ജീവിക്കാൻതന്നെ ഏറെ ക്ലേശിക്കേണ്ടിവന്നു. തകർന്നുകിടന്ന ദേവാലയം വീണ്ടും പണിയാൻ ആരംഭിച്ചെങ്കിലും പലകാരണങ്ങളാലും നിർമ്മാണം പൂർത്തിയാക്കാൻ ഏറെ വൈകി. ഹഗ്ഗായി-സഖറിയാ പ്രവാചകന്മാരുടെ നിരന്തരമായ പ്രേരണയാൽ ദേവാലയം പണി തുടർന്ന് 515 ൽ പൂർത്തിയാക്കിയപ്പോൾ സോളമൻ പണിയിച്ച ആദ്യ ദേവാലയം കണ്ടിട്ടുള്ള വൃദ്ധർ നിരാശരായി. കാരണം രണ്ടാം ദേവാലയം ചെറുതും ഒട്ടും തന്നെ പ്രൗഢിയില്ലാത്തതും ആയിരുന്നു. നിരന്തരമായ വരൾച്ചയും കൃഷിനാശവുംകൂടി ആയപ്പോൾ ജനജീവിതം ദുരിതപൂർണ്ണമായി. പാവപ്പെട്ടവരുടെ നിസ്സഹായതയെ ചൂഷണം ചെയ്ത് ചുരുക്കംപേർ അതിവേഗം ധനികരായി. ഭൂരിപക്ഷവും ദാരിദ്ര്യത്താൽ വലഞ്ഞു. ഈ സാഹചര്യത്തിലാണ് നീതിക്കുവേണ്ടിയുള്ള ശക്തമായ ആഹ്വാനവുമായി മൂന്നാം ഏശയ്യാ (ഏശ 56-66) രംഗത്തുവന്നത്. പ്രവാചകന്റെ ആഹ്വാനം ഫലപ്രദമായില്ല എന്ന് നെഹെമിയായുടെ മുന്നിൽ ജനം നിരത്തുന്ന പരാതികളിൽ (നെഹ 5,1-5) നിന്ന് മനസ്സിലാക്കാം.

**മതനവീകരണം**

അഞ്ചാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ വലിയൊരു മതനവീകരണം ആരംഭിച്ചു. എസ്രാ എന്ന നിയമജ്ഞനും നെഹെമിയാ എന്ന പേർഷ്യയുടെ പ്രതിനിധിയായ ഭരണാധിപനുമാണ് ഇതിനു ചുക്കാൻ പിടിച്ചത്. എസ്രാ, നെഹെമിയാ എന്നീ പുസ്തകങ്ങളിൽ ഈ കാലഘട്ടത്തിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

യഹൂദമതത്തിന്റെ പിതാവ് എന്നാണ് നിയമപണ്ഡിതനായ എസ്രാ അറിയപ്പെടുന്നത്. ബി.സി. 458 ൽ ഒരു ഗണം പ്രവാസികളോടൊപ്പം ജറുസലെമിലെത്തിയ എസ്രായ്ക്ക് ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ; മതനവീകരണം. "കർത്താവിന്റെ നിയമം പഠിക്കാനും അനുഷ്ഠിക്കാനും അവിടുത്തെ അനുശാസനങ്ങളും പ്രമാ

ണങ്ങളും ഇസ്രായേലിൽ പഠിപ്പിക്കാനും അവൻ ഉത്സുകനായിരുന്നു" (എസ്രാ 7,10).

പ്രവാസകാലത്തും അതിനുശേഷവും ഇസ്രായേൽജനത്തിനിടയിൽ കടന്നുകൂടിയ അനാചാരങ്ങൾ തുടച്ചുനീക്കാനായിരുന്നു എസ്രായുടെ ആദ്യശ്രമം. അതിന്റെ തുടക്കമായി വിജാതീയരുമായി നടത്തിയ ഇസ്രായേൽക്കാരുടെ വിവാഹങ്ങൾ അസാധുവാക്കി (എസ്രാ 9-10). വിജാതീയഭാര്യമാരെ പറഞ്ഞയയ്ക്കാൻ നിർബന്ധിച്ചു. വിജാതീയരുമായി ബന്ധപ്പെടുകവഴി അവരുടെ വിശ്വാസങ്ങളിലേക്കും ആചാരങ്ങളിലേക്കും ഇസ്രായേൽക്കാർ ആകൃഷ്ടരായതാണ് പ്രവാസം അടക്കം ജനം നേരിട്ട സകല ദുരന്തങ്ങളുടെയും കാരണം എന്നു വിശ്വസിച്ച എസ്രാ വിജാതീയരുമായുള്ള സകല വേഴ്ചകളിൽനിന്നും അകന്നു നില്ക്കാൻ ജനത്തെ പ്രേരിപ്പിച്ചു. തങ്ങൾ ദൈവത്തിനു വിശുദ്ധ ജനമാണെന്നും അശുദ്ധമായ സകലത്തിൽനിന്നും അകന്നു നിന്നുകൊണ്ട് വിശുദ്ധി പാലിക്കണമെന്നും പഠിപ്പിച്ചു.

ആരാധനയുടെ ക്രമീകരണവും നവീകരണവുമാണ് എസ്രാ ശ്രദ്ധ ചെലുത്തിയ മറ്റൊരു മേഖല. ലേവ്യരുടെ പുസ്തകത്തിൽ കാണുന്ന ബലിയർപ്പണം, തിരുനാളാഘോഷങ്ങൾ, ശുദ്ധിയെ സംബന്ധിച്ച നിയമങ്ങൾ ഇവയെല്ലാം ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽ അന്തിമമായി ക്രോഡീകരിക്കപ്പെട്ടത് ഈ കാലത്താണ്.

ബൈബിൾ ഗ്രന്ഥങ്ങളുടെ ക്രോഡീകരണവും അന്തിമപ്രസാധനവുമാണ് ഈ കാലഘട്ടത്തിൽ നടന്ന മറ്റൊരു സുപ്രധാനസംഭവം. പഞ്ചഗ്രന്ഥം അവസാനമായി പ്രസിദ്ധീകരിച്ചത് ഈ കാലഘട്ടത്തിലാണ്. അതോടൊപ്പം പ്രവാചകഗ്രന്ഥങ്ങളും, ചുരുക്കം ചിലതൊഴികെ, അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടു. എഴുതപ്പെട്ട ദൈവവചനം ജീവിതത്തിനു മാനദണ്ഡമായി സ്വീകരിച്ചു. തനിക്കു പറയാനുള്ളതെല്ലാം ദൈവം പ്രവാചകന്മാരിലൂടെ അറിയിച്ചുകഴിഞ്ഞു. ഇനി പുതിയൊരു വെളിപാടു പ്രതീക്ഷിക്കാനില്ല. ഇതുവരെ ലഭിച്ച വെളിപാടുകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുക, പഠിക്കുക, ജീവിക്കുക എന്നതാണ് കരണീയം എന്ന പഠനം രൂപംപ്രാപിച്ചു.

പുരോഹിതനും നിയമജ്ഞനുമായ എസ്രായോടുകൂടെ നിയമജ്ഞരായ പുരോഹിതരുടെ ഒരു സംഘമുണ്ടായിരുന്നു. പുതിയനിയമകാലത്തെ നിയമജ്ഞരുടെ ഉത്ഭവം ഇവിടെ കാണാം. പുരോഹിതന്മാരാണ് ജനജീവിത്തിന്റെ സകല മേഖലകളിലും ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയത്. ചുരുക്കത്തിൽ, അത് പുരോഹിതഭരണത്തിന്റെ കാലമായിരുന്നു. പ്രവാചകന്മാർ സാവധാനം അപ്രത്യക്ഷമായി. പുതിയ വെളിപ്പെടുത്തലുകളുമായി ആരെങ്കിലും വന്നാൽ അവരെ സ്വീകരിക്കാൻ ഈ ഭരണസംവിധാനം ഒരുക്കമായിരുന്നില്ല. അവരെ വ്യാജപ്രവാചകന്മാരായി മുദ്രകുത്തി ഉന്മൂലനം ചെയ്യും. സംഖ്യ 13, 1-6 പ്രവാചകത്വത്തോടുള്ള നിഷേധാത്മകസമീപനത്തിന്റെ ഉദാഹരണമാണ്. അതിനാൽ ഈ കാലഘട്ടത്തിലും ഇതിനുശേഷവും വന്ന പല പ്രവാചകരും വ്യാജനാമത്തിലാണ് തങ്ങ

ളുടെ സന്ദേശം അവതരിപ്പിച്ചത്. യോനായും ദാനിയേലും ഉദാഹരണങ്ങൾ.

നിയമങ്ങളുടെ അക്ഷരാർത്ഥത്തിനും ബാഹ്യാനുഷ്ഠാനങ്ങളുടെ കൃത്യതയ്ക്കുമാണ് പുരോഹിതരും നിയമജ്ഞരും പ്രാധാന്യം കൊടുത്തത്. നിയമാവർത്തനപാരമ്പര്യവും പ്രവാചകന്മാരും ഉദ്ബോധിപ്പിച്ച ആന്തരികതയ്ക്കും സ്നേഹത്തിന്റെ പ്രമാണത്തിനും വേണ്ടത്ര ഊന്നൽ നല്കപ്പെടാതെ പോയി. സാവകാശം ഈ മതനവീകരണം ഭക്തിയുടെ പുറന്തോടു കാത്തുസൂക്ഷിക്കുന്ന ആചാരങ്ങൾ മാത്രമായി അധഃപതിച്ചു. ആരാധനയും ഭക്തിയും തന്നെ കാപട്യത്തിന്റെ മുഖംമൂടികളായി. ഇതിനെതിരേയാണ് യേശുക്രിസ്തു അതിശക്തമായി പ്രതികരിച്ചത്. (മത്താ 23).

തങ്ങൾമാത്രം വിശുദ്ധർ എന്ന ചിന്താഗതി ജനത്തിനിടയിൽ, പ്രത്യേകിച്ചും പുരോഹിത-നിയമജ്ഞനേതാക്കൾക്കിടയിൽ പ്രചരിച്ചു. നിയമങ്ങൾ വള്ളിപുള്ളി വിടാതെ അക്ഷരാർത്ഥത്തിൽ അനുസരിക്കാത്തവരെല്ലാം പാപികളായി മുദ്രകുത്തപ്പെട്ടു. മതാത്മകമായ ഒരു അസഹിഷ്ണുത ശക്തിപ്രാപിച്ചു. വിജാതീയരെ ഒന്നടങ്കം പുറന്തള്ളപ്പെട്ടവരും നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുമായി പരിഗണിക്കാൻ തുടങ്ങി. ഒരു "ഗെറ്റോ" മനോഭാവം രൂപംകൊണ്ടു. പ്രവാസകാലത്തു ലഭിച്ച സാർവ്വത്രിക രക്ഷയെയും മിഷനറി ദൗത്യത്തെയും സംബന്ധിച്ച ഉൾക്കാഴ്ചകൾ അവഗണിച്ച്, തങ്ങളിലേക്കു തന്നെ ഉൾവലിയാനും ഒതുങ്ങിക്കൂടാനുമാണ് ഔദ്യോഗികനേതൃത്വം ശ്രമിച്ചത്.

**ജ്ഞാനപ്രസ്ഥാനം**

ബാബിലോൺ പ്രവാസത്തിൽ നേടിയ ഇതരജനതകളുമായുള്ള, പ്രത്യേകിച്ചും മെസൊപ്പൊട്ടേമിയൻ സംസ്ക്കാരവുമായുള്ള ബന്ധം ഇസ്രായേലിന്റെ ചിന്താഗതിയിലും സ്വാധീനം ചെലുത്തി. ജ്ഞാനികളുടെ ആവിർഭാവമാണ് അതിലൊന്ന്. ബാബിലോൺ, അസീറിയ, പേർഷ്യ തുടങ്ങിയ സംസ്കാരങ്ങളിൽ നിലനിന്ന ജീവിതവീക്ഷണങ്ങൾ ഇവർ സ്വന്തമാക്കി. അതോടൊപ്പം പ്രവാചകന്മാരിൽനിന്നും നിയമസംഹിതകളിൽനിന്നും ലഭിച്ച ഉൾക്കാഴ്ചകളും, പ്രകൃതിയെയും മനുഷ്യനെയും സംബന്ധിച്ച നിരീക്ഷണങ്ങളും അനുഭവങ്ങളുംവഴി ലഭിച്ച അറിവുകളും ജീവിതലക്ഷ്യം നിർണ്ണയിക്കുന്നതിനും ജീവിതശൈലി കരുപ്പിടിപ്പിക്കുന്നതിനും സഹായകമായി.

ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങളിൽ "ജ്ഞാനം" ഒഴികെ മറ്റെല്ലാംതന്നെ ഈ കാലഘട്ടത്തിലാണ് രചിക്കപ്പെട്ടത്. സങ്കീർത്തനങ്ങളുടെ സമാഹരണവും ഈ കാലത്തു നടന്നു. ജ്ഞാനികൾ എന്നറിയപ്പെടുന്നവർ സ്വീകരിച്ചിരുന്ന ഒരു പൊതു നിലപാടുണ്ട്. അത് ചുരുക്കമായി ഇപ്രകാരം വിശദീകരിക്കാം: ദൈവം മനുഷ്യനെ സൃഷ്ടിച്ചത് പ്രത്യേക ലക്ഷ്യത്തോടെയാണ്. ആ ലക്ഷ്യം പ്രാപിക്കാനുള്ള മാർഗ്ഗവും തോറാ അഥവാ നിയമംവഴി ദൈവംതന്നെ കാണിച്ചു തന്നിട്ടുണ്ട്. വെളിപ്പെടുത്തപ്പെട്ട ദൈവഹിതമായ നിയമങ്ങൾ കണിശമായി അനുസരിച്ചു ജീവി

ച്ചാൽ ദൈവാനുഗ്രഹം ലഭിക്കും. ആരോഗ്യം, സമ്പത്ത്, ദീർഘായുസ്സ്, സൽകീർത്തി മുതലായവയാണ് ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങൾ. ഈ അനുഗ്രഹങ്ങൾ പ്രാപിക്കാനുള്ള ജീവിതനിയമങ്ങൾ ജ്ഞാനികൾ സൂക്തങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള സൂക്തങ്ങളുടെ സമാഹാരങ്ങളാണ് സുഭാഷിതങ്ങൾ, പ്രഭാഷകൻ എന്നീ പുസ്തകങ്ങളിലും ജ്ഞാനസങ്കീർത്തനങ്ങളിലും കാണുന്നത്.

പ്രവാചകന്മാരുടേതിൽനിന്ന് അല്പം വ്യത്യസ്തമാണ് ഈ പ്രബോധനം. പ്രവാചകന്മാർ ഉടമ്പടിയുടെ പ്രമാണമനുസരിച്ചു ജീവിക്കാനും തെറ്റായ മാർഗ്ഗങ്ങളിൽനിന്നു പിന്തിരിഞ്ഞ് നീതിയുടെ മാർഗ്ഗത്തിലൂടെ ചരിക്കാനും പ്രേരിപ്പിച്ചു. മാനസാന്തരവും ജീവിതനവീകരണവുമായിരുന്നു അവരുടെ മുഖ്യലക്ഷ്യം. ജ്ഞാനികളാകട്ടെ ജീവിതവിജയം കൈവരിക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. വിജയമെന്നത് അധികപങ്കും ഭൗതികനേട്ടങ്ങളായിരുന്നു. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള അറിവോ വിശ്വാസമോ കൃത്യമായി വെളിപ്പെടുത്തപ്പെട്ടിരുന്നില്ല.

ജ്ഞാനികളുടെ ഈ പ്രബോധനവും നിലപാടും പലപ്പോഴും ജീവിതയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പടുന്നില്ല. രോഗവും ഹ്രസ്വായുസ്സും ദാരിദ്ര്യവും എല്ലാം പാപത്തിന്റെ ഫലവും ദൈവശാപത്തിന്റെ അടയാളങ്ങളുമായി ചിത്രീകരിച്ചതിനോട് എല്ലാവർക്കും യോജിക്കാൻ കഴിഞ്ഞില്ല. പച്ചയായ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ജ്ഞാനികളുടെ ഔദ്യോഗിക പ്രബോധനത്തെ ഖണ്ഡിക്കുന്ന ഗ്രന്ഥങ്ങളും ഈ കാലത്ത് രചിക്കപ്പെട്ടു. നീതിമാന്റെ സഹനത്തിന്റെ അർത്ഥം അന്വേഷിക്കുന്ന "ജോബും" മനുഷ്യജീവിതംതന്നെ വ്യർത്ഥമാണെന്നു പഠിപ്പിക്കുന്ന "സഭാപ്രസംഗകനും" ഈ കാലത്തുതന്നെയാണ് രൂപപ്പെട്ടത്. പ്രവാചകത്വത്തെ നിഷേധിച്ച്, യാന്ത്രികമായ ആചാരാനുഷ്ഠാനങ്ങൾക്കും ലൗകികജ്ഞാനത്തിനും പ്രാധാന്യം കൊടുത്ത ഔദ്യോഗിക പക്ഷത്തിനെതിരേ അവസാനമായി ഉയർന്ന പ്രവാചകപ്രതിഷേധമാണ് മലാക്കിയുടേത്: "നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ!" (മലാ 1,10).

ചുരുക്കത്തിൽ, പേർഷ്യൻ ഭരണകാലം രക്ഷാചരിത്രത്തിലെ സുപ്രധാനമായ ഒരു കാലഘട്ടമാണ്. ആഴമേറിയ വിശ്വാസവും മതാത്മകതയും വർദ്ധിച്ചു. ജീവിതത്തിനു മാനദണ്ഡമായ ബൈബിൾ രൂപംകൊണ്ടു. ഇസ്രായേൽ ജനത്തിന്റെയും യഹൂദമതത്തിന്റെയും തനതാത്മകത വ്യക്തമായി. അതോടൊപ്പം ബാഹ്യാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം വർദ്ധിച്ചതോടെ കപടഭക്തിയും ആന്തരികത നഷ്ടപ്പെട്ട അനുഷ്ഠാനമതവും ശക്തിപ്പെടുകയും ചെയ്തു. ഈ പ്രവണത പുതിയ നിയമകാലമാകുമ്പോഴേക്കും അതിശക്തമാവുന്നതും യേശുക്രിസ്തു അതിനെതിരേ സർവ്വശക്തിയുമുപയോഗിച്ചു പ്രതിഷേധിക്കുന്നതും കാണാം.

## 2. ഗ്രീക്കു ഭരണം (ബി.സി. 332-63)

രണ്ടു നൂറ്റാണ്ടിലേറെ ദീർഘിച്ച പേർഷ്യൻ ഭരണത്തിനുശേഷം കടന്നുവന്നത് ഗ്രീക്കുഭരണമാണ്. മഹാനായ അലക്സാണ്ടർ ചക്രവർത്തി ബി.സി. 332 ൽ പാലസ്തീനാ കീഴടക്കിയതുമുതൽ റോമൻ കോൺസുൾ പോംപേയ് ബി.സി. 63 ൽ പാലസ്തീനായുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതുവരെയുള്ള കാലഘട്ടമാണ് ഇവിടെ ചർച്ചാവിഷയം. ഇസ്രായേൽ ചരിത്രത്തിലെന്നതുപോലെ തന്നെ രക്ഷാചരിത്രത്തിലും കാതലായ മാറ്റങ്ങൾ സംഭവിക്കുകയും പുതിയ ഉൾക്കാഴ്ചകളും സംരംഭങ്ങളും രൂപപ്പെടുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു ഇത്.

### ചരിത്രപശ്ചാത്തലം

മാസിഡോണിയാ രാജാവായ ഫിലിപ്പ് രണ്ടാമന്റെ മകനായി ബി.സി. 356 ൽ അലക്സാണ്ടർ ജനിച്ചു. മഹാനായ ഗ്രീക്ക് തത്വചിന്തകൻ അരിസ്റ്റോട്ടിലിന്റെ കീഴിലായിരുന്നു അലക്സാണ്ടറിന്റെ വിദ്യാഭ്യാസം. ഗ്രീക്കുതത്വചിന്തയും സംസ്ക്കാരവും ലോകം മുഴുവൻ പ്രചരിപ്പിക്കുക, അങ്ങനെ ലോകത്തെ മുഴുവൻ ഒറ്റ സംസ്കാരത്തിന്റെ കീഴിൽ ഒന്നിപ്പിക്കുക എന്നത് തന്റെ ജീവിതലക്ഷ്യമായി അലക്സാണ്ടർ കരുതി. 336 ൽ രാജാവായി അധികാരമേറ്റ് പത്തു വർഷത്തിനുള്ളിൽ ഈ ലക്ഷ്യം ഏതാണ്ട് പൂർണ്ണമായും നേടാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഗ്രീസിനു നിരന്തരം ഭീഷണിയായിരുന്ന പേർഷ്യയെ പരാജയപ്പെടുത്തുകയായിരുന്നു അലക്സാണ്ടറിന്റെ ആദ്യലക്ഷ്യം. 334 ൽ അലക്സാണ്ടറിന്റെ സൈന്യം പേർഷ്യൻ സൈന്യത്തിനെതിരേ നീങ്ങി. രണ്ടുവർഷംകൊണ്ട് നിർണ്ണായകമായ രണ്ടു യുദ്ധങ്ങൾ അലക്സാണ്ടർ വിജയിച്ചു. 332 ൽ പേർഷ്യ പറ്റേ പരാജയപ്പെട്ടു. കിഴക്കോട്ടുള്ള വഴി ഗ്രീക്കു സൈന്യത്തിനു തുറന്നുകിട്ടി.

തുടർന്നു നടന്നത് ഒരു ദിഗ്വിജയ യാത്രയായിരുന്നു. പേർഷ്യൻ ഭരണത്തിൽനിന്നു മോചനം നേടിയ അനേകം ജനതകൾ അലക്സാണ്ടറെ ഇരുകൈകളും നീട്ടി സ്വീകരിച്ചു. ചെറുത്തുനിന്നവർ നശിപ്പിക്കപ്പെട്ടു. 332 ൽ യഹൂദർ അലക്സാണ്ടറിനു നിരുപാധികം കീഴടങ്ങി. ശിമയോൻ യുസ്തുസ് എന്ന പ്രധാനപുരോഹിതൻ അദ്ദേഹത്തെ ജറുസലെം നഗരവാതില്ക്കൽവച്ച് സാഘോഷം സ്വീകരിച്ച് ദേവാലയത്തിലേക്കാനയിച്ചു. സന്തുഷ്ടനായ ചക്രവർത്തി യഹൂദർക്ക് അനേകം ആനുകൂല്യങ്ങൾ അനുവദിച്ചു.

331 ൽ ഈജിപ്തു കീഴടക്കി തന്റെതന്നെ പേരിൽ അലക്സാണ്ട്റിയാ പട്ടണം സ്ഥാപിച്ചതിനുശേഷം കിഴക്കോട്ടു യാത്ര തുടർന്നു. 326 ൽ സിന്ധു നദീതടംവരെയെത്തി. മുന്നോട്ടു പോകാൻ സൈന്യം വൈമുഖ്യം കാണിച്ചതിനാൽ ദിഗ്വിജയങ്ങൾ അവസാനിപ്പിച്ച് മടക്കയാത്ര ആരംഭിച്ചു. അനേകം ജനതകളെ നിഷ്പ്രയാസം കീഴടക്കിയ അലക്സാണ്ടർ 322 ൽ ബാബിലോണിൽവച്ച് 33-ാം വയസ്സിൽ പനി ബാധിച്ചു മരിച്ചു എന്നത് ചരിത്രത്തിന്റെ ഒരു തമാശയോ അതോ ഗൗരവാവഹമായ പ്രബോധനമോ?

**യവനവൽക്കരണം**

ഒരു കൊള്ളിയാൻപോലെ കടന്നുപോയ അലക്സാണ്ടർ സിന്ധു നദിക്കു പടിഞ്ഞാറുള്ള ദേശങ്ങളുടെ ഭൂപടം മാറ്റിവരച്ചു; ജനതകളുടെ സംസ്കാരത്തിനു പുതിയ ദിശയും ദർശനവും നല്കി. ഗ്രീക്കു ഭാഷ സംസാരഭാഷയായി. ജനതകളുടെ വസ്ത്രധാരണരീതിയിൽ പോലും മാറ്റംവന്നു. വെറും പത്തുകൊല്ലം മാത്രം ദീർഘിച്ച അലക്സാണ്ടറിന്റെ യുദ്ധയാത്രകൾ ലോകചരിത്രത്തെത്തന്നെ മാറ്റിമറിച്ചു.

നിർബന്ധമായി അടിച്ചേല്പിച്ചതല്ല യവനസംസ്കാരം. അലക്സാണ്ടറിന്റെ അത്ഭുതാവഹമായ നേതൃത്വപാടവവും ഗ്രീക്കു സൈന്യത്തിന്റെ അച്ചടക്കവും ശക്തിയും ജനതകളെ ഹഠാദാകർഷിച്ചു; ഗ്രീക്കു സൈന്യത്തെ എന്നപോലെ ഗ്രീക്കു സംസ്കാരത്തെയും വലിയ താൽപര്യത്തോടെ സ്വീകരിച്ചു. കാരണം തങ്ങളുടേതിനേക്കാൾ മെച്ചമാണ് ഗ്രീക്കു സംസ്കാരം എന്ന് അവർ വിശ്വസിച്ചു.

യവനസംസ്കാരത്തിന്റെ പ്രചാരണത്തിനായി അലക്സാണ്ടർ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു. കീഴടക്കിയ നഗരങ്ങളിലെല്ലാം ഗ്രീക്കു കോളനികൾ സ്ഥാപിച്ച് തന്റെ സൈനികരിൽ ചിലരെ അവിടെ കുടിയിരുത്തി. കീഴടങ്ങിയ ജനതകളിൽനിന്നും യുവാക്കളെ തന്റെ സൈന്യത്തിലേക്കു സ്വീകരിച്ചു. പല നഗരങ്ങളിലും യവന സംസ്കാരത്തിന്റെ പഠനകേന്ദ്രങ്ങൾ (സർവ്വകലാശാലകൾ) സ്ഥാപിച്ചു. പട്ടണങ്ങൾതോറും കളിക്കളങ്ങളും മത്സരക്കളികളും ഏർപ്പെടുത്തി. ഗ്രീക്കുകാരുടെ മത്സരക്കളികളും ഒളിംപിക് ഗെയിംസ് പോലുള്ള കായികമത്സരോത്സവങ്ങളും സകലർക്കും ഹരമായി. ഗ്രീക്കു നാടകങ്ങൾക്കായി പട്ടണങ്ങൾതോറും വേദികൾ ഒരുക്കി. ഗ്രീക്കുട്രാജഡികൾ പുതുതായൊരു ജീവിതവീക്ഷണം അവതരിപ്പിച്ചു. യാതൊരു നിർബന്ധവും കൂടാതെതന്നെ ജനതകൾ ഗ്രീക്കുഭാഷ പഠിച്ചു; സംസ്കാരം സ്വീകരിക്കുന്നത് അഭിമാനകരവും പരിഷ്കാരത്തിന്റെ അടയാളവുമായി കരുതി.

അലക്സാണ്ടറിന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ സൈന്യാധിപർ സാമ്രാജ്യം പങ്കിട്ടെടുത്തു. ഈജിപ്തും സിറിയായുടെ ഒരു ഭാഗവും ടോളമി എന്ന സേനാധിപനാണു ലഭിച്ചത്. സിറിയായുടെ ബാക്കി ഭാഗംമുതൽ കിഴക്കോട്ടുള്ള പ്രദേശങ്ങൾ സെലൂക്കസിനു ലഭിച്ചു. പടിഞ്ഞാറു ഭാഗങ്ങൾ ലിസിമാക്കസ്, കസാണ്ടർ എന്നീ സൈന്യാധിപന്മാരും പങ്കിട്ടെടുത്തു. ഈ വിഭജനമനുസരിച്ച് പാലസ്തീനായും ഈജിപ്തിന്റെ ഭാഗമായി; ഇസ്രായേൽക്കാർ ടോളമിയുടെ കീഴിൽ വന്നു. തികച്ചും സമാധാനപരമായ നയമാണ് ടോളമി സ്വീകരിച്ചത്. തങ്ങളുടേതായ വിശ്വാസങ്ങളും മതാചാരങ്ങളും തുടരാൻ എല്ലാവർക്കും സ്വാതന്ത്ര്യം നല്കിയിരുന്നു.

**ഇസ്രായേലിൽ യവനസ്വാധീനം**

തങ്ങളുടേതായ മതസംസ്ക്കാരം തുടരാൻ അനുവാദമുണ്ടായിരുന്നെങ്കിലും മതാധികാരികളടക്കം അനേകം പേർക്ക് യവനസംസ്കാരം കൂടുതൽ സ്വീകാര്യമായി തോന്നി. ഗ്രീക്കുഭാഷയുടെയും

സാഹിത്യത്തിന്റെയും തത്വചിന്തയുടെയും എല്ലാം സ്വാധീനം ഇസ്രായേൽജനത്തിന്റെ എല്ലാ ജീവിതമേഖലകളിലേക്കും കിനിഞ്ഞിറങ്ങി. ഗ്രീക്കുഭരണത്തിന്റെ ആവിർഭാവത്തോടെ രാജ്യങ്ങൾ തമ്മിലുള്ള അതിരുകൾ അകന്നു. ആർക്കും എവിടെയും പോയി വസിക്കാം എന്ന നിലവന്നു. അലക്സാണ്ടർതന്നെ അനേകം യഹൂദരെ പുതിയ നഗരമായ അലക്സാണ്ട്റിയായിൽ കുടിപാർപ്പിച്ചിരുന്നു. ആ കോളനി വളരെവേഗം വികസിച്ചു.

ഒന്നുരണ്ടു തലമുറ കഴിഞ്ഞപ്പോഴേക്കും യഹൂദരുടെ മാതൃഭാഷയായ ഹീബ്രു അറിയാവുന്നവർ വിരളമായി. എല്ലാവരുടെയും സംസാരഭാഷ ഗ്രീക്കായിരുന്നു. അതിനാൽ തങ്ങളുടെ വിശുദ്ധഗ്രന്ഥമായ ബൈബിൾ ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യുക ആവശ്യമായി വന്നു. ബി.സി. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തോടെ രൂപംകൊണ്ട ഐതിഹ്യമനുസരിച്ച് ഈജിപ്തുരാജാവായ, ടോളമി II ഫില ദേഫുസ് (ബി.സി. 285-247)ആണ് ബൈബിളിന്റെ ഗ്രീക്കു വിവർത്തനത്തിനു മുൻകൈ എടുത്തതും ചിലവുകൾ വഹിച്ചതും. രണ്ടുലക്ഷത്തിൽപരം കയ്യെഴുത്തു പ്രതികളുള്ള തന്റെ ഗ്രന്ഥാലയത്തിൽ യഹൂദരുടെ വിശുദ്ധഗ്രന്ഥത്തിന്റെ ഒരു പ്രതി ഇല്ലാത്തതിനാൽ കഴിവതും വേഗം ഒരു ഗ്രീക്കുവിവർത്തനം തയ്യാറാക്കാൻ ആവശ്യമായ പാണ്ഡിത്യവും ജീവിതവിശുദ്ധിയുമുള്ളവരെ അയച്ചുതരണമെന്ന് ജറുസലെമിലെ പ്രധാനപുരോഹിതനു ടോളമി കത്തയച്ചു. അതിൻപ്രകാരം ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളിൽനിന്നും, ഗോത്രത്തിന് ആറുപേരെവീതം തിരഞ്ഞെടുത്ത് അലക്സാണ്ട്രിയായിലേക്കയച്ചു. അങ്ങനെ 72 (70)പേർ 70 ദിവസംകൊണ്ട് തയ്യാറാക്കിയതാണത്രേ സപ്തതി (septuaginta) എന്നറിയപ്പെടുന്ന ഗ്രീക്കുവിവർത്തനം. ഇതൊരൈതിഹ്യം മാത്രം. ഏതായാലും ബി.സി. രണ്ടാം നൂറ്റാണ്ടിലാണ് സപ്തതി തയ്യാറായത്.

യവനസംസ്കാരത്തിന്റെ സ്വാധീനം ബൈബിൾ വിവർത്തനത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. ഗ്രീക്കു തത്വചിന്തയുടെ സ്വാധീനം ജ്ഞാനികളുടെ വളർച്ചയെ സഹായിച്ചു. ചിന്താഗതിയിലും ജീവിതവീക്ഷണത്തിലും കാര്യമായ സ്വാധീനമുണ്ടായി. ഇതെല്ലാം യഹൂദർ സ്വതന്ത്രമനസ്സോടെ സ്വീകരിച്ചതായിരുന്നു. നിയമജ്ഞരിലും പുരോഹിതരിലും പലരും ഈ സ്വാധീനവലയത്തിൽപ്പെട്ടു. തങ്ങളുടെ തനതായ വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും ഈ പുതിയ നീക്കങ്ങൾ ഹാനികരമാകും എന്നു വിശ്വസിച്ച ചുരുക്കം യാഥാസ്ഥിതികർ ഇതിനെ ചെറുത്തെങ്കിലും യവനവൽക്കരണം നിർബ്ബാധം തുടർന്നു.

**നിർബന്ധയവനവൽക്കരണം**

ബി.സി. 200 വരെ പാലസ്തീനാ ഈജിപ്തിന്റെ കീഴിലായിരുന്നു. എന്നാൽ സിറിയൻ രാജാവായ അന്തിയോക്കസ് III (223-187) ബി.സി. 200ൽ ഈജിപ്തിനെ തോല്പിച്ച് പാലസ്തീനാ സിറിയായുടെ ഭാഗമാക്കിമാറ്റി. ഇനി അങ്ങോട്ട് ബി.സി. 63 വരെ

യഹൂദർ സിറിയായുമായി ബന്ധപ്പെട്ടാണ് കഴിയുക. അന്തിയോക്കസ് മൂന്നാമനും തുടർന്നുവന്ന സെലൂക്കസ് നാലാമനും (187-175) മതസാംസ്കാരികകാര്യങ്ങളിൽ അലക്സാണ്ടറിന്റെയും ടോളമിയുടെയും ഉദാരവും സ്വാതന്ത്ര്യം അനുവദിക്കുന്നതുമായ നയമാണ് സ്വീകരിച്ചത്. എന്നാൽ അന്തിയോക്കസ് IV (175-163) ഈ നയത്തിനു മാറ്റം വരുത്തി.

പ്രത്യക്ഷനായ ദൈവം എന്നർത്ഥമുള്ള *എപ്പിഫാനസ്* എന്ന പേർ സ്വീകരിച്ച അന്തിയോക്കസ് നാലാമൻ നിർബ്ബന്ധിതമായ യവനവൽക്കരണം തന്റെ നയമായി സ്വീകരിച്ചു. തന്നെ ദൈവമായി അംഗീകരിക്കണം എന്ന് പ്രജകളോടാവശ്യപ്പെട്ടു. യവനവൽക്കരണത്തിന്റെ ഭാഗമായി ഗ്രീക്കു ദേവതകളെ ആരാധിക്കണം, അവയുടെ വിഗ്രഹങ്ങൾ പ്രാർത്ഥനാലയങ്ങളിൽ സ്ഥാപിച്ച് ബലിയർപ്പിക്കണം എന്ന നിബന്ധനയുണ്ടായി. ബി.സി. 167 ൽ ജറുസലെം ദേവാലയത്തിൽ സീയൂസ് ദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് പന്നിമാംസം ബലിയർപ്പിച്ചു. യഹൂദർ തങ്ങളുടെ മതനിയമങ്ങൾ അനുസരിക്കുന്നതിനു വിലക്കു കല്പിച്ചു. ഛേദനാചാരവും സാബത്താചരണവും മുടക്കി. ബൈബിളിന്റെ പ്രതികൾ കൈവശം വയ്ക്കുന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റമായി പ്രഖ്യാപിച്ചു. ബൈബിളിന്റെ കോപ്പികൾ കെട്ടുകളാക്കി പൊതുസ്ഥലത്തുവച്ചു കത്തിച്ചു.

**വിശ്വാസപ്രതിസന്ധി- പ്രതികരണം**

നിർബ്ബന്ധിത യവനവൽക്കരണം ജനത്തെ വലിയൊരു വിശ്വാസപ്രതിസന്ധിയിലാക്കി. സ്വമനസാ യവനവൽക്കരണം സ്വീകരിച്ചവരിൽ പലരും ഈ പുതിയ നീക്കങ്ങളെ സ്വാഗതം ചെയ്തു. അനുസരിക്കാത്തവർ കഠിനമായി ശിക്ഷിക്കപ്പെട്ടു. മക്കൾക്കു ഛേദനാചാരം നല്കിയ അമ്മമാരെ തൂക്കിക്കൊന്നു; അതിനുമുമ്പേ ഛേദനാചാരം സ്വീകരിച്ച കുഞ്ഞിനെ അമ്മയുടെ കഴുത്തിൽ കെട്ടിത്തൂക്കി കൊന്നു. ശിക്ഷ ഭയന്ന് അനേകംപേർ രാജകല്പന അനുസരിച്ചു. യഹൂദമതവും അവരിലൂടെ കടന്നുവന്ന ദൈവികവെളിപാടുകളും ജീവിതവീക്ഷണവും എല്ലാം നഷ്ടപ്പെടും എന്ന ഒരവസ്ഥ സംജാതമായി. ദേവാലയം അശുദ്ധമാക്കപ്പെട്ടു. ബലിയർപ്പണം നിലച്ചു.

ഈ സാഹചര്യത്തിലാണ് വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കാനും, നിർബ്ബന്ധിത യവനവൽക്കരണത്തെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കാനും പ്രേരിപ്പിക്കുന്ന ലിഖിതങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. യൂദിത്ത്, ദാനിയേൽ എന്നീ പുസ്തകങ്ങൾ ഈ കൂട്ടത്തിൽപ്പെടും. നിഷ്ക്രിയരായി മരണം വരിക്കാതെ ആയുധമെടുത്ത് യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചത് മത്താത്തിയാസ് എന്ന വൃദ്ധ പുരോഹിതനാണ്. അദ്ദേഹവും അഞ്ചുമക്കളുംകൂടി ആയുധമുപയോഗിച്ചുള്ള ചെറുത്തുനില്പാരംഭിച്ചു. അനേകം പേർ അവരോടു ചേർന്നു. മത്താത്തിയാസിന്റെ മരണശേഷം മകൻ യൂദാസ് മക്കബേയൂസ് നേതൃത്വം ഏറ്റെടുത്തു (166-160). 167 ൽ ആരംഭിച്ച സായുധവിപ്ലവം 164 ൽ ഫലം കണ്ടു. സിറിയൻ സൈന്യത്തെ തോല്പിച്ച് ദേവാലയം ശുദ്ധീകരിച്ചു. ദേവാലയം

പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മയാചരിക്കാൻവേണ്ടി പ്രതിഷ്ഠയുടെ തിരുനാൾ ആരംഭിച്ചു. ഈ കാലഘട്ടത്തിന്റെ ചരിത്രം മക്കബായരുടെ പേരിൽ അറിയപ്പെടുന്ന രണ്ടു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബി.സി. 164 ൽ ദേവാലയം ശുദ്ധീകരിക്കാൻ കഴിഞ്ഞെങ്കിലും സിറിയായുടെ ഭാഗത്തുനിന്നു തുടർച്ചയായ ആക്രമണങ്ങളുണ്ടായി. അങ്ങനെ ഒരു യുദ്ധത്തിൽ മക്കബേയൂസ് എന്നറിയപ്പെട്ടിരുന്ന യൂദാസ് 160 ൽ മരിച്ചു. തുടർന്ന് സഹോദരൻ ജോനാഥനും (160 –143) ശിമയോനും (143–134) നേതൃത്വം ഏറ്റെടുത്തു. ഇരുവരും പ്രധാനപുരോഹിതന്മാരും ജനനേതാക്കന്മാരുമായിരുന്നു. ചതിയിൽ കൊല്ലപ്പെട്ട ശിമയോനുപകരം മകൻ ജോൺ ഹിർക്കാനൂസ് പ്രധാനപുരോഹിതനും രാജാവുമായി ഭരണം ഏറ്റെടുത്തു. സിറിയായുമായുള്ള യുദ്ധങ്ങൾ തുടർന്നെങ്കിലും പ്രായോഗികമായ സ്വാതന്ത്ര്യം യഹൂദർക്കുണ്ടായിരുന്നു. റോമൻ സൈന്യം ബി.സി. 63 ൽ പാലസ്തീനാ കീഴടക്കുന്നതുവരെ അരിസ്റ്റോബുളൂസ് I (104–103), അലക്സാണ്ടർ ജന്നേയൂസ് (103–76), അരിസ്റ്റോബൂളുസ് II (76–63) എന്നിവർ പ്രധാനപുരോഹിതന്മാരും രാജാക്കന്മാരുമായി നാടുവാണു.

## മതാത്മകമുന്നേറ്റങ്ങൾ

സിറിയൻരാജാവ് അഴിച്ചുവിട്ട മതപീഡനത്തിന്റെയും മക്കബായ വിപ്ലവത്തിന്റെയും പശ്ചാത്തലത്തിൽ ശ്രദ്ധേയമായ മൂന്നു മതാത്മകമുന്നേറ്റങ്ങളുണ്ടായി. അപ്പോക്കലിപ്റ്റിക് സാഹിത്യം, ഫരിസേയർ, എസ്സേനർ.

### അപ്പോക്കലിപ്റ്റിക് സാഹിത്യം

രാജഭരണകാലത്ത് പ്രവാചകന്മാരും പ്രവാസാനന്തരം ജ്ഞാനികളും ഇസ്രായേൽജനത്തിന്റെ ചിന്താഗതിയിലും ജീവിതവീക്ഷണത്തിലും കാതലായ സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ അന്തിയോക്കസ് നാലാമന്റെ കീഴിൽ നടന്ന മതപീഡനങ്ങളും നാളിതുവരെയുണ്ടായ പരാജയങ്ങളും പുതിയൊരു ചിന്താസരണിക്കു വഴി തുറന്നു. ജനത്തിന് ആത്യന്തികമായി സംരക്ഷണം നല്കാനോ നീതി സ്ഥാപിക്കാനോ രാജഭരണത്തിനു കഴിഞ്ഞില്ല. പ്രവാചകന്മാർ സ്വപ്നം കണ്ട മാനസാന്തരവും തൽഫലമായി സംജാതമാകും എന്നു കരുതിയ ദൈവരാജ്യവും വന്നില്ല. നിയമാനുഷ്ഠാനംവഴി ദൈവാനുഗ്രഹം ലഭിക്കും എന്ന ജ്ഞാനികളുടെ പഠനവും ഫലശൂന്യമായി അനുഭവപ്പെട്ടു. ചുരുക്കത്തിൽ മനുഷ്യപ്രയത്നത്തിലൂടെ വ്യക്തിക്കും സമൂഹത്തിനും രക്ഷ കിട്ടുകയില്ല എന്ന ബോധ്യം വളർന്നു. ഇനി ദൈവം ചരിത്രത്തിൽ നേരിട്ട് ഇടപെട്ടെങ്കിലേ രക്ഷ ലഭിക്കൂ എന്ന വിശ്വാസം രൂപംകൊണ്ടു. ഈ വിശ്വാസമാണ് അപ്പോക്കലിപ്റ്റിക് ചിന്താധാരയുടെ കേന്ദ്രബിന്ദു.

ഈ ചിന്തയുടെ തുടക്കം ഏശയ്യാ (24–27), ജറെമിയാ (4), എസെക്കിയേൽ (38–48) ജോയേൽ (2–3) മുതലായ പ്രവാചകഗ്രന്ഥങ്ങ

ളിൽ കാണാം. എന്നാൽ സഖറിയാ, ദാനിയേൽ എന്നീ പുസ്തക ങ്ങളിലാണ് ഇതു പൂർണ്ണവളർച്ച പ്രാപിക്കുന്നത്. പഴയനിയമത്തിനും പുതിയ നിയമത്തിനും ഇടയിൽ, ബൈബിളിന്റെ ഭാഗമായി യഹൂ ദരും ക്രൈസ്തവരും അംഗീകരിക്കാത്ത, *അപ്രാമാണിക ഗ്രന്ഥങ്ങൾ* (apocrypha) എന്നറിയപ്പെടുന്ന പുസ്തകങ്ങളിൽ അപ്പോക്കലിപ്റ്റിക് സാഹിത്യത്തിന്റെ ഉദാഹരണങ്ങൾ കാണാം. പന്ത്രണ്ടു ഗോത്രപി താക്കന്മാരുടെ ഉടമ്പടിഗ്രന്ഥം, ഏനോക്കിന്റെ പുസ്തകം, സിബി ലിന്റെ അരുളപ്പാടുകൾ, ആദാമിന്റെയും ഹവ്വായുടെയും പുസ്തകം എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിൽ ഈ സാഹി ത്യരൂപത്തിൽ രചിക്കപ്പെട്ടതാണ്.

ഈ ഗ്രന്ഥങ്ങളുടെ മുഖ്യമായ സ്വഭാവം ഇങ്ങനെ സംഗ്രഹിക്കാം. ചരിത്രത്തെ രണ്ടു യുഗങ്ങളായി തിരിക്കുന്നു: ഈ യുഗവും വരാ നിരിക്കുന്ന യുഗവും. നാം ജീവിക്കുന്ന ഈ യുഗം പരിപൂർണ്ണ മായും ദുഷിച്ച്, പിശാചിന്റെ ആധിപത്യത്തിലായിരിക്കുന്നു. രാജാ വിനോ പ്രവാചകനോ ജ്ഞാനിക്കോ ഇതിനെ രക്ഷിക്കാനാവില്ല. അതിനാൽ ദൈവം തന്നെ ചരിത്രത്തിൽ ഇടപെട്ട് ഈ യുഗത്തിന്റെ അവസാനം കുറിക്കും. ഈ സൃഷ്ടപ്രപഞ്ചം പൂർണ്ണമായും നശി പ്പിക്കപ്പെടും. അതിനുശേഷം ദൈവം പുതുതായ ഒരു പ്രപഞ്ചം സൃഷ്ടിക്കും. അത് പുതിയയുഗം എന്നറിയപ്പെടും. ഈ യുഗമാ റ്റത്തെ യുഗാന്തം എന്നു വിളിക്കുന്നു. എന്നാണത് സംഭവിക്കുക എന്നും അതിന്റെ ലക്ഷണങ്ങൾ എന്തെല്ലാം എന്നുമുള്ള കാര്യ ങ്ങൾ നിഗൂഢമായിരിക്കുന്നു. എന്നാൽ ദൈവം ചില വ്യക്തികൾക്കു മുൻകൂറായി വെളിപ്പെടുത്തിയിട്ടുണ്ട്. അവർ അതു കുറിച്ചുവച്ചിട്ടു മുണ്ട്. ആ ലിഖിതങ്ങൾ നിഗൂഢമായി കഴിഞ്ഞിരുന്നതിനാലും അതുൾക്കൊള്ളുന്ന കാര്യങ്ങൾ രഹസ്യമായതിനാലും അവയെ വെളിപ്പെടുത്തുന്ന ഗ്രന്ഥങ്ങളെ “വെളിപ്പെടുത്തൽ” എന്നർത്ഥമുള്ള അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. ഇപ്പോൾ, ഈ അവസാനകാലത്താണ് ആ ലിഖിതങ്ങൾ കണ്ടു കിട്ടിയത്. സാധാ രണക്കാർക്കു ദുർഗ്രഹമായ നിഗൂഢമായ ഭാഷയിലാണ് അവ രചി ക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അതു വ്യാഖ്യാനിക്കാൻ ദൈവ ത്തിന്റെ പ്രത്യേക വെളിപാട് ആവശ്യമാണ്. പണ്ടെന്നോ ജീവിച്ചി രുന്ന സുപ്രസിദ്ധരായ വ്യക്തികൾക്കു ലഭിച്ച വെളിപാടായിട്ടാണ് ഗ്രന്ഥം എഴുതപ്പെടുന്നതെങ്കിലും സമകാലികരാണ് ഗ്രന്ഥകർത്താ ക്കൾ. ജനമധ്യത്തിൽ സ്വീകാര്യതയ്ക്കുവേണ്ടിയാണ് വ്യാജനാമ ങ്ങൾ ഉപയോഗിക്കുന്നത്. കഴിഞ്ഞകാലത്തു സംഭവിച്ചതും ആനു കാലികമായി സംഭവിക്കുന്നതുമായ കാര്യങ്ങളെ പ്രവചനരൂപത്തിൽ അവതരിപ്പിക്കുക ഈ സാഹിത്യരൂപത്തിന്റെ പ്രത്യേകതയാണ്.

മതപീഡനത്തിൽ മനം തകരുന്നവർക്കു പ്രത്യാശയിലൂടെ ശക്തി പകരുകയാണ് ഈ ഗ്രന്ഥങ്ങളുടെ മുഖ്യലക്ഷ്യം - പുതിയ നിയമ ത്തിലും ഈ സാഹിത്യരൂപത്തിന്റെ സ്വാധീനംകാണാം. മർക്കോ 13; മത്താ 24 മുതലായ യുഗാന്തപ്രഭാഷണങ്ങൾ ഉദാഹരണമായി എടുക്കാം. ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടു

പുസ്തകം മുഴുവൻ ഈ സാഹിത്യരൂപത്തിൽ രചിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെയും പ്രപഞ്ചത്തെയും ചരിത്രത്തെയും സംബന്ധിച്ച അനേകം പുതിയ ഉൾക്കാഴ്ചകൾ ഈ ഗ്രന്ഥങ്ങളിലൂടെ ലഭിക്കുന്നുണ്ടെങ്കിലും പലപ്പോഴും ചിന്തകൾ കാടുകയറുകയും അർത്ഥം അഗ്രാഹ്യമാവുകയും ചെയ്യുന്നതുകാണാം, പ്രത്യേകിച്ചും അപ്രാമാണിക ഗ്രന്ഥങ്ങളിൽ.

### ഫരിസേയർ

അന്തിയോക്കസ് നാലാമന്റെ മതപീഡനകാലത്ത് എന്തു നഷ്ടം സഹിച്ചും തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കും, നിയമങ്ങൾ പൂർണ്ണമായും അനുസരിക്കും എന്ന് വ്രതം ചെയ്ത ഒരു കൂട്ടം യഹൂദരാണ് ഫരിസേയർ എന്ന പേരിൽ അറിയപ്പെടുന്നത്. ന്യായപ്രമാണങ്ങൾ പൂർണ്ണമായി അനുസരിക്കും എന്നതിന്റെപേരിൽ വിശുദ്ധർ എന്നർത്ഥമുള്ള *ഹസിദിം* എന്നാണ് അവർ തങ്ങളെത്തന്നെ വിളിച്ചിരുന്നത്. എന്നാൽ ജീവിതശൈലിയിലും വസ്ത്രധാരണത്തിലും ഭക്താനുഷ്ഠാനങ്ങളുടെ നിഷ്ഠയിലും എല്ലാം മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായിരുന്നതിനാൽ ഇവർ വേർതിരിക്കപ്പെട്ടവർ, വ്യത്യസ്തർ എന്നർത്ഥമുള്ള *"പെറുഷിം"* എന്ന പേരിൽ അറിയപ്പെട്ടു. അതിൽനിന്നാണ് *ഫാരിസി - ഫരിസേയർ* എന്ന പേരുണ്ടായത്.

ലിഖിതമായ നിയമങ്ങളും അവയുടെ അലിഖിതമായ വ്യാഖ്യാനവും പാരമ്പര്യങ്ങളും എല്ലാം കണിശമായി അനുസരിക്കുന്ന അവർ വിശുദ്ധ ജീവിതം നയിക്കുന്നവരായിരുന്നു. പുതിയനിയമകാലത്ത് അവർ ജനമധ്യത്തിൽ വളരെയേറെ ആദരിക്കപ്പെട്ടിരുന്നു. പക്ഷേ നിയമാനുസരണവും ആചാരാനുഷ്ഠാനങ്ങളും പലപ്പോഴും ബാഹ്യപ്രകടനങ്ങൾ മാത്രമാവുകയും ഉള്ളിൽ അഹങ്കാരം നിറയുകയും ചെയ്തിരുന്നതിനാൽ യേശുവിന്റെ രൂക്ഷമായ വിമർശനങ്ങൾക്ക് ഇവർ ഇരയായിത്തീർന്നു. എന്നാൽ എല്ലാ ഫരിസേയരും കപടനാട്യക്കാരോ അഹങ്കാരികളോ ആയിരുന്നില്ല. അനേകർ യേശുവിന്റെ സുഹൃത്തുക്കളും അനുയായികളുമായിരുന്നു. നിക്കോദേമോസും അരിമത്തിയാക്കാരൻ ജോസഫും താർസൂസിലെ സാവൂളും ഒക്കെ ഉദാഹരണങ്ങളാണ്.

### എസ്സേനർ

ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രൂപംപ്രാപിച്ച് ചാവുകടൽ തീരത്തുള്ള ഖുമ്റാനിൽ വാസമുറപ്പിക്കുകയും എ.ഡി. എഴുപതിനുശേഷം റോമാക്കാർ നശിപ്പിക്കുന്നതുവരെ അവിടെത്തന്നെ വസിക്കുകയും ചെയ്ത ഒരു സന്യാസസമൂഹമാണ് എസ്സേനർ. എ.ഡി. 1947 ൽ ചാവുകടൽതീരത്തെ മലകളിലുള്ള ഗുഹകളിൽനിന്നു ലഭിച്ച ഖുമ്റാൻ ചുരുളുകൾ ഇവരെക്കുറിച്ച് വ്യക്തമായ അറിവു പ്രദാനം ചെയ്യുന്നുണ്ട്.

മതനിയമങ്ങൾ അനുസരിച്ചു ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി യുദ്ധത്തിനിറങ്ങിയ മക്കബായരുടെ പിൻഗാമികൾ

സ്വാതന്ത്ര്യം ലഭിച്ചു കഴിഞ്ഞപ്പോൾ അധികാരമോഹികളായി ത്തീർന്നു. സ്വയം പ്രധാനപുരോഹിതനും രാജാവുമായി പ്രഖ്യാ പിച്ച ശിമയോന്റെ കാലംമുതൽ അനുയായികളുടെ ഇടയിൽ എതിർപ്പ് ആരംഭിച്ചിരുന്നു. ജീവൻ ത്യജിച്ചും നിയമം അനുസ രിക്കാൻ വ്രതം ചെയ്ത ഫരിസേയരുടെ ഇടയിൽനിന്നും ഒരു വിഭാഗം ശക്തമായ എതിർപ്പുമായി പുറത്തുവന്നു. ജോൺ ഹിർക്കാ നൂസും തുടർന്ന് അലക്സാണ്ടർ ജന്നേയൂസും സ്വീകരിച്ച നിലപാ ടുകളും നടപ്പിലാക്കിയ നിയമങ്ങളും തങ്ങളുടെ മതവിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും കടകവിരുദ്ധമായി കണ്ട ആ വിഭാഗം രാജഭര ണത്തോട് എതിർത്തുനില്ക്കാൻ കഴിയാതെ ചാവുകടലിന്റെ പടി ഞ്ഞാറെ കരയിലുള്ള ഖുമ്റാനിലേക്കു മാറി താമസിച്ചു. നീതിമാർഗ്ഗ ത്തിന്റെ ഗുരു (teacher of righteousness) എന്നറിയപ്പെടുന്ന ഒരു വ്യക്തിയാണ് ഈ സമൂഹത്തിനു നേതൃത്വം നല്കിയത്.

യൂദാസ് മക്കബേയൂസിന്റെ സഹോദരനായ ശിമയോന്റെ കാലം മുതൽ അവർ ഹസ്മോണേയർ എന്ന പേരിൽ അറിയപ്പെടാൻ തുട ങ്ങി. ഏകദേശം നൂറുവർഷം ദീർഘിച്ച ഒരു രാജവംശമായിരുന്നു ഇത്. ദാവീദിന്റെ കുടുംബവുമായി ഒരു ബന്ധവുമില്ലാത്ത ഈ രാജ വംശത്തെ അംഗീകരിക്കാൻ വിസമ്മതിച്ച ഗുരു ശക്തമായ എതിർപ്പു കളുടെയും പീഡനങ്ങളുടെയും ഫലമായിട്ടാണ് മരുഭൂമിയിലേക്കു പിൻവാങ്ങി ഒരു സന്യാസസമൂഹത്തിനു രൂപം നല്കിയത്.

ഉടമ്പടിയുടെ നിയമങ്ങൾ കർശനമായി അനുസരിച്ചുകൊണ്ട് വരാ നിരിക്കുന്ന രക്ഷകനായ മിശിഹായ്ക്കു വഴിയൊരുക്കുക എന്നതാ യിരുന്നു ഈ സമൂഹത്തിന്റെ ലക്ഷ്യം. "തിരഞ്ഞെടുക്കപ്പെട്ടവരുടെ സഭാസമൂഹം" എന്നും "യാഹ്‌വേയുടെ ദരിദ്രർ" എന്നും ഇവർ സ്വയം വിശേഷിപ്പിച്ചു. നിരന്തരമായ പ്രാർത്ഥനയും കർശനമായ തപശ്ച ര്യയും പ്രായശ്ചിത്തപ്രവൃത്തികളും ഇവരുടെ ജീവിതത്തിന്റെ ഭാഗ മായിരുന്നു. ബൈബിളായിരുന്നു ഇവരുടെ വഴികാട്ടി. ബൈബിൾ പകർത്തിയെഴുതുകയും വ്യാഖ്യാനങ്ങൾ രചിക്കുകയും ഈ സമൂഹം ഒരു ദൗത്യം പോലെ ഏറ്റെടുത്തു. അവരുടെ ജീവിതചര്യകളെ കർശ നമായി നിയന്ത്രിക്കാൻ സമൂഹത്തിന്റെ നിയമാവലി ഉണ്ടായിരുന്നു. പുതിയനിയമകാലത്ത് വളരെ സജീവമായിരുന്ന ഈ സമൂഹത്തിന്റെ ചിന്താധാരകൾക്കും വിശ്വാസജീവിതത്തിനും ജനസമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞു.

എ.ഡി. 70 ൽ ജറുസലെം കീഴടക്കി നശിപ്പിച്ച റോമൻ സൈന്യം അതിനോടനുബന്ധിച്ച് ഖുമ്റാനും ആക്രമിച്ചു നശിപ്പിച്ചു. ഈ ദുരന്തം മുന്നിൽ കണ്ട എസ്സേൻ സന്യാസികൾ തങ്ങളുടെ അമൂല്യലിഖിത ച്ചുരുളുകൾ വലിയ മൺഭരണികളിലാക്കി അടുത്ത മലകളിലെ ഗുഹ കളിൽ ഒളിപ്പിച്ചുവച്ചു. യാദൃശ്ചികമായിട്ടാണ് 1947 ൽ ഒരു ഇടയ ബാലൻ ഇതിൽ ഒരു ഗുഹയിൽനിന്നു ചുരുളുകൾ ഉൾക്കൊള്ളുന്ന മൺഭരണി കണ്ടെടുത്തത്. പിന്നീട് ചുറ്റുപാടുമുള്ള ഗുഹകളിൽനിന്നു നൂറിൽപരം ഭരണികളും ആയിരക്കണക്കിനു ചുരുളുകളും കണ്ടെ ടുക്കുകയുണ്ടായി. അവയെല്ലാം ഈ സമൂഹത്തെയും അവരുടെ

വിശ്വാസസംഹിതകളെയുംകുറിച്ചു വ്യക്തമായ അറിവുകൾ പ്രദാനം ചെയ്യുന്നു. സ്നാപകയോഹന്നാന്റെ ജീവിതശൈലിയും പ്രബോധനവും ഇവരുടേതിനോടു സാമ്യമുള്ളതാകയാൽ സ്നാപകൻതന്നെ, ആരംഭത്തിലെങ്കിലും എസ്സേൻ സന്യാസികളുടെ കൂടെയാണ് മരുഭൂമിയിൽ വസിച്ചത് എന്നു കരുതുന്നവരുണ്ട്.

### 3. റോമൻഭരണം (ബി.സി. 63 - എ.ഡി. 135)

ഇസ്രായേൽചരിത്രവുമായി ബന്ധപ്പെട്ട രക്ഷാചരിത്രത്തിന്റെ അവസാനഘട്ടമാണ് ഇവിടെ പഠനവിഷയം. റോമൻ കോൺസുളായ പോംപേയ് ബി.സി. 63 ൽ പാലസ്തീനാ കീഴടക്കി സിറിയൻ പ്രവിശ്യയോടു ചേർത്തതോടെ ഇസ്രായേൽജനം റോമൻഭരണത്തിനു കീഴിലായി. ചരിത്രത്തിന്റെ ഗതിവിഗതികളിൽ റോമിനോട് ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ ഇസ്രായേൽജനം റോമിനെതിരായ രണ്ടാം കലാപത്തിനൊടുവിൽ എ.ഡി. 135 ൽ പരിപൂർണ്ണമായി പരാജയപ്പെട്ടു. നാശക്കൂമ്പാരമായ ജറുസലേം പട്ടണത്തിന് കിഴക്കിന്റെ തലസ്ഥാനം എന്ന അർത്ഥത്തിൽ "ഏലിയാ കാപ്പിത്തൊളീനാ" എന്ന പേരു നല്കി. ജറുസലെം ദേവാലയം ഇരുന്ന സ്ഥലത്ത് സീയൂസിന്റെയും ഹഡ്രിയാൻ ചക്രവർത്തിയുടെയും നാമത്തിൽ ഒരു ക്ഷേത്രം നിർമ്മിക്കപ്പെട്ടു. ഇസ്രായേൽക്കാർക്ക് ജറുസലെമിൽ പ്രവേശനം നിഷേധിച്ചു. ഇതോടെ രക്ഷാചരിത്രത്തിൽ ഇസ്രായേലിനുള്ള മുഖ്യപങ്കു നഷ്ടപ്പെട്ടു. ഫലം നല്കാൻ വിസമ്മതിച്ച പാട്ടക്കാരിൽനിന്നും മുന്തിരിത്തോട്ടം എടുത്ത് ഫലം തരുന്ന മറ്റു കർഷകരെ ഏല്പിച്ചു. സംഭവബഹുലമായ, ഏകദേശം ഇരുന്നൂറു വർഷത്തെ ചരിത്രമാണ് ഇവിടെ സംഗ്രഹിക്കാൻ ശ്രമിക്കുന്നത്.

### റോമൻ സമാധാനം (Pax Romana)

ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി റോമിനെ സംബന്ധിച്ചിടത്തോളം അസ്വസ്ഥതകളുടെയും ആഭ്യന്തരകലാപങ്ങളുടെയും കാലമായിരുന്നു. ബി.സി. 48 ൽ റോമിന്റെ പരമോന്നത അധികാരികളായിരുന്ന ജൂലിയസ് സീസറും പോംപേയും തമ്മിൽ യുദ്ധം ഉണ്ടായി. പോംപേ കൊല്ലപ്പെട്ടു. നാലുവർഷം കഴിഞ്ഞപ്പോൾ ബി.സി. 44 ൽ റോമൻ സെനറ്റർമാർ ജൂലിയസ് സീസറിനെ സെനറ്റിൽ വച്ചു വധിച്ചു. തുടർന്നുണ്ടായത് ദീർഘമായ ആഭ്യന്തര കലാപങ്ങളാണ്.

ജൂലിയസ് സീസറിന്റെ മരുമകനായ ഒക്ടേവിയനും സൈന്യാധിപനായിരുന്ന മാർക്ക് ആന്റണിയും ഒരുമിച്ച് സീസറിന്റെ ഘാതകർക്കെതിരേ പടനയിച്ചു. യുദ്ധത്തിൽ വിജയിച്ചശേഷം ബി.സി. 41 ൽ മാർക്ക് ആന്റണി റോമാസാമ്രാജ്യത്തിന്റെ കിഴക്കും സിറിയായിലും ഒക്ടേവിയൻ പടിഞ്ഞാറ് റോമിലും ഭരണം ആരംഭിച്ചെങ്കിലും താമസിയാതെ ഇരുവരും തമ്മിൽ യുദ്ധമായി. ഈജിപ്തിലെ രാജ്ഞി ക്ലെയോപാട്രയുടെ സൈന്യവും മാർക്ക് ആന്റണിക്കു സഹായത്തിനുണ്ടായിരുന്നു. ആക്സിയം എന്ന തുറമുഖനഗരി

യിൽവച്ച് ബി.സി. 31 ൽ മാർക്ക് ആന്റണിയുടെ സൈന്യം പരാജയപ്പെട്ടു. തുടർന്ന് ഈജിപ്തിൽവച്ച് മാർക്ക് ആന്റണി ആത്മഹത്യ ചെയ്തതോടെ ആഭ്യന്തരകലാപം ഒതുങ്ങി. സാമ്രാജ്യത്തിൽ സമാധാനമുണ്ടായി. ഇതിനെ *പാക്സ് റൊമാനാ* എന്നുവിളിക്കുന്നു.

വടക്ക് ഇംഗ്ലണ്ട് മുതൽ തെക്ക് ഈജിപ്തുവരെയും കിഴക്ക് യൂഫ്രട്ടീസ് മുതൽ പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രംവരെയും വ്യാപിച്ചുകിടക്കുന്ന, ലോകം അതുവരെ കണ്ടതിൽ ഏറ്റവും വലിയ സാമ്രാജ്യം നിലവിൽവന്നു. റോമിന്റെ രാജപാതകൾ സാമ്രാജ്യത്തിലെ വിവിധ നഗരങ്ങളെ പരസ്പരം ബന്ധിപ്പിച്ചു. റോന്തുചുറ്റുന്ന പട്ടാളക്കാർ വഴികളുടെ സുരക്ഷ ഉറപ്പുവരുത്തി. ശക്തമായ നാവികസേന കടൽമാർഗ്ഗങ്ങളെ കടൽക്കൊള്ളക്കാരിൽ നിന്നു സംരക്ഷിച്ചു. റോമിന്റെ ഔദ്യോഗികഭാഷ ലത്തീൻ ആയിരുന്നെങ്കിലും സാധാരണ സംസാരഭാഷ ഗ്രീക്കായിരുന്നു. ഒക്ടേവിയന്റെ സുദീർഘമായ ഭരണകാലത്ത് (ബി.സി. 31-എ.ഡി. 14) സാമ്രാജ്യത്തിൽ സമാധാനവും സുരക്ഷിതത്വവുമുണ്ടായി. സുവിശേഷം പ്രഘോഷിക്കുന്ന അപ്പസ്തോലന്മാർക്കും പ്രേഷിതർക്കും വഴിയൊരുക്കുന്നതായിരുന്നു ഈ റോമൻ സമാധാനം. ബി.സി. 29 ൽ റോമൻ സെനറ്റ് ഒക്ടേവിയനെ ചക്രവർത്തി (Imperator) എന്നും 27 ൽ ദിവ്യൻ (Augustus) എന്നുമുള്ള സ്ഥാനപ്പേരുകൾ നല്കി ആദരിച്ചു. അങ്ങനെ അഗസ്റ്റസ് സീസർ എന്ന പേരിൽ ഒക്ടേവിയൻ അറിയപ്പെടാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഭരണകാലത്താണ് പാലസ്തീനായിലെ ബെത്‌ലെഹേമിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായ ലോകരക്ഷകൻ മനുഷ്യാവതാരം ചെയ്തത്.

## പലസ്തീനായിലെ ഭരണാധികാരികൾ

പാലസ്തീനായുടെ ചരിത്രവും ഈ കാലഘട്ടത്തിൽ സംഭവബഹുലമായിരുന്നു. ബി.സി. 63ൽ പോംപേയ് കീഴടക്കിയതോടെ ഹസ്മോണേയ രാജവംശത്തിന്റെ ആധിപത്യം പ്രയോഗത്തിൽ അവസാനിച്ചു.തുടർന്നുള്ള 20 വർഷങ്ങൾ അധികാരത്തിനു വേണ്ടിയുള്ള ഉപജാപങ്ങളും കലാപങ്ങളും പലത് അരങ്ങേറി. ബി.സി. 40 ൽ അന്തിപ്പാത്തറിന്റെ മകനായ ഹെറോദേസിനെ റോമൻ സെനറ്റ് പാലസ്തീനായുടെ രാജാവായി അംഗീകരിച്ചു, രാജ്യമില്ലാത്ത രാജാവ്. തനിക്കേല്പിക്കപ്പെട്ട രാജ്യം പടവെട്ടിപ്പിടിക്കേണ്ടിയിരുന്നു.

മൂന്നുവർഷത്തെ യുദ്ധങ്ങൾക്കുശേഷം ബി.സി. 37 ൽ ഹേറോദേസ് പാലസ്തീനാ മുഴുവന്റെയും ആധിപത്യം കയ്യടക്കി. ശത്രുക്കളെ നിഷ്ക്കരുണം ഉന്മൂലനം ചെയ്തു. എല്ലാവിധത്തിലും ശക്തനും പ്രതാപവാനുമായിരുന്നു ഹേറോദേസ്. അദ്ദേഹം പണികഴിപ്പിച്ച കേസറിയാ, സെബാസ്തെ തുടങ്ങിയ നഗരങ്ങൾ, മസാദ, മക്കേരൂസ്, ഹേറോദിയോൺ മുതലായ കോട്ടകൾ, കൊട്ടാരങ്ങൾ എന്നിവയുടെ അവശിഷ്ടങ്ങൾ ഇന്നും കാണികളെ അത്ഭുതസ്തബ്ദരാക്കുന്നു. ബി.സി. 20 ൽ പുതുക്കിപ്പണിയാൻ ആരംഭിച്ച ജറുസലെം ദേവാലയമായിരുന്നു അവയെക്കാളെല്ലാം മഹത്താ

യത്. ബി.സി. 4 ൽ ഹേറോദേസ് മഹാരാജാവ് മരിച്ചു. അദ്ദേഹത്തിന്റെ മരണത്തിന് ഒന്നോ രണ്ടോ വർഷം മുമ്പാണ് ബേത്ലെഹെമിൽ യേശു ജനിച്ചത്.

ഹേറോദേസിന്റെ മരണശേഷം രാജ്യം മൂന്നായി വിഭജിക്കപ്പെട്ടു. ഇദുമെയാ, യൂദയാ, സമറിയാ എന്നീ പ്രദേശങ്ങളുടെ ഭരണാധികാരിയായി മകൻ അർക്കെലാവോസ് നിയമിതനായി. ഗലീലി മറ്റൊരു മകൻ അന്തിപ്പാസിനും ശേഷിച്ച ഇത്തൂറിയാ, ത്രാക്കോണിത്തിസ് പ്രദേശങ്ങൾ വേറൊരു മകൻ ഫിലിപ്പിനും നല്കപ്പെട്ടു. നാലാംകൂർ അധികാരി (tetrarch) എന്ന സ്ഥാനപ്പേരായിരുന്നു ഇവർക്കെല്ലാം ഉണ്ടായിരുന്നത്. അതുകൊണ്ടു തൃപ്തിയാവാതെ രാജാവെന്ന സ്ഥാനം തന്നെ വേണം എന്ന അപേക്ഷയുമായി എ.ഡി. 6 ൽ റോമിലെത്തിയ അർക്കെലാവോസിനെ റോമൻ സെനറ്റ് ഗാള്ളിയാ (ഫ്രാൻസ്)യിലേക്കു നാടുകടത്തി. അയാളുടെ ആധിപത്യത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ റോമിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി; അധിപനായി പ്രോക്കുറേറ്റർ എന്ന സ്ഥാനപ്പേരുള്ള അധികാരിയെയും നിശ്ചയിച്ചു. എ.ഡി. 6 മുതൽ യഹൂദരുടെ കലാപം തുടങ്ങിയ 66 വരെ 14 റോമൻ പ്രോക്കുറേറ്റർമാർ ഭരണം നടത്തി. അതിൽ അഞ്ചാമനായ പോന്തിയോസ് പീലാത്തോസിന്റെ ഭരണകാലത്താണ് (എ.ഡി. 26-36) ലോകരക്ഷകനായ യേശു ക്രൂശിതനായത്.

ഹേറോദേസ് അന്തിപ്പാസിന്റെ ഭരണസീമയായ ഗലീലിയിലാണ് യേശു വളർന്നതും പരസ്യജീവിതത്തിന്റെ അധികപങ്കും ചിലവഴിച്ചതും. സഹോദരഭാര്യയെ പരിഗ്രഹിച്ചതിന്റെ പേരിൽ സ്നാപകന്റെ ശകാരം ഏല്ക്കുകയും ഹേറോദിയായുടെ നിർബന്ധപ്രകാരം സ്നാപകനെ വധിക്കുകയും ചെയ്ത അന്തിപ്പാസിന് യേശുവിനെയും ഭയമായിരുന്നു. ഏതു വിധേനയും തന്റെ ഭരണസീമയിൽനിന്നു പുറത്തുകടത്താനുള്ള ആഗ്രഹത്തോടെ ഫരിസേയരെ യേശുവിന്റെയടുത്തേക്കു പറഞ്ഞയച്ച അയാളെ കുറുക്കൻ എന്നാണ് യേശു വിളിച്ചത് (ലൂക്കാ 13,31-33). അർക്കെലാവോസിനെപ്പോലെ അന്തിപ്പാസിനും രാജാവാകാൻ മോഹമുണ്ടായി. എ.ഡി. 39 ൽ അപേക്ഷയുമായി റോമിലെത്തിയ അയാളെയും റോമൻ സെനറ്റ് നാടുകടത്തി. ഫിലിപ്പ് എ.ഡി. 34 ൽ മരിക്കുന്നതുവരെ സമാധാനത്തിൽ ഭരിച്ചു. ഈ കാലയളവിലാണ് ലോകചരിത്രത്തെ എ.ഡി. (Anno Domini = കർത്താവിന്റെ വർഷം) എന്നും ബി.സി. (Before Christ= ക്രിസ്തുവിനുമുമ്പ്, എന്നും രണ്ടായി തിരിച്ച മഹാസംഭവം, യേശു ക്രിസ്തുവിന്റെ ജനനം, ഉണ്ടായത്.

### ക്രിസ്തുസംഭവം

യഹൂദരുടെ രാജാവായി ജനിച്ച അത്ഭുതശിശുവിനെ വധിക്കാൻവേണ്ടി ബേത്ലെഹെമിലും പരിസരത്തും രണ്ടുവയസ്സും അതിൽ താഴെയും പ്രായമുള്ള ശിശുക്കളെയെല്ലാം കൊല്ലാൻ കല്പനയിട്ട ഹേറോദേസ് (മത്താ 2,16) ബി.സി. 4 ൽ മരിച്ചു. അതിനാൽ

യേശുവിന്റെ ജനനം ബി.സി. 6 നും 4 നും മധ്യേ ആണെന്നു കരുതപ്പെടുന്നു. ഏകദേശം 30 വയസ്സ് വരെ നസ്രത്തിലെ ഭവനത്തിൽ ആശാരിപ്പണിചെയ്ത് അജ്ഞാതനായി കഴിഞ്ഞ യേശു തിബേരിയൂസ് സീസറിന്റെ 15-ാം ഭരണവർഷം (ലൂക്കാ 3, 1) എ.ഡി. 28 ൽ സ്നാപകനിൽനിന്നു സ്നാനം സ്വീകരിച്ചുകൊണ്ട് ഗലീലിയിൽ തന്റെ പരസ്യജീവിതം ആരംഭിച്ചു.

ഇസ്രായേൽജനം നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന രക്ഷകൻ താനാണെന്നും അവർ കാത്തിരുന്ന ദൈവരാജ്യം വന്നുകഴിഞ്ഞു എന്നും അധികാരപൂർണ്ണമായ വാക്കും അത്ഭുതകരമായ പ്രവൃത്തികളുംവഴി യേശു പ്രഘോഷിച്ചു. അനേകർ അവനിൽ വിശ്വസിച്ചു. അധികാരികൾ അവനെ സംശയിച്ചു, ഭയന്നു, ഉന്മൂലനം ചെയ്യാൻ തീരുമാനിച്ചു. അപ്പസ്തോലന്മാർ എന്ന് അവൻ പേരുനല്കിയ പന്ത്രണ്ടു ശിഷ്യന്മാരോടൊപ്പം അവൻ ഗലീലിയയിൽ ചുറ്റിനടന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചു. ഏതാണ്ട് മൂന്നു വർഷത്തിൽ താഴെ ദീർഘിച്ച ഈ പരസ്യജീവിതം എ.ഡി. 30 ഏപ്രിൽ മാസത്തിൽ യഹൂദരുടെ പെസഹാഘോഷത്തിന്റെ അവസരത്തിൽ ജറുസലെമിൽ അവസാനിച്ചു.

**കലാപങ്ങൾ - കാവൽമാറ്റം**

റോമൻഭരണത്തിൽ പാലസ്തീനായിലെ യഹൂദർ സംതൃപ്തരായിരുന്നില്ല. മക്കബായരുടെ പാരമ്പര്യം പിൻതുടർന്നവർ ഏതുവിധേനയും റോമാക്കാരെ തങ്ങളുടെ നാട്ടിൽനിന്നും തുരത്തെറിയാൻ ശ്രമിച്ചു. എ.ഡി. 6 ൽ റോമാക്കാർ നടത്തിയ ഒരു കാനേഷുമാരി കണക്കെടുപ്പിനോടനുബന്ധിച്ച് ഗലീലിക്കാരൻ യൂദാസ് എന്നൊരാൾ കലാപത്തിനു തീകൊളുത്തി. അന്തിപ്പാസിന്റെ തലസ്ഥാനനഗരമായിരുന്ന സെഫോറിസിലെ ആയുധപ്പുരകൊള്ളയടിച്ചുകൊണ്ടാണ് കലാപം ആരംഭിച്ചത്.

ഏലിയായെപ്പോലെ ഉടമ്പടിയുടെ നിയമത്തെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കുന്നവർ എന്ന അർത്ഥത്തിൽ *സെലട്ട്* (Zealot) അഥവാ തീവ്രവാദികൾ എന്ന പേരിൽ അറിയപ്പെടുന്ന ഒരു ചെറുസംഘം രൂപംകൊണ്ടു. യൂദാസും കൂട്ടരും താമസിയാതെ കൊല്ലപ്പെട്ടെങ്കിലും തീവ്രവാദികൾ പെരുകിവന്നു. യേശുവിന്റെ കാലമായപ്പോഴേക്കും ഗലീലിയിൽ മാത്രമല്ല, ജറുസലെം അടക്കം പാലസ്തീനായിലുടനീളം അവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

ഹേറോദേസിനെ വെല്ലുവിളിച്ച സ്നാപകയോഹന്നാനിൽ പലരും ഒരു തീവ്രവാദിനേതാവിനെ കണ്ടു. അത്ഭുത പ്രവർത്തകനും പരിവർത്തനത്തിന് ആഹ്വാനം ചെയ്യുന്നവനുമായ യേശുവിനെ തീവ്രവാദികൾ രാജാവാക്കാൻ ശ്രമിച്ചു (യോഹ 6,14-15). യേശുവിന്റെ അപ്പസ്തോലന്മാരിൽ ചിലരെങ്കിലും തീവ്രവാദികളായിരുന്നു. യേശു തീവ്രവാദത്തെയും സായുധവിപ്ലവത്തെയും തള്ളിപ്പറഞ്ഞെങ്കിലും റോമൻ അധികാരി അവനെ കുരിശിൽ തറച്ചുകൊല്ലാൻ കല്പിച്ചത് ഒരു തീവ്രവാദിനേതാവായി കണ്ടതുകൊണ്ടാണ്. അവ

നോടൊപ്പം ഇരുവശത്തും കുരിശിൽ തറയ്ക്കപ്പെട്ടതും തീവ്രവാദികളായിരുന്നു.

യഹൂദർ പ്രതീക്ഷിക്കുന്ന മിശിഹാ താനാണ് എന്നവകാശപ്പെട്ടുകൊണ്ട് പലരും ഈ കാലഘട്ടത്തിൽ രംഗപ്രവേശം ചെയ്തു. അവരെയെല്ലാം രാഷ്ട്രീയാധികാരികൾ കൈകാര്യംചെയ്തു. എന്നാലും തീവ്രവാദികൾ നിരന്തരം ശക്തിയാർജ്ജിച്ചുകൊണ്ടിരുന്നു. അവസാനം എ.ഡി. 66ൽ അതു സംഭവിച്ചു. തീവ്രവാദികൾ ഭരണം പിടിച്ചടക്കി. റോമൻ സൈന്യത്തിനു ചെറുത്തു നില്ക്കാനായില്ല. തങ്ങൾ പ്രതീക്ഷിച്ച സ്വാതന്ത്ര്യം നേടിയെടുക്കുവാൻ കഴിഞ്ഞതിൽ ജനം സന്തോഷിച്ചു, ആഘോഷിച്ചു. എന്നാൽ ആഘോഷം അധികം ദീർഘിച്ചില്ല.

റോം സാവധാനമാണ് നീങ്ങിയത്. വെസ്പാസിയാൻ എന്ന റോമൻ സൈന്യാധിപന്റെ കീഴിൽ നാലു ലീജിയൻ (ഏകദേശം 60,000 പടയാളികൾ) എ.ഡി. 67 ൽ പാലസ്തീനായുടെ വടക്ക് ഗലീലി യിൽ യുദ്ധമാരംഭിച്ചു. കലാപകാരികൾ കയ്യടക്കിയിരുന്ന പട്ടണങ്ങളും കോട്ടകളും ഒന്നൊന്നായി പിടിച്ചടക്കി. 69 ൽ ജറുസലെം നഗരത്തിന് ഉപരോധം ഏർപ്പെടുത്തി.

68 ൽ നീറോ ആത്മഹത്യ ചെയ്തതിനെ തുടർന്ന് റോമിൽ കലാപമുണ്ടായി. രണ്ടുവർഷത്തിനിടയിൽ ഗാൽബാ, ഒത്തോ, വിത്തേല്ലിയൂസ് എന്നീ മൂന്നു സൈന്യാധിപന്മാർ റോമിൽ ഭരണാധിപന്മാരായെങ്കിലും ഏറെത്താമസിയാതെ ശത്രുക്കളുടെ വാളിനിരയായി. കിഴക്കുണ്ടായിരുന്ന റോമൻസൈന്യം 69 ൽ വെസ്പാസിയനെ ചക്രവർത്തിയായി പ്രഖ്യാപിച്ചതോടെ ജറുസലെമിന്റെ ഉപരോധം മകൻ ടൈറ്റസിനെ ഏല്പിച്ചശേഷം വെസ്പാസിയാൻ റോമിലേക്കു തിരിച്ചു.

ഒന്നരവർഷം ദീർഘിച്ച ഉപരോധത്തിന്റെ അവസാനം ടൈറ്റസിന്റെ സൈന്യം നഗരത്തിൽ പ്രവേശിച്ചു. ബി.സി. 587 ലെ സംഭവങ്ങൾ അനുസ്മരിപ്പിക്കുമാറ് കൊലയും കൊള്ളയും കൊള്ളിവെയ്പും നടന്നു. തീവ്രവാദികൾ അവസാനമായി ചെറുത്തുനിന്നത് ദേവാലയത്തിലാണ്. ദേവാലയം നശിപ്പിക്കരുത് എന്നു ടൈറ്റസ് പ്രത്യേകം കല്പിച്ചിരുന്നെങ്കിലും ഏതോ പടയാളി ദേവാലയത്തിനു തീകൊളുത്തി. ബി.സി. 515 ൽ പണികഴിക്കുകയും ബി. സി. 20 ൽ ഹേറോദേസ് പുനർ നിർമ്മാണം ആരംഭിക്കുകയും എ. ഡി. 64 ൽ പണിപൂർത്തിയാവുകയും ചെയ്ത, ലോകാത്ഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടിരുന്ന, ജറുസലെം ദേവാലയം കത്തിച്ചാമ്പലായി. അനേകായിരം യഹൂദർ അടിമകളായി നാടുകടത്തപ്പെട്ടു. എന്നാൽ ഇതുകൊണ്ടവസാനിച്ചില്ല.

ജറുസലെമിന്റെ നാശത്തിനുശേഷം യഹൂദർ വീണ്ടും സംഘടിച്ചു. ഫരിസേയരും നിയമജ്ഞരും ജനത്തിന്റെ മതാത്മകജീവിതത്തിനു നേതൃത്വം നല്കി. വലിയ മതനവീകരണശ്രമങ്ങൾ നടന്നു. മധ്യധരണ്യാഴിയുടെ തീരത്തുള്ള യാംനിയാ പട്ടണമായിരുന്നു ഈ നവീകരണ ശ്രമങ്ങൾക്കു ചുക്കാൻ പിടിച്ചത്.

ജറുസലെം ദേവാലയത്തിന്റെ നാശംവരെ ക്രിസ്ത്യാനികളും ദേവാലയത്തിൽ പോയിരുന്നു. എന്നാൽ ജറുസലെമിന്റെ നാശത്തിനുശേഷം യഹൂദനേതൃത്വം ക്രിസ്ത്യാനികൾക്കെതിരേ കൂടുതൽ ശക്തമായ നിലപാടു സ്വീകരിച്ചു. യഹൂദമതത്തിൽ വളർന്നുവന്ന ഒരു പാഷണ്ഡതയായിട്ടാണ് ആദ്യം ക്രിസ്തുമതം കരുതപ്പെട്ടിരുന്നത്. ദേവാലയത്തിലും പ്രാർത്ഥനാലയങ്ങളായ സിനഗോഗുകളിലും ക്രിസ്ത്യാനികളും പോയിരുന്നു. എന്നാൽ ഇനിയങ്ങോട്ട് ഇത് അസാധ്യമാക്കുന്ന നിയമങ്ങൾ നിലവിൽ വന്നു. അങ്ങനെ ഇരുകൂട്ടരും തമ്മിലുള്ള വ്യത്യാസം വ്യക്തമായി; അകലം വർദ്ധിച്ചു.

എ.ഡി. 130 ൽ പലസ്തീനായിലെ യഹൂദർ വീണ്ടും ഒരു കലാപത്തിനൊരുങ്ങി. ശിമയോൻ ബർകോസിബാ എന്നൊരാളാണ് നേതൃത്വം നല്കിയത്. പഴയ തീവ്രവാദി സംഘടനയുടെ സ്വാധീനത്തിൽ വളർന്നവനായിരുന്നു ശിമയോൻ. സംഖ്യ 24, 17 ൽ ബാലാമിന്റെ പ്രവചനത്തിൽ വരാനിരിക്കുന്ന മിശിഹാ രാജാവിനെ "യാക്കോബിൽ നിന്നുദിക്കുന്ന നക്ഷത്രം" എന്നു വിശേഷിപ്പിക്കുന്നുണ്ട്. ആ പ്രവചനത്തിന്റെ പൂർത്തീകരണമാണ് കലാപത്തിനു നേതൃത്വം നല്കുന്ന ശിമയോൻ എന്ന് അന്നത്തെ ഏറ്റം പ്രഗത്ഭനും പ്രസിദ്ധനുമായ റബ്ബി അക്കിബാ പ്രഘോഷിച്ചു. "നക്ഷത്ര പുത്രൻ" എന്ന അർത്ഥത്തിൽ *"ബർകോക്ക്ബാ"* എന്നു ശിമയോന് പുതിയ പേരും നല്കി.

ഏകദേശം അഞ്ചുവർഷം നീണ്ടുനിന്ന കലാപം എ.ഡി. 135 ൽ ദയനീയമായി പരാജയപ്പെട്ടു. ശിമയോൻ കൊല്ലപ്പെട്ടു. റോമാക്കാർ ജറുസലെം പിടിച്ചടക്കി. നിവാസികളെ മാമ്രേയിലും ഗാസായിലും വച്ച് അടിമകളായി ലേലം ചെയ്തുവിറ്റു. ദേവാലയഗിരി ഉഴുതുമറിച്ചു. പഴയതിന്റെ ഓർമ്മ പരിപൂർണ്ണമായും തുടച്ചുമാറ്റി. യഹൂദർക്കു ജറുസലെമിൽ പ്രവേശനം നിരോധിച്ചു. ദേവാലയഗിരിയിൽ സീയൂസ്ദേവന്റെ ക്ഷേത്രം ഉയർന്നു. ജറുസലെം എന്ന പേരുതന്നെ മാറ്റി, കിഴക്കൻതലസ്ഥാനം എന്ന അർത്ഥത്തിൽ *ഏലിയാ കാപ്പിത്തൊളീനാ* എന്ന പുതിയ പേരും നല്കി.

അതോടെ രക്ഷാചരിത്രം തികച്ചും പുതിയ വഴിയിലേക്കു തിരിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലയിലുള്ള പ്രത്യേക സ്ഥാനം യഹൂദർക്കു നഷ്ടമായി. ആ സ്ഥാനത്ത് യഹൂദരും വിജാതീയരും ഉൾപ്പെടുന്ന, എല്ലാ ജനതകളിലുംനിന്നുള്ള, ഒരു പുതിയ ജനം രൂപം കൊണ്ടു -ക്രിസ്തുവിന്റെ സഭ. അവരിലൂടെയാണ് രക്ഷാചരിത്രം മുന്നേറുന്നത്. യേശുവിൽ പൂർത്തിയായ രക്ഷയുടെ പ്രഘോഷണം ഇന്ന് ക്രിസ്തുസഭയിലൂടെ നടക്കുന്നു. എല്ലാറ്റിനെയും നവീകരിക്കാൻ അവൻ വീണ്ടും വരുന്നതുവരെ.

*ഡോ. മൈക്കിൾ കാരിമറ്റം*

# 02

## പ്രവാസികളുടെ തിരിച്ചുവരവും ദേവാലയനിർമ്മാണവും: എസ്രാ 1:1 – 6:22

എസ്രാ, നെഹെമിയ എന്നീഗ്രന്ഥങ്ങളെ രണ്ടു വ്യത്യസ്തഗ്രന്ഥങ്ങളായിട്ടാണ് ആധുനിക ബൈബിൾ വിവർത്തനങ്ങൾ അവതരിപ്പിക്കുന്നതെങ്കിലും ഹീബ്രു ബൈബിളിൽ 23 അധ്യായങ്ങളുള്ള ഒറ്റ ഗ്രന്ഥമായിട്ടാണ് പതിനഞ്ചാം നൂറ്റാണ്ടുവരെ ഉൾപ്പെടുത്തിയിരുന്നത്. സഭാപിതാവായ ഒരിജന്റെ കാലംമുതൽ ക്രൈസ്തവർ ഈ ഗ്രന്ഥങ്ങളെ വ്യത്യസ്ത ഗ്രന്ഥങ്ങളായിട്ടാണ് കരുതിയിരുന്നത്. സുറിയാനി പാരമ്പര്യത്തിലുള്ള ചില സഭകൾ ഈ ഗ്രന്ഥങ്ങളുടെ കാനോനികതയെ സംശയിക്കുന്നതിനാൽ അവയെ കാനൻപട്ടികയിൽ ഉൾപെടുത്തിയിട്ടില്ല. ഈ ഗ്രന്ഥങ്ങളുടെ സ്ഥാനത്തെ ചൊല്ലിയും അഭിപ്രായാന്തരങ്ങളുണ്ട്. POC വിവർത്തനമുൾപെടെയുള്ള ആധുനിക വിവർത്തനങ്ങൾ ഈ ഗ്രന്ഥങ്ങളെ ചരിത്ര ഗ്രന്ഥങ്ങളുടെ ഭാഗമായി 1,2 ദിനവൃത്താന്തങ്ങൾക്കു ശേഷമാണ് കാനോനികക്രമത്തിൽ ഉൾപെടുത്തിയിരിക്കുന്നത്. എന്നാൽ ആധുനിക ഹീബ്രു ബൈബിളുകളിൽ

വിജ്ഞാന ഗ്രന്ഥങ്ങളുടെ (Kehtubim) ഒടുവിലാണ് എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങളുടെ സ്ഥാനം. 1,2 ദിനവൃത്താന്തങ്ങളാകട്ടെ ഇവയ്ക്കു ശേഷമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങളിൽ സൂചിതമായ ചരിത്രം ദിനവൃത്താന്തഗ്രന്ഥങ്ങളിലെ വിശാലചരിത്രത്തിന്റെ ഭാഗമായിരുന്നു എന്ന അഭിപ്രായമാണ് 1960 വരെ നിലനിന്നിരുന്നത്. ലെയോപോൾഡ്സുൻസ് 1832ൽ നിർദ്ദേശിച്ച സിദ്ധാന്തമനുസരിച്ച് എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങൾ ഒരുകാലത്ത് ദിനവൃത്താന്തഗ്രന്ഥങ്ങളുടെ ഭാഗമായിരുന്നത്രേ. ഈ സിദ്ധാന്തത്തെ ഭാഷാസംശോധനയുടെ വെളിച്ചത്തിൽ ഖണ്ഡിച്ചുകൊണ്ട് സാറാ യാഫെറ്റ് 1960ൽ പുറത്തിറക്കിയ പഠനം (The supposed common authorship of Ezra - Nehemia VTI8 (1968) 330-371) ഈ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള പഠനത്തിൽ നിർണ്ണായകമായ വഴിത്തിരിവിന് കാരണമായി. ഭാഷാപരമായി മാത്രമല്ല ദൈവശാസ്ത്രപരമായും ഈ ഗ്രന്ഥങ്ങൾ ദിനവൃത്താന്തഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നതായി ആധുനിക പണ്ഡിതർ സമർത്ഥിക്കുന്നുണ്ട്.

1. ദിനവൃത്താന്തഗ്രന്ഥങ്ങളിലെ പ്രതികാര നിയമങ്ങൾ (Lex talion) ഒന്നുംതന്നെ എസ്രാ-നെഹെമിയായിൽ കാണുന്നില്ല.

2. വടക്കൻ ഗോത്രങ്ങളോടും സമരിയാക്കാരോടുമുള്ള മനോഭാവങ്ങൾ രണ്ട് ഗ്രന്ഥങ്ങളിലും വ്യത്യസ്തമാണ്.

3. ദിനവൃത്താന്തഗ്രന്ഥങ്ങൾ ദാവീദിന്റെ രാജവംശത്തിനു നൽകുന്ന അമിത പ്രാധാന്യത്തിൽ എസ്രാ-നെഹെമിയാ താല്പര്യം കാട്ടുന്നില്ല.

4. ദിനവൃത്താന്തഗ്രന്ഥങ്ങൾ യാക്കോബിന് പ്രാധാന്യം നൽകുമ്പോൾ എസ്രാ-നെഹെമിയാ അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പിനും പുറപ്പാടുസംഭവത്തിനും പ്രാമുഖ്യം കൽപിക്കുന്നു.

5. ദിനവൃത്താന്തങ്ങൾ പ്രവാചകൻമാരുടെ ചരിത്രത്തിനായി നല്ലൊരുഭാഗം നീക്കിവെക്കുമ്പോൾ എസ്രാ-നെഹെമിയായിൽ പ്രവാചകൻമാർക്കു പ്രത്യേക പ്രാധാന്യമൊന്നുമില്ല.

6. ദേവാലയശുശ്രൂഷികൾ (Netinim)എന്ന വിഭാഗം എസ്രാ-നെഹെമിയായിൽ ഉടനീളം പരാമർശിക്കപ്പെടുമ്പോൾ ദിനവൃത്താന്തത്തിൽ ഒരിക്കൽ മാത്രമേ കാണപ്പെടുന്നുള്ളൂ (1 ദിന 9:2).

7. ഇസ്രായേൽ എന്നപേരിലൂടെ ദിനവൃത്താന്തഗ്രന്ഥങ്ങൾ 12 ഗോത്രങ്ങളെ വിവക്ഷിക്കുമ്പോൾ എസ്രാ-നെഹെമിയ യൂദാ, ബഞ്ചമിൻ ഗോത്രങ്ങളെ മാത്രമാണ് വിവക്ഷിക്കുന്നത്.

## ഗ്രന്ഥകാരൻ, സ്ഥലം, രചനാകാലം

എസ്രാ-നെഹെമിയ ഗ്രന്ഥങ്ങളെ തുടർച്ചയായ ഒരു ഗ്രന്ഥമായി കാണാമെന്നു വാദിക്കുന്ന ആധുനികപണ്ഡിതൻമാരുണ്ട് (Tamara, Eskenezi, In the age of prose, SBLMS 36, Atlanta, 1998). എന്നാൽ ഇവയെ രണ്ടു ഗ്രന്ഥങ്ങളായി മനസിലാക്കണം എന്ന ചിന്താഗതിക്കാണ് ഇന്ന് പ്രാമാണ്യമുള്ളത്. ഉദാ: എസ്രാ രണ്ടാം അധ്യായം നെഹെമിയ ഏഴാം അധ്യായത്തിൽ ആവർത്തിച്ചിരിക്കുന്നു എന്നതുതന്നെ ഇവ ഒരേഗ്രന്ഥകാരന്റെ രചനയല്ല എന്നതിനുള്ള വ്യക്തമായ സാക്ഷ്യമാണ്. സൂക്ഷ്മ പരിശോധനയിൽ എസ്രാ-നെഹെമിയ ഗ്രന്ഥങ്ങൾ തമ്മിൽ ദൈവശാസ്ത്ര വീക്ഷണങ്ങളിലും വ്യത്യാസങ്ങളുണ്ടെന്ന് കണ്ടെത്താനാവും. എസ്രായുടെ ഗ്രന്ഥം രചിച്ചത് ഒരു പുരോഹിതനാണെന്ന് അനുമാനിക്കാം. കാരണം വിശുദ്ധിയുടെ പരിപ്രേക്ഷ്യത്തിൽ ദേവാലയത്തെയും പുരോഹിതരേയും മാത്രം പ്രതിഷ്ഠിക്കുന്ന സമീപനമാണ് ഈ ഗ്രന്ഥം പുലർത്തുന്നത്. എന്നാൽ വിശുദ്ധിയുടെ കേന്ദ്രമായി നിയമത്തെ (തോറാ) പ്രതിഷ്ഠിക്കുന്ന നെഹെമിയഗ്രന്ഥം ഒരു പുരോഹിതേതരരചനയാകാനാണ് സാധ്യത. കാരണം ദേവാലയത്തിനും പൗരോഹിത്യത്തിനും വെളിയിൽ വിശുദ്ധിയുടെ അനുരണങ്ങൾ വായിച്ചെടുക്കാൻ ഈ ഗ്രന്ഥത്തിന് കഴിയുന്നുണ്ട്. ഗ്രന്ഥരചനക്കു സഹായകമായ ഉറവിടങ്ങളുടെ ഉപയോഗത്തിലുള്ള വ്യത്യാസങ്ങളും ഭാഷാശൈലിയിലുള്ള വ്യതിരിക്തതകളും വ്യത്യസ്തഗ്രന്ഥകർതൃത്വത്തിലേക്കു വിരൽ ചൂണ്ടുന്ന വസ്തുതകളാണ്. കൂടാതെ, രണ്ടുഗ്രന്ഥങ്ങളും പ്രതിപാദിക്കുന്ന കേന്ദ്ര ആശയങ്ങൾ തമ്മിലും വ്യത്യാസങ്ങളുണ്ട്. എസ്രായുടെ ഗ്രന്ഥം ദേവാലയത്തിന്റെയും ദൈവജനത്തിന്റെയും പുനരുദ്ധാരണത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ നെഹെമിയായുടെ ഗ്രന്ഥം നഗരമതിലിന്റെ നിർമ്മാണത്തെ ക്കുറിച്ചും ജറുസലേമിലെ പുനരധിവാസത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. തന്മൂലം ഈ രണ്ടു ഗ്രന്ഥങ്ങളും രണ്ടു വ്യത്യസ്ത ഗ്രന്ഥകർത്താക്കളുടെ രചനകളാണെന്ന് അനുമാനിക്കാവുന്നതാണ്. ഈ ഗ്രന്ഥകർത്താക്കൾ പലസ്തീനായിൽ നിന്നുള്ളവരാണെന്ന് കരുതുന്നതാണ് കൂടുതൽ യുക്തിസഹം. കാരണം പലസ്തീനായുടെ ഭൂമിശാസ്ത്രത്തെക്കുറിച്ച് കുറ്റമറ്റ അറിവ് ഗ്രന്ഥകർത്താക്കൾക്കുണ്ടെന്നതിന് ഈ ഗ്രന്ഥങ്ങളിലെ വിവരണങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. പേർഷ്യൻ ഭരണകൂടത്തോട് വളരെ സൗഹാർദ്ദപൂർണ്ണമായ

സമീപനമാണ് ഈ ഗ്രന്ഥങ്ങൾ അനുവർത്തിക്കുന്നത്. തന്മൂലം പേർഷ്യൻ ഭരണകാലത്തുതന്നെയാണ് ഈ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. എസ്രായുടെ ഗ്രന്ഥം ബി.സി. 458 ലും നെഹെമിയായുടെ ഗ്രന്ഥം ബി.സി. 445 നും 432 നും ഇടയിലും വിരചിതമായി എന്ന പരമ്പരാഗത വിശ്വാസം (cfr. Ralph Klein, The Books Of Nehemiah, NIB 3) അനുധാവനം ചെയ്യുന്നതിൽ തെറ്റില്ല.

പേർഷ്യൻരാജാവായ അർത്താക്സെർക്സസ് ഒന്നാമന്റെ ഭരണകാലത്താണ് (465 - 424) യഹൂദപുരോഹിതനും നിയമജ്ഞനുമായ എസ്രാ പ്രവാസികളുടെ തലവനായി ഇസ്രായേലിലേക്ക് അയക്കപ്പെട്ടത്. എസ്രായുടെ നിയമനം അറിയിക്കുന്ന രാജാവിന്റെ അരമായ കല്പന (എസ്രാ 7:12. 26) ബി.സി. 458 ൽ ആണ് പുറപ്പെടുവിച്ചത് എന്ന് കരുതപ്പെടുന്നു. എസ്രായുടെ നിയമനം നടന്നത് അർത്താക്സെർക്സസ് രണ്ടാമന്റെ ഭരണകാലത്താണ് (408–358) എന്ന് ചില പണ്ഡിതർ വാദിക്കുന്നുണ്ടെങ്കിലും ഈ വാദത്തിന് ഉപോത്ബലകമായ തെളിവുകളൊന്നുമില്ല. തന്മൂലം എസ്രായുടെ നിയമനം ബി.സി. 458 ൽ നടന്നു എന്ന് കരുതാം. ബി.സി. 445 ൽ അർത്താക്സെർക്സസ് ഒന്നാമന്റെ കാലത്താണ് ജറുസലേംനഗരത്തിന്റെ മതിലുപണിയുന്നതിന് മേൽനോട്ടം വഹിക്കാൻ നെഹെമിയ നിയമിക്കപ്പെട്ടത് എന്ന വസ്തുത പണ്ഡിതൻമാർ ഐക്യകണ്ഠേന അംഗീകരിക്കുന്നുണ്ട്. നെഹെമിയായ്ക്കു മുൻപേ എസ്രാ ജറുസലേമിലെത്തിയിരുന്നു എന്ന് ഗ്രന്ഥ വിവർത്തനങ്ങളിൽ നിന്നു തന്നെ വ്യക്തമായതിനാൽ എസ്രായുടെ ആഗമനകാലം ബി.സി. 458നോടടുത്താണ് എന്നു കരുതപ്പെടുന്നതാണ് കൂടുതൽ യുക്തിസഹം. എസ്രായുടെയും നെഹെമിയായുടെയും പ്രവർത്തനകാലത്തുതന്നെ നാളാഗമന രീതിയിൽ ഈ ഗ്രന്ഥങ്ങളുടെ ആദിരൂപം രചിക്കപ്പെട്ടതായി അനുമാനിക്കാം. തുടർന്നുനടന്ന നിരവധി സംശോധനകളുടെ അനന്തരഫലമാണ് ഈ ഗ്രന്ഥങ്ങളുടെ അഭിനവരൂപം.

## പുസ്തകങ്ങളുടെ ഘടന

**1. എസ്രാ**

**1:1 - 6:22 പ്രവാസത്തിൽനിന്നുള്ള മടക്കയാത്ര; ദേവാലയ നിർമ്മാണം.**

1:1 - 11 സൈറസിന്റെ കൽപ്പന.

2:1 - 70 പ്രവാസത്തിൽ നിന്ന് മടങ്ങിയവരുടെ പേരുവിവരങ്ങൾ.

3:1 - 4:5 ആരാധനയുടെ പുനർജ്ജീവനം

4:6 - 24 തുറന്ന എതിർപ്പ്

5:1 - 6:22 ദേവാലയത്തിന്റെ പുനർനിർമ്മാണം

| | |
|---|---|
| **7:1 –10:44** | **എസ്രാ** |
| 7:1 – 10 | എസ്രായെക്കുറിച്ചുള്ള വിവരണം |
| 7:11 – 28 | എസ്രായുടെ ദൗത്യം |
| 8:1 – 36 | എസ്രാ ജറുസലേമിലേക്ക് |
| 9:1 – 15 | മിശ്ര വിവാഹം, എസ്രായുടെ ഏറ്റുപറച്ചിൽ |
| 10:1 – 44 | മിശ്ര വിവാഹപ്രശ്നം പരിഹരിക്കപ്പെടുന്നു |

**2. നെഹെമിയാ**

| | |
|---|---|
| **1:1 –7:73** | **ജറുസലേമിൽ മതിൽ പണിയുന്നു** |
| 1:1 – 11 | നെഹെമിയായുടെ വിളി |
| 2:1 – 20 | നെഹെമിയാ ജറുസലേമിൽ |
| 3:1 – 32 | മതിൽ പുനർനിർമ്മിക്കുന്നു |
| 4:1 – 11 | എതിർപ്പ് |
| 5:1 – 19 | സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ |
| 6:1 – 19 | മതിലിന്റെ പണിപൂർത്തിയാകുന്നു |
| 7:1 – 73 | ജറുസലേം ജനവാസമുള്ളതാകുന്നു |
| **8:1–10:39** | **ഉടമ്പടി നവീകരണം** |
| 8:1 – 18 | നിയമം വായിക്കുന്നു |
| 9:1 – 37 | ഏറ്റുപറച്ചിൽ |
| 9:38–10:39 | നിയമം അനുസരിക്കാമെന്ന് പ്രതിജ്ഞ |
| **11:1 –13:31** | **ഏകീകരണം** |
| 11:1 – 20 | ജറുസലേമിൽ പുതിയ നിവാസികൾ |
| 11:21–12:26 | അനുബന്ധപട്ടികകൾ |
| 12:27–13:3 | പുതുതായി പണിത മതിലിന്റെ സമർപ്പണം |
| 13:4 – 31 | ഉപസംഹാരം |

## സ്രോതസുകൾ

എസ്രാ-നെഹെമിയായുടെ രചനയിൽ വിവിധതരം സ്രോതസുകളെ ഗ്രന്ഥകർത്താവ് പ്രയോജനപ്പെടുത്തുന്നതായി ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രധാനമായും മൂന്ന് ഉറവിടങ്ങൾ ഗ്രന്ഥരചനയിൽ സഹായകമായിട്ടുണ്ട്. ഒന്നാമത്തെ ഉറവിടം പേരുവിവരപ്പട്ടികകളാണ്. എസ്രാ-നെഹെമിയായിൽ ആവർത്തിക്കുന്ന അനേകം പേരുവിവരപ്പട്ടികകളും സ്വദേശത്തേക്കു മടങ്ങുന്ന പ്രവാസികളുടെ പട്ടിക (എസ്രാ - 2:1–70 = നെഹെ 7:6–72), ജറുസലേമിൽ താമസിക്കുന്നവരുടെ പട്ടിക (നെഹെ 11:3–19 = 1ദിന 9:1–17), എസ്രായോടൊപ്പം മടങ്ങിയെത്തിയവരുടെ പട്ടിക(എസ്രാ 8:1–14), വിദേശീയ സ്ത്രീകളെ വിവാഹം ചെയ്തവരുടെ പട്ടിക (എസ്രാ 10:18–44), പലസ്തീനായിൽ സ്ഥിരതാമസമാക്കിയവരുടെ പട്ടിക (നെഹെ 11:25–36) തുടങ്ങിയവ ചരിത്രരേഖകളിൽ നിന്ന് ശേഖരി

ച്ചവയാണെന്ന് വ്യക്തം. പല പട്ടികകളും മേൽസൂചിപ്പിച്ചതുപോലെ ആവർത്തിക്കപ്പെടുന്നത് അവ സമാനഉറവിടങ്ങളെ അവലംബമാക്കി രചിക്കപ്പെട്ടതാണെന്നതിന് വ്യക്തമായ സൂചന നൽകുന്നു. പുരോഹിതർ, ലേവ്യർ, അൽമായർ എന്നീ ക്രമത്തിലാണ് എല്ലാ പട്ടികകളും ക്രമീകരിച്ചിരിക്കുന്നത്.

രാജശാസനകളും, എഴുത്തുകളുമാണ് രണ്ടാമത്തെ ഉറവിടം. ഈ എഴുത്തുകുത്തുകൾ അരമായ ഭാഷയിൽതന്നെയാണ് ഗ്രന്ഥത്തിൽ ഇടംപിടിച്ചിരിക്കുന്നത്. ഇവയുടെ ചരിത്ര മൂല്യം പഴയനിയമത്തിൽ ഏറെ സഹായകമാണ്. ഇവ താഴെ പറയുന്നവയാണ്.

എസ്രാ 1:1-4 സൈറസ് രാജാവിന്റെ വിളംബരം

എസ്രാ 4:11-16 പേർഷ്യയിലെ ഉദ്യോഗസ്ഥർ അർത്താക്സെർക്സസ് രാജാവിനയച്ച കത്ത്

എസ്രാ 4:17-22 അർത്താക്സെർക്സസ് രാജാവിന്റെ മറുപടി

എസ്രാ 5:7-17 നത്തോനായി ദാരിയൂസ് രാജാവിന് അയച്ച കത്ത്

എസ്രാ 6:2-5 സൈറസ് ദേവാലയനിർമ്മാണത്തിന് അനുവാദം നൽകിയ വിളംബരത്തിന്റെ പകർപ്പ്

എസ്രാ 6:6-12 ദാരിയൂസ് രാജാവിന്റെ മറുപടി

എസ്രാ 7:12-26 എസ്രായുടെ നിയമന പത്രം

ഈ എഴുത്തുകുത്തുകൾ രാജാവിന്റെ രേഖാലയത്തിൽനിന്നോ ജറുസലേമിലെ രേഖാലയത്തിൽനിന്നോ ഗ്രന്ഥകർത്താവ് ശേഖരിച്ചവയാണ് എന്ന് അനുമാനിക്കാം.

മൂന്നാമത്തെ ഉറവിടമായി കണ്ടെത്താവുന്നത് ഓർമ്മക്കുറിപ്പുകളാണ്. നെഹെമിയായുടെ ആത്മകഥാപരമായ ഓർമ്മക്കുറിപ്പുകളിലെ (നെഹെ 1:1-7:71, 12:27-43, 13:4-31) ഭാഷയും ശൈലിയും അവ വ്യത്യസ്തഉറവിടത്തിൽനിന്ന് ഗ്രന്ഥകർത്താവ് സ്വീകരിച്ചതാണെന്ന് വെളിവാക്കുന്നുണ്ട്. വിവരണശൈലിയിൽ നിന്ന് ആത്മകഥാശൈലിയിലേക്കുള്ള മാറ്റം എസ്രാ 7:29-9:15ലും ദൃശ്യമാണ്.

വ്യത്യസ്തസ്രോതസ്സുകൾ ഉപയോഗിച്ച് രചന നടത്തുന്ന ഗ്രന്ഥകാരൻ ചരിത്രഗണനയിൽ പലപ്പോഴും തുടർച്ച നഷ്ടപ്പെടുത്തുന്നതായി വിവരണങ്ങളിൽ നിന്ന് വ്യക്തമാകും. അതതു വാക്യങ്ങളുടെ വ്യാഖ്യാനത്തിൽ ചരിത്രാവതരണത്തിലെ ഭാഗങ്ങൾ വിശദീകരിക്കും എന്നതിനാൽ പ്രസ്തുത വിഷയം ഇവിടെ ചർച്ചാവിധേയമാക്കുന്നില്ല.

# ദൈവശാസ്ത്ര പ്രമേയങ്ങൾ

## 1. യാഹ്‌വേ:

എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങൾ ദൈവത്തെയും ദേവാലയത്തെയും കുറിച്ചാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. ദൈവത്തെ ചരിത്രത്തിന്റെ നിയന്താവായാണ് ഗ്രന്ഥകാരൻ വിലയിരുത്തുന്നത്. ദൈവത്തിന്റെ സർവ്വാതിശായിത്വവും (Transcendence) അന്തർയാമിത്വവും (immanence) ഗ്രന്ഥകാരൻ ഒരുപോലെ ഊന്നൽ നൽകുന്ന യാഥാർത്ഥ്യങ്ങളാണ്. ആകാശത്തിന്റെയും ഭൂമിയുടെയും രാജാവ് (എസ്രാ 5:1), സ്വർഗ്ഗസ്ഥനായ ദൈവം (1:2; 6:9; 7:23) തുടങ്ങിയ സംജ്ഞകളിൽ ദൈവത്തെ വിശേഷിപ്പിക്കുന്നതിലൂടെ ദൈവത്തിന്റെ സർവ്വാതിശായിയായ സ്വഭാവം ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നുണ്ട്. രാജാക്കൻമാരുടെമേൽ അധികാരമുള്ളവനും പേർഷ്യൻചക്രവർത്തിയുടെ പോലും ഹൃദയത്തെ ചലിപ്പിക്കുന്നവനുമാണ് (എസ്രാ 1:1; 6:2) യാഹ്‌വേ. ചരിത്രം അവിടുത്തെ ഹിതമനുസരിച്ചാണ് നിരന്തരം മുന്നോട്ട് നീങ്ങുന്നത്. മനുഷ്യന്റെ പാപവും അവിശ്വസ്തതയും ദൈവഹിതാനുസൃതമുള്ള ചരിത്രത്തിന്റെ പ്രയാണത്തിന് ഭംഗംവരുത്തുന്നുണ്ടെങ്കിലും ദൈവം തന്റെ ജനത്തെ കരുണാപൂർവ്വം മുന്നോട്ടു നയിക്കുന്നു (9:5-17). എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ യാഹ്‌വേ ഇസ്രായേലിന്റെ ദൈവമാണെന്ന് (5:1; 6:4) ഗ്രന്ഥകാരൻ ആവർത്തിച്ചു പറയുന്നുണ്ട്. യാഹ്‌വേ “ജറുസലേമിൽ വസിക്കുന്ന ഇസ്രായേലിന്റെ രാജാവ്” (7:15) എന്നാണ് അർത്താക്സെർക്സസ് രാജാവ് വിശേഷിപ്പിക്കുന്നത്. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം ഒരുനാളും മുറിയാത്തതാണെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ഈ ബന്ധത്തിന്റെ പ്രതീകമാണ് ദൈവാലയം. ദൈവാലയത്തിന്റെ നാശം ദൈവവും ജനവും തമ്മിലുള്ള ബന്ധത്തിൽ വീണ വിള്ളലിന്റെ സൂചനയാണെങ്കിൽ, ദൈവാലയത്തിന്റെ പുനരുദ്ധാരണം ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ പുനരുജ്ജീവനമാണ്.

## 2. ദൈവത്തിന്റെ അചഞ്ചലമായ വാഗ്ദാനങ്ങൾ:

എസ്രാ-നെഹെമിയായിൽ ഊന്നൽ ലഭിക്കുന്ന മറ്റൊരു പ്രമേയം ദൈവത്തിന്റെ അചഞ്ചലമായ വാഗ്ദാനപൂർത്തീകരണമാണ്. പ്രവാസത്തിൽനിന്നുള്ള മടങ്ങിവരവിനെ പ്രവാചകൻമാരിലൂടെ ദൈവം അരുളിച്ചെയ്ത വചനങ്ങളുടെ പൂർത്തീകരണമായാണ് ഗ്രന്ഥകാരൻ കണക്കാക്കുന്നത്. ജറെ 29:31; സഖ 18:11-12 എന്നീ വചനങ്ങളെ എസ്രാ 9:8, 13; നെഹെ 9:31 എന്നീ വചനങ്ങളുമായി താരതമ്യം ചെയ്താൽ ഈ പ്രമേയം കൂടുതൽ ബോധ്യമാകും. ജനത്തിന്റെ അവിശ്വസ്തതക്കുപരിയായി ദൈവം ഒരു ചെറിയ സമൂഹത്തെ -

അവക്ഷിപ്തവിഭാഗത്തെ - എപ്പോഴും പരിരക്ഷിച്ചിരുന്നു. പ്രവാസത്തിൽനിന്നും തിരിച്ചെത്തുന്നവരെ ഈ ഗണത്തിലാണ് ഗ്രന്ഥകാരൻ ഉൾപ്പെടുത്തുന്നത്. ഈ അവക്ഷിപ്തവിഭാഗത്തിലൂടെ ദൈവം തന്റെ രക്ഷാകരപദ്ധതിയെ മുന്നോട്ട് നയിക്കുന്നു. പ്രവാസത്തിലൂടെ മുറിഞ്ഞുപോയ രക്ഷാകരചരിത്രം തിരിച്ചെത്തിയ യഹൂദരിലൂടെ മുന്നോട്ടു നീങ്ങുകയാണ്.

**3. ഇസ്രായേൽ:**

പ്രവാസത്തിൽനിന്ന് തിരിച്ചെത്തിയവർ യൂദാ, ബെഞ്ചമിൻ, ലേവി ഗോത്രങ്ങളിൽ പെട്ടവർ മാത്രമായിരുന്നെങ്കിലും തങ്ങളെത്തന്നെ പന്ത്രണ്ടു ഗോത്രങ്ങളടങ്ങിയ മുഴുവൻ ഇസ്രായേലിന്റെയും പ്രതിനിധികളായാണ് യഹൂദർ കണ്ടിരുന്നത്. പന്ത്രണ്ട് എന്ന സംഖ്യയ്ക്ക് എസ്രാ-നെഹെമിയായിൽ കിട്ടുന്ന പ്രാധാന്യ ത്തിനു കാരണം ഇതാണ്. എന്നാൽ, പ്രവാസത്തിലേക്കു പോകാതിരുന്ന യഹൂദരെയോ, ബി.സി.722ൽ അസ്സീറിയൻ ആധിപത്യത്തിൽ അകപ്പെട്ടുപോയ വടക്കൻ ഇസ്രായേലിലെ ഗോത്രങ്ങളേയോ ഇസ്രായേലിന്റെ ഭാഗമായി ഗ്രന്ഥകാരൻ കരുതുന്നില്ല എന്നതും ശ്രദ്ധേയമാണ്. അവക്ഷിപ്തവിഭാഗത്തെ മുഴുവൻ ജനത്തിന്റെയും പ്രതിനിധികളായി കരുതി സംതൃപ്തി നേടുന്ന സ്വഭാവമാണ് ഗ്രന്ഥകാരനുള്ളത്. പ്രവാസാനന്തരസമൂഹം ദൈവജനത്തിന്റെ യഥാർത്ഥ പിൻതുടർച്ചയാണെന്ന് സ്ഥാപിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഈ ഗ്രന്ഥങ്ങളിൽ ദൃശ്യമാണ്.

**4. രണ്ടാം പുറപ്പാട്:**

പ്രവാസാനന്തരകാലഘട്ടത്തിലെ ആരാധനാക്രമരീതികളും നിയമാനുഷ്ഠാനരീതികളും മനസ്സിലാക്കാനുള്ള ഏറ്റവും പ്രധാന ഉറവിടമാണ് എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങൾ. ദാവീദിന്റെ കുലത്തിൽ പിറന്ന യഹൂദരാജാവ് ഇല്ലാതിരുന്നതിനാൽ തങ്ങളുടെ മതാത്മകത നിലനിർത്താനുള്ള ഏകമാർഗ്ഗമായി പ്രവാസാനന്തരസമൂഹത്തിന്റെ നേതൃത്വം കണ്ടെത്തിയത് മോശയുടെ നിയമത്തോടുള്ള അചഞ്ചലമായ വിശ്വസ്തതയും (എസ്രാ 9:10-14) ആരാധനാനുഷ്ഠാനങ്ങളിലെ കൃത്യതയുമാണ്. പ്രവാസാനന്തരകാലഘട്ടത്തിൽ നിലവിൽവന്ന പല നിയമങ്ങളെയും അനുഷ്ഠാനങ്ങളെയും മോശയുടെ കാലംമുതലേ നിലവിലുണ്ടായിരുന്ന നിയമങ്ങളാണെന്ന് സ്ഥാപിക്കാനുള്ള ശ്രമവും ഗ്രന്ഥകാരൻ നടത്തുന്നുണ്ട് (വിശദാംശങ്ങൾ ഗ്രന്ഥവ്യാഖ്യാനത്തിൽ ഉൾപെടുത്തിയിട്ടുണ്ട്). ആരാധനയിലും നിയമാനുഷ്ഠാനത്തിലുമുള്ള തീക്ഷ്ണത മൂലമാണ് ദേവാലയത്തിനും അനുബന്ധസ്ഥലങ്ങൾക്കും എസ്രാ-നെഹെമിയ അതീവശ്രദ്ധ നൽകുന്നത്. അടിമത്തത്തിലാണ്ടുപോയ ദൈവജന

ത്തിന്റെ തിരിച്ചുവരവിനെ രണ്ടാം പുറപ്പാടായി ചിത്രീകരിച്ചു കൊണ്ടും ദേവാലയ നിർമ്മാണത്തെ സോളമന്റെ കാലത്തെ ദേവാലയത്തിന്റെ പുനരാവിഷ്കാരമായി അവതരിപ്പിച്ചുകൊണ്ടും ഒരു പുതിയ തുടക്കത്തിന്റെ പ്രതീതിയാണ് ഈ ഗ്രന്ഥങ്ങൾ നൽകുന്നത്. ഇരുളടഞ്ഞുപോയ രക്ഷാകരചരിത്രത്തെ ദൈവകൃപയുടെ പുത്തൻപ്രകാശത്തിലേക്കു തിരിച്ചു കൊണ്ടുവരുന്നു എന്നതാണ് എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങളുടെ ദൈവശാസ്ത്രപരമായ പ്രാധാന്യം.

ആദ്യത്തെ ആറ് അധ്യായങ്ങൾ ബാബിലോൺ പ്രവാസത്തിൽനിന്ന് തിരിച്ചെത്തിയ ആദ്യ തലമുറയെക്കുറിച്ചുള്ള വിശദീകരണങ്ങളാണ്. സെറുബാബേലിന്റെയും ജോഷ്വായുടെയും നേതൃത്വത്തിൽ തിരിച്ചെത്തിയ ആദ്യ തലമുറ ദേശവാസികളുടെ എതിർപ്പിനെ അവഗണിച്ച് ദേവാലയം പുനരുദ്ധരിച്ച് ദൈവത്തിനു സമർപ്പിച്ചതാണ് ഈ ഭാഗത്തെ പ്രധാന ആശയം. എസ്രായുടെ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ ഏറ്റവും ശ്രമകരമായവസ്തുത ഇതിൽ പ്രസ്താവിക്കുന്ന അരമായ രേഖകളുടെ വ്യാഖ്യാനമാണ്. നാല് ഔദ്യോഗിക രേഖകൾ അരമായ ഭാഷയിൽതന്നെയാണ് മൂലകൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

1. റേഹും അർത്താക്സെർക്സസ് രാജാവിനെഴുതുന്ന എഴുത്ത (4:8–16)
2. അർത്താക്സെർക്സസ് രാജാവിന്റെ മറുപടി (4:17–22)
3. തത്തേനായി ദാരിയൂസിനെഴുതുന്ന കത്ത് (5:6–17)
4. ദാരിയൂസ് രാജാവിന്റെ മറുപടി (6:3–12)

ഈ ഔദ്യോഗികരേഖകൾ മാത്രമല്ല അവയ്ക്കിടയിലെ വിവരണങ്ങളും (4:23–5:5, 6:1–2, 13–18) അരമായ ഭാഷയിലാണ് മൂലകൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അന്യഭാഷയിൽ വിരചിതമായ ഈ ഭാഗങ്ങളുടെ കർതൃത്വത്തെക്കുറിച്ച് ഏറെ അഭിപ്രായാന്തരങ്ങൾ നിലവിലുണ്ട്. അരമായരേഖകളും വിവരണങ്ങളും മറ്റൊരു രചയിതാവ് പിൽക്കാലസംശോധനയിൽ (Editing) കൂട്ടിച്ചേർത്തതാണ് എന്നതാണ് ഒരു വാദം. അരമായഭാഷയിൽ മുന്നേ എഴുതപ്പെട്ടിരുന്ന രേഖകളെയും വിവരണങ്ങളെയും എസ്രായുടെ ഗ്രന്ഥകർത്താവ് തന്റെ രചനയിൽ കൂട്ടിച്ചേർത്തതായിരിക്കാം എന്നതാണ് മറ്റൊരുവാദം. എന്നാൽ ഈ വാദഗതികളുടെ സങ്കീർണ്ണത കൂടാതെതന്നെ ഈ ദ്വിഭാഷാ രചനയെ മനസ്സിലാക്കാവുന്നതാണ്. പേർഷ്യൻഭരണകാലത്തെ ഔദ്യോഗികഭാഷ അരമായ ആയിരുന്നതിനാൽ ഔദ്യോഗിക രേഖകളെല്ലാം അരമായഭാഷയിൽ മാത്രമേ ലഭ്യമായിരുന്നുള്ളൂ. അരമായഭാഷയിലെ രേഖകൾ തന്റെ രചനയിൽ ചേർത്ത ഗ്രന്ഥകാരൻ അവയുടെ വിവരണങ്ങളും അരമായഭാഷയിൽതന്നെ നൽകി എന്ന് അനുമാനിക്കാവുന്നതാണ്. ദാനിയേലിന്റെ പുസ്തകത്തിൽ ഇതിനു സമാനമായ രചനാശൈലി ദൃശ്യമാണ്.

ഹീബ്രുഭാഷയിലെഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിന്റെ ഒരു ഭാഗം (2:4–7:28) അരമായഭാഷയിലാണ് മൂലകൃതിയിൽ കാണപ്പെടുന്നത്. തന്മൂലം ദ്വിഭാഷാകൃതികൾ ആ കാലഘട്ടത്തിൽ അസാധാരണമായിരുന്നില്ല എന്ന് അനുമാനിക്കാം.

എസ്രാ 1–6 അധ്യായങ്ങൾ തുടർന്നുള്ള ഭാഗത്തിനും നെഹെമിയായുടെ പുസ്തകത്തിനും ആമുഖമായി വർത്തിക്കുന്നതായി വിലയിരുത്തപ്പെടാറുണ്ട്. ഈ അധ്യായങ്ങൾ എസ്രാ-നെഹെമിയായിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് ഒരു നൂറ്റാണ്ടിന് ശേഷം രചിക്കപ്പെട്ടതാണെന്നും ഇവിടെ വിവരിക്കപ്പെടുന്ന ദേവാലയനിർമ്മാണം ഗരീസിം മലമുകളിലെ സമരിയാക്കാരുടെ ദേവാലയനിർമ്മാണത്തെ ക്കുറിച്ചാണെന്നുമുള്ള ചില പണ്ഡിതൻമാരുടെ വാദം (ഉദാ. Blenkirsopp, Ezra-Nehemia, OTL, 1988) കേവലം സാങ്കല്പികമാകാനേ സാധ്യതയുള്ളൂ. ഈ അധ്യായങ്ങളിൽ സ്പഷ്ടമായി പ്രകടിപ്പിച്ചിട്ടുള്ള പേർഷ്യൻഭരണകൂടത്തോടുള്ള ആഭിമുഖ്യം ഒരു നൂറ്റാണ്ടിനു ശേഷം, അലക്സാണ്ടറുടെ ഭരണം ആരംഭിച്ച ശേഷം (യവനകാലഘട്ടം) വിശദീകരിക്കുക ദുഷ്കരമാണ്.

## സൈറസിന്റെ വിളംബരം (1:1–4)

ബാബിലോണിയൻ അടിമത്തം അവസാനിപ്പിച്ച് യഹൂദരെ ജറുസലേമിലേക്ക് തിരിച്ചയക്കുന്നതിനുള്ള സൈറസ് രണ്ടാമൻ രാജാവിന്റെ വിളംബരമാണ് ഒന്നാം അധ്യായത്തിന്റെ ഇതിവൃത്തം. ബി.സി 559ൽ പേർഷ്യൻരാജാവായി അവരോധിതനായ സൈറസ് മേദിയ, ലിദിയ, അസ്സീറിയ പ്രദേശങ്ങളെല്ലാം കീഴ്പ്പെടുത്തി. ബി.സി 539 ഒക്ടോബർ മാസത്തിൽ ബാബിലോണും പേർഷ്യൻ രാജാവിന് കീഴിലായി. ബാബിലോണിൽ നബുക്കദ്നേസറിന്റെ കാലം മുതൽ അടിമകളായിരുന്ന (ബി.സി. 589–539) യഹൂദരെ മോചിപ്പിക്കാൻ സൈറസ് തീരുമാനിച്ചു. അടിമകളായി കഴിഞ്ഞിരുന്ന വിവിധ ജനവിഭാഗങ്ങളെ സ്വദേശത്തേക്കു മടക്കി അയക്കുക എന്നത് സൈറസ് രാജാവിന്റെ നയമായിരുന്നു.

എസ്രായുടെ ഗ്രന്ഥകർത്താവ് രാജാവിന്റെ ഈ രാഷ്ട്രീയതീരുമാനത്തെ ദൈവികപദ്ധതിയുടെ ഭാഗമായിട്ടാണ് അവതരിപ്പിക്കുന്നത്. രാജാവിന്റെ മനസ്സിനെ ദൈവം "ഇളക്കി" (*ഹേയിർ* എന്ന ഹീബ്രു ക്രിയ) യതിന്റെ അനന്തര ഫലമായിട്ടാണ് യഹൂദവിമോചനത്തിന് രാജാവ് സന്നദ്ധമായത് എന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു (1:1). ഇതാകട്ടെ പ്രവാസത്തിന്റെ അന്ത്യത്തെക്കുറിച്ചുള്ള പ്രവചനങ്ങളുടെ സാക്ഷാത്കാരമായിരുന്നു. പ്രത്യക്ഷത്തിൽ ജറെമിയായുടെ പ്രവചനത്തെയാണ് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നതെങ്കിലും (ജറെ 25:11–12; 29:10; 51:1,11) രണ്ടാം ഏശയ്യായുടെ പ്രവചനങ്ങളും (ഏശ 41:2, 25; 44:28; 45:1, 13) ഇവിടെ സ്മരണീയമാണ്.

സൈറസിന്റെ വിളംബരത്തിൽ പരാമർശിക്കുന്ന ചില പദങ്ങൾ വ്യാഖ്യാനാർഹങ്ങളാണ്. ബാബിലോൺ കീഴടക്കിയ ശേഷം സൈറസ് ഒരിക്കലും തന്നെത്തന്നെ പേർഷ്യൻ രാജാവായി വിശേഷിപ്പിച്ചിരുന്നില്ല, മറിച്ച് ബാബിലോൺ രാജാവായിട്ടാണ് വിശേഷിപ്പിച്ചിരുന്നത് എന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തന്മൂലം എസ്രാ 6:3-5ൽ കാണപ്പെടുന്ന രാജശാസനത്തിന്റെ ആധികാരികതയാണ് കൂടുതൽ വിശ്വസനീയം എന്ന അഭിപ്രായത്തിനാണ് പണ്ഡിതരുടെ ഇടയിൽ പ്രാമുഖ്യമുള്ളത്. 1:2-4ലെ എഴുത്ത് ഗ്രന്ഥകാരന്റെയോ സംശോധകന്റെയോ കൂട്ടിച്ചേർക്കലുകൾക്ക് വിധേയമായിട്ടുണ്ട് എന്ന് അനുമാനിക്കാം. ഈ കത്തിൽ "സ്വർഗ്ഗത്തിന്റെ ദൈവമായ കർത്താവ്" എന്ന സംജ്ഞ പ്രവാസകാലത്തിന് മുൻപ് ബാൽദേവനെ(Baal Headad) വിശേഷിപ്പിക്കാൻ ഉപയോഗിച്ചതാണെങ്കിലും പ്രവാസാനന്തരകാലത്ത് യഹൂദർ ഈ പദം യാഹ്‌വേയെ സൂചിപ്പിക്കാൻ, വിശേഷിച്ചും വിജാതീയരുമായുള്ള സംഭാഷണത്തിൽ, ഉപയോഗിച്ചിരുന്നു (നെഹെ 1:4-5; ദാനി 2:37-44; യോനാ 1:9). ബാബിലോൺ രാജാവായ മർദൂക്ക്, തന്നെ സകല ലോകത്തിന്റെയും രാജാവായി നിയോഗിച്ചിരിക്കുന്നു എന്ന വിശ്വാസം സൈറസ് രാജാവിനുണ്ടായിരുന്നതായി ഇതര ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തന്മൂലം എഴുത്ത് എഴുതിയ രാജാവ് വിവക്ഷിച്ച ദൈവവും (ബാൽ/മർദൂക്ക്) എഴുത്തിലൂടെ യഹൂദർ മനസ്സിലാക്കിയ ദൈവവും (യാഹ്‌വെ) വ്യത്യസ്തമായിരുന്നു എന്ന് അനുമാനിക്കാം. "ഇസ്രായേലിന്റെ ദൈവമായ കർത്താവ്" എന്ന് 1:3ൽ യാഹ്‌വേയെ വ്യത്യസ്തമായി പരാമർശിക്കുന്നത് ഈ വാദത്തിന് ഉപോദ്ബലകമാണ്. 1:3ൽ ജറുസലേമിലേക്ക് പോകുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഹീബ്രു ക്രിയ (alah) പരമ്പരാഗതമായി ജറുസലേമിലേക്കുള്ള യഹൂദരുടെ വാർഷികതീർത്ഥാടനത്തെ സൂചിപ്പിക്കുന്ന ക്രിയയാണ്. തന്മൂലം പ്രവാസികളുടെ മടങ്ങിവരവിനെ ജറുസലേമിലേക്കുള്ള തീർത്ഥാടനമായാണ് വി. ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്.

1:4 ലെ അവശേഷിക്കുന്ന ജനം (ഹീബ്രുവിൽ *ഹാന്നിഷാർ*) എന്ന പദപ്രയോഗം ശ്രദ്ധേയമാണ്. ജനത്തിന്റെ സകല അവിശ്വസ്തതകൾക്കുമിടയിൽ ഒരു ന്യൂനപക്ഷം വിശ്വസ്തതയോടെ വ്യാപരിച്ച് ദൈവികപദ്ധതിയെ മുന്നോട്ട് നയിക്കുന്നു എന്ന വിശ്വാസം യഹൂദരുടെ ഇടയിൽ സജീവമായിരുന്നു. അവക്ഷിപ്തജനം (The remnant) എന്നപേരിൽ പ്രസിദ്ധമായ (1 ദിന 13:2, 2ദിന 30:6; 34:21; 36:20; നെഹെ 1:2-3) ഈ ജനവിഭാഗത്തെക്കുറിച്ചുള്ള സൂചന പുറപ്പാടുസംഭവത്തെ അനുസ്മരിപ്പിക്കുന്നു. പുറപ്പാടുസംഭവത്തിലെന്നതുപോലെ തദ്ദേശവാസികളുടെ സംഭാവനകളും സമ്മാനങ്ങളും സ്വീകരിച്ചാണ് (പുറ. 3:2, 11:2; 12:35-36) പ്രവാസികൾ തിരിച്ചുപോകുന്നത്. പ്രവാസികളുടെ തിരിച്ചുവരവിനെ രണ്ടാം പുറപ്പാടായി ചിത്രീകരിക്കുന്ന ശൈലി രണ്ടാം ഏശയ്യായിലും ദൃശ്യമാണ്.

## തിരിച്ചുവരവിനുള്ള ഒരുക്കങ്ങൾ (1:5-11)

തിരിച്ചുവരുന്നവരുടെ എണ്ണത്തെക്കുറിച്ചാണ് 1:5-8 ൽ പരാമർശിക്കുന്നത്. സൈറസിന്റെ വിളംബരത്തിലൂടെ മുഴുവൻ യഹൂദരും ബാബിലോണിൽനിന്ന് ജറുസലേമിലേക്ക് തിരിച്ചു പോന്നില്ല. ദൈവം പ്രചോദിപ്പിച്ച (വാ. 5) കുടുംബ തലവൻമാർ (ഹീബ്രുവിൽ *ബേത് അബേത്* = പിതാക്കൻമാരുടെ ഭവനം) മാത്രമേ തിരിച്ചുവന്നുള്ളൂ എന്നാണ് 5-ാം വാക്യം തരുന്ന സൂചന. ബാബിലോണിലെ പ്രവാസകാലത്ത് ആർജ്ജിച്ച സമ്പത്തും സുഖസൗകര്യങ്ങളും വെടിഞ്ഞ് ജറുസലേമിലെ അരക്ഷിതാവസ്ഥയിലേക്ക് തിരിച്ചു പോരാൻ യഹൂദരിൽ പലരും വിസമ്മതിച്ചതായി യഹൂദചരിത്രകാരനായ ജൊസേഫൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട് (Art. XI. 13). മനുഷ്യന്റെ മതാത്മകതയ്ക്കുമേൽ ഭൗതിക ലാഭങ്ങൾ വിജയം വരിക്കുന്നത് സ്വാഭാവികമാണല്ലോ.

ജറുസലേം ദേവാലയത്തിൽ നിന്ന് നബുക്കദ്നേസർ കൊള്ളയടിച്ച വിശുദ്ധപാത്രങ്ങൾ (2 ദിന 36:10,18) തിരിച്ചു നൽകാൻ സൈറസ് രാജാവ് കൽപിച്ചിരുന്നു. പ്രസ്തുത കല്പനയുടെ നിർവ്വഹണമാണ് 1:7-11ലെ ഉള്ളടക്കം. അടിമകളാക്കപ്പെട്ട എല്ലാ മതസ്ഥർക്കും താന്താങ്ങളുടെ ദേവൻമാരുടെ പ്രതിമകൾ അതതു ദേശത്ത് നിർമ്മിച്ചു നൽകാൻ സൈറസ് കൽപിച്ചിരുന്നു. യഹൂദർക്ക് സ്വന്തമായി ദേവപ്രതിമകൾ ഇല്ലാതിരുന്നതിനാലാണ് അവരുടെ വിശുദ്ധപാത്രങ്ങൾ തിരികെ നൽകിയത് എന്ന് അനുമാനിക്കാം. തകർക്കപ്പെട്ട ദേവാലയവും പുനരുദ്ധരിക്കപ്പെട്ട ദേവാലയവും തമ്മിലുള്ള തുടർച്ചാബന്ധത്തെ വെളിപ്പെടുത്തുന്നതാണ് ഈ പാത്രങ്ങൾ (2 ദിന 13:11). എസ്രായുടെ കാലത്തെ മടക്കയാത്രയിലും ദേവാലയത്തിലെ വിശുദ്ധപാത്രങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട് (2 ദിന 13:11).

1:8 ൽ പ്രവാസികളുടെ നേതാവായി നിയോഗിക്കപ്പെടുന്ന ഷെഷ്ബസാർ ആരായിരുന്നു എന്നതും തർക്കവിഷയമാണ്. യഹോയാക്കിം രാജാവിന്റെ മകനായ ഷെനാസ്സർ (1 ദിന 3:18) തന്നെയാണ് ഷെഷ്ബസാർ എന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ എസ്രാ 5:4-16ൽ ഷെഷ്ബസാർ യൂദാ ഗവർണ്ണറായി നിയമിക്കപ്പെടുന്നതായി കാണാം. അദ്ദേഹത്തിന്റെ പിൻഗാമികളായ അനേകം ഗവർണ്ണർമാരെക്കുറിച്ച് നെഹെമിയായും സൂചിപ്പിക്കുന്നുണ്ട് (നെഹെ 5:15). യഹൂദ ഭരണാധിപനായി (ഹീബ്രുവിൽ *നാഷി* = നേതാവ്) പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും ഷെഷ്ബസാർ എന്നത് തികച്ചും ഒരു ബാബിലോണിയൻ നാമമാണ്. തന്മൂലം യഹൂദപ്രവിശ്യയായ യൂദയായുടെ ഗവർണ്ണറായി അയക്കപ്പെട്ട ആദ്യവ്യക്തിയാണ് ഷെഷ്ബസാർ എന്ന് അനുമാനിക്കാം. 5:14-16 ൽ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തുന്നത് ഷെഷ്ബസാർ ആണെന്നുള്ള വസ്തുത അദ്ദേഹത്തിന്റെ രാജകീയ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്.

വിശുദ്ധപാത്രങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള വിവരണത്തിൽ (1:9–11) ശ്രദ്ധേയമായ പൊരുത്തക്കേടുകളുണ്ട്. പാത്രങ്ങളുടെ ആകെ എണ്ണം 11–ാം വാക്യത്തിൽ 5400 എന്നു നൽകിയിട്ടുണ്ടെങ്കിലും 1:9–10 ലെ പാത്രങ്ങളുടെ പട്ടികയുടെ ആകെത്തുക 2499 മാത്രമാണ്. സംഖ്യാപരമായ ഈ പൊരുത്തക്കേട് ലളിതമായി വ്യാഖ്യാനിക്കാവുന്നതാണ്. സ്വർണ്ണം, വെള്ളി തുടങ്ങി ഏറെ വിലപിടിപ്പുള്ള പാത്രങ്ങൾ മാത്രമേ പട്ടികയിൽ പരാമർശിക്കുന്നുള്ളുവെങ്കിലും ചെമ്പ്, ഓട് തുടങ്ങിയവ കൊണ്ടു നിർമ്മിച്ച പാത്രങ്ങളും ദേവാലയത്തിൽ ഉണ്ടായിരുന്നു (2 രാജ 25:14–17). ഇവയുംകൂടി ചേർത്ത എണ്ണമാണ് 5400 എന്ന് അനുമാനിക്കാം. അപ്രമാണികഗ്രന്ഥങ്ങളും ദേവാലയത്തിലെ പാത്രങ്ങളുടെ എണ്ണം 5400നടുത്താണെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട് (1 എസ്ദ്രാസ് 2:14).

## തിരികെ വരുന്നവരുടെ പട്ടിക ( 2:1–70)

നാമങ്ങളുടെ ഉച്ചാരണ വ്യത്യാസങ്ങളും ഗോത്രങ്ങളുടെ അംഗസംഖ്യകളിലെ വ്യത്യാസങ്ങളും അവഗണിച്ചാൽ എസ്രാ 2:1–69 ലെ വിവരണം നെഹെ 7:6–69 ലെ വിവരണവുമായി പദാനുപദം പൊരുത്തപ്പെട്ടതാണെന്നു ഗ്രഹിക്കാനാകും. ഈ രണ്ടുപട്ടികകളിൽ ഏതാണ് മൂലരചന എന്നത് ബൈബിൾ ചരിത്രകാരന്മാരുടെയിടയിലെ തർക്കവിഷയമാണ്. ഇവയുടെ രചനാകാലവും ഈ പട്ടികയുടെ ലക്ഷ്യവും കൃത്യമായി നിർണ്ണയിക്കുക ദുഷ്കരമാണ്. പ്രവാസികളിൽ പത്തുശതമാനം പേരെ തിരികെ കൊണ്ടുവരുന്ന വംശശുദ്ധിയുടെ തെളിവായിട്ടാണ് (നെഹെ 7:5) ഈ പട്ടിക നെഹെ 7:6–69 ൽ നൽകുന്നത്. എന്നാൽ ഇപ്രകാരമൊരു പട്ടിക എസ്രാ 2:1–69 ൽ നൽകുന്നതിന്റെ കാരണം വ്യക്തമല്ല. തന്നെയുമല്ല, എസ്രാ ഒന്നാം അധ്യായത്തിലെ വിവരണമനുസരിച്ച് ഷെഷ്ബാസറുടെ നേതൃത്വത്തിൽ തിരിച്ചുവരുന്നവരുടെ പട്ടികയാണ് വായനക്കാർ ന്യായമായും പ്രതീക്ഷിക്കുന്നത്. എന്നാൽ 2:1–2 ൽ പരാമർശിക്കുന്ന ജനനേതാക്കന്മാരുടെ കൂട്ടത്തിൽ ഷെഷ്ബസാറുടെ പേര് ഇല്ല എന്നുമാത്രമല്ല മറ്റുഗവർണർമാരുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടുതാനും. തന്മൂലം എസ്രാ 2: 1–69 നെ നെഹെ 7:6–69 ന്റെ പുനരാവിഷ്കരണമായി കരുതാനാണ് പണ്ഡിതന്മാർ കൂടുതൽ താല്പര്യപ്പെടുന്നത്. നിലവിലുണ്ടായിരുന്ന ഒരു പട്ടികയെ (Source lite) എസ്രായും നെഹെമിയായും വ്യത്യസ്തലക്ഷണങ്ങളോടെ സംശോധന (editing) നടത്തി എന്നു കരുതുന്നതാണ് കൂടുതൽ ശരി. ഇപ്രകാരം സുദീർഘമായൊരു പട്ടിക നൽകുന്നതിന്റെ ലക്ഷ്യമെന്താണ് എന്ന ചോദ്യവും പ്രസക്തമാണ്. പ്രവാസികളായി ബാബിലോണിലേക്കു നാടുകടത്തപ്പെട്ടവരുടെ എണ്ണത്തെക്കുറിച്ച് 2 രാജാ 24:14 (10000); 2 രാജാ 24:16 (8000); ജറെ 52:28–30 (4600) എന്നീ വചനഭാഗങ്ങളിൽ നൽകുന്ന എണ്ണത്തേക്കാൾ വളരെ വലിയ ഒരു സംഖ്യയാണ് എസ്രാ 2:1–69ൽ കാണുന്നത്. പേർഷ്യൻനഗരങ്ങളിലെ നികുതിദായകരുടെ എണ്ണം കുറിക്കുന്ന പട്ടികയെ എസ്രാ-നെഹെമിയ ഗ്രന്ഥകാരന്മാർ അതേപടി പ്രയോജനപ്പെടുത്തിയതിന്റെ പരിണിതഫലമാണ് ഈ പട്ടിക എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ, നഗരവും ദേവാലയവും സ്വന്തമായി പണിയാൻ മാത്രം

കരുത്തുള്ള ഒരു ജനവിഭാഗം പ്രവാസാനന്തരം തിരിച്ചെത്തിയിട്ടുണ്ട് എന്ന് തങ്ങളുടെ ശത്രുക്കളായ സമരിയാക്കാരെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ ദീർഘമായ പട്ടിക നൽകിയിരിക്കുന്നത് എന്നു കരുതുന്നവരുമുണ്ട്. ഏതാണെങ്കിലും ഇത് പ്രവാസികളുടെ ആദ്യഗണത്തിന്റെ മാത്രം പട്ടികയാകാൻ സാധ്യതയില്ല. റാൽഫ് ക്ലെൻ ചൂണ്ടിക്കാണിക്കുന്നതുപോലെ നെഹെമിയായുടെ കാലത്തു നടന്ന ഒരു സെൻസസിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പട്ടിക തയ്യാറാക്കിയിരിക്കുന്നത് എന്ന് അനുമാനിക്കാം. തിരിച്ചുവന്നവർ വംശശുദ്ധിയിൽ കറയറ്റവരും എണ്ണത്തിൽ കരുത്തരും ഇസ്രായേലിനെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നവരുമാണെന്ന് സ്ഥാപിക്കുകയാണ് ഈ പട്ടികയുടെ ലക്ഷ്യം.

2:1-2ൽ പതിനൊന്ന് നേതാക്കന്മാരുടെ പേരുവിവരം നൽകുന്നുണ്ട്. ഒന്നാം അധ്യായത്തിലെ ഷെഷ്ബാസറുടെ പേരുകൂടി ചേർക്കുമ്പോൾ ഇസ്രായേലിന്റെ നേതാക്കന്മാരുടെ എണ്ണം പന്ത്രണ്ടുഗോത്രത്തലവന്മാരെ അനുസ്മരിപ്പിക്കുന്ന 12 എന്ന മാന്ത്രികസംഖ്യയാകുന്നു. തിരിച്ചെത്തിയവർ ഭാഗികമാണെങ്കിലും അവർ മുഴുവൻ ഇസ്രായേലിനെയും പ്രതിനിധാനം ചെയ്യുന്നതായി ഈ സംഖ്യാഗണന സൂചന നൽകുന്നു.

പ്രവാസികളുടെ പട്ടികയെ രണ്ടായി തരംതിരിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒന്നാമതായി 2:3-35ൽ തിരിച്ചെത്തിയവരുടെ കൂട്ടത്തിലെ സാധാരണ ജനങ്ങളുടെ പട്ടികയാണ് അവതരിപ്പിക്കുന്നത്. ഈ പട്ടികയിൽ 2:3-20ൽ തിരിച്ചെത്തിയവരുടെ കുടുംബക്രമത്തിലുള്ള എണ്ണം നൽകുമ്പോൾ 2:21-35 ൽ തിരിച്ചെത്തിയവരുടെ നഗരക്രമത്തിലുള്ള എണ്ണമാണ് നൽകുന്നത്. 2:36-58 ൽ തിരിച്ചെത്തിയവരുടെ കൂട്ടത്തിലെ പുരോഹിതരുടെയും ലേവായരുടെയും ദേവാലയശുശ്രൂഷികളുടെയും പട്ടികയാണ് നൽകിയിരിക്കുന്നത്. 2:59-63 ൽ തിരിച്ചെത്തിയവരുടെ കൂട്ടത്തിലെ വംശപരമ്പര കൃത്യമായി തിട്ടപ്പെടുത്താനാവാത്ത പുരോഹിത-അൽമായ വിഭാഗങ്ങളുടെ പട്ടികയാണ് നൽകുന്നത്. ചുരുക്കത്തിൽ രണ്ടാം അധ്യായത്തിന്റെ ഘടനയെ ചുവടെ ചേർത്തിരിക്കുന്നപ്രകാരം ചിത്രീകരിക്കാവുന്നതാണ്.

**A** 2:1-2. ജനനേതാക്കളായവരുടെ പേരുവിവരം

**B** 2:3-35 തിരിച്ചെത്തിയ സാധാരണക്കാരായ ജനങ്ങളുടെ പട്ടിക

2:3-20 തിരിച്ചെത്തിയ ജനങ്ങളുടെ കുടുംബ ക്രമത്തിലുള്ള പട്ടിക. ഇവരുടെ എണ്ണം 15,600 ആണ്.

2:21-35 തിരിച്ചെത്തിയ ജനങ്ങളുടെ നഗരക്രമത്തിലുള്ള പട്ടിക. ഇവരുടെ എണ്ണം 8,540 ആണ്.

**C** 2:36-58 പുരോഹിത ശുശ്രൂഷകരുടെ പട്ടിക

2:36-39 തിരിച്ചെത്തിയ പുരോഹിതരുടെ പട്ടിക. 1 ദിന 24:7-18 ലെ പുരോഹിതരുടെ പട്ടികയുടെ ആവർത്തനമാണിത്. മൊത്തം ജനസംഖ്യയുടെ പത്തിലൊന്നുവരുന്നതാണ് ഈ പട്ടിക.

2:40–42 തിരിച്ചെത്തിയ 74 ലേവായരുടെ പട്ടിക. ദാവീദിന്റെ കാലത്ത് 38000 ലേവായരുണ്ടായിരുന്നെങ്കിൽ (1 ദിന 23:3) തിരിച്ചെത്തിയവരുടെ കൂട്ടത്തിൽ അവരുടെ എണ്ണം ഗണ്യമായവിധം പരിമിതമായിരുന്നു; എസ്രാ 8:18–19ൽ 38ലേവായരെകൂടി പരാമർശിക്കുന്നുണ്ടെങ്കിലും ലേവ്യരുടെ എണ്ണത്തിലെ കുറവ് ശ്രദ്ധാർഹമാണ്. സാമൂഹികവും സാമ്പത്തികവുമായി അവഗണിക്കപ്പെട്ട വിഭാഗമായിരുന്നതിനാൽ ലേവായരിൽ പലരും വിപ്രവാസികളായി ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടിട്ടില്ലായിരുന്നിരിക്കാം. അഥവാ നാടുകടത്തപ്പെട്ട ലേവായപ്രവാസികൾ തിരിച്ചുവരാൻ താല്പര്യം കാണിക്കാതിരുന്നതുമാകാം (എസെ 44:10–14 കാണുക).

2:43–58ൽ തിരിച്ചെത്തിയ ദേവാലയശുശ്രൂഷകരുടെ (ഹീബ്രുവിൽ- നെതിനിം) പട്ടിക നൽകിയിരിക്കുന്നു. പ്രവാസാനന്തരസമൂഹത്തിലെ ഒരു വിഭാഗമായിട്ടാണ് ഇവർ അറിയപ്പെടുന്നത്. ഇവരുടെ എണ്ണം 392 ആയിരുന്നു.

D 2:59–63ലെ പട്ടിക പുരോഹിത-അത്മായ സങ്കരമാണ്. സ്വന്തം ഗോത്രവും വംശവും സംശയാതീതമായി തെളിയിക്കാൻ കഴിയാത്ത മൂന്ന് അത്മായകുടുംബങ്ങളും (ദെലായില, തോബിയ, നെക്കോദിയ), മൂന്ന് പുരോഹിത കുടുംബങ്ങളും (ഹബായിയ, ഹക്കോസ്- 1 ദിന 24:10; നെഹ 3:4,21, ബെർസില്ലായി- 2 സാമു 17:27–29; 19:31–29; രാജാ 2:7) ഈ പട്ടികയിൽ പെടുന്നു. എസ്രാ 2:63ൽ പരാമർശിക്കുന്ന ഗവർണർ (ഹീബ്രുവിൽ- *തിർസാതാ*) ആരാണെന്ന് കൃത്യമായി നിർണ്ണയിക്കുക ബുദ്ധിമുട്ടാണ്. കാരണം ഈ പട്ടികയുടെ രചനാകാലം കൃത്യമായി നിർണ്ണയിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. അപ്രമാണികഗ്രന്ഥമായ 1 എസ്ദ്രാസ് 5:40ൽ ഈ ഗവർണർ നെഹെമിയാ ആണെന്ന് സൂചിപ്പിക്കുന്നുണ്ട്. എസ്രാ 2:63ലെ ഊറിം തുമ്മിം ഉപകരണങ്ങൾ പൗരോഹിത്യവുമായി ബന്ധപ്പെട്ട രഹസ്യസ്വഭാവമുള്ള വിശുദ്ധ ഉപകരണങ്ങളാണ്. ദൈവഹിതമറിയാനാണ് ഇവ ഉപയോഗിച്ചിരുന്നത്. ഇതേക്കുറിച്ച് വളരെ പരിമിതമായ അറിവുകളേയുള്ളൂ. ഇത് ലോഹനിർമ്മിതമോ കല്ലിൽ കൊത്തിയെടുത്തതോ ആയ വൃത്താകൃതിയോ അർദ്ധവൃത്താകൃതിയോ ഉള്ള വസ്തുവാണെന്നു കരുതപ്പെടുന്നു.

മഹാപുരോഹിതൻ തന്റെ ഉരസ്ത്രാണത്തിനുള്ളിലുള്ള പ്രത്യേകഅറയിൽ എഫോദിനോടൊപ്പം ഈ ഉപകരണവും സൂക്ഷിച്ചിരുന്നു. (പുറ. 28:30). അതിനാൽ ഇവ നന്നേ ചെറുതായിരുന്നു എന്നു കരുതാം. പഴയനിയമത്തിൽ പല അവസരങ്ങളിലും ഈ ഉപകരണങ്ങൾ പ്രതിപാദിക്കപ്പെടുന്നുണ്ട് (ലേവ്യ.8:8; എസ്രാ 2:63; നെഹെ 7:65; നിയ. 33:8; സംഖ്യ 27:21; 1 സാമു 28:6; 14:41). ഈ വാക്കുകളുടെ യഥാർത്ഥഅർത്ഥം അജ്ഞാതമാണ്.

2:64–70ൽ നൽകുന്ന ജനസംഖ്യയുടെ ആകെത്തുക (42,360) 2:3–63 വരെ നൽകിയിരിക്കുന്ന വിശദാംശങ്ങളുടെ ആകെത്തുകയുമായി (29,818) പൊരുത്തപ്പെടുന്നില്ല. നെഹെമിയായുടെ പട്ടികയിൽ ഇത് 31,089 ആണെങ്കിൽ 1 എസ്ദ്രാസിൽ ഇത് 30,142 ആണ്. എണ്ണത്തിലെ ഈ പൊരുത്ത

ക്കേടിന് പണ്ഡിതർ നൽകുന്ന വിശദീകരണം വ്യത്യസ്തമാണ്. പുരുഷന്മാരുടെ എണ്ണം മാത്രമാണ് 2:3-63 ൽ നൽകിയിരിക്കുന്നതെങ്കിൽ ആകെത്തുകയിൽ സ്ത്രീകളെയും ഉൾപ്പെടുത്തിയിരിക്കുന്നതിനാലാണ് എണ്ണത്തിൽ വ്യത്യാസം വന്നത് എന്നു വാദിക്കുന്നവരുണ്ട്. കുടുംബങ്ങളോടനുബന്ധിച്ചുള്ള പാട്ടുകാരുടെയും (2 സാമു19:35) ദാസരുടെയും എണ്ണം കൂടി കണക്കിലെടുത്തതിനാലാണ് ആകെത്തുക വർദ്ധിച്ചതെന്നാണ് മറ്റൊരു അഭിപ്രായം. 2:66ൽ പരാമർശിക്കുന്ന മൃഗങ്ങളുടെ എണ്ണവും കൂടി ചേർത്ത് തിരിച്ചുപോകുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും ആകെ എണ്ണമാണ് 2:64ൽ പരാമർശിക്കുന്നത് എന്നതാണ് മൂന്നാമത്തെ കൂട്ടരുടെ അഭിപ്രായം.

2:69 ൽ ദേവാലയനിർമ്മാണത്തിനുള്ള പിരിവിനെക്കുറിച്ചാണ് പരാമർശിക്കുന്നത്. ആദ്യദേവാലയം രാജാക്കന്മാരുടെ സംഭാവനയാൽ നിർമ്മിതമായിരുന്നെങ്കിൽ രണ്ടാം ദേവാലയത്തിന്റെ നിർമ്മാണം തികച്ചും ജനകീയമായ സംഭാവനയാലാണ് നടന്നതെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. 6000 ദ്രാഗ്മ സ്വർണ്ണവും (ഏകദേശം 5 ക്വിന്റൽ സ്വർണ്ണവും) 5000 മിനാ (ഏകദേശം 30 ക്വിന്റൽ) വെള്ളിയും സംഭാവനയായി ലഭിച്ചു. തിരിച്ചെത്തിയ ജനം സമ്പന്നരായിരുന്നു എന്ന് ഈ ഉദാരമായ സംഭാവന വ്യക്തമാക്കുന്നുണ്ട്. ഈജിപ്തിലെ അടിമത്തം പോലെ ബാബിലോണിയൻ അടിമത്തം ദുരിതപൂർണ്ണമായിരുന്നില്ല എന്ന് അനുമാനിക്കാം. അതുകൊണ്ടുതന്നെയാകാം പ്രവാസികളിൽ പലരും തിരിച്ചുപോരാൻ മടികാണിച്ചതും.

**വിചിന്തനം**

1. മതവും രാഷ്ട്രീയവും തമ്മിലുള്ള സമാധാനപൂർണ്ണമായ സഹവർത്തിത്വം വിവേകത്തിന്റെ ലക്ഷണമാണ്. ദൈവവിശ്വാസവും മതാചാരങ്ങളും മനുഷ്യത്വത്തിലെ അനിഷേധ്യമായ വസ്തുതകളാണ്. രാഷ്ട്രീയാധികാരികൾ മതധ്വംസനം നടത്തുന്നത് സ്വത്വനിഷേധമായതിനാൽ സ്വാഭാവികമായും എതിർപ്പും ക്രമസമാധാനപ്രശ്നങ്ങളുമുണ്ടാകും. സൈറസ് രണ്ടാമൻ എന്ന വിവേകമതിയായ രാജാവ് എല്ലാമതവിശ്വാസികളെയും സ്വതന്ത്രമായി ആരാധിക്കാൻ അനുവദിച്ചതിലൂടെ പേർഷ്യൻ സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിക്കപ്പെട്ടു. ന്യായമായരാഷ്ട്രീയാധികാരങ്ങളെ മാനിക്കുന്ന സമീപനമാണ് എസ്രായുടെ ഗ്രന്ഥത്തിലുടനീളം കാണുന്നത്. മതം രാഷ്ട്രീയത്തെ വിഴുങ്ങുന്നതും അപകടകരമാണെന്ന് മധ്യകാലത്തെ ഇരുണ്ടയുഗങ്ങളും താലിബാൻ മോഡൽ ഭരണകൂടങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നു. മതവും രാഷ്ട്രീയവും തമ്മിലുള്ള ആരോഗ്യകരമായ സംതുലനം സംരക്ഷിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെയും ആവശ്യമാണ്.

2. എസ്രായുടെ ഗ്രന്ഥം നൽകുന്ന കുടുംബപ്പേരുകളും വംശാവലികളും ഒരു ജനതയുടെ സ്വത്വപ്രതിസന്ധിയെ അതിജീവിക്കാനുള്ള മാർഗ്ഗമായിട്ടാണ് മനസ്സിലാക്കേണ്ടത്. താൻ ഈ ഭൂമിയിൽ ഒറ്റപ്പെട്ട ഒരു അസ്ഥിത്വമല്ലെന്നും മറിച്ച് തന്റെ വംശവൃക്ഷത്തിലെ ശാഖോപശാഖകളോട് നിരന്തരമായും ക്രിയാത്മകമായും സംവേദനം നടത്തുന്ന സാഹോദര്യമാ

ണെന്നുമുള്ള യാഥാർത്ഥ്യം ഗ്രഹിക്കാൻ വംശാവലികളിലൂടെ സാധിക്കും. ആധുനിക മനുഷ്യർ പലപ്പോഴും രണ്ടുതലമുറകൾക്കപ്പുറത്തുള്ള പൂർവ്വികരെപ്പോലും വിസ്മരിക്കുന്നവരാണ്. കുടുംബവൃക്ഷത്തിലെ ശാഖകളെ മനസ്സിലാക്കുന്നതും സഹകരിക്കുന്നതും സഹായിക്കുന്നതുമെല്ലാം ആത്മീയതയുടെ ഭാഗം തന്നെയാണ്. എന്നാൽ വംശാവലി പഠനം വർഗ്ഗീയതയിലൂന്നിയ ഔദ്ധത്യത്തിനും കുലമഹിമയിലൂന്നിയ പൊങ്ങച്ചത്തിനും ഇടവരുത്തരുത്. സകലമനുഷ്യരും ഒരേ പിതാവിന്റെ മക്കളായതിനാൽ സഹോദരങ്ങളാണ് എന്ന തിരിച്ചറിവിലേക്കാണ് വംശാവലികൾ നമ്മെ നയിക്കേണ്ടത്.

3. പ്രത്യക്ഷത്തിൽ പ്രസക്തമെന്നു തോന്നുന്ന ഈ വംശാവലി രക്ഷാകരചരിത്രത്തിൽ നിർണ്ണായകസ്ഥാനമുള്ളതാണ്. രക്ഷകനായ യേശുവിന്റെ വംശാവലിയിൽ (മത്താ 1:1-17) പരാമർശിക്കുന്ന പലപേരുകളും എസ്രാ 2ൽ നിന്നുള്ളവയാണ്. മത്തായിയുടെ സുവിശേഷത്തിലെ വംശാവലിയുടെ വിഭജനത്തിൽ നിർണ്ണായകമായ കാലഘട്ടം വിപ്രവാസകാലമാണ്. അബ്രാഹം മുതൽ ദാവീദുവരെ 14 തലമുറകളും ദാവീദുമുതൽ ബാബിലോൺ പ്രവാസം വരെ 14 തലമുറകളും ബാബിലോൺ പ്രവാസം മുതൽ യേശുവരെ 14 തലമുറകളും എന്നതാണ് മത്തായിയുടെ വംശാവലി ചിത്രീകരണം.

4. പുനരുദ്ധാരണം (restoration) എന്നത് വി. ഗ്രന്ഥത്തിലെ സുപ്രധാനമായ ഒരു ആശയമാണ്. പറുദീസാ നഷ്ടമാക്കിയ മനുഷ്യനെ ദൈവം പുനരുദ്ധരിക്കുന്നതിന്റെ ചരിത്രമാണല്ലോ രക്ഷാകരചരിത്രം. എപ്പോഴെല്ലാം മനുഷ്യർ പാപം മൂലം ദൈവത്തെയും അതുവഴി സ്വന്തം സ്വത്വത്തെയും നഷ്ടമാക്കിയോ അപ്പോഴെല്ലാം ദൈവം അവരെ പുനരുദ്ധരിക്കുന്നതായി കാണാം. ജലപ്രളയവും ഈജിപ്തിലെ അടിമത്തവും പുറപ്പാടുസംഭവവും വിപ്രവാസവും വിമോചനവുമെല്ലാം ഈ പുനരുദ്ധാരണപ്രക്രിയയുടെ ഭാഗമായിരുന്നു. ദൈവജനം പുനരുദ്ധരിക്കപ്പെടുന്നതോടെ ദൈവാലയവും ആരാധനാക്രമവും പുനരുദ്ധരിക്കപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്. ദൈവജനത്തെ പുനരുദ്ധരിക്കാതെ, ദൈവോന്മുഖരാക്കാതെ ദേവാലയം നിർമ്മിക്കാൻ നടത്തുന്ന ശ്രമങ്ങളും ആരാധനാക്രമം പരിഷ്കരിക്കാൻ നടത്തുന്ന ശ്രമങ്ങളും പലപ്പോഴും കലാപത്തിലേ കലാശിക്കുകയുള്ളൂ.

5. എല്ലാ ദുഃഖങ്ങൾക്കും അടിമത്തങ്ങൾക്കും കണ്ണീരിനും അവസാനമുണ്ടെന്നതാണ് വിപ്രവാസത്തിന്റെ അന്ത്യം തരുന്ന അടിസ്ഥാന സന്ദേശം. തന്റെ ജനത്തിന്റെ നിലവിളി കേൾക്കുന്ന ദൈവം ഒരിക്കലും തന്റെ ജനത്തെ പൂർണ്ണമായും കൈവെടിയുന്നില്ല. പറുദീസാമുതൽ ബാബിലോൺ വരെയുള്ള കണ്ണുനീരിന് ദൈവം നൽകിയ ഉത്തരമാണ് എസ്രായുടെ പുസ്തകം അനുസ്മരിക്കുന്നത്. യേശുവിന്റെ ഉത്ഥാനത്തിലൂടെ മനുഷ്യകുലം നേടാനിരിക്കുന്ന സമ്പൂർണ്ണവിമോചനത്തിന്റെ മുന്നാസ്വാദനമായി ബാബിലോൺ പ്രവാസത്തിൽ നിന്നുള്ള വിമോചനത്തെ മനസ്സിലാക്കാവുന്നതാണ്.

# ബലിപീഠനിർമ്മാണവും ദൈവാലയ ശിലാസ്ഥാപനവും (3:1–13)

3:1–6 ൽ ബലിപീഠനിർമ്മാണവും പ്രഥമബലിയർപ്പണവും വിവരിക്കുമ്പോൾ 3:7–13ൽ ദേവാലയശിലാന്യാസമാണ് ഇതിവൃത്തം. യേഷുവായും സെറുബാബേലുമാണ് ഈ രണ്ടു സംഭവങ്ങളിലും നെടുനായകത്വം വഹിക്കുന്നത്. ഹഗ്ഗായി, സഖറിയാ ഗ്രന്ഥങ്ങളിലെ വിവരണങ്ങളുടെ വെളിച്ചത്തിൽ ഈ നേതാക്കന്മാരുടെ കാലം ദാരിയൂസ് ഒന്നാമൻ രാജാവിന്റെ ഭരണകാലത്താണെന്ന് (521–486) അനുമാനിക്കാം. ദാരിയൂസിന്റെ ഭരണം ആരംഭിക്കുന്നതിനുമുൻപുതന്നെ യേഷുവായും സെറുബാബേലും ബലിപീഠം നിർമ്മിച്ചു എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും നിഗമനം. ഇതു നിഷേധിക്കാൻ കാരണങ്ങളൊന്നുമില്ലാത്തതിനാൽ എസ്രാ 3ൽ വിവരിക്കുന്ന സംഭവങ്ങൾ ബി.സി. 530 നോടടുത്ത് സംഭവിച്ചു എന്ന് അനുമാനിക്കാം.

## ബലിപീഠനിർമ്മാണം (3:1–6)

വിവിധ പട്ടണങ്ങളിൽ വസിച്ചിരുന്ന ജനം “ഒറ്റക്കെട്ടായി” ഏഴാം മാസമായ തിഷ്റിയിൽ ജറുസലേമിൽ ഒരുമിച്ചുകൂടിയാണ് ബലിപീഠം നിർമ്മിച്ചത്. നേതാക്കന്മാരുടെയും പ്രധാനപുരോഹിതരുടെയും നിർദ്ദേശാനുസൃതം ബലിയർപ്പണത്തിനും നിയമപാരായണത്തിനുമായി ജനങ്ങൾ ഒരുമിച്ചുകൂടുന്നതിന്റെ വിവരണങ്ങൾ ദിനവൃത്താന്തഗ്രന്ഥങ്ങളിലും എസ്രാ-നെഹെമിയായിലും സുലഭമാണ് (1 ദിന 13:1–5, 2 ദിന 5:2–3; 20:3–4; 30:1–3; 34:20–32; എസ്രാ 10:79). എന്നാൽ ബലിപീഠനിർമ്മാണത്തിനായി, നേതാക്കളുടെ നിർദ്ദേശാനുസൃതമല്ല സ്വമനസ്സാ ജനം വന്നു ചേരുകയായിരുന്നു. ആദ്യദേവാലയത്തിലെ ബലിപീഠം ദേശവാസികളായ യഹൂദർ ഉപയോഗിച്ചിരുന്നതായി അനുമാനിക്കാം (ജറെ 41:5). എന്നാൽ യഹൂദരിൽ ഒരുവൻപോലും ജറുസലേമിൽ അവശേഷിച്ചിരുന്നില്ല എന്ന ധാരണയിലാണ് എസ്രാ-നെഹെമിയ ഗ്രന്ഥങ്ങളിലെ വിവരണങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. പ്രവാസാനന്തരം തിരിച്ചെത്തിയ യഹൂദർ മാത്രമാണ് വംശശുദ്ധിയുള്ള യഹൂദർ എന്നും ദേശത്ത് അവശേഷിച്ചിരുന്ന യഹൂദർ വംശശുദ്ധി നഷ്ടമായവരാണെന്നുമുള്ള ധാരണ ഈ ഗ്രന്ഥങ്ങളിൽ സ്പഷ്ടമാണ്.

ബലിപീഠനിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്നത് യേഷുവായും സെറുബാബേലുമാണ്. പ്രവാസത്തിനുമുമ്പത്തെ അവസാന പ്രധാന പുരോഹിതനായിരുന്ന യഹോസാദെക്കിന്റെ (യോസാദെക്ക് - 1 ദിന 6:1–15) പിൻ തലമുറക്കാരനായിരുന്നു യേഷുവാ. ബാബിലോൺ സൈന്യം വധിച്ച പ്രധാന പുരോഹിതൻ സെറായിയാ യേഷുവായുടെ പിതാമഹനാണ് (2 രാജാ 25:18 –21; ജറെ 52:24–27).

എസ്രാ - നെഹെമിയായിൽ ഇദ്ദേഹത്തെ പ്രധാനപുരോഹിതൻ എന്നു വിളിക്കുന്നില്ലെങ്കിലും ഹഗ്ഗായി, സഖറിയ ഗ്രന്ഥങ്ങൾ യേഷുവായെ (ജോഷ്വാ) പ്രധാനപുരോഹിതനായാണ് സംബോധന ചെയ്യുന്നത്.

സെറുബാബേൽ ബി.സി. 525ൽ നടന്ന ഈജിപ്ഷ്യൻയുദ്ധത്തിലെ നായകനായിരുന്നു. യുദ്ധവിജയത്തിന് പാരിതോഷികമായി കംബി

സസ്രാജാവ് അദ്ദേഹത്തെ യൂദായുടെ ഗവർണറായി നിയമിച്ചതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എസ്രാ 3:2ൽ സെറുബാബേലിന്റെ പിതാവ് ഷെയാൽത്തിയേലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 1 ദിന 3:19ൽ പെദായിയായുടെ മകനാണ് സെറുബാബേൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഷെയാൽത്തിയേലിന്റെ മരണശേഷം ലേവിർ നിയമപ്രകാരം സഹോദരനായ പെദായിയാ സഹോദരഭാര്യയെ വിവാഹം ചെയ്തതിനാലാണ് പിതാവിന്റെ പേരിനെക്കുറിച്ച് അന്തരമുണ്ടായതെന്ന് പണ്ഡിതന്മാർ നിരൂപിക്കുന്നു.

ദൈവപുരുഷനായ മോശയുടെ നിയമപ്രകാരമാണ് ബലിപീഠം നിർമ്മിച്ചത്. മോശയെ "ദൈവപുരുഷൻ" എന്ന സംജ്ഞയിലൂടെ വിശേഷിപ്പിക്കുന്ന ശൈലി സമകാലിക വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണാം (1 ദിന 23:14; 2 ദിന 30:16). കാനാൻദേശത്തു പ്രവേശിച്ചാലുടൻ ഇരുമ്പായുധങ്ങൾ ഉപയോഗിക്കാതെ കല്ലുകൊണ്ട് കർത്താവിന് ബലിപീഠം നിർമ്മിക്കുന്നതിനെക്കുറിച്ച് മോശ നിർദ്ദേശം നൽകിയിരുന്നു (നിയ 27:6-7 പുറ 20:25; 1 മക്ക 4:47). പഴയ ദേവാലയത്തിന്റെയും ബലിപീഠത്തിന്റെയും തുടർച്ചയാണ് പ്രവാസാനന്തരം നിർമ്മിക്കപ്പെടുന്ന ദേവാലയവും ബലിപീഠവുമെന്ന് ഒരിക്കൽകൂടി വ്യക്തമാക്കുകയാണിവിടെ. പ്രവാസികളുടെ തിരിച്ചുവരവിനെ രണ്ടാം പുറപ്പാടായി അവതരിപ്പിക്കുക എന്ന ലക്ഷ്യവും ഈ പരാമർശങ്ങൾക്കു പിന്നിലുണ്ട്. ദാവീദിന്റെ കാലത്ത് എന്നതുപോലെ ദേവാലയം പണിയുന്നതിനു മുമ്പുതന്നെ ബലിപീഠം പണിത് ബലിയർപ്പണം ആരംഭിക്കുന്ന രീതിയാണ് എസ്രാ-നെഹെമിയായിലും അനുവർത്തിക്കുന്നത് (2 സാമു 24:18-25; 1 ദിന 21:28-22:1). അനുദിനബലികൾ (പുറ 29:38-42; സംഖ്യ 28:3-8) പുനരാരംഭിച്ച ജനം പുറപ്പാടുസംഭവത്തിലെ മരുഭൂമിവാസത്തെ അനുസ്മരിപ്പിക്കുന്ന കൂടാരത്തിരുനാളാണ് ആദ്യം ആചരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. ഏഴാം മാസമായ തിഷ്റിയുടെ 15 മുതൽ 22 വരെയുള്ള ദിവസങ്ങളിലാണ് കൂടാരത്തിരുനാൾ ആചരിച്ചിരുന്നത് (ലേവ്യ 23:39-43). ആദ്യ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം നടന്നത് കൂടാരത്തിരുനാളിലായിരുന്നു (2 ദിന 5:3) എന്നതും പുതിയ ബലിപീഠം പഴയതിന്റെ തുടർച്ചയാണെന്ന് സൂചിപ്പിക്കുന്നു.

## ദേവാലയശിലാന്യാസം (3:7-13)

ദേവാലയനിർമ്മാണത്തിനുള്ള ഒരുക്കങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ പദാനുപദം ആദ്യദേവാലയത്തിന്റെ നിർമ്മാണത്തിനുള്ള ഒരുക്കങ്ങളുടെ വിവരണങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ് (1 ദിന 22:2, 4,15; 2 ദിന 2:15) രണ്ടാം ദേവാലയം ആദ്യദേവാലയത്തിന്റെ കാർബൺ പതിപ്പായിരിക്കും എന്ന് ഒരുക്കവിവരണങ്ങളിൽ നിന്നുതന്നെ വ്യക്തമാണ്.

ബലിപീഠനിർമ്മാണത്തിനുശേഷം ഏഴുമാസങ്ങൾ കഴിഞ്ഞാണ് (വർഷത്തിലെ രണ്ടാം മാസം) ദേവാലയനിർമ്മാണം അരംഭിക്കുന്നത്. ആദ്യദേവാലയത്തിന്റെ നിർമ്മാണം സോളമൻ ആരംഭിച്ചതും ഇതേ മാസത്തിലായിരുന്നു (2 ദിന 3:2). എന്നാൽ ദേവാലയ നിർമ്മാണത്തിന് നിയോഗിക്കപ്പെട്ട ലേവ്യരുടെ പ്രായത്തെക്കുറിച്ചുള്ള നിർദ്ദേശം (20 വയസ്സിൽ കൂടുതലുള്ള പുരുഷന്മാർ) ഇതര ബൈബിൾ ഗ്രന്ഥങ്ങളുമായി ഒത്തു

പോകുന്നില്ല. ദൈവാലയശുശ്രൂഷയ്ക്കുള്ള ലേവായരുടെ പ്രായം മുപ്പതു വയസ്സായിരിക്കണമെന്ന് ദാവീദും (1 ദിന 23:2, സംഖ്യ 4:3,23, 30) ഇരുപ ത്തഞ്ചു വയസ്സിൽ കുറയാൻ പാടില്ലെന്ന് നിയമഗ്രന്ഥവും (സംഖ്യ 8:24) അനുശാസിക്കുന്നുണ്ട്. എന്നാൽ തിരിച്ചെത്തിയ പ്രവാസികളുടെ കൂട്ട ത്തിൽ ലേവായരുടെ എണ്ണം ഗണ്യമായി കുറവായിരുന്നതിനാലാകണം രണ്ടാം ദേവാലയനിർമ്മാണത്തിനുള്ള ലേവായരുടെ പ്രായത്തിൽ കുറവ് വരുത്തിയത്.

ദൈവാലയശിലാന്യാസം എന്ന കർമ്മം പുരാതനമധ്യപൂർവ്വ ദേശ ങ്ങളിലെ പതിവായിരുന്നു എന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. “കാലു”(Kalu) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ചടങ്ങിന്റെ പുനരാ വിഷ്കാരമാണ് എസ്രാ 3:7-13 ലും ഹഗ്ഗാ 2:18ലും സഖ 4:7-10ലും പരാ മർശിക്കുന്നത് എന്ന് നിരൂപിക്കാവുന്നതാണ്. പലകാരണങ്ങളാൽ ആരാ ധന നിലച്ചുപോയ പഴയകാലആരാധനാസ്ഥലങ്ങളെ ആരാധനയ്ക്കായി പുനരർപ്പിക്കുന്ന ചടങ്ങാണിത്. പഴയദേവാലയത്തിന്റെ അടിത്തറയിൽ നിന്നുള്ള കല്ല് ഉപയോഗിച്ച് പുതിയ ആരാധനാസ്ഥലത്തിന്റെ നിർമ്മാണം ആരംഭിക്കുന്ന പ്രക്രിയയാണിത്. എസ്രാ 3:7-13ലെ ചടങ്ങ് ഇപ്രകാരമൊരു ചടങ്ങായിരുന്നുവെന്ന് കരുതാം. എന്നാൽ എസ്രാ 3:7-13 ലെ പുരോഹി തരുടെ വേഷവിധാനങ്ങളും (2 ദിന 5:12) സംഗീതവും (സംഖ്യ 10:1-10.; 31:6; 1 ദിന 15: 24; 2 ദിന 5: 12-13) ആദ്യദേവാലയനിർമ്മാണത്തിന്റെ തുട ക്കത്തെ അക്ഷരാർത്ഥത്തിൽ അനുസ്മരിപ്പിക്കുന്നതാണ്.

ദൈവത്തിന്റെ ശിലാന്യാസം ജനങ്ങളുടെയിടയിലെ വൃദ്ധരെ കണ്ണീ രണിയിച്ചു. ആദ്യ ദേവാലയം നേരിൽ കണ്ടിട്ടുള്ള അവരുടെ കണ്ണീർ സന്തോഷാശ്രുക്കളായിരുന്നിരിക്കാം. അഥവാ പുതിയ ദേവാലയത്തിന്റെ പണി തീരുന്നതുവരെ തങ്ങൾ ജീവിച്ചിരിക്കില്ല എന്ന സങ്കടം മൂലവു മാകാം അവർ കരഞ്ഞത്. ശിലാന്യാസം നടക്കുന്നത് ബി.സി. 530 നോട ടുത്താണെങ്കിൽ പഴയദേവാലയം തകർക്കപ്പെട്ടിട്ട് 58 വർഷങ്ങൾ പിന്നി ട്ടുകഴിഞ്ഞു. തന്മൂലം പഴയദേവാലയം പരിചയമുള്ള മുതിർന്ന തലമുറ എന്നു വിവക്ഷിക്കുന്നത് സമൂഹത്തിലെ ഏറ്റവും പ്രായമായവരെക്കുറി ച്ചാണ്. ഹഗ്ഗായി 2:3 ൽ ശിലാന്യാസസമയത്ത് ഉയരുന്ന അശ്ശരീരി പഴയദേവാലയം കണ്ടവരുടെ എണ്ണം ജനക്കൂട്ടത്തിനിടയിൽ തുലോം പ രിമിതമായിരുന്നെന്ന് സൂചന നൽകുന്നുണ്ട്. ജനക്കൂട്ടത്തിന്റെ ആഹ്ലാദാ രവവും കരച്ചിലും വിദൂരങ്ങളിൽ പോലും കേട്ടു എന്ന സമാപനവാക്യം തുടർന്നുള്ള അധ്യായങ്ങളിൽ പരാമർശിക്കുന്ന തദ്ദേശവാസികളുടെ എതിർപ്പിലേക്കുള്ള ദിശാസൂചിയാണ്.

## ദേവാലയനിർമ്മാണവും പ്രതിഷ്ഠയും (4:1-24)

ബാബിലോണിൽ നിന്നു തിരികെയെത്തിയ പ്രവാസികൾ കർത്താ വിന്റെ (യാഹ്‌വെയുടെ) ആലയം പണി ആരംഭിച്ചപ്പോൾ തദ്ദേശവാസി കൾ എതിർപ്പുമായി രംഗത്തു വരുന്നതും, സകല എതിർപ്പുകളെയും തെറ്റിദ്ധാരണകളെയും അതിജീവിച്ച് ദൈവജനം ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതുമാണ് 4 മുതൽ 6 വരെ അധ്യായങ്ങ ളുടെ പ്രമേയം.

4:2 ൽ യൂദാ-ബെഞ്ചമിൻ ഗോത്രങ്ങളുടെ പ്രതിയോഗികളായി രംഗപ്രവേശം ചെയ്യുന്ന ദേശവാസികൾ ആരാണ് എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കളുടെയിടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. അസ്സീറിയൻ രാജാവായ എസർഹദ്ദോന്റെ കാലം (ബി.സി. 681-669) മുതൽ തങ്ങൾ ബലിയർപ്പിച്ചിരുന്നവരാണെന്ന് പ്രതിയോഗികൾ സ്വയം പരിചയപ്പെടുത്തുന്നുണ്ട് (വാ. 2). തന്നെയുമല്ല ദേവാലയനിർമ്മാണം തടയാനല്ല, നിർമ്മാണത്തിൽ തങ്ങളെയും സഹകരിപ്പിക്കണം എന്ന ആവശ്യവുമായാണ് അവർ വരുന്നത്. തന്മൂലം പ്രതിയോഗികൾ യഹൂദവിരോധികളല്ല യഹൂദരിൽ തന്നെയുള്ള ഏതോ വിഭാഗമാണെന്ന് പ്രാഥമികനിരീക്ഷണത്തിൽതന്നെ അനുമാനിക്കാം. എസർഹദ്ദോൻ രാജാവിന്റെ കാലത്ത് പലസ്തീനായിൽ ഇപ്രകാരമൊരു കുടിയിറക്കും പുനരധിവാസവും നടന്നതിന് ചരിത്രപരമായ സാക്ഷ്യങ്ങളൊന്നുമില്ല. ബി.സി. 721 ൽ അസ്സീറിയൻ രാജാവായിരുന്ന സാർഗോൻ രണ്ടാമൻ വടക്കൻ രാജ്യമായ ഇസ്രായേലിനെ കീഴ്പ്പെടുത്തുകയും പ്രസ്തുത പ്രദേശങ്ങളിൽ, പ്രത്യേകിച്ചും സമരിയാപ്രവിശ്യയിൽ, മെസപ്പൊട്ടോമിയൻ ദേശവാസികളെ കുടിയിരുത്തുകയും ചെയ്തതായി ചരിത്രരേഖകളുണ്ട്. ഇപ്രകാരം ഇസ്രായേലിലെത്തിയ മെസപ്പൊട്ടേമിയൻ നിവാസികൾ ഇസ്രായേലിന്റെ ദൈവമായ യാഹ്വെയെയും തങ്ങളുടെ ദൈവങ്ങൾക്കൊപ്പം ആരാധിച്ചുതുടങ്ങി. നിയമാവർത്തന ചരിത്രകാലം വരെ ഈ പതിവു തുടർന്നിരുന്നു (2 രാജാ 17:24-41). എസർഹദ്ദോൻ രാജാവിന്റെ കാലത്തും ഇപ്രകാരം വിദേശികളെ സമരിയായിൽ അധിവസിപ്പിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഏശയ്യ 7:8 ൽ 65 വർഷത്തിനുള്ളിൽ വടക്കൻ രാജ്യത്തു സംഭവിക്കാനിരിക്കുന്ന നാശത്തെക്കുറിച്ചുള്ള പ്രവചനം ബി.സി. 670 നോടടുത്തു സംഭവിച്ച ഈ അധിനിവേശത്തെക്കുറിച്ചാണെന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. തന്മൂലം പ്രതിയോഗികളായി വരുന്ന ദേശവാസികളുടെ അവകാശവാദത്തെ അവിശ്വസിക്കേണ്ടതില്ല.

എസ്രാ 4:4 ലെ "ദേശവാസികൾക്ക്" (ഹീബ്രുവിൽ *അംഹാരെസ്*) എന്ന പദപ്രയോഗം പ്രതിയോഗികളെക്കുറിച്ച് സൂചന നൽകുന്നുണ്ട്. പ്രവാസാനന്തര കാലഘട്ടത്തിൽ ദേശവാസികൾ എന്ന സംജ്ഞ പ്രവാസത്തിലേക്ക് അയയ്ക്കപ്പെടാതെ ദേശത്തു ശേഷിച്ചിരുന്നവരെ സൂചിപ്പിക്കുന്ന പദമായിരുന്നു. തന്മൂലം പ്രതിയോഗികൾ എന്നതിലൂടെ പ്രവാസത്തിലേക്ക് അയയ്ക്കപ്പെടാതെ ദേശത്തു ശേഷിച്ചവരും വിജാതീയആചാരങ്ങളും യഹൂദാചാരങ്ങളും ഒരുപോലെ അനുഷ്ഠിച്ചിരുന്നവരുമായ ഒരു വിഭാഗം ജനങ്ങളെയാണ് വിവക്ഷിക്കുന്നത് എന്ന് വ്യക്തമാണ്.

തങ്ങളുടെ സഹായാഭ്യർത്ഥന തിരസ്കരിക്കപ്പെട്ടതിൽ ക്ഷുഭിതരായ ദേശവാസികൾ ദേവാലയനിർമ്മാണത്തിനെതിരേ പ്രവർത്തിച്ചുതുടങ്ങി. അവർ ജനത്തെ നിരുത്സാഹപ്പെടുത്തുകയും (ഹീബ്രുവിൽ *മെറാപ്പിം യെദേ*=കരങ്ങൾ ദുർബ്ബലമാക്കുക) പേർഷ്യൻ അധികാരികളെ കൈക്കൂലി കൊടുത്ത് പാട്ടിലാക്കുകയും ചെയ്തു. തന്മൂലം ദേവാലയം പണി സൈറസിന്റെ കാലം മുതൽ (ബി.സി. 539-486) തടസ്സപ്പെട്ടു. രണ്ടാം ദേവാലയ

ത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വളരെ ഇഴഞ്ഞാ ണ് നീങ്ങിയത് എന്നത് ചരിത്രപരമായ സത്യമാണ്. അതിന്റെ കാരണമായി എസ്രാ-നെഹെമിയാഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നത് ദേശവാസികളുടെ എതിർപ്പും ഭരണകൂടങ്ങളുടെ തെറ്റിദ്ധാരണയുമാണ്. എന്നാൽ പ്രവാസാനന്തരകാലത്തെ പ്രവാചകന്മാർ ദേവാലയനിർമ്മാണം വൈകിയതിനുള്ള കാരണങ്ങൾ നിരത്തുന്നത് വ്യത്യസ്തമായാണ്. ദൈവജനത്തിന്റെ നിസ്സംഗതയും, സാമ്പത്തിക പരാധീനതയും, മതാഭിമുഖ്യത്തിൽ വന്ന കുറവും, ദേവാലയനിർമ്മാണം അനാവശ്യമാണെന്ന ചിന്തയുമൊക്കെയാണെന്ന് ഇവർ സാക്ഷ്യപ്പെടുത്തുന്നു. (ഏശ 58:4; 66:1-2; ഹഗ്ഗാ 1:2-4). തങ്ങളുടെ ഭാഗത്തെ കുറവുകളെ വെള്ളപൂശി ദേശവാസികളുടെ മേൽ പഴിചാരാനാണ് എസ്രാ-നെഹെമിയഗ്രന്ഥകർത്താക്കളുടെ ശ്രമം.

4:6-7ൽ യഹൂദർക്കെതിരേ പേർഷ്യൻ ചക്രവർത്തിമാരുടെ മുന്നിൽ പ്രതിയോഗികൾ സമർപ്പിക്കുന്ന ആരോപണങ്ങളാണ്. 5-ാം വാക്യത്തിൽ ദാരിയൂസിന്റെ ഭരണകാലത്തെ (ബി.സി. 522-486) സംഭവം വിവരിക്കുന്ന ഗ്രന്ഥകർത്താവ് 6-ാം വാക്യം മുതൽ അഹാസ്വരൂസ് (സേർക്സസ്) ഒന്നാമന്റെ (486-465) ഭരണകാലത്തും അർത്താക്സെർക്സസ് ഒന്നാമന്റെ (465-424) ഭരണകാലത്തും നടക്കുന്ന സംഭവങ്ങളാണ് വിവരിക്കുന്നത്. എന്നാൽ 24-ാം വാക്യത്തിൽ ദാരിയൂസ് ഒന്നാമന്റെ ഭരണകാലത്ത് ദേവാലയം പണിനിർത്തിവച്ച സംഭവത്തിലേക്ക് ഗ്രന്ഥകർത്താവ് തിരികെ വരുന്നുമുണ്ട്. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ഈ ഭാഗം അരമായഭാഷയിലാണ് എഴുതിയിരിക്കുന്നത്. ഇവിടെ പരാമർശിക്കുന്നത് ദേവാലയമതിലിന്റെ നിർമ്മാണത്തെക്കുറിച്ചാണുതാനും. കാലഘടനയിലെ വ്യത്യാസവും, ഭാഷാന്തരവും, വിവരണ ഇതിവൃത്തത്തിലെ ഭംഗവുമെല്ലാം 4:6-23 പിൽക്കാലസംശോധനയുടെ ഫലമാണ് എന്ന സംശയത്തെ പ്രബലപ്പെടുത്തുന്നു. യഹൂദർക്കെതിരേ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടതായി പരാമർശിക്കുന്നുണ്ടെങ്കിലും ആരോപണങ്ങൾ എന്തൊക്കെയാണെന്ന് കൃത്യമായി പരാമർശിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. ബി.സി. 486ൽ അഹാസ്വരൂസ് രാജാവിനെതിരേ ഈജിപ്ത് ഉപരോധമേർപ്പെടുത്തിയിരുന്നു. ഖബാഷാ വിപ്ലവം എന്നറിയപ്പെടുന്ന ഈ കാലാപത്തിന്റെ മറവിൽ പേർഷ്യൻസാമ്രാജ്യത്തിനുള്ളിലും അഹാസ്വരൂസിനെതിരെ ആഭ്യന്തര കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഈ കലാപത്തിൽ യഹൂദർ അഹാസ്വരൂസിന്റെ പ്രതിയോഗികളുടെ പക്ഷം ചേർന്നു പ്രവർത്തിച്ചിരുന്നതായി ചരിത്രസൂചനകളുണ്ട്. യഹൂദരുടെ രാജ്യദ്രോഹപരമായ ഈ നീക്കമായിരിക്കാം യഹൂദർക്കെതിരേയുള്ള ആരോപണങ്ങളുടെ അടിസ്ഥാനം. ആരോപണത്തിൽ കഴമ്പുള്ളതുകൊണ്ടാകാം ആരോപണങ്ങളുടെ നിജസ്ഥിതിയെക്കുറിച്ച് ഗ്രന്ഥകാരൻ നിശ്ശബ്ദത പാലിക്കുന്നതും.

4:8-16 ൽ പേർഷ്യൻരാജാവിന്റെ സേനാപതിയായ (ഹീബ്രുവിൽ *ബെൽ തെ ഏം* = രാജാവിന്റെ ഉദ്യോഗസ്ഥൻ) രേഹൂം കാര്യദർശിയായ ഷിംഷായും ചേർന്ന് പ്രാദേശിക ജനവികാരത്തെക്കുറിച്ച് രാജസമക്ഷം സമർപ്പിക്കുന്ന റിപ്പോർട്ടാണ് വിവരിക്കുന്നത്. രാജകീയ ഉദ്യോഗസ്ഥരോടൊപ്പം "ദേശവാസികളായ" അനേകം പ്രാദേശികനേതാക്കന്മാരും പരാതിക്കാരായി റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഒസ്നാപ്പർരാജാവിന്റെ

കാലത്ത് (ബി.സി. 669-630) സമരിയായിൽ അധിനിവേശിക്കപ്പെട്ടവരുടെ പിൻമുറക്കാരാണ് കത്തിൽ പേരുപറയപ്പെടുന്ന ദേശവാസികൾ. അസൂർബാനിപാൽ എന്ന അപരനാമമുള്ള ഒസ്നാപ്പർ രാജാവ് ബി.സി. 642ൽ ഏറെക്ക്നഗരവും 641 ൽ സൂസാനഗരവും കീഴ്പ്പെടുത്തിയിരുന്നു. ഈ മെസപ്പൊട്ടേമിയൻ നഗരങ്ങളിലുള്ളവരെ 638 ൽ ഒസ്നാപ്പർ രാജാവ് സമരിയായിൽ പുനരധിവസിപ്പിച്ചിരുന്നു. ഈ ചരിത്രസംഭവത്തിന്റെ പശ്ചാത്തലത്തിലാണ് 4:8-11 മനസ്സിലാക്കേണ്ടത്.

4:12 ൽ ജറുസലേം നഗരത്തിനു ചുറ്റുമതിൽ നിർമ്മിച്ച് നഗരത്തെ ശക്തിപ്പെടുത്താൻ യഹൂദർ നടത്തുന്ന നീക്കമാണ് പ്രതിയോഗികളെ പ്രകോപിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. സ്വതവേ ധിക്കാരികളും രാജ്യദ്രോഹികളുമായ യഹൂദരെ നഗരം പണിയാൻ അനുവദിച്ചാൽ അവർ രാജാവിനു കപ്പം കൊടുക്കുകയില്ലെന്നും ഖജനാവിലേക്കുള്ള വരുമാനം കുറയും എന്നുമാണ് ആരോപണങ്ങൾ. പ്രതിയോഗികൾ തങ്ങളെത്തന്നെ രാജ്യസ്നേഹികളും രാജഭക്തരുമായി അവതരിപ്പിക്കുമ്പോൾ യഹൂദരെ സ്ഥിരം കലാപകാരികളായിട്ടാണ് ചിത്രീകരിക്കുന്നത്. ജറുസലേമിന്റെ പതനത്തെ ദൈവശിക്ഷയായി പ്രവാചകന്മാർ വ്യാഖ്യാനിക്കുമ്പോൾ അവരുടെ കലാപസ്വഭാവത്തിന് ചക്രവർത്തിമാർ നൽകിയ ശിക്ഷയായിട്ടാണ് പ്രതിയോഗികൾ വ്യാഖ്യാനിക്കുന്നത് (വാ. 15). യഹൂദർ പ്രബലരായാൽ രാജാവിന് യൂഫ്രട്ടീസ്നദിക്ക് മറുകരയുള്ള ദേശത്തുമുഴുവൻ (ഏകദേശം 800 ചതുരശ്ര മൈൽ) സ്വാധീനം നഷ്ടപ്പെടുമെന്ന് അതിശയോക്തിപരമായ ഒരു മുന്നറിയിപ്പും പ്രതിയോഗികൾ നൽകുന്നുണ്ട് (വാ. 16).

4:17-22 ൽ അർത്താക്സെർക്സസ് രാജാവിന്റെ മറുപടിക്കത്താണ് പ്രമേയം. രാജാവ് തനിക്കു ലഭിച്ച എഴുത്ത് "വ്യക്തമായും (ഹീബ്രുവിൽ *മെപറാഷ്*=പദാനുപദം) വായിക്കുകയും ആരോപണങ്ങൾ സത്യമാണെന്നു ഗ്രഹിക്കുകയും ചെയ്തതായി മറുപടിക്കത്തിൽ സൂചിപ്പിക്കുന്നു. കൂടാതെ ജറുസലേമിലെ പ്രബലരായ രാജാക്കന്മാരുടെ കാലത്തെപ്പോലെ (ദാവീദ്, സോളമൻ തുടങ്ങിയവർ) യഹൂദർ വീണ്ടും സ്വന്തം രാജ്യം സ്ഥാപിക്കാൻഇടയുണ്ടെന്നും അർത്താക്സെർക്സസ് രാജാവ് ഭയക്കുന്നു. നഗരനിർമ്മാണം നിർത്തിവയ്ക്കാനുള്ള രാജശാസന പുറപ്പെടുവിക്കാൻ രാജാവിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. റേഹുമിന്റെ നേതൃത്വത്തിൽ രാജശാസനം ജറുസലേമിൽ ബലംപ്രയോഗിച്ച് നടപ്പിലാക്കുകയും അതുവരെ കെട്ടിയമതിലുകൾ പൊളിക്കുകയും ചെയ്തു. 24-ാം വാക്യം അഞ്ചാം വാക്യത്തിന്റെ തുടർച്ചയെന്നോണം ദേവാലയ നിർമ്മാണത്തിലേക്കും ദാരിയൂസ് രാജാവിന്റെ ഭരണകാലത്തിലേക്കും തിരിച്ചുപോകുന്നു.

## ദേവാലയനിർമ്മാണം<br>പുനരാരംഭിക്കുന്നു (5:1-17)

വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന (4:5, 24) ദൈവാലയനിർമ്മാണം പുനരാരംഭിക്കുന്നതിന്റെ സൂചനയോടെയാണ് അഞ്ചാം അധ്യായം ആരംഭിക്കുന്നത്. ഹഗ്ഗായി, സഖറിയ പ്രവാചകന്മാരുടെ സാന്നിധ്യമാണ് നിർമ്മാ

ണപ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നിമിത്തമായത്. ഹഗ്ഗായിയുടെ ആദ്യപ്രസംഗം നടന്നത് ദാരിയൂസിന്റെ ഭരണത്തിന്റെ രണ്ടാംവർഷം ആറാംമാസം ഒന്നാം ദിവസമായിരുന്നു (ഹഗ്ഗാ 2:1). അതായത് ബി.സി. 520 ആഗസ്ത് 29-ാം തീയതിയാണ് എസ്രാ 5:1 ലെ സംഭവം നടന്നത് എന്ന് അനുമാനിക്കാം. ദേവാലയനിർമ്മാണം ആരംഭിച്ചതാകട്ടെ അതേ വർഷം ഒക്ടോബർ 17നും (ഹഗ്ഗാ 2:1). ദാരിയൂസ് രാജാവിന്റെ സഹോദരനാണെന്ന അവകാശവുമായി രംഗപ്രവേശം ചെയ്ത കമ്പീസസ് രാജാവുമായി ഭരണത്തിന്റെ ആദ്യരണ്ടുവർഷം ദാരിയൂസ് സംഘർഷത്തിലായിരുന്നു. ഈ കലാപം അവസാനിച്ച ശേഷമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്ന് അനുമാനിക്കാം. വംശാവലിക്ക് അമിതപ്രാധാന്യം നൽകുന്ന പ്രവാസാനന്തരകാലഘട്ടത്തിലെ മറ്റുനേതാക്കന്മാരിൽ നിന്നുവ്യത്യസ്തമായി ഹഗ്ഗായിയുടെ വംശാവലിയെക്കുറിച്ച് യാതൊരു സൂചനയും എസ്രായുടെ ഗ്രന്ഥം നൽകുന്നില്ല (5:1; 6:14) എന്നത് ശ്രദ്ധേയമാണ്. പ്രവാചകന്റെ ആധികാരികത വംശപാരമ്പര്യത്തിലല്ല ദൈവനിയോഗത്തിലും വചനത്തിലും അധിഷ്ഠിതമാണ് എന്ന ആശയമാണ് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നത്.

5:3-5ൽ പേർഷ്യയുടെ പടിഞ്ഞാറൻ പ്രവിശ്യയുടെ അധികാരിയായ തത്തെനായിയും സഹപ്രവർത്തകരും ദേവാലയനിർമ്മാണം പുനരാരംഭിച്ചതിനെ ചോദ്യം ചെയ്തെങ്കിലും പണിനിർത്തിവെച്ചില്ല എന്നത് അതിശയകരമായി അവശേഷിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടി (ഹീബ്രുവിൽ *അയിൻ*=കണ്ണ്) ജനത്തിന്റെ മേൽ ഉണ്ടായിരുന്നതിനാൽ പണി തടസ്സപ്പെടില്ല എന്നാണ് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നത്. പ്രവാചകന്മാരിലൂടെ ലഭിച്ച ദൈവവചനത്തിന്റെ നിർദ്ദേശത്തിൻ കീഴിലാണ് എത്ര വലിയ രാജാധികാരവും എന്ന സന്ദേശം ഗ്രന്ഥകാരൻ നൽകുന്നു. അധികാരികളുടെ ചോദ്യങ്ങൾ രണ്ടെണ്ണമായിരുന്നു. (1) ആരാണ് നിങ്ങൾക്ക് ദേവാലയ നിർമ്മാണത്തിന് അധികാരം നല്കിയത്? (2) ആരൊക്കെയാണ് ദേവാലയനിർമ്മാണത്തിൽ സഹകരിക്കുന്നത്? രണ്ടുചോദ്യങ്ങൾക്കും യൂദാശ്രേഷ്ഠന്മാർ പ്രത്യക്ഷത്തിൽ മറുപടിയൊന്നും നൽകിയില്ല. എന്നാൽ അധികാരികൾ ബാബിലോണിലേക്ക് അയയ്ക്കുന്ന റിപ്പോർട്ടിൽ (5:6-16)ൽ നിന്ന് ദേവാലയനിർമ്മാണത്തിന് തങ്ങളെ അധികാരപ്പെടുത്തിയത് സൈറസ് രാജാവാണെന്ന് യൂദാശ്രേഷ്ഠന്മാർ മറുപടി നൽകിയതായി മനസ്സിലാക്കാം (വാ. 13). അധികാരികൾ അയച്ച റിപ്പോർട്ട് വസ്തുനിഷ്ഠമായിരുന്നു. സൈറസ് രാജാവിന്റെ കല്പന പ്രകാരമാണ് ദേവാലയം പണിയുന്നത് എന്ന യഹൂദരുടെ അവകാശവാദം പരിശോധിച്ചറിയുക എന്നതുമാത്രമായിരുന്നു എഴുത്തിന്റെ ആത്യന്തികലക്ഷ്യം (വാ. 17). തന്നെയുമല്ല യാഹ്വെയെ "യൂദാദേശത്തെ അത്യുന്നതദൈവം" (വാ. 8) എന്ന് ആദരപൂർവ്വമാണ് എഴുത്തിൽ പരാമർശിക്കുന്നത്. യാഹ്വെയെക്കുറിച്ച് "ആകാശത്തിന്റെയും ഭൂമിയുടെയും നാഥൻ" (വാ. 11) എന്ന, യഹൂദരുടെ സംബോധനയും എഴുത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദൈവാലയ നിർമ്മാണം കുറ്റമറ്റരീതിയിൽ (പി.ഒ.സി. വിവർത്തനത്തിൽ ഉത്സാഹപൂർവ്വം) നടക്കുന്നതായുള്ള സാക്ഷ്യവും എഴുത്തിന്റെ സ്വഭാവം സൗഹാർദ്ദപരവുമാണ് എന്നും വെളിപ്പെടുത്തുന്നുണ്ട്.

## ദാരിയൂസിന്റെ വിളംബരം (6:1-12)

തത്തെനായിയുടെ എഴുത്തിൽ ആവശ്യപ്പെട്ട പ്രകാരം (5:17) ദാരിയൂസ് രാജാവിന്റെ രാജകീയരേഖാലയത്തിൽ നിന്ന് സൈറസ് രാജാവിന്റെ വിളംബരം കണ്ടെടുത്തു. സൈറസ് ബി.സി. 550ൽ പിടിച്ചെടുത്തതും രാജാവിന്റെ വേനൽക്കാലവസതി സ്ഥിതിചെയ്യുന്നതുമായ എക്ബത്താന നഗരത്തിലെ രേഖാലയത്തിൽ നിന്നാണ് സൈറസിന്റെ വിളംബരത്തിന്റെ രേഖ (ഹീബ്രുവിൽ-*ദിക്രോന*) ലഭിച്ചത് (6:2). ഈ രേഖ 1:35ൽ നൽകിയ വിളംബരത്തിന്റെ പകർപ്പാണെങ്കിലും ചില സുപ്രധാന വ്യത്യാസങ്ങൾ ഈ രണ്ടു രേഖകളുടെയും താരതമ്യത്തിൽ കണ്ടെത്താനാകും. (1) പ്രവാസികളുടെ തിരിച്ചുപോക്കിനെക്കുറിച്ച് 6:1-5ലെ രേഖ പരാമർശിക്കുന്നില്ല. (2) ദേവാലയ നിർമ്മാണത്തിനുള്ള സഹായങ്ങളെക്കുറിച്ച് 1:3-5 പറയുന്ന കാര്യങ്ങളൊന്നും 6:1-5ലെ രേഖയിൽ കാണുന്നില്ല. (3) ദേവാലയത്തിന്റെ നീളം, വീതി, തുടങ്ങിയ അളവുകളെക്കുറിച്ചുള്ള സൂചനകൾ ആദ്യ വിളംബരത്തിൽ കാണപ്പെടുന്നില്ല. (4) ദേവാലയനിർമ്മാണത്തിനുള്ള ചെലവ് രാജകീയ ഖജനാവിൽ നിന്നായിരിക്കണം എന്ന് 6:1-5ലെ രേഖ എടുത്തുപറയുന്നുണ്ട്. (5) 1:3-5ൽ "കർത്താവിന്റെ ആലയം" എന്നുമാത്രം വിശേഷിപ്പിക്കപ്പെടുന്ന ദൈവാലയത്തെ 6:1-5ൽ "കാഴ്ചകളും ദഹനബലികളും അർപ്പിക്കുന്ന ആലയം" എന്നാണ് വിശേഷിപ്പിക്കുന്നത്.

ദേവാലയത്തിന്റെ അളവുകളെക്കുറിച്ച് 6:1-5ലെ രൂപരേഖയിൽ ചില പിഴവുകൾ വന്നിരിക്കാനുള്ള സാധ്യതയെക്കുറിച്ച് വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്. 6:4 ൽ പറയുന്നതുപോലെ 60 മുഴം വീതം നീളവും വീതിയും ഉയരവുമുണ്ടായാൽ ദേവാലയത്തിന്റെ ഉള്ളളവ് 2,16,000 ഘനമുഴമായിരിക്കും. എന്നാൽ സോളമന്റെ ദേവാലയത്തിന് ഇതിന്റെ മൂന്നിലൊന്നുവലിപ്പമേയുണ്ടായിരുന്നുള്ളൂ (36000 ഘനമുഴം). തന്മൂലം എസ്രാ 6:4ലെ ഉയരം അറുപതുമുഴം എന്നത് പകർപ്പെഴുത്തിൽ വന്ന തെറ്റ് (homoioteleuton) ആയിരിക്കാനാണ് സാധ്യത. 1 രാജാ 6:2ന്റെ വെളിച്ചത്തിൽ ദേവാലയത്തിന്റെ നീളം, വീതി, ഉയരം എന്നിവ യഥാക്രമം 60 മുഴവും മുപ്പതുമുഴവും 20 മുഴവുമായിരിക്കാനാണ് സാധ്യത. ഒന്നാം ദേവാലയത്തെ സങ്കല്പിക്കുന്ന എസ്രായുടെ ഗ്രന്ഥം രണ്ടാം ദേവാലയത്തിന്റെ അളവുകളിൽ അറിഞ്ഞുകൊണ്ട് മാറ്റം വരുത്തി എന്നു കരുതാനാവില്ല.

രാജഭണ്ഡാരത്തിൽനിന്ന് ചെലവുകൾ വഹിക്കുമായിരുന്നിട്ടും ദേവാലയനിർമ്മാണ ചുമതലയുള്ള ഗോലാസമൂഹം ദേവാലയനിർമ്മാണം ഇരുപതുവർഷം പിന്നിട്ടിട്ടും കാര്യമായി നടത്തിയില്ല എന്നത് അത്ഭുതകരമാണ്. പ്രവാസത്തിലൂടെ മതാത്മകതയിൽ ഭംഗംവന്ന ജനത്തിന് ദൈവാലയനിർമ്മാണം അനിവാര്യമായി തോന്നിയിട്ടുണ്ടാവില്ല. ജനം രമ്യഹർമ്മ്യങ്ങളിൽ വസിക്കുമ്പോഴും കർത്താവിന്റെ ആലയം തകർന്നുകിടക്കുന്നതിന്റെ വൈരുദ്ധ്യത്തെക്കുറിച്ച് ഹഗ്ഗായി 1:4ൽ നടത്തുന്ന പ്രവചനത്തെ ഈ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്.

6:6-12 ൽ ദാരിയൂസ് രാജാവിന്റെ കല്പനയാണ് വിവരിക്കുന്നത്. എക്ബത്താനയിൽ നിന്ന് സൈറസ് രാജാവിന്റെ കല്പന കണ്ടെത്തു

ന്നതോടെ കാര്യങ്ങൾ യഹൂദർക്ക് അനുകൂലമായി പരിണമിച്ചുതുടങ്ങി. ദാരിയൂസിന്റെ കല്പനയിൽ പ്രധാനമായും അഞ്ചുകാര്യങ്ങൾ അടങ്ങി യിട്ടുണ്ട്. (1) പേർഷ്യൻ അധികാരികൾ ദേവാലയനിർമ്മാണത്തിൽ ഇട പെട്ട് തടസ്സപ്പെടുത്തരുത്. (2) ദേവാലയനിർമ്മാണച്ചുമതല യഹൂദ ഗവർണറായ സെറുബാബേലിനായിരിക്കും. (3) ദേവാലയനിർമ്മാണത്തി നുള്ള ചെലവ് സൈറസ് രാജാവ് കല്പിച്ചതുപോലെ രാജകീയഖജനാ വിൽ നിന്ന് വഹിക്കേണ്ടതാണ്. (4) ദേവാലയനിർമ്മാണത്തിനുള്ള സഹായം മാത്രമല്ല ദേവാലയത്തിലെ ബലിയർപ്പണത്തിനുള്ള ധാന്യ ങ്ങളും ആടുമാടുകളും ലഭ്യമാക്കേണ്ട ചുമതലയും പേർഷ്യൻ ഭരണാ ധികാരികൾക്കാണ്. (5) ദേവാലയനിർമ്മാണം തടസ്സപ്പെടുത്തുന്നവർ ആരായിരുന്നാലും അവർ വധിക്കപ്പെടണം.

ഈ ആനുകൂല്യങ്ങൾക്ക് പ്രതിഫലമായി രാജാവിനും മക്കൾക്കും വേണ്ടി പ്രാർത്ഥിക്കണം എന്ന വ്യവസ്ഥ മാത്രമേ ദാരിയൂസ് രാജാവ് മുന്നോട്ടുവയ്ക്കുന്നുള്ളൂ (വാ.10). രാഷ്ട്രീയാധികാരവും മതാധികാരവും തമ്മിലുള്ള സംഘർഷമല്ല സഹവർത്തിത്വമാണ് ആവശ്യമായിട്ടുള്ളത് എന്ന സത്യം എസ്രായുടെ പുസ്തകത്തിൽ ആവർത്തിക്കപ്പെടുന്ന ആശ യമാണ്. ബാബിലോൺ പ്രവാസകാലത്ത് രാഷ്ട്രനേതാക്കൾക്കും രാഷ്ട്ര നന്മയ്ക്കും വേണ്ടി പ്രാർത്ഥിക്കാൻ ജറെമിയപ്രവാചകൻ, പ്രവാസികളെ ആഹ്വാനം ചെയ്യുന്നതിന്റെ പിന്നിലെ ചിന്തയും ഇതുതന്നെയാണ് (ജറെ 29:7). രാഷ്ട്രീയാധികാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾക്ക് ഇതര ദൃഷ്ടാന്തങ്ങളും കണ്ടെത്താനാകും (1 മക്ക 7:33; 12:1; ബാറൂ 1:10-12). ദേവാ ലയത്തിനെതിരായി പ്രവർത്തിക്കുന്നവർക്ക് ദാരിയൂസ് വിധിക്കുന്ന ശിക്ഷ രാജ്യദ്രോഹക്കുറ്റത്തിനുള്ള ശിക്ഷ തന്നെയാണ്. സ്വന്തം ഭവനത്തിന്റെ തുലാമിൽ തൂക്കിക്കൊല്ലുന്നതും (വാ.11) വീടു തകർത്തുകളയുന്നതും രാജ്യദ്രോഹത്തിനുള്ള ശിക്ഷകളായിരുന്നു. ഇവ അസ്സീറിയൻ ശിക്ഷാ രീതികളായിരുന്നു. പിന്നീട് പേർഷ്യൻ അധികാരികളും ഇതേ ശിക്ഷാ രീതി അനുവർത്തിച്ചു തുടങ്ങുകയായിരുന്നു.

## ദേവാലയപ്രതിഷ്ഠയും തിരുനാളാഘോഷവും (6:13-22)

ദാരിയൂസ്രാജാവിന്റെ അനുകൂല കല്പന ലഭിച്ചതോടെ ദേവാലയ നിർമ്മാണപ്രവൃത്തികൾ ത്വരിതഗതിയിലായി. തത്തേനായിയും അനു യായികളും ദേവാലയനിർമ്മാണത്തിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. ആരംഭം മുതലേ തത്തേനായി യഹൂദരോട് അനു കൂലനിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാണ് (5:12-17). ഹഗ്ഗായി, സഖ റിയ പ്രവാചകന്മാരുടെ ധീരമായ നേതൃത്വവും ദേവാലയനിർമ്മാണം വേഗ ത്തിലാകാൻ കാരണമായി. ദൈവം കല്പിച്ചതനുസരിച്ചും സൈറസ്, ദാരി യൂസ്, അർത്താക്സെർക്സസ് എന്നീ ചക്രവർത്തിമാരുടെ കല്പനകൾക്കനുസൃതവുമാണ് നിർമ്മാണം പൂർത്തിയായത് എന്ന് ഗ്രന്ഥകാരൻ എടുത്തുപറയുന്നുണ്ട്. ഇവിടെ അർത്താക്സെർക്സ സ് രാജാവിന്റെ പേര് പരാമർശിക്കുന്നത് അസ്ഥാനത്താണെന്ന് വാദി ക്കുന്നവരുണ്ട്. കാരണം, ദേവാലയനിർമ്മാണം കഴിഞ്ഞ് അൻപതു വർഷ

ങ്ങൾ പിന്നിട്ടശേഷമാണ് അർത്താക്സെർക്സസ് അധികാരത്തിലെത്തുന്നത്. തന്മൂലം പകർത്തിയെഴുതിയവർക്കുപറ്റിയ പിഴവാണിത് എന്നു കരുതുന്ന പണ്ഡിതന്മാരുണ്ട്. എന്നാൽ പുസ്തകത്തിന്റെ ഒന്നാംഭാഗം അവസാനിക്കുന്ന സന്ദർഭത്തിൽ അർത്താക്സെർക്സസ് രാജാവിനെക്കുറിച്ച് 4:17:23ൽ യഹൂദവിരുദ്ധ നിലപാടിനുള്ള തിരുത്തലായി ഈ 6:14 ലെ കൂട്ടിച്ചേർക്കലിനെ മനസ്സിലാക്കാം. 7:11-27 ൽ അർത്താക്സെർക്സസ് രാജാവിനെക്കുറിച്ചുനൽകുന്ന ഭാവാത്മകവിവരണത്തിനുള്ള മുന്നൊരുക്കമായും ഈ വചനഭാഗത്തെ മനസ്സിലാക്കാവുന്നതാണ്.

ദേവാലയനിർമ്മാണം പൂർത്തിയായത് ആദാർമാസം മൂന്നാംതിയതിയാണ്. 1 എസ്ദ്രാസ് 7:5ൽ ദേവാലയനിർമ്മാണം പൂർത്തിയായത് ആദാർ 23-ാം തിയതിയാണെന്ന് പറയുന്നു. എസ്രാ 7:14ലെ വിവരണമനുസരിച്ച് ബി.സി. 515 ഏപ്രിൽ 1-ാം തിയതിയാണ് ദേവാലയനിർമ്മാണം പൂർത്തിയായത്. ഇത് ഒരു സാബത്തുദിവസമായിരുന്നെന്ന് (ശനിയാഴ്ച) ചരിത്രകാരന്മാർ കണക്കുകൂട്ടി കണ്ടെത്തിയിട്ടുണ്ട്. ദൈവം തന്റെ സൃഷ്ടികർമ്മം സാബത്തിൽ പൂർത്തീകരിച്ചതുപോലെ (ഉൽപ 2:2-3) ദൈവജനം തങ്ങളുടെ ദൈവാലയനിർമ്മാണവും സാബത്തിൽ പൂർത്തീകരിച്ചതായി അനുമാനിക്കാം. സോളമന്റെ ദേവാലയം പണിതുയർത്താൻ ഏഴുവർഷം വേണ്ടിവന്നെങ്കിൽ (1 രാജാ 8:38) രണ്ടാംദേവാലയം അഞ്ചുവർഷം കൊണ്ട് പൂർത്തിയായി. ആദ്യദേവാലയം നശിപ്പിക്കപ്പെട്ടതിന്റെ 72-ാം വർഷത്തിലാണ് രണ്ടാം ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായത്. ഇത് ജറെമിയായുടെ പ്രവചനത്തിന്റെ പൂർത്തീകരണം കൂടിയായിരുന്നു (ജറെ 25:11-12;29:10). പ്രവാസികളുടെ സമൂഹത്തെ "ഇസ്രായേൽ ജനങ്ങൾ" എന്നാണ് എസ്രായുടെ ഗ്രന്ഥകാരൻ ഈ അവസരത്തിൽ വിശേഷിപ്പിക്കുന്നത്. (വാ.16) യാഹ്‌വെയെ "ഇസ്രായേലിന്റെ ദൈവം" എന്ന് 14-ാം വാക്യത്തിൽ വിശേഷിപ്പിച്ചതിന് തുടർച്ചയാണിത്. ഇതുവരെയും ജനത്തെ സൂചിപ്പിക്കാൻ യഹൂദർ എന്ന പദമാണ് ഗ്രന്ഥകാരൻ ഉപയോഗിച്ചിരുന്നത് (4:12,23; 5:1,5; 6:7-8). ദൈവാലയവും ഇസ്രായേലും തമ്മിലുള്ള അഭേദ്യബന്ധത്തെ അനുസ്മരിപ്പിക്കാനാണ് ഇസ്രായേൽ എന്ന പദം ഇവിടെ ആവർത്തിക്കുന്നത് എന്ന് അനുമാനിക്കാം.

ദേവാലയപ്രതിഷ്ഠാകർമ്മം പുരോഹിതരും അത്മായനേതാക്കളും സഹകരിച്ചാണ് അനുഷ്ഠിക്കുന്നത്. 1 രാജാ 8 ലും 2 ദിന 7:4-7ലും വിവരിക്കുന്ന സോളമന്റെ ദേവാലയപ്രതിഷ്ഠയെ അനുസ്മരിക്കുന്നതാണ് എസ്രാ 7:15-18 ലെ വിവരണം. എന്നാൽ ബലിയർപ്പിക്കപ്പെടുന്ന മൃഗങ്ങളുടെ എണ്ണം സോളമന്റെ കാലത്തായിരുന്നു കൂടുതൽ. എസ്രാ 7:15ൽ 712 മൃഗങ്ങൾ (100 കാള, 200 ആട്, 400 ചെമ്മരിയാട്, 12 മുട്ടാടുകൾ) മാത്രമേ ബലിയർപ്പിക്കപ്പെടുന്നുള്ളൂ. എന്നാൽ സോളമന്റെ ദേവാലയപ്രതിഷ്ഠാനാളിൽ ഇരുപത്തിരണ്ടായിരം കാളകളും 1,20,000 ആടുകളും ബലിയർപ്പിക്കപ്പെട്ടിരുന്നു. പ്രവാസാനന്തരം തിരിച്ചെത്തിയവരുടെ എണ്ണത്തിലെ കുറവ് ബലിയർപ്പണത്തിലും പ്രതിഫലിച്ചതായി കരുതാം. തിരിച്ചെത്തിയവരുടെ കൂട്ടത്തിൽ യൂദാ, ബെഞ്ചമിൻ, ലേവി ഗോത്രങ്ങളിൽ നിന്നുള്ള ഒരു വിഭാഗം മാത്രമേ പ്രവാസത്തിൽനിന്നു മടങ്ങിവന്നിട്ടുള്ളൂ. എന്നാൽ പാപപരിഹാരബലിക്കുള്ള മുട്ടാടുകളെ തെരഞ്ഞെടുക്കുമ്പോൾ

ഇസ്രായേലിലെ 12 ഗോത്രങ്ങളെ അനുസ്മരിച്ച് 12 എണ്ണത്തെ തെരഞ്ഞെടുത്തു എന്നത് ശ്രദ്ധാർഹമാണ്. മടങ്ങിയെത്തിയവർ മൂന്നുഗോത്രങ്ങൾ മാത്രമാണെങ്കിലും അവരെ മുഴുവൻ ഇസ്രായേലിന്റെയും പ്രതിനിധികളായിട്ടാണ് ഗ്രന്ഥകാരൻ കാണുന്നത്. സമൂഹത്തിലെ ഓരോ അംഗത്തിനും ഈ അവബോധമുണ്ടായിരുന്നു എന്ന് അനുമാനിക്കാം. എസ്രായുടെ കാലത്ത് വരുന്ന പ്രവാസികളുടെ ഗണവും 12 മുട്ടാടുകളെ ബലിയർപ്പിക്കുന്നുണ്ട് (എസ്രാ 8:35). നിയമഗ്രന്ഥത്തെ (തോറ) "മോശയുടെ പുസ്തകം" എന്നാണ് വിശേഷിപ്പിക്കുന്നത് (എസ്രാ 3:2;6:18;7:6; നെഹെ 8:1;14;10:29;13:1). പഞ്ചഗ്രന്ഥത്തിലെ നിയമമനുസരിച്ചുതന്നെയാണ് പാപപരിഹാരബലി അർപ്പിക്കുന്നതും (ലേവ്യ 4:22-26; 9:1-7; സംഖ്യ 7), പുരോഹിതരുടെയും ലേവായരുടെയും ക്രമീകരണവും (പുറ 29; ലേവ്യർ 8; സംഖ്യ 3;4;8) രണ്ടാംദേവാലയത്തിലും നടത്തുന്നത്. പുരോഹിതരെ 24 ഗണങ്ങളായി തിരിക്കുന്ന പതിവ് ദാവീദിന്റെ കാലത്ത് ആരംഭിച്ചതായിരുന്നു (1 ദിന 23-26). എന്നാൽ കൃത്യമായും 24 ഗണങ്ങളായി പുരോഹിതരെ തരംതിരിക്കുന്ന പതിവ് ബി.സി. 4-ാം നൂറ്റാണ്ടിൽ (രണ്ടാംദേവാലയത്തിൽ) മാത്രമാണുണ്ടായിരുന്നത് എന്ന അഭിപ്രായത്തിനാണ് ഇന്ന് പണ്ഡിതരുടെയിടയിൽ പ്രാമാണ്യമുള്ളത്.

7:19-22 ൽ പെസഹാ ആചരണത്തിന്റെ വിവരണമാണുള്ളത്. യഹൂദചരിത്രത്തിലെ വിമോചനത്തിന്റെ സജീവസ്മരണ നിലനിർത്തുന്ന തിരുനാളാണ് പെസഹാതിരുനാൾ. ശക്തനായ ഫറവോയുടെ അടിമത്വത്തിൽ നിന്ന് തന്റെ കരുത്തുറ്റ കരത്താൽ ഇസ്രായേലിനെ വിമോചിപ്പിച്ച ദൈവത്തെ ഓർക്കുന്ന തിരുനാളാണിത് (പുറ 15). രണ്ടാം പുറപ്പാടായി പ്രവാസികളുടെ മടങ്ങിവരവിനെ ചിത്രീകരിക്കുന്ന എസ്രായുടെ ഗ്രന്ഥം ദേവാലയനിർമ്മാണത്തിനുശേഷം പെസഹാത്തിരുനാൾ ആചരിക്കുന്നത് എന്തുകൊണ്ടും അവസരോചിതമാണെന്നും സൂചിപ്പിക്കുന്നു. 6:20-21ന്റെ വെളിച്ചത്തിൽ പുരോഹിതരും പെസഹാക്കുഞ്ഞാടിനെ കൊല്ലുന്നതിൽ പങ്കുചേർന്നു എന്നു വ്യാഖ്യാനിക്കാനുള്ള സാധ്യതയുണ്ട്. എന്നാൽ പുരോഹിതൻ നിയമഗ്രന്ഥങ്ങളിലെ പതിവനുസരിച്ച് ബലിമൃഗത്തെ കൊന്നിരുന്നില്ല (2 ദിന 30:16-17;35:3-6). പുറ 12:6 ലും നിയ 16:2 ലും പെസഹാക്കുഞ്ഞാടിനെ കൊല്ലുന്നത് ജനം മുഴുവനും ചേർന്നാണ്. തന്മൂലം എസ്രാ 6:21 ലെ പെസഹാക്കുഞ്ഞാടിന്റെ കൊലയിലും പുരോഹിതർ പങ്കെടുത്തിരുന്നില്ല എന്ന അനുമാനത്തിനാണ് കൂടുതൽ ആധികാരികതയുള്ളത്. പെസഹാ ആചരണത്തിൽ മടങ്ങിയെത്തിയ പ്രവാസികളോടൊപ്പം തദ്ദേശവാസികളുടെ മ്ലേച്ഛതകളിൽ നിന്നും (ഹീബ്രുവിൽ - *തുമാ* = അന്യ ദൈവാരാധന) വിട്ടുനിന്നവരെയും ഉൾപ്പെടുത്തുന്നുണ്ട്. (വാ. 22) ഇവർ യഹൂദമതസ്വീകരണത്തിനായി ഒരുങ്ങുന്ന വിജാതീയരോ (Proslytes), പ്രവാസത്തിന് അയയ്ക്കപ്പെടാതിരുന്ന യഹൂദരോ ആകാം. പരിച്ഛേദിതരായ പരദേശികൾക്കും പെസഹാ ആചരണത്തിൽ പങ്കുചേരാമെന്ന് നിയമഗ്രന്ഥത്തിൽ വ്യവസ്ഥയുണ്ടായിരുന്നു (പുറ 12:43-49). ഒരു ദിവസത്തെ പെസഹാത്തിരുന്നാളിനുശേഷം ഒരാഴ്ച നീണ്ടുനിൽക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും യഹൂദർ ആഘോഷിക്കുന്നു.

**വിചിന്തനം**

ബലിപീഠവും ദേവാലയവും നിർമ്മിച്ച് തങ്ങളുടെ മതാത്മകത വീണ്ടെടുക്കാൻ പരിശ്രമിക്കുന്ന ദൈവജനം (എസ്രാ 3:1–6:22) ശ്രദ്ധേയമായ പല ഉൾക്കാഴ്ചകളും ഈ കാലഘട്ടത്തിന് പ്രദാനം ചെയ്യുന്നുണ്ട്.

1. മനുഷ്യന്റെ മതാത്മകത അവന്റെ/അവളുടെ അസ്ഥിത്വവുമായി അഭേദ്യം ബന്ധപ്പെട്ടതാണ്. മനുഷ്യനിലെ മതാത്മകതയെയും ദൈവാവബോധത്തെയും എക്കാലത്തേക്കും നിഷേധിക്കാൻ ആർക്കും സാധിക്കുകയില്ല. ഒരു സമൂഹത്തിൽ സമാധാനവും സാഹോദര്യവും വളരണമെങ്കിൽ അവിടെ മതസ്വാതന്ത്ര്യം അനിവാര്യമാണ്. മതത്തെയും ദൈവത്തെയും നിഷേധിക്കുന്ന നിരീശ്വര പ്രത്യയശാത്രങ്ങൾ ഭരണം കയ്യാളുന്ന സമൂഹങ്ങളിൽ അവശേഷിക്കുന്നത് അനുസ്യൂതമായ വർഗ്ഗ സമരം മാത്രമായിരിക്കും. തിരിച്ചെത്തിയ ഉടൻ ബലിപീഠവും ദേവാലയവും നിർമ്മിക്കാൻ ഒരുമ്പെടുന്ന പ്രവാസാനന്തരസമൂഹം മതാത്മകതയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നുണ്ട്.

2. ദൈവത്തിന്റെ രക്ഷ വ്യക്തിഗതതലത്തിലല്ല സാമൂഹികതലത്തിലാണ് സാക്ഷാത്കരിക്കപ്പെടുന്നത്. വ്യക്തികളെ ദൈവം തെരഞ്ഞെടുക്കുന്നതും രക്ഷിക്കുന്നതും സമൂഹത്തിന്റെ മുഴുവൻ രക്ഷയെ ലക്ഷ്യമാക്കിയാണ്. സമൂഹരക്ഷയുടെ ആദ്യപടി ദൈവത്തെ ആരാധിക്കുന്ന ഒരു സമൂഹത്തെ സജ്ജീകരിക്കുകയാണ്. ബലിപീഠവും, ദൈവാലയവും, പൗരോഹിത്യവുമൊക്കെ സമൂഹരക്ഷയ്ക്കുള്ള ഉപകരണങ്ങളാണ്. ഇവയെല്ലാം ലഭ്യമായിട്ടും സമൂഹം രക്ഷയുടെ പാതയിലേക്കുവരുന്നില്ലെങ്കിൽ അതിനുകാരണം ബലിപീഠവും, ദൈവാലയവും, പൗരോഹിത്യവും ജനത്തിൽനിന്നകന്നുപോയതാണ്.

3. ദൈവാലയത്തിന്റെ ശിലാന്യാസാവസരത്തിൽ സന്തോഷമാണോ സങ്കടമായിരുന്നോ കൂടുതലായുണ്ടായിരുന്നത് എന്നുതിരിച്ചറിയാൻ കഴിഞ്ഞില്ല എന്ന പരാമർശം (3:13) ശ്രദ്ധേയമാണ്. സന്തോഷവും സങ്കടവും തമ്മിലുള്ള വേർതിരിവിന്റെ മതിലുകൾ നേർത്ത് ഇല്ലാതാകുമ്പോഴാണ് ദൈവാനുഗ്രഹം പൂർണ്ണമാകുന്നത്. “ശീതോഷ്ണ സമദുഃഖേഷു മാനാവമാനയോ:” എന്ന സൂക്തം അനുസ്മരിക്കുംപോലെ, ആധ്യാത്മികത ദ്വന്ദ്വവൈരുധ്യങ്ങളെ അതിജീവിക്കാനുള്ള കരുത്തും കഴിവുമാണ്.

4. തിരിച്ചെത്തിയ പ്രവാസികൾക്ക് ദൈവാലയനിർമ്മാണത്തിന് ദേശവാസികൾ സഹായഹസ്തം നീട്ടിയപ്പോൾ വംശശുദ്ധിയുടെ പേരിൽ അത് തിരസ്കരിച്ചത് ശരിയായ നടപടിയായിരുന്നോ? എന്ന ചോദ്യം ശ്രദ്ധേയമാണ്. സ്വന്തം നിലപാടുകളും സ്വത്വവും തനിമയും കുറ്റമറ്റതാണെന്നും മറ്റുള്ളവരെല്ലാം ഹീനരും മ്ലേച്ഛരുമാണെന്ന ഔദ്ധത്യം മതവിശ്വാസികളിൽ വളരുന്നത് അപകടകരമാണ്. യാഹ്‌വെയെ ആരാധിക്കുന്നവരായിരുന്നിട്ടും ദേശവാസികളെ യൂദാഗോത്രക്കാർ നിഷ്കരുണം തള്ളിക്കളഞ്ഞു. ഇത് കൂടുതൽ എതിർപ്പിനും സംഘർഷത്തിനും ദൈവാലയ നിർമ്മാണത്തിന് പതിറ്റാണ്ടുകളുടെ കാലതാമസം വരുത്തുന്നതിനും ഇടവരുത്തി. വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിലെ കിടമത്സരങ്ങളും ഒരേ ഇടവകയിൽ തന്നെ കുലമഹിമയുടെയും കാലപ്പഴക്കത്തിന്റെയും പേരിലുള്ള വിഭാഗീകരണവും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ പ്രവാ

സാനന്തരകാലഘട്ടത്തിലെ സമൂഹത്തിന്റെ അബദ്ധം ആവർത്തിക്കാതി രിക്കാൻ നിതാന്തജാഗ്രത വേണം.

5. പ്രവാസാനന്തരകാലഘട്ടത്തിലെ പ്രവാചകന്മാരുടെയും നേതാക്ക ന്മാരുടെയും ആധികാരികതയുടെ അടിസ്ഥാനം അവരുടെ വംശാവലി യുടെ മഹത്വമല്ല, ദൈവത്തിന്റെ നിയോഗവും ദൈവം അവരിലൂടെ സംസാരിക്കുന്ന വചനവുമാണെന്ന് എസ്രാ 5:1-3 സാക്ഷ്യപ്പെടുത്തുന്നു. സ്വന്തം കഴിവിലും സമ്പത്തിലും കായബലത്തിലും അമിതാഹ്ലാദം കൊള്ളുന്ന നേതാക്കളെല്ലാം നിഷ്കാസിതരാകുന്നു. എത്ര സമർത്ഥരായ ഭരണാധികാരികളും നിശ്ചിതകാലം കഴിയുമ്പോൾ തിരസ്കരിക്കപ്പെടു ന്നു. സാമ്രാജ്യങ്ങൾ അസ്തമിച്ചുപോകുന്നു. എന്നാൽ ക്രിസ്തു സ്ഥാ പിച്ച സഭമാത്രം കാലദേശങ്ങളെ അതിജീവിച്ച് കരുത്തോടെ മുന്നോട്ടു നീങ്ങുന്നതിന്റെ കാരണം അതിന് ദൈവം തെരഞ്ഞെടുത്ത നേതൃത്വ മുണ്ട് എന്നതാണ്.

6. ദേവാലയം പണിയുന്നവരുടെ പേരുവിവരം ചോദിച്ചപ്പോൾ, തങ്ങൾ "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ ദൈവത്തിന്റെ ദാസൻമാ രാണ്" എന്നായിരുന്നു നേതാക്കന്മാരുടെ മറുപടി (5:11). ദൈവജനത്തിന്റെ യഥാർത്ഥതനിമ വെളിവാക്കുന്നതാണ് ഈ മറുപടി. "ദാസൻമാർ" എന്ന എളിമയും "ദൈവത്തിന്റെ" എന്ന ആത്മാഭിമാനവും ചേരുന്നിടത്താണ് ക്രൈസ്തവ അസ്ഥിത്വം രൂപം കൊള്ളുന്നത്. അധികാരികളുടെ ചോദ്യ ത്തിന് തങ്ങൾക്കായി ദൈവം ചെയ്ത വൻകാര്യങ്ങളുടെ കഥയാണ് ജന നേതാക്കൾ പങ്കുവയ്ക്കുന്നത്. തങ്ങൾ ദൈവത്തെ മറന്നതുകൊണ്ടു സംഭവിച്ച ദുരന്തമാണ് പ്രവാസം (5:11-12) എന്ന ഏറ്റുപറച്ചിലും അവർ നടത്തുന്നു. ലോകചരിത്രത്തെ ദൈവത്തിന്റെ രക്ഷാകരചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വായിക്കാനുള്ള അസാധാരണ ഉൾപത്തിയാണ് ഇവിടെ ദൃശ്യമാകുന്നത്. ജീവിതത്തിൽ സംഭവിക്കുന്ന തിരിച്ചടികളും തിരുത്തലുകളും പരാജയങ്ങളുമെല്ലാം ദൈവത്തിന്റെ രക്ഷാകരപദ്ധതി യുടെ ഭാഗമായി മനസ്സിലാക്കാനുള്ള കഴിവ് ഒരു വിശ്വാസിസമൂഹം പക്വത പ്രാപിച്ചോ എന്ന് തിരിച്ചറിയാനുള്ള അടയാളം കൂടിയാണ്.

7. എസ്രായുടെ പുസ്തകത്തിന്റെ ഒന്നാം ഭാഗം (1:1-6:22) ആരംഭിക്കു ന്നതും (1:1) അവസാനിക്കുന്നതും (6:2) ഒരേ പ്രസ്താവനയോടെയാണ്: "ദൈവം രാജാവിന്റെ ഹൃദയത്തെ പ്രചോദിപ്പിച്ചു." ചക്രവർത്തിമാരെ ചലിപ്പിക്കുകയും വാഴിക്കുകയും തകർക്കുകയും ചെയ്യുന്ന സർവ്വശക്ത നായ ദൈവമാണ് ചരിത്രത്തിന്റെ നിയന്താവ് എന്ന സത്യം ഗ്രഹിച്ച് ഭാവിയെക്കുറിച്ച് സമചിത്തതയോടെ വ്യാപരിക്കാനുള്ള ആഹ്വാനമാണ് ഗ്രന്ഥകാരൻ ദൈവജനത്തിനു നൽകുന്നത്. അധികാരികളിൽ ആരെല്ലാം എതിർത്താലും അന്തിമവിജയം ദൈവത്തിനായിരിക്കും എന്നുസ്ഥാപി ക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. ദൈവാലയ നിർമ്മാണത്തെ തദ്ദേ ശവാസികളും അധികാരികളും ഒരുപോലെ എതിർത്തിട്ടും ദൈവിക പദ്ധ തിയനുസരിച്ചുതന്നെ ദൈവാലയത്തിന്റെ പണിപൂർത്തിയായി എന്നുസ്ഥാ പിക്കുന്നതിന്റെ പൊരുൾ ഇതാണ്.

# 03

## എസ്രായുടെ പ്രാരംഭപ്രവർത്തനങ്ങൾ: എസ്രാ 7:1-10:44

എസ്രായുടെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും വിവരിക്കുന്ന 7:1–10:44ന്റെ വ്യാഖ്യാനം രണ്ടുതരത്തിൽ വിഷമകരമാണ്. ഒന്നാമതായി, ഈ വിവരണത്തിൽ പ്രഥമപുരുഷ (First Person) വിവരങ്ങളും (7:27–8:34;9:1–15) ഉത്തമ പുരുഷ ( Third Person) വിവരണങ്ങളും (7:1–11; 8:35–36; 10:1–44) ഒരുപോലെ കാണപ്പെടുന്നുണ്ട്. നെഹെ 7:73–8:18; 9:1–5 എന്നീ ഭാഗങ്ങൾ എസ്രായുടെ ഗ്രന്ഥത്തിലെ ഉത്തമപുരുഷ വിവരണങ്ങളോടു ചേർന്നുപോകുന്നവയാണെന്ന് ഭൂരിപക്ഷം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നുണ്ട്. ഈ വിവരണവൈരുദ്ധ്യങ്ങൾക്കൊപ്പം രണ്ടാമതൊരു പ്രശ്നം കൂടി ഈ ഭാഗത്തിന്റെ വിവരണത്തെ ദുഷ്കരമാക്കുന്നു. ആറാം അധ്യായത്തിൽ വിവരിക്കുന്ന സംഭവങ്ങളുടെ തുടർച്ചയല്ല ഏഴാം അധ്യായത്തിന്റെ ഇതിവൃത്തം. രണ്ട് അധ്യായങ്ങൾക്കുമിടയിൽ ഒരു നൂറ്റാണ്ടിന്റെ ചരിത്രം വിസ്മരിക്കപ്പെടുന്നു എന്നതാണ് സത്യം. അർത്താക്സെർക്സസ് ഒന്നാമന്റെ കാലത്താണ് എസ്രാ നിയോഗിക്കപ്പെടുന്നതെങ്കിൽ എസ്രാ ജറുസലേമിലെത്തിയത് ബി.സി. 458ൽ ആണ്. അഥവാ അർത്താക്സെർക്സസ് രണ്ടാമന്റെ ഭരണകാലത്താണെങ്കിൽ എസ്രായുടെ ആഗമനം ബി.സി. 398 ൽ ആയിരുന്നു. പരമ്പരാഗത വിശ്വാസമനുസരിച്ച് നെഹെമിയായ്ക്കുമുൻപ് എസ്രാ വന്നു. ഈ പാരമ്പര്യം ശരിയാണെങ്കിൽ എസ്രാ വന്നത് 458 ൽ ആയിരുന്നെന്ന് അനുമാനിക്കാം. എന്നാൽ, ആധുനിക വ്യാഖ്യാതാക്കളിൽ പലരും എസ്രായും നെഹെമിയായും സമകാലികരായിരുന്നു എന്നു വാദിക്കുന്നവരാ

ണ്. ഈ വാദമനുസരിച്ച് എസ്രായുടെ ആഗമനം അർത്താക്സെർക്സസ് രണ്ടാമന്റെ (398 ബി.സി.) ഭരണകാലത്താണ്. എന്നാൽ എസ്രാ-നെഹെമിയ ഗ്രന്ഥങ്ങളുടെ ഘടനയും വിവരണങ്ങളുടെ സ്വഭാവവും പരിഗണിക്കുമ്പോൾ എസ്രാ ആദ്യം വന്നു എന്ന അനുമാനത്തിൽ ഉറച്ചുനിൽക്കുന്നതാണ് കൂടുതൽ യുക്തിസഹമായിട്ടുള്ളത്.

ബി.സി. 516ൽ നടന്ന ദേവാലയപ്രതിഷ്ഠ യ്ക്കുശേഷം 58 വർഷങ്ങൾ കഴിഞ്ഞാണ് (458 ബി.സി.) എസ്രായുടെ ജറുസലേമിലേക്കുള്ള ആഗമനം സംഭവിക്കുന്നത്. ഈ 58 വർഷങ്ങളിൽ യഹൂദരുടെ മതാത്മകജീവിതം കൂടുതൽ കുത്തഴിഞ്ഞുപോയതായി മലാക്കിയുടെ പ്രവചനങ്ങൾ (ബി.സി. 470 നോടടുത്ത്) സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഏശയ്യ 55, 56 അധ്യായങ്ങളും ഈ കാലഘട്ടത്തിലെ ധാർമ്മികച്യുതിയെക്കുറിച്ചുള്ള സൂചന നൽകുന്നുണ്ട്. ദൈവാരാധനയിലും മതാചാരങ്ങളിലുമുള്ള ഉദാസീനത, വിജാതീയസ്ത്രീകളുമായുള്ള വിവാഹങ്ങൾ, സമ്പത്തിനും അധികാരത്തിനും വേണ്ടി അന്യായമാർഗ്ഗങ്ങൾ അവലംബിക്കൽ തുടങ്ങിയവ ഈ കാലഘട്ടത്തിൽ സാധാരണമായിരുന്നു. ഈ അവസ്ഥയ്ക്ക് അറുതിവരുത്താനാണ് എസ്രാ നിയമിതനാകുന്നത്.

## എസ്രായുടെ ആഗമനം (7:1–10)

എസ്രാ 7:1–5 ൽ എസ്രായുടെ വംശാവലി അവതരിപ്പിച്ചുകൊണ്ട് അഹറോന്റെ വംശത്തിൽപിറന്ന പുരോഹിതനാണ് എസ്രാ എന്നുസ്ഥാപിക്കുന്നുണ്ട്. ഈ വംശാവലി പൂർണ്ണമായിത്തന്നെ 1 ദിന 6:3–15ൽ നിന്നെടുത്തിട്ടുള്ളതാണ്. എന്നാൽ 1 ദിന 6:7–9 ലെ ഏതാനും പേരുകൾ (യോഹന്നാൻ, അസറിയാ, അഹിമാസ്, സാദോക്ക്, അഹിരൂബ്, അമാരിയ) എസ്രായുടെ വംശാവലിയിൽ വിട്ടുപോയിട്ടുണ്ട്. പകർത്തിയെഴുതിയവർക്കു പറ്റിയ കൈപ്പിഴയായി ഇതിനെ പരിഗണിക്കാവുന്നതാണ്. എസ്രായുടെ വംശാവലിയിലെ സെറായിയായെ (വാ. 1) ബാബിലോണിയൻ സൈന്യം വധിക്കുകയും (2 രാജാ 25:18–21) അദ്ദേഹത്തിന്റെ പുത്രൻ യഹോസാദെക്കിനെ പ്രവാസിയായി നാടുകടത്തുകയും ചെയ്തിരുന്നു (1 ദിന 6:15). ബി.സി. 58 ൽ നടക്കുന്ന ഈ സംഭവത്തിന് 128 വർഷങ്ങൾക്കുശേഷമാണ് എസ്രാ ജറുസലേമിൽ വരുന്നത്. തന്മൂലം 7:1ൽ പരാമർശിക്കുന്ന സെറായിയാ എസ്രായുടെ പിതാവായിരിക്കാൻ സാധ്യതയില്ല. സെറായിയാ മുതൽ എസ്രാവരെയുള്ള വംശാവലിയിലെ കണ്ണികൾ പകർപ്പെഴുത്തിൽ നഷ്ടമായതായിരിക്കാനാണ് സാധ്യത എന്നുവാദിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ പ്രവാസത്തിനു തൊട്ടുമുൻപുള്ള കാലത്തെ പ്രധാനപുരോഹിതനായ സെറായിയായുമായി എസ്രായെ നേരിട്ടു ബന്ധിപ്പിക്കുന്നതിലൂടെ പ്രവാസാനന്തരപ്രധാനപുരോഹിതൻ പ്രവാസത്തിനു മുമ്പുള്ള പ്രധാനപുരോഹിതന്റെ നേരിട്ടുള്ള പിന്തുടർച്ചയാണെന്ന് സ്ഥാപിക്കാൻ ഗ്രന്ഥകാരൻ ആഗ്രഹിക്കുന്നതും ഇതിനു കാരണമാകാം.

അസറിയാ എന്ന പേരിന്റെ സംക്ഷിപ്തരൂപമാണ് എസ്രാ എന്ന സംജ്ഞ. മോശയുടെ നിയമത്തിൽ പ്രാവീണ്യം സിദ്ധിച്ച (ഹീബ്രുവിൽ-*സോപേർ*=നിയമജ്ഞൻ) വ്യക്തിയായിരുന്നു എസ്രാ (വാ-6). മോശ

യുടെ നിയമം എന്നതിലൂടെ പഞ്ചഗ്രന്ഥമാണ് ഗ്രന്ഥകർത്താവ് വിവക്ഷിക്കുന്നത്. പേർഷ്യൻ ഭരണകൂടത്തിൽ എസ്രായ്ക്ക് സ്വാധീനമുണ്ടായിരുന്നു (വാ. 7). നിയമജ്ഞരുടെ കാര്യപ്രാപ്തിയെയും, നയതന്ത്രജ്ഞതയെയും, രാജഭരണത്തിലുള്ള സ്ഥാനത്തെയും കുറിച്ച് സൂചനനൽകുന്ന അനേകം വചനഭാഗങ്ങളുണ്ട് (2 സാമു 8:17; 1 രാജാ 4:3; 2 രാജാ 19:2-7; 22:14-20). എസ്രാ 4:8ൽ റേഹുവിനുവേണ്ടി കത്തെഴുതുന്ന ഷിംഷായി ഒരു നിയമജ്ഞനായിരുന്നു. തന്മൂലം യഹൂദനിയമജ്ഞനായിരുന്ന എസ്രായ്ക്ക് ബാബിലോണിയൻ ഭരണാധികാരികളുടെ പക്കൽ സ്വാധീനമുണ്ടായിരുന്നതായി കരുതാം (എസ്രാ 7: 12,21; നെഹെ 8:9;12:26). എസ്രാ നിയമം പഠിക്കുകയും അതു ജീവിക്കുകയും അതു മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്ത വ്യക്തിയായിരുന്നതിനാൽ (വാ. 10) എസ്രായെ ഒരു യഥാർത്ഥനിയമജ്ഞനായി കരുതാം (പ്രഭാ 38:24-39:11). എന്നാൽ തന്റെ നിയമപരിജ്ഞാനത്തേക്കാൾ ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിച്ച വ്യക്തിയായിരുന്നു എസ്രാ (7:6,9,28;8:18,22,31). പേർഷ്യൻ യഹൂദർക്ക് പ്രത്യേക സ്ഥാനമുള്ള ഉദ്യോഗങ്ങൾ നൽകുന്നതിനെക്കുറിച്ച് ബൈബിളിലെ ഇതര ഗ്രന്ഥങ്ങളും സൂചന നൽകുന്നുണ്ട് (1 രാജാ 10:13; എസ്തേർ 1:6;2:19). പുരോഹിതരോടും ലേവായരോടും ദൈവാലയശുശ്രൂഷകരോടുമൊപ്പം എസ്രാ ജറുസലേമിൽ എത്തിച്ചേർന്നത് അർത്താക്സെർക്സസ് ഒന്നാമന്റെ ഭരണത്തിന്റെ ഏഴാംവർഷം അഞ്ചാം മാസം ഒന്നാം ദിവസമായിരുന്നു (ബി.സി. 458, ആഗസ്ത് 4). ജറുസലേമിലേക്കുള്ള അവരുടെ യാത്ര ആരംഭിച്ചത് പ്രസ്തുത വർഷം ഏപ്രിൽ 28ന് ആയിരുന്നു. 14 ആഴ്ചകൾ നീണ്ട യാത്രയിൽ ഒരു ദിവസം പത്തുമൈൽ ദൂരമെങ്കിലും എസ്രായും കൂട്ടരും വഴിതാണ്ടിയിട്ടുണ്ടാകണം. ആണ്ടുവട്ടത്തിലെ ഒന്നാംമാസം എസ്രാ യാത്രപുറപ്പെട്ടു എന്നുപറയുന്നതിൽ പ്രതീകാത്മക അർത്ഥം കൂടിയുണ്ട്. ഇസ്രായേൽ ഈജിപ്തിൽ നിന്ന് പുറപ്പെടുന്നതും ഒന്നാം മാസമായിരുന്നു (പുറ 12:2). എസ്രായുടെ നേതൃത്വത്തിലുള്ള പ്രവാസികളുടെ ആഗമനത്തെയും മറ്റൊരു പുറപ്പാടായാണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്.

## എസ്രായുടെ അധികാരപത്രം (7:11-28)

എസ്രാ 7:11 ഹീബ്രു വാക്യമാണ്. 7:12-26 ലെ അരമായഭാഷയിലുള്ള അർത്താക്സെർക്സസ് രാജാവിന്റെ അധികാരപത്രത്തിനുള്ള ആമുഖമാണിത്. 7:12ൽ "രാജാക്കന്മാരുടെ രാജാവ്" എന്നാണ് അർത്താക്സെർക്സസിനെ വിശേഷിപ്പിക്കുന്നത്. നെബുക്കദ്നേസറിനെ വിശേഷിപ്പിക്കാൻ ഇതേ അഭിധാനം ഉപയോഗിച്ചിട്ടുണ്ട് (എസെ 26:7; ദാനി 2:37). എസ്രായുടെ നിയമനപത്രത്തിൽ അഞ്ച് അധികാരങ്ങൾ എസ്രായ്ക്കു നൽകപ്പെടുന്നുണ്ട്.

1. ജറുസലേമിലേക്കു മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്ന സകല യഹൂദരെയും (പുരോഹിതരും ലേവായരും) കൊണ്ടുപോകാൻ എസ്രായ്ക്ക് അനുവാദം ലഭിച്ചു. ബി.സി. 538 ൽ ദാരിയൂസ് രാജാവ് പുറപ്പെടുവിച്ച കല്പനയ്ക്ക് (എസ്രാ 1:2-4) സമാനമാണ് അർത്താക്സെർക്സസിന്റെ കല്പനയും (വാ. 13).

2. ഇസ്രായേലിന്റെ ദൈവം നൽകിയ നിയമമനുസരിച്ചാണോ യഹൂദർ ജീവിക്കുന്നത് എന്നുപരിശോധിക്കാനുള്ള അധികാരം എസ്രായ്ക്കു ലഭിച്ചു (വാ. 14). വിജാതീയസ്ത്രീകളുമായുള്ള യഹൂദരുടെ വിവാഹം ഇസ്രായേലിന്റെ നിയമത്തിനു വിരുദ്ധമാകയാൽ വിജാതീയ വിവാഹങ്ങൾ വേർപെടുത്തുക എന്നത് എസ്രായുടെ നടപടികളിൽ സവിശേഷശ്രദ്ധപതിഞ്ഞ ഒരു മേഖലയായിരുന്നു (എസ്രാ 8-9 അധ്യായങ്ങൾ കാണുക). നിയമാവർത്തന പാരമ്പര്യത്തിലെ നിയമവ്യവസ്ഥകൾ (നിയ 12-26) ബി.സി. 450 കളിൽ പൂർണ്ണരൂപത്തിലെത്തിയിരുന്നില്ല എന്നാണ് പണ്ഡിതരുടെ അഭിപ്രായം. തന്മൂലം എസ്രാ ഉപയോഗിച്ച നിയമങ്ങൾ അന്ന് നിലവിലുണ്ടായിരുന്ന തോറായിലെ നിയമങ്ങളായിരുന്നു.

3. ജറുസലേമിലെ ദേവാലയത്തിൽ ബലിയർപ്പണം നടത്താനുള്ള അടുമാടുകളും ധാന്യങ്ങളും പാനീയവും വാങ്ങാൻ എസ്രായ്ക്ക് സംഭാവന നൽകാനും മറ്റുള്ളവരിൽനിന്ന് സംഭാവന സ്വീകരിക്കാൻ അനുവാദം നൽകാനും അർത്താക്സെർക്സസ് രാജാവ് തയ്യാറായി (വാ. 15-17). മൂന്നുതരം സംഭാവനകളാണ് എസ്രായ്ക്കു ലഭിച്ചത്. രാജാവും ഉപദേശകരും നൽകിയ സ്വർണ്ണവും വെള്ളിയുമാണ് ആദ്യ സംഭാവന (വാ 15 -20). ഇതിൽ ഒരു ഭാഗം ബലിവസ്തുക്കൾക്കായും ശേഷിക്കുന്നത് ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾക്കായും ഉപയോഗിക്കാൻ എസ്രായ്ക്ക് അനുവാദമുണ്ടായിരുന്നു. ദേശപ്രമുഖന്മാരിൽനിന്നും നേതാക്കന്മാരിൽനിന്നും രാജശാസനപ്രകാരം ലഭിക്കുന്ന സംഭാവനയാണ് രണ്ടാമത്തേത് (വാ. 21-25). ഈജിപ്തിൽനിന്നു പുറപ്പെടുന്ന ഇസ്രായേൽക്കാർക്ക് ദേശവാസികൾ നൽകിയ സംഭാവനയുടെ പ്രതീകമായും ഈ സംഭാവനയെ മനസ്സിലാക്കാവുന്നതാണ് (എസ്രാ 1:4,6 ന്റെ വ്യാഖ്യാനം കാണുക). രാജകല്പനയിൽ അനുശാസിക്കുന്നതു കൂടാതെ ബാബിലോണിയൻ നിവാസികളും പുരോഹിതരും ഇസ്രായേൽകാർക്ക് സ്വമനസ്സാ സംഭാനകൾ നൽകിയിരുന്നു (വാ. 16), ഇതാണ് മൂന്നാമത്തെ സംഭാവന.

ഈ സംഭാവനകൾ കൂടാതെ, ദേവാലയത്തിലെ ഉപയോഗത്തിനായുള്ള വിശുദ്ധപാത്രങ്ങളും രാജാവ് നൽകി (വാ.19). ഈ പാത്രങ്ങൾ ആദ്യദേവാലയത്തിൽ നിന്ന് നബുക്കെദ്നേസർ പിടിച്ചെടുത്ത പാത്രങ്ങളല്ല. പ്രസ്തുത പാത്രങ്ങൾ സൈറസ് രാജാവിന്റെ കല്പന പ്രകാരം ബി.സി. 538ൽ തന്നെ ജറുസലേമിലേക്കു കൊണ്ടുവന്നിരുന്നു (1:7,11;6:5). അർത്താക്സെർക്സസ് നൽകുന്ന പാത്രങ്ങൾ അദ്ദേഹത്തിന്റെ സംഭാവനകളായിരുന്നു.അവയുടെ വിശദമായ പട്ടിക 8:26-27ലും 33-34ലും നൽകിയിട്ടുണ്ട്. ഈ കല്പനയിൽ യാഹ്വെയെ "ഇസ്രായേലിന്റെ ദൈവം", "ജറുസലേമിൽ വസിക്കുന്നവൻ" (വാ.15) എന്നൊക്കെയാണ് വിശേഷിപ്പിക്കുന്നത്. ഈ പദപ്രയോഗങ്ങൾ പൂർണ്ണമായും ഇസ്രായേൽക്കാരുടേതായിരുന്നു. ഇസ്രായേൽക്കാരുടെ ധാന്യബലികളെക്കുറിച്ചും, പാനീയബലികളെക്കുറിച്ചും, ദഹനബലികളെക്കുറിച്ചുമുള്ള കൃത്യമായ വിവരങ്ങൾ ഈ കൽപനയിലുണ്ട്. അർത്താക്സെർക്സസ് രാജാവോ പേർഷ്യൻ അധികാരികളോ ഇസ്രായേലിന്റെ ബലിയർപ്പണരീതികളെക്കുറിച്ച് ഇത്രമേൽ അവഗാഹം നേടിയിരുന്നു എന്നുകരുതാൻ

പ്രയാസമാണ്. തന്മൂലം അർത്താക്സെർക്സസിന്റെ കല്പന യഹൂദഗ്രന്ഥകാരന്റെ സംശോധനയ്ക്കുവിധേയമായ ശേഷമാണ് ഗ്രന്ഥത്തിൽ ഇടം നേടിയത് എന്ന് കരുതേണ്ടിവരും. 22-ാം വാക്യത്തിൽ പരാമർശിക്കുന്ന അളവുകൾ- 100 താലന്ത് (3.75 ടൺ) വെള്ളി, നൂറുകോർ (1400 ലിറ്റർ) എണ്ണയും വീഞ്ഞും അതിശയോക്തി പരമായിരിക്കാം. (യൂദാരാജ്യത്തിന്റെ മുഴുവൻ വാർഷിക കപ്പം 100 താലന്ത് വെള്ളിയായിരുന്നു (2 രാജാ 23:33). അതിശയോക്തിപരമായ അളവുകളിലൂടെ ബാബിലോണിയാക്കാരുടെ ഉദാരമനസ്കത വെളിപ്പെടുകയായിരിക്കാം ഗ്രന്ഥകാരന്റെ ലക്ഷ്യം. പുരാതനമധ്യപൂർവ്വദേശത്ത് ഉപ്പിന്റെ കുത്തകാവകാശം പേർഷ്യക്കാർക്കായിരുന്നു. തന്മൂലം ഉപ്പ് അളവുനോക്കാതെ നൽകാൻ ആവശ്യപ്പെടുന്നതും (വാ.22) ബാബിലോണിയക്കാരുടെ ഔദാര്യം വെളിപ്പെടുത്തുന്ന നടപടിയാണ്. യഹൂദരുടെ ഇടയിൽനിന്ന് ചുങ്കം പിരിക്കുമ്പോൾ പുരോഹിതരും ലേവായരും ഒഴിവാക്കപ്പെടണം എന്ന കല്പനയും രാജാവ് പുറപ്പെടുവിച്ചു (വാ. 24). അർത്താക്സെർക്സസിന്റെ ഭരണകാലത്ത് ഈജിപ്തുമായി സംഘർഷം നിലനിന്നിരുന്നതിനാൽ യൂദാപ്രവിശ്യയിലെ ആഭ്യന്തരസംഘർഷം അവസാനിപ്പിച്ച് യഹൂദരെ അനുനയിപ്പിച്ച് ഒപ്പം നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം സമ്മാനങ്ങളും നികുതിയിളവുകളും രാജാവ് പ്രഖ്യാപിക്കുന്നത് എന്നുകരുതാം.

4. യൂദാപ്രവിശ്യയിൽ ന്യായാധിപന്മാരെയും അധികാരികളെയും നിയമിക്കാനുള്ള അധികാരവും എസ്രായ്ക്കു ലഭിച്ചു (വാ. 25-26). പ്രവിശ്യയിലെ മുഴുവൻ ജനങ്ങളെയും ഇസ്രായേലിന്റെ ദൈവത്തിന്റെ നിയമമനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുക എന്നതായിരുന്നു ഈ അധികാരികളുടെ ചുമതല. കൂടാതെ നിയമ ലംഘകർക്ക് വധശിക്ഷയുൾപ്പെടെയുള്ള ശിക്ഷകൾ നൽകാനും എസ്രായെ അധികാരപ്പെടുത്തിയിരുന്നു. ചുരുക്കത്തിൽ പേർഷ്യൻ സാമ്രാജ്യത്തിലെ പൊതുനിയമത്തിനു തുല്യമായ പദവി ഇസ്രായേലിന്റെ ദൈവത്തിന്റെ നിയമത്തിന് യൂദാപ്രവിശ്യയിൽ ലഭിച്ചു.

7:27-28ൽ എസ്രായുടെ നന്ദിപ്രകാശനമാണ്. തനിക്ക് അധികാരം നൽകിയ അർത്താക്സെർക്സസ് രാജാവിനെയല്ല രാജാവിന്റെ ഹൃദയത്തെ നിയന്ത്രിക്കുന്ന "പിതാക്കന്മാരുടെ ദൈവമായ കർത്താവിനാണ്" എസ്രാ നന്ദിപറയുന്നത് എന്നതും ശ്രദ്ധാർഹമാണ്.

## തിരിച്ചെത്തിയവർ (8:1-36)

എസ്രായോടൊപ്പം ജറുസലേമിലേക്കു പുറപ്പെടാൻ തയ്യാറാകുന്നവരുടെ പേരുവിവരങ്ങളാണ് 8:1-14 ൽ ഉള്ളത്. രണ്ട് പുരോഹിതകുടുംബങ്ങളും (ഗർഷോം, ദാനിയേൽ), ദാവീദിന്റെ കുടുംബത്തിൽനിന്നുള്ള – പന്ത്രണ്ടു കുടുംബത്തലവന്മാരും അടങ്ങുന്ന പ്രവാസിസംഘത്തിന്റെ ആകെ എണ്ണം 1513 ആണ്. (1 എസ്ദ്രാസിലെ സമാനവിവരണത്തിൽ എസ്രായോടൊപ്പം മടങ്ങുന്നവരുടെ എണ്ണം 1690 ആണ്.) 2:1-64 ലെ ആദ്യസംഘവുമായി (42,360) താരതമ്യം ചെയ്യുമ്പോൾ ചെറിയ സംഘമാണ് എസ്രായോടൊപ്പം ജറുസലേമിലേക്ക് വരുന്നത്. രണ്ടാം അധ്യായത്തിലെ

പലകുടുംബങ്ങളുടെയും പേര് 8:1-14ലും ആവർത്തിക്കുന്നതായി കാണാം. പ്രസ്തുതകുടുംബത്തിലെ ചില അംഗങ്ങൾ ആദ്യസംഘത്തിലും ശേഷിച്ചവരുടെ പിൻഗാമികൾ എസ്രായോടൊപ്പവും വന്നു എന്ന അർത്ഥത്തിൽ ഈ ആവർത്തനത്തെ മനസ്സിലാക്കാവുന്നതാണ്. രണ്ടാം അധ്യായത്തിലെ പുരോഹിതരുടെ പട്ടികയിൽ അഹറോന്റെ കുടുംബത്തിന് പ്രത്യേക പ്രാധാന്യമൊന്നുമില്ല. എന്നാൽ 8:2ൽ പരാമർശിക്കുന്ന രണ്ടു പുരോഹിതകുടുംബങ്ങളും അഹറോനുമായി നേരിട്ടു ബന്ധമുള്ളതാണ്. ഫിനെഹാസ് അഹറോന്റെ പൗത്രനും ഗർഷോം അഹറോന്റെ പുത്രനുമാണ്. എസ്രായും അഹറോന്റെ കുടുംബത്തിൽ പെട്ടയാളാണ്. പ്രവാസാനന്തരകാലത്തെ പുരോഹിതരുടെയിടയിൽ അഹറോന്റെ കുടുംബത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്നതിന്റെ സൂചനയായി ഇതിനെ മനസ്സിലാക്കാം.

പന്ത്രണ്ടുകുടുംബങ്ങളുടെ പട്ടികയും (വാ.3-14) ഈ അധ്യായത്തിൽ ആവർത്തിക്കപ്പെടുന്ന പന്ത്രണ്ട് എന്ന സംഖ്യയും (3-14,24,35) എസ്രായോടൊപ്പം വന്നവർ എണ്ണത്തിൽ കുറവാണെങ്കിലും മുഴുവൻ ഇസ്രായേലിനെയും (12 ഗോത്രങ്ങളെയും) പ്രതിനിധീകരിക്കുന്നതായി ഗ്രന്ഥകാരൻ വിവക്ഷിക്കുന്നു.

8:15-20 ൽ ലേവ്യരുടെ അഭാവമാണ് ചർച്ചാവിഷയമാകുന്നത്. എസ്രായും സംഘവും അഹാവായിലെത്തിയപ്പോഴാണ് തങ്ങളുടെ കൂടെ ലേവ്യർ ആരുമില്ല എന്ന് മനസിലാക്കുന്നതും ലേവ്യരെ അന്വേഷിക്കുന്നതും. അഹാവ ഒരു പട്ടണമാണോ, അഥവാ യൂഫ്രട്ടീസ് നദിയുടെ കൈവഴികളിൽ ഒന്നായ നദിയാണോ എന്ന് തീർത്തുപറയാൻ പണ്ഡിതന്മാർക്ക് കഴിയുന്നില്ല (വാ. 21, 31 കാണുക). ആദ്യസംഘത്തിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ കൂട്ടത്തിലും ലേവായരുടെ എണ്ണം നാമമാത്രമായിരുന്നു (2:40). ലേവായർക്ക് സമൂഹമധ്യത്തിൽ കാര്യമായ അംഗീകാരമോ വരുമാനമോ ലഭ്യമല്ലാത്തതിനാലും ദേവാലയത്തിലെ ജോലിഭാരം മുഴുവൻ ഏറ്റെടുക്കേണ്ടതുള്ളതിനാലും ലേവായരിൽ ഭൂരിഭാഗവും ബാബിലോണിൽതന്നെ തങ്ങുകയായിരുന്നു. പുറപ്പാടുയാത്രയെ അനുസ്മരിച്ച് പ്രവാസികളുടെ നിര ക്രമീകരിച്ചപ്പോഴാണ് ലേവായർ ആരുമില്ലെന്ന് എസ്രാ മനസ്സിലാക്കുന്നത്. ലേവായർ ആരുമില്ലാതെയുള്ള മടക്കയാത്ര പുറപ്പാടുയാത്രയ്ക്ക് സമാനമാകില്ല എന്ന് എസ്രാ മനസ്സിലാക്കിയിരുന്നു. തന്നെയുമല്ല അർത്താക്സെർക്സസ് രാജാവിന്റെ കല്പന നിറവേറണമെങ്കിൽ (7:13) ലേവായർ കൂടി സംഘത്തിൽ ഉണ്ടാകണമെന്ന് എസ്രായ്ക്ക് അറിയാമായിരുന്നു.

എസ്രാ പതിനൊന്നംഗസംഘത്തെ കാസിഫിലായിലെ ആരാധാനാലയത്തിലേക്ക് അയയ്ക്കുകയും അവർ 41 അംഗ ലേവായരെ കൂട്ടിക്കൊണ്ടുവരികയും ചെയ്തു. കസിഫിയായിലെ ദേവാലയത്തെക്കുറിച്ച് പണ്ഡിതരുടെയിടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. ഈജിപ്തിൽ പ്രവാസികളായി കഴിഞ്ഞിരുന്ന യഹൂദർ യാഹ്‌വെയ്ക്കായി പണിത ആരാധനാസ്ഥലം (ഹീബ്രുവിൽ-*മഖോം*= സ്ഥലം- ഉൽപ 28:11,16-17ൽ ഈ പദം ആരാധനാസ്ഥലം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്) ആയിരിക്കാം ഇവിടെ വിവക്ഷിക്കുന്നത് എന്ന അഭിപ്രായത്തിനാണ് പ്രാധാന്യമുള്ളത്.

8:21-30ൽ യാത്രയ്ക്കുവേണ്ടി എസ്രാ നടത്തുന്ന ഒരുക്കങ്ങളുടെ വിവരണമാണ്. സാധാരണയായി യാത്രാ ഒരുക്കങ്ങളിൽ സവിശേഷ ശ്രദ്ധ പതിയുന്ന വാഹനക്രമീകരണങ്ങളോ അടുക്കിപ്പെറുക്കലോ ഒന്നും എസ്രായുടെ ഒരുക്കങ്ങളിൽ കാണുന്നില്ല. പകരം അദ്ദേഹം ഉപവാസം പ്രഖ്യാപിക്കുകയും ദൈവസഹായം തേടുകയുമാണ് ചെയ്യുന്നത്. തങ്ങളെത്തന്നെ ദൈവതിരുമുമ്പിൽ എളിമപ്പെടുത്താനുള്ള (ഹീബ്രുവിൽ-*ലഹിത് അനോത്)* മാർഗ്ഗമായാണ് അവർ ഉപവാസത്തെ കരുതുന്നത്. കൂടാതെ യാത്ര സുഗമമാക്കുവാൻ ദൈവസഹായം അഭ്യർത്ഥിക്കുകയും ഉപവാസത്തിന്റെ ലക്ഷ്യമായിരുന്നു. യാത്ര സുഗമമാക്കുക എന്ന് വിവർത്തനം ചെയ്തിരിക്കുന്ന പദം ഏശ 40:3 ൽ "പാതകൾ നേരെയാക്കുക" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള പദം തന്നെയാണ്. എസ്രായുടെ മടക്കയാത്രയെ ഏശ 40:3 ലെ പ്രവചനത്തിന്റെ പൂർത്തീകരണമായി ഗ്രന്ഥകാരൻ കരുതുന്നതിന്റെ സൂചനയായും ഇതിനെ മനസ്സിലാക്കാവുന്നതാണ്. യാത്രയ്ക്ക് ദൈവസഹായമല്ലാതെ, സൈനികസഹായങ്ങളൊന്നും എസ്രാ ആവശ്യപ്പെടുന്നില്ല. തങ്ങളെ സംരക്ഷിക്കുന്നത് ദൈവമാണെന്നുള്ള വിശ്വാസസാക്ഷ്യമായി ഈ തീരുമാനത്തെ മനസ്സിലാക്കാം (വാ. 22). നെഹെമിയായുടെ നേതൃത്വത്തിലുള്ള പ്രവാസിസംഘത്തിന് സൈനികസഹായം ലഭിച്ചിരുന്നു. എസ്രായുടെ യാത്രയ്ക്കുള്ള ഒരുക്കം പ്രേഷിതവേലയ്ക്ക് ശിഷ്യരെ നിയോഗിക്കുമ്പോൾ ക്രിസ്തു നൽകുന്ന നിർദ്ദേശങ്ങൾക്കു സമാനമാണ്. ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കാനാണ് രണ്ട് വിവരണങ്ങളിലും ആവശ്യപ്പെടുന്നത്.

എസ്രാ ദേവാലയനിർമ്മാണത്തിനായി ശേഖരിച്ച സ്വർണ്ണം, വെള്ളിയുടെ അളവുകൾ അതിശയോക്തിപരമാണെന്ന് വാദിക്കുന്നവരുണ്ട്. 650 താലന്ത് (=24000 കിലോഗ്രാം) വെള്ളിയും നൂറുതാലന്ത് (=3750 കിലോഗ്രാം) സ്വർണ്ണവും കൂടാതെ "നൂറുകണക്കിന് സ്വർണ്ണം, വെള്ളിപാത്രങ്ങളും" കാഴ്ചയായി ലഭിച്ചിരുന്നു. ഇത്രയും കൂടിയ അളവിലുള്ള സ്വർണ്ണവും വെള്ളിയും ദൈവാലയത്തിന്റെ പ്രാധാന്യത്തെയും ദേവാലയത്തിന് സംഭാവന നൽകുന്നതിൽ ദൈവം ജനങ്ങളുടെ ഹൃദയത്തെ പ്രചോദിപ്പിച്ചു എന്നതിന്റെയും സൂചനയായി മനസ്സിലാക്കാം. കാഴ്ചവസ്തുക്കൾ വഹിക്കാൻ 12 പുരോഹിതരെ എസ്രാ തെരഞ്ഞെടുത്തു. അവരെല്ലാം ലേവിഗോത്രജരായിരുന്നെങ്കിലും ഇസ്രായേലിന്റെ 12 ഗോത്രങ്ങളെയാണ് അവർ പ്രതിനിധാനം ചെയ്തിരുന്നത്. അവർ കാഴ്ചവസ്തുക്കൾ "തൂക്കി ബോധ്യപ്പെട്ട്"(ഹീബ്രുവിൽ- *സാഖാൽ* = തൂക്കിനോക്കുക) ഏറ്റുവാങ്ങി. തൂക്കം ബോധ്യപ്പെടുക എന്ന ക്രിയ ഈ അധ്യായത്തിൽതന്നെ ആറുതവണ (25,26, 29,30,33,34) ഉപയോഗിച്ചിട്ടുണ്ട്. സാമ്പത്തികഇടപാടുകളിൽ എസ്രാ പുലർത്തിയിരുന്ന കൃത്യതയുടെയും സുതാര്യതയുടെയും അടയാളമായി ഇതിനെ മനസ്സിലാക്കാം.

8:31-36 ൽ യാത്രയുടെ തുടക്കമാണ് ഇതിവൃത്തമാക്കുന്നത്. ദൈവകരം അവരോടൊത്തുണ്ടായിരുന്നു (വാ.31). ഈ വാക്യം പുറപ്പാടുയാത്രയെ അനുസ്മരിക്കുന്നു. രണ്ടാം പുറപ്പാടായ പ്രവാസികളുടെ തിരിച്ചുവരവും സമ്പൂർണ്ണമായും ദൈവകരത്തിന്റെ ഇടപെടൽമൂലമാണ്

സാധ്യമായതെന്ന് എസ്രാ-നെഹമിയാ ആവർത്തിച്ചുപറയുന്ന സന്ദേശ മാണ്. ഒന്നാം മാസം പന്ത്രണ്ടാം ദിനത്തിലാണ് യാത്ര പുറപ്പെടുന്നത്. പദ്ധതിയിട്ടിരുന്നതിൽനിന്നും പതിനൊന്നുദിവസം വൈകിയാണ് യാത്ര പുറപ്പെടുന്നത് എന്നുവ്യക്തമാക്കുന്നു (7:9). ഒന്നാം ദിവസം 15-ാം ദിവസം പുറപ്പെടുന്ന പുറപ്പാടുയാത്രയുടെ അനുസ്മരണം ഈ വിവരണത്തിലും ദൃശ്യമാണ്. പ്രവാസത്തിനുവെളിയിൽ പെസഹാ ആചരിക്കാനുള്ള താല്പര്യം കൊണ്ടാണ് അവർ തിടുക്കത്തിൽ പുറപ്പെടുന്നത്. നാലാം ദിവസം വിശ്രമിക്കുന്ന ജനം ജോഷ്വാ 3: 1-2ലെ വിശ്രമത്തെ അനുസ്മരി പ്പിക്കുന്നു. 900 മൈൽ യാത്രചെയ്ത് എസ്രാ ജറുസലേമിലെത്തുന്നത് 129 വർഷങ്ങൾക്കുമുൻപ് (589 ബി.സി.) ദേവാലയം നശിപ്പിക്കപ്പെട്ട അതേ മാസത്തിലാണ്. ജറുസലേമിൽ അർപ്പിക്കപ്പെടുന്ന ബലികൾ എല്ലാം 12 ഗോത്രങ്ങൾക്കും വേണ്ടിയായിരുന്നു 96 മുട്ടാടുകൾ (8:12), 72 ചെമ്മരി യാടുകൾ (6:12) എന്നിവ ഗോത്രങ്ങളുടെ എണ്ണമായ പന്ത്രണ്ടിന്റെ ഗുണി തങ്ങളായാണ് അർപ്പിക്കുന്നത്. ജറുസലേമിലെത്തിയ എസ്രാ, രാജക ല്പന (7:21-24) പ്രവിശ്യയുടെ അധികാരികളെ കാണിച്ച് ദേവാലയനിർമ്മാ ണത്തിനുള്ള സഹായം സമാഹരിച്ചു.

**വിചിന്തനങ്ങൾ**

1. ദൈവത്തെയും ദൈവനിയമങ്ങളെയും മറന്നുജീവിക്കുന്ന കാല ത്തെല്ലാം ദൈവം ശക്തരായ നേതാക്കളെ നൽകി ജനത്തെ നേർവഴിയി ലേക്കു നയിക്കുന്നു. തിരുത്തൽ ശക്തികളായി ദൈവം അയയ്ക്കുന്നവ രുടെ വായ മൂടിക്കെട്ടാനും അവരെ ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്ന ജന ങ്ങളെയെല്ലാം രക്ഷാകരപദ്ധതിയിൽ നിന്നുപുറത്താക്കുന്നു. ഇസ്രാ യേൽജനത്തിൽ വലിയൊരു വിഭാഗം രക്ഷാകരപദ്ധതിയിൽ നിന്ന് നിഷ്കാസിതരായത് തിരുത്തലുകളെ അവഗണിച്ചതുകൊണ്ടാണ്. പ്രവാ സികളുടെ തിരിച്ചുവരവിലും അവരുടെ തുടർന്നുള്ള മതജീവിതത്തിലും തിരുത്തൽശക്തിയായി വർത്തിക്കുന്ന എസ്രായുടെ ജീവിതം ജനത്തി നുള്ള ദൈവത്തിന്റെ ഓർമ്മപ്പെടുത്തലായിരുന്നു. തെറ്റുചെയ്തവരെ ദൈവം കൈവിടുന്നില്ല, മറിച്ച് തിരുത്തലുകളെ നിരന്തരമായി അവഗ ണിക്കുന്നവരെ ദൈവം കൈവിടുന്നു.

2. എസ്രായുടെ പുസ്തകത്തിൽ 'ദൈവത്തിന്റെ ആലയം' എന്ന പദം കേവലം ഒരു കെട്ടിടം എന്ന അർത്ഥത്തിൽ മാത്രമല്ല ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ദൈവത്തിന്റെ ആലയം എന്നതിന് എസ്രായുടെ പുസ്തകം പുതിയനിയമത്തിലെ "സഭ" എന്ന സംജ്ഞയ്ക്കു സമാന മായ അർത്ഥതലമാണ് വിഭാവനം ചെയ്യുന്നത്. ദൈവത്തിന്റെ ആലയം സംരക്ഷിക്കുക എന്നതിന് ദൈവജനത്തിന്റെ വിശുദ്ധീകരണം എന്ന അർത്ഥം കൂടി എസ്രാ വിഭാവനം ചെയ്യുന്നുണ്ട്. പലപ്പോഴും അജപാല കർക്കു സംഭവിക്കാനിടയുള്ള ഒരു അബദ്ധചിന്താഗതിയാണിത്. ദൈവാ ലയനിർമ്മാണവും മതസ്ഥാപനങ്ങളുടെ നടത്തിപ്പുമായി മതനേതാക്ക ളുടെ ശ്രദ്ധവഴിതെറ്റുമ്പോൾ ദൈവജനം ദൈവമാർഗ്ഗം വെടിയാൻ ഇടവ രുന്നു. വിശ്വോത്തരദൈവാലയങ്ങൾ നിർമ്മിച്ച യൂറോപ്യൻ സഭയുടെ

ഇന്നത്തെ ശുഷ്കമായ സഭാത്മകത ദൈവജനത്തെ മറന്നുള്ള സ്ഥാപനവത്കരണത്തിന്റെ ദുരന്തവ്യാപ്തി വ്യക്തമാക്കുന്നുണ്ട്. ദൈവജനം വിശ്വാസത്തിൽ ശക്തിപ്രാപിക്കുമ്പോൾ, ദൈവപ്രമാണങ്ങളിൽ നിന്നു വ്യതിചലിക്കാതെ ജീവിക്കുമ്പോൾ സ്ഥാപനങ്ങൾ സ്വാഭാവികമായും വളർന്നുവരും. സ്ഥാപനങ്ങളല്ല സഭയുടെ കേന്ദ്രമാകേണ്ടത് മറിച്ച് ദൈവജനമാണ്.

3. എസ്രാ നിയമം പഠിക്കുകയും നിയമം ജീവിക്കുകയും നിയമം മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു എന്ന ചിന്ത (7:12,25) ഏറെ ശ്രദ്ധേയമാണ്. ദൈവവചനം പഠിപ്പിക്കുന്നവരുടെയും പ്രഘോഷിക്കുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ വചനം ആഴത്തിൽ പഠിക്കാനുള്ള താല്പര്യം എത്രമാത്രം ശക്തമാണ് എന്നത് സംശയകരമാണ്. വചനം സ്വന്തം ജീവിതം കൊണ്ടുസാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന സത്യം ബഹുഭൂരിപക്ഷം പ്രബോധകരും മറുന്നുപോകുന്നു. പഠനം - ജീവിതം- പ്രബോധനം എന്നീ ത്രയങ്ങളിൽ ഏതെങ്കിലും ഒന്നിൽ വരുത്തുന്ന വീഴ്ച ഒരുവന്റെ ശുശ്രൂഷയെ സാരമായി ബാധിക്കും എന്നതിൽ അർത്ഥശങ്ക വേണ്ട.

4. ഓരോജീവിതവും ദൈവത്തിനുള്ള നന്ദിയുടെയും സ്തുതിയുടെതുമായിരിക്കണമെന്ന് എസ്രായുടെ പുസ്തകം അനുസ്മരിപ്പിക്കുന്നു. നന്ദിയും സ്തുതിയും തമ്മിലുള്ള വ്യത്യാസവും ഈ ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. നന്ദി പ്രകാശനം പലപ്പോഴും വ്യക്തിപരമാണെങ്കിൽ സ്തുതിപ്പ് സാമൂഹികമാണ്. നന്ദി നിറഞ്ഞ ഹൃദയവുമായി ഓരോവ്യക്തിയും ദൈവതിരുമുമ്പിലെത്തി ദൈവജനം ഒന്നുചേർന്ന് ദൈവത്തെ സ്തുതിക്കുമ്പോഴാണ് ആരാധന പൂർണ്ണമാകുന്നത്. വ്യക്തിപരവും സാമൂഹികവുമായ തലങ്ങൾ പ്രാർത്ഥനാജീവിതത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമാണ്.

5. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിൽ ആശ്രയിച്ച് സൈനികസഹായം തിരസ്കരിക്കുന്ന എസ്രാ വിശ്വാസത്തിന്റെ ശരിയായ മാതൃകയാണ്. പേർഷ്യൻരാജാവിന്റെ ഹൃദയത്തെ ചലിപ്പിച്ച് ഇസ്രായേലിന്റെ അടിമത്തം അവസാനിപ്പിക്കാൻ തിരുമനസ്സായ ദൈവം തുടർന്നുള്ള തങ്ങളുടെ ചരിത്രത്തെയും നയിക്കാൻ കരുത്തുള്ളവനാണ് എന്ന ബോധ്യമാണ് എസ്രായ്ക്കുള്ളത്. ദൈവം ചരിത്രത്തെ നയിക്കുന്നവനാണ് എന്ന തിരിച്ചറിവ് വിശ്വാസിക്ക് അനിവാര്യമായും ആവശ്യമാണ്. ദൈവത്തോടുള്ള വിശ്വസ്തതയാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും ചരിത്രവും ചരിത്രത്തിന്റെ ഭാഗധേയവും നിർണ്ണയിക്കുന്നത്.

6. ലേവായരുടെ അഭാവം ശ്രദ്ധാർഹമായ മറ്റൊരു വിഷയമാണ്. പുരോഹിതരുടെ ശുശ്രൂഷികളായി ദൈവാലയത്തിന്റെ കാര്യങ്ങൾ നോക്കിനടക്കുന്ന ഇവർ പ്രവാസം കഴിഞ്ഞു തിരിച്ചുവരാൻ കൂട്ടാക്കുന്നില്ല. കാരണം അവർക്ക് സാമൂഹികമായ അംഗീകാരമോ സാമ്പത്തികമായ നേട്ടങ്ങളോ ലഭ്യമായിരുന്നില്ല. സഭാസ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് ന്യായമായ അംഗീകാരവും പ്രോത്സാ ഹനവും ഉപജീവന

മാർഗ്ഗവും ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കണം. അല്ലെങ്കിൽ എസ്രായുടെ കാലത്തെ ലേവായരെപ്പോലെ അവരും പുതിയ മേച്ചിൽപുറങ്ങൾ തേടിപ്പോകാൻ പ്രലോഭിതരാകും.

7. പുരോഹിതനായ മെറെമോത്തിനെക്കുറിച്ചുള്ള പരാമർശം (8:33) ചിന്തനീയമാണ്. വംശശുദ്ധി തെളിയിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ പുരോഹിതവൃത്തിയിൽ നിന്ന് നിഷ്കാസിതനായ മെറെമോത്തിനെ, അജ്ഞാതകാരണങ്ങളാൽ, എസ്രാ ദേവാലയഖജനാവിന്റെ ഉത്തരവാദിത്വം ഏല്പിക്കുകയാണുണ്ടായത്. വംശശുദ്ധിയേക്കാൾ വിശ്വസ്തതയാണ് പരമപ്രധാനം എന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

8. എസ്രായുടെ ഗ്രന്ഥത്തിൽ ദൈവാലയത്തിനുവേണ്ടി ലഭിച്ച കാഴ്ചവസ്തുക്കളുടെ അളവും തൂക്കവും ആവർത്തിച്ചു തിട്ടപ്പെടുത്തുന്നുണ്ട്. ദൈവാലയത്തിനുസമർപ്പിക്കേണ്ട ഓരോ ചില്ലിക്കാശും ദൈവത്തിന് അവകാശപ്പെട്ടതാകയാൽ അമൂല്യമാണ്. അത് നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നതും നഷ്ടപ്പെടുന്നതും കഠിനമായ അപരാധമാണ്. ദൈവാലയവുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിലെ സുതാര്യതയും കൃത്യതയും ദൈവജനത്തിന്റെ ആത്മീയതയെ ബാധിക്കുന്ന വസ്തുതകളാണ് എന്ന കാര്യം എസ്രായ്ക്ക് അറിയാമായിരുന്നു. ആധുനിക അജപാലകരിൽ ചിലരെങ്കിലും വിസ്മരിക്കുന്ന വസ്തുതയാണിത്.

## മിശ്രവിവാഹത്തിനെതിരായ പോരാട്ടം ( 9:1-10,44)

നെഹെമിയായുടെ പുസ്തകം എട്ടാം അധ്യായത്തിൽ വിവരിക്കുന്ന സംഭവങ്ങളത്രയും എസ്രായുടെ പുസ്തകം എട്ടാം അധ്യായത്തിനു ശേഷവും ഒൻപതാം അധ്യായത്തിൽ വിവരിക്കുന്ന സംഭവങ്ങൾക്കുമുമ്പും സംഭവിച്ചതാണെന്ന് അനുമാനിക്കാം. സമയക്രമത്തിലും ദൈവശാസ്ത്രപ്രമേയത്തിലും ഈ ഗ്രന്ഥഘടനയാണ് കൂടുതൽ അനുയോജ്യം. അഞ്ചാം മാസം ഒന്നാം ദിവസമാണ് എസ്രാ ജറുസലേമിൽ എത്തിയത്. എസ്രായുടെ നിയമപാരായണം ഏഴാം മാസത്തിലാണ് (നെഹെ 7:73) നടക്കുന്നത്. ഒൻപതാം അധ്യായത്തിലെ ആദ്യവാക്യത്തിൽ, "ഇതിനുശേഷം"... എന്ന പ്രയോഗത്തിലൂടെ വിവക്ഷിക്കുന്നത് നെഹെ 8-ൽ വിവരിക്കുന്ന നിയമപാരായണമാണ് എന്ന അഭിപ്രായത്തിനാണ് പണ്ഡിതരുടെയിടയിൽ പ്രമാണ്യമുള്ളത്.

## മിശ്രവിവാഹത്തെക്കുറിച്ചുള്ള പരാതി (9:1-5)

എസ്രാ 9:1-5 ൽ മിശ്രവിവാഹത്തെക്കുറിച്ച് അധികാരികൾ എസ്രായോട് പരാതിപ്പെടുന്നതിനെക്കുറിച്ചാണ് പരാമർശിക്കുന്നത്. യൂദയാപ്രവിശ്യയെ ഭരണസൗകര്യത്തിനായി പല ഉപപ്രവിശ്യകളായി വിഭജിച്ചിരുന്നു (നെഹെ 3:9-19). ഇത്തരം പ്രവിശ്യാഭരണകൂടങ്ങളിലെ അംഗങ്ങളാകാം എസ്രായെ സമീപിക്കുന്ന അധികാരികൾ. വിശുദ്ധജനമായ ഇസ്രായേലിലെ പുരോഹിതരും ലേവ്യരുമടക്കമുള്ളവർ വിജാതീയരുമായി വിവാഹബന്ധത്തിലേർപ്പെട്ട് ഇസ്രായേലിന്റെ വംശശുദ്ധി നശിപ്പിക്കുന്നു എന്നതായിരുന്നു അവരുടെ പരാതി (വാ-1-2). "ദേശവാസികളിൽ നിന്നകന്നു

നിൽക്കാതെ വിജാതീയരായവരുടെ പ്രവൃത്തികൾക്കു സമാനമായി പ്രവർത്തിക്കുന്നവരോട് ചേർന്നു പ്രവർത്തിക്കുന്നു." എന്ന ഒന്നാംവാക്യത്തിന്റെ ആദ്യഭാഗം പി.ഒ.സി. വിവർത്തനത്തിൽ നഷ്ടമായിട്ടുണ്ട്. പി.ഒ.സി. വിവർത്തനമനുസരിച്ച് വിജാതീയരായ കാനാന്യർ, പെരീസ്യർ, ജെബൂസ്യർ... തുടങ്ങിയവരുമായാണ് യഹൂദർ വിവാഹബന്ധത്തിലേർപ്പെട്ടത്. എന്നാൽ ഹീബ്രുബൈബിൾ അനുസരിച്ച്, മേൽപറഞ്ഞ വിജാതീയരെപ്പോലെ പെരുമാറുന്ന ദേശവാസികളുമായാണ് യഹൂദർ വിവാഹബന്ധത്തിൽ ഏർപ്പെട്ടത്. ദേശവാസികൾ എന്നതിലൂടെ പ്രവാസത്തിലേക്കുപോകാതെ യൂദയായിൽ തങ്ങിയവരും യഹൂദർ എന്ന് അവകാശപ്പെടുന്നവരുമായ ജനവിഭാഗത്തെയാണ് ഗ്രന്ഥകാരൻ ലക്ഷ്യമാക്കുന്നത്. അവരുടെ "മ്ലേച്ഛതകൾ" (1,11,14) എന്നതിലൂടെ വിഗ്രഹാരാധനയെയോ (നെഹെ 13:26-27), ലൈംഗിക അരാജകത്വമോ, അശുദ്ധമായ ഭക്ഷണം കഴിക്കുന്നതോ ആണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്. വിജാതീയ വിഭാഗങ്ങളുടെ പട്ടിക (വാ. 2) കാനാനിൽ അധിവസിച്ചിരുന്ന വിഭാഗങ്ങളുടെ പട്ടികയുടെ പുനരാവർത്തനമാണ് (ഉൽപ 15:19-20; പുറ 3:8;33:2;34:11; നിയ 7:1;20:17; ന്യായ 3:5; നെഹെ 6:8). അമ്മോന്യർക്കും മൊവാബ്യർക്കും ഇസ്രായേൽ സമൂഹത്തിലേക്കുള്ള അംഗത്വം പത്തുവർഷത്തേക്ക് നിരോധിച്ചിരുന്നു (നിയ 23:3-6). ഈജിപ്തുകാരുടെ ചെയ്തികൾ അനുവർത്തിക്കുന്നതും നിരോധിക്കപ്പെട്ടിരുന്നു(ലേവ്യ 8:3). എന്നാൽ ഈജിപ്തുകാരെയും ഏദ്യോമ്യരെയും മൂന്നുതലമുറകൾക്കുശേഷം ഇസ്രായേൽ സമൂഹത്തിൽ അംഗത്വം നൽകി സ്വീകരിക്കാമെന്ന് നിയമാവർത്തനഗ്രന്ഥം അനുശാസിക്കുന്നുണ്ട് (നിയ 23:7).

വിജാതീയസ്ത്രീകളുമായുള്ള ബന്ധം നിയമാവർത്തനഗ്രന്ഥം നിരോധിച്ചിരുന്നു (നിയ 7:4). വിജാതീയസ്ത്രീകളിലൂടെ വിഗ്രഹാരാധന ഇസ്രായേലിൽ കടന്നുകൂടാനിടയുണ്ട് എന്നതായിരുന്നു നിരോധനത്തിനു കാരണം (1 രാജാ 11:1-11). ഇസ്രായേലിന്റെ വിശുദ്ധബീജം വിജാതീയരുമായി ചേരുന്നത് ദൈവനിന്ദയായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ വിജാതീയരുടെ നാട്ടിൽ ജീവിക്കാനിടവന്നിട്ടുള്ള യഹൂദർ വിജാതീയ സ്ത്രീകളെ വിവാഹം ചെയ്തതിനെ ബൈബിൾ വിമർശിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. ജോസഫും (ഉൽപ 41:50) മോശയും (സംഖ്യ 12:1) എലിമെലെക്കിന്റെ പുത്രന്മാരും (റൂത്ത് 1) വിജാതീയസ്ത്രീകളെ വിവാഹം കഴിച്ചിരുന്നവരാണ്. മോശയുടെ വിജാതീയ വിവാഹത്തെ പരിഹസിച്ച അഹറോനും മിരിയാമിനും ശിക്ഷലഭിക്കുന്നുമുണ്ട്. വിജാതീയ സ്ത്രീകളായ റൂത്ത്, റാഹാബ്, ബത്ഷെബ തുടങ്ങിയവർ യേശുവിന്റെ വംശാവലിയിൽപോലും ഇടംനേടുന്നുണ്ട്. തന്മൂലം വിജാതീയരോടുള്ള വെറുപ്പിൽനിന്നല്ല ഇസ്രായേലിന്റെ സത്യവിശ്വാസം സംരക്ഷിക്കാനുള്ള മുൻകരുതലിൽ നിന്നാണ് ഈ നിയമം രൂപം കൊണ്ടത് എന്നുമനസ്സിലാക്കാം. യഹൂദസമൂഹത്തിനു വെളിയിൽനിന്നുള്ള വിവാഹത്തെ വിശ്വാസരാഹിത്യത്തിനു തെളിവായാണ് പ്രവാസാനന്തരസമൂഹം വിലയിരുത്തിയിരുന്നത് (എസ്രാ 10:2,6,10; നെഹെ 1:8;13:27). എസ്രായ്ക്കുമുമ്പേ

പ്രവാസത്തിൽ നിന്നും തിരികെ വന്നവരാണ് നിഷിദ്ധമായ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നത് എന്നും അനുമാനിക്കാം.

പരാതി കേട്ട എസ്രാ വസ്ത്രം കീറുകയും താടിയും മുടിയും വടിക്കുകയും ചെയ്തു (വാ. 3). വസ്ത്രം കീറുന്നത് പാപത്തിലൂടെ തങ്ങൾ അടിമകളും തത്ഫലമായി നഗ്നരുമായി തീർന്നു എന്നു സൂചിപ്പിക്കുന്ന പ്രതീകാത്മക പ്രവൃത്തിയാണ് (ഉൽപ 37:34;2 സാമു 11:1; ജോബ് 1:20;2:12; എസെ 16:39). താടിയും മുടിയും പറിച്ചുകളയുന്നത് സങ്കടത്തിന്റെ ലക്ഷണമാണ് (ജോബ് 1:20; ഏശ 22:12; ജറെ16:6; 41:5). എന്നാൽ തലമുടി പൂർണ്ണമായും വടിച്ചുകളയുന്നത് യഹൂദർക്ക് നിഷിദ്ധകർമ്മമായിരുന്നു (ലേവ്യ 19:27;21:5; നിയ 14:1). സായാഹ്നബലിയുടെ സമയം വരെ (ഉച്ചകഴിഞ്ഞ് ഏകദേശം 3 മണി) എസ്രാ സ്തബ്ധനായിരുന്നു. വിജാതീയരുമായുള്ള വിവാഹത്തെ ഗുരുതരമായ തെറ്റായികരുതുന്ന ഗ്രന്ഥകാരന്റെ നിലപാട് ഈ വിവരണത്തിൽ വ്യക്തമാണ്.

## എസ്രായുടെ പ്രതികരണം(9:6–15)

ജനത്തിന്റെ പാപങ്ങളെ പ്രതിയുള്ള എസ്രായുടെ പ്രാർത്ഥനയാണ് 9:6–15ൽ വിവരിക്കുന്നത്. സായാഹ്നബലിയുടെ സമയം പ്രാർത്ഥനയുടെ സമയമായാണ് പരിഗണിക്കപ്പെട്ടിരുന്നത് (അപ്പ 3:1). തന്മൂലം എസ്രാ പ്രാർത്ഥനയ്ക്കുതിരഞ്ഞെടുത്ത സമയം (വാ.4) ഏറ്റവും അനുയോജ്യമായിരുന്നു. വ്യക്തിപരമായി തുടങ്ങുന്ന എസ്രായുടെ പ്രാർത്ഥന (പ്രഥമപുരുഷ ഏകവചനരൂപം ഞാൻ, എന്റെ...) സാവകാശം സമൂഹത്തിന്റെ മുഴുവനും (പ്രഥമപുരുഷബഹുവചനരൂപം-ഞങ്ങൾ, ഞങ്ങളുടെ...) പ്രാർത്ഥനയായി രൂപാന്തരപ്പെടുന്നു. പാപം ചെയ്ത ജനത്തോട് തന്നെത്തന്നെ താദാത്മ്യപ്പെടുത്തുന്ന എസ്രായുടെ മനോഭാവം അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യം വെളിവാക്കുന്നുണ്ട് (വാ.6–7). പ്രവാസാനന്തരസമൂഹത്തിന്റെ പാപത്തെ പ്രവാസത്തിനുകാരണമായ പൂർവ്വികരുടെ പാപത്തിന്റെ തനിയാവർത്തനമായാണ് എസ്രാ കാണുന്നത്. ദൈവപരിപാലന ഏറെ ഏറ്റുവാങ്ങിയിട്ടും ജനത്തിന്റെ പാപപ്രവണതയ്ക്ക് തെല്ലും ഭംഗം വന്നിട്ടില്ല എന്ന സത്യമാണ് എസ്രാ പ്രാർത്ഥനയായി ദൈവതിരുമുമ്പിൽ എറ്റുപറയുന്നത് (വാ. 8–9). തിന്മയുടെ ഫലമായി നശിച്ച ജനത്തിൽ നിന്ന് ദൈവകാരുണ്യത്താൽ അവശേഷിച്ച (ഹീബ്രുവിൽ -*ഷെആർ*) ജനമായ പ്രവാസാനന്തരയഹൂദരും പാപം ചെയ്യുന്നു എന്നതാണ് ഏറെ ദുഃഖകരമായി എസ്രാ കരുതുന്നത്. ദൈവം ഇസ്രായേലിന് അഭയസ്ഥാനവും ജനത്തിന് സന്തോഷവും പ്രദാനം ചെയ്തു. അടിമത്തത്തിന്റെ നാട്ടിൽ അനശ്വരസ്നേഹം (ഹീബ്രുവിൽ-*മിഹിയാ* എന്നവാക്കാണ് ഉപയോഗിക്കുന്നത്. ജീവൻ എന്നർത്ഥമുള്ള 'ഹായാ' എന്ന ധാതുവിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം). എസ്രാ 9:10–12ലെ പ്രാർത്ഥനാ നിയമഗ്രന്ഥങ്ങളിലെയും (ലേവ്യ18:12;നിയ 1:39;7:1,3;11:8; 18:9;23:6) പ്രവാചകഗ്രന്ഥങ്ങളിലെയും (ഉദാ. ഏശ 1:19) വാക്യങ്ങളെ പദാനുപദം അനുവർത്തിക്കുന്നതാണ്. ദൈവകോപത്തിൽ നിന്നു രക്ഷനേടാൻ മിശ്രവി

വാഹങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കണം എന്ന ആഹ്വാനത്തോടെയാണ് എസ്രായുടെ പ്രാർത്ഥന അവസാനിക്കുന്നത് (വാ. 13–15).

## മിശ്രവിവാഹം വേർപെടുത്തുന്നു (10:1–17)

എസ്രായുടെ പ്രാർത്ഥനയിലും സങ്കടപ്രകടനത്തിലും സമൂഹം (ഹീബ്രുവിൽ-*ഖഹൽ*) ഒന്നടങ്കം പങ്കുചേർന്നു. നിർണ്ണായകമായ അനുതാപവേളകളിൽ ജനമൊന്നാകെ പങ്കുചേരുന്ന വിവരണങ്ങൾ ബൈബിളിൽ അന്യത്ര ദൃശ്യമാണ് (2 ദിന 29 :28,31–32; 30:2). സ്ത്രീകളും കുട്ടികളും പുരുഷന്മാരോടൊപ്പം പങ്കുചേരുന്നു എന്ന പരാമർശം നെഹെമിയ 8–ൽ വിവരിക്കുന്ന നിയമപാരായണത്തിന്റെ തുടർച്ചയാണ് എസ്രാ 9:1–10:44ൽ വിവരിക്കുന്ന സംഭവങ്ങൾ എന്ന സൂചന നൽകുന്നുണ്ട് (നെഹെ 8:2 കാണുക). മിശ്രവിവാഹം ഉപേക്ഷിച്ച് കർത്താവിന്റെ നിയമം അനുസരിച്ച് ജീവിക്കാനുള്ള തീരുമാനം എസ്രാ ഏകപക്ഷീയമായി എടുത്തതല്ല, ജനം ഏകമനസ്സോടെ എടുത്തതാണെന്ന് ഈ വിവരണത്തിലൂടെ ഗ്രന്ഥകാരൻ സൂചനനൽകുകയാണ് (10:1). യെഹിയേലിന്റെ പുത്രനായ ഷെക്കാനിയാ എസ്രായ്ക്കു പിന്തുണയുമായി രംഗപ്രവേശം ചെയ്യുന്നതാണ് 10:2–5ലെ ഇതിവൃത്തം. മോശയുടെ പിൻഗാമിയായി ജോഷ്വാവന്നപ്പോൾ ദൈവം ജോഷ്വായ്ക്കുനൽകുന്ന പിന്തുണയിലെ വാക്യങ്ങൾ ഉപയോഗിച്ചാണ് ഷെക്കാനിയ സംസാരിക്കുന്നത് (10:4=നിയ 31:23; ജോഷ്വാ 1:9;1 ദിന 28:10). ഷെക്കാനിയ മിശ്രവിവാഹിതനായിരുന്നില്ല. എന്നാൽ തന്റെ ജനത്തിന്റെ പാപവുമായി എസ്രായെപ്പോലെ (9:7) ഷെക്കാനിയായും താദാത്മ്യപ്പെടുകയായിരുന്നു. 10:26ൽ പരാമർശിക്കുന്ന മിശ്രവിവാഹിതനായ യെഹിയേലാണ് ഷെക്കാനിയായുടെ പിതാവ് എന്ന് വാദിക്കുന്നവരുണ്ട്, എന്നാൽ 10:2ലും 10:26ലും പരാമർശിക്കുന്ന “യഹിയേൽ” നാമധാരികൾ രണ്ടു വ്യത്യസ്ത വ്യക്തികളായിരിക്കാനാണ് സാധ്യത. അല്ലായിരുന്നുവെങ്കിൽ ഷെക്കാനിയ സമൂഹഭ്രഷ്ടിനുവേണ്ടി സ്വയം വാദിക്കുന്നതായി കരുതേണ്ടിവരും. എന്നാൽ 10:2–5ൽ തീഷ്ണമതിയായ ഒരു യഹൂദനാണ് ഷെക്കാനിയ എന്ന ധ്വനിയാണ് ലഭിക്കുന്നത്.

മിശ്രവിവാഹിതർ തോറായിലെ അനുശാസനമനുസരിച്ച് ഭാര്യമാരെയും അവരിൽ ജനിച്ച കുഞ്ഞുങ്ങളെയും ഉപേക്ഷിക്കുമെന്ന് സത്യപ്രതിജ്ഞ ചെയ്യട്ടെ എന്നതാണ് ഷെക്കാനിയായുടെ നിർദ്ദേശം. എന്നാൽ മിശ്രവിവാഹിതർ ഭാര്യയെയും കുഞ്ഞുങ്ങളെയും ഉപേക്ഷിക്കണമെന്ന് നിയമഗ്രന്ഥത്തിലൊരിടത്തും അനുശാസിക്കുന്നില്ല. ചില വിഭാഗങ്ങളുമായുള്ള വിവാഹം നിഷിദ്ധമാണെന്ന് നിയമം അനുശാസിച്ചിരുന്നു (നിയ 7:3–4). വിവാഹിതനായ പുരുഷന് തന്റെ ഭാര്യയിൽ ഏതെങ്കിലും തെറ്റു കണ്ടാൽ അവളെ ഉപേക്ഷിക്കാമെന്നും നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു (നിയ 24:1). ഈ രണ്ടു നിയമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടാണ് ഷെക്കാനിയായുടെ വാദം. ഭാര്യയുടെ വംശശുദ്ധിയില്ലായ്മയെ അവളിൽ കണ്ടെത്തിയ തെറ്റായി കരുതി വിവാഹമോചനം നൽകി പറഞ്ഞയയ്ക്കുക എന്നതാണ് ഷെക്കാനിയാ അവതരിപ്പിക്കുന്ന നിർദ്ദേശം. ഈ നിർദ്ദേശം എസ്രായ്ക്ക് ഏറെ സ്വീകാര്യമായിരുന്നതിനാൽ ജനമൊന്ന

ടങ്കം ഈ നിർദ്ദേശം സ്വീകരിച്ച് മിശ്രവിവാഹബന്ധം ഉപേക്ഷിക്കാൻ ശപഥം ചെയ്തു.

10:6 ൽ പരാമർശിക്കുന്ന യഹോഹനാൻ ആരാണ് എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കൾ വ്യത്യസ്ത അഭിപ്രായങ്ങൾ പുലർത്തുന്നുണ്ട്. നെഹെമിയായുടെ കാലത്തെ പ്രധാനപുരോഹിതനായ എലിയാഷിബിന്റെ പേരും (നെഹെ 3:1) എസ്രാ 10:6ൽ പരാമർശിക്കുന്ന യഹോഹനാന്റെ പിതാവിന്റെ പേരും ഒന്നുതന്നെയാണ് എന്നതാണ് വ്യാഖ്യാതാക്കളെ കുഴക്കുന്നത്. എലഫെന്റെ പപ്പീറസ് (ബി.സി. 407) പ്രധാനപുരോഹിതനായ എലിയാഷിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. (അജ30-18). എസ്രാ 10:6ൽ പരാമർശിക്കുന്ന യഹോഹനാന്റെ പിതാവ് പ്രധാനപുരോഹിതനായ എലിയാഷിബ് ആണെങ്കിൽ എസ്രായുടെ ആഗമനം നെഹെമിയായ്ക്കു ശേഷം അർത്താക്സെർക്സസ് രണ്ടാമന്റെ കാലത്താണ് സംഭവിച്ചത് എന്ന് അനുമാനിക്കേണ്ടിവരും. എന്നാൽ ഈ വാദഗതിയിൽ യുക്തിപരത കുറവാണ്. കാരണം എലിയാഷിബ് എന്ന പ്രധാനപുരോഹിതൻ സമരിയാക്കാരനായ ഗവർണർ സൻബല്ലാതിന്റെ മകളെ വിവാഹം ചെയ്തതിനാൽ (നെഹെ 13:28) യഹൂദർക്കു നിഷിദ്ധനായി മാറിയിരുന്നു. അത്തരം ഒരു വ്യക്തിയുടെ കുടുംബത്തിൽ എസ്രാ വിശ്രമത്തിലും പ്രാർത്ഥനയിലും സമയം ചെലവഴിച്ചു എന്നു കരുതാൻ ന്യായമില്ല. തന്നെയുമല്ല നെഹെ 12:22-23ൽ എലിയാഷിബിന്റെ പൗത്രനായ യോഹനാനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. യോഹനാൻ എന്ന പേരും യഹോഹനാൻ എന്ന പേരും ഹീബ്രുവിൽ ഒരു സ്വരത്തിന്റെ മാത്രം വ്യത്യാസമുള്ളതും ഒരേ അർത്ഥമുള്ളതുമായ സംജ്ഞയാണ്. (നെഹെ 12:10-11ൽ എലിയാഷിബിന്റെ പൗത്രൻ യോഹനാനുപകരം യോനാഥനാണ് എന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്. ഇത് പകർപ്പെഴുത്തുകാർ (Copyists) വരുത്തിയ തെറ്റായിരിക്കാനാണു സാധ്യത). പ്രധാനപുരോഹിതന്മാരുടെ പേരുകൾ പിതാമഹന്മാരുടെ (Grand father) പേരുമായി ബന്ധിപ്പിച്ചു സ്വീകരിക്കുന്ന പതിവ് (Papponym) നിലവിലുണ്ടായിരുന്നതിനാൽ എസ്രായുടെ കാലത്ത് എലിയാഷിബ് ഒന്നാമനും തുടർന്ന് യഹോഹനാൻ ഒന്നാമനും പ്രധാനപുരോഹിതന്മാരായി ഉണ്ടായിരുന്നെന്നും തുടർന്ന് നെഹമിയായുടെ കാലത്ത് എലിയാഷിബ് രണ്ടാമനും യഹോഹനാൻ രണ്ടാമനും പ്രധാനപുരോഹിതന്മാരായി ഭരണം നടത്തിയിരുന്നതായും അനുമാനിക്കാം. എസ്രാ 10:6ൽ പരാമർശിക്കുന്നത് എലിയാഷിബ് ഒന്നാമനും യഹോഹന്നാൻ ഒന്നാമനുമാണെന്ന് കരുതിയാൽ നെഹെമിയായ്ക്കു മുമ്പേ എസ്രാ വന്നു എന്ന പരമ്പരാഗത വിശ്വാസത്തിനു ക്ഷതമേൽക്കുന്നില്ല.

മിശ്രവിവാഹം അവസാനിപ്പിക്കുന്നതിനാൽ ഇസ്രായേൽജനത്തെ മുഴുവൻ മൂന്നുദിവസ്സത്തിനുള്ളിൽ വിളിച്ചുകൂട്ടാൻ ജനനേതാക്കൾ തീരുമാനമെടുത്തു. വന്നെത്താത്തവരുടെ സ്വത്തുവകകൾ കണ്ടുകെട്ടാനും (ഹീബ്രുവിൽ-*യഹാറാം*= ദൈവത്തിനുകൊടുക്കുക എന്ന അർത്ഥമുള്ള ഈ പദത്തിലൂടെ വസ്തുവകകൾ കത്തിച്ചുകളയുകയോ നശിപ്പിച്ചുകളയുകയോ ചെയ്യും എന്നാണ് അർത്ഥമാക്കുന്നത്. വസ്തുവകകൾ പുരോ

ഹിതർക്കും നൽകിയിരുന്നു. സംഖ്യ 18:14; എസെ 44:29) പ്രസ്തുത വ്യക്തികളെ സമൂഹത്തിൽനിന്നു പുറത്താക്കാനും തീരുമാനിച്ചിരുന്നു. സമൂഹഭ്രഷ്ട് വധശിക്ഷയ്ക്കു തുല്യമായിരുന്നു (പുറ 12:15). അർത്താക്സെർക്സസ് രാജാവിന്റെ കല്പനയനുസരിച്ചാണ് (എസ്രാ 7:26) മേൽപറഞ്ഞ രണ്ടുശിക്ഷാവിധികളും പ്രഖ്യാപിക്കപ്പെട്ടത്. യൂദയാപ്രവിശ്യ താരതമ്യേന ചെറിയ പ്രവിശ്യആയിരുന്നതിനാൽ (തെക്കുവടക്ക് 35 മൈലും കിഴക്കുപടിഞ്ഞാറ് 25 മൈലും) മൂന്നുദിവസത്തിനുള്ളിൽ യഹൂദർക്ക് ജറുസലേമിൽ ഒത്തുചേരാൻ സാധിക്കുമായിരുന്നു. ഒൻപതാം മാസമായ ചിസ്ലേവ് 20-ാം തീയതിയാണ് ജനം ദേവാലമണ്ഡപത്തിൽ സമ്മേളിച്ചത്. നെഹെമിയാ എട്ടാം അധ്യായത്തിലെ സമയക്രമവും ഇതു തന്നെയായതിനാൽ നെഹെമിയാ എട്ടാം അധ്യായം എസ്രാ എട്ടും ഒൻപതും അധ്യായങ്ങൾക്കിടയിൽവരാനാണ് കൂടുതൽ സാധ്യത (വിശദാംശങ്ങൾക്ക് എസ്രാ 9ന്റെ ആമുഖം കാണുക).

ഒരുമിച്ചുകൂടിയ ജനത്തോട് മിശ്രവിവാഹം ചെയ്തവരും മിശ്രവിവാഹത്തെ അനുകൂലിക്കുകയോ മൗനമായി അനുവദിക്കുകയോ ചെയ്ത സകലരും മാപ്പുപറയുകയും മിശ്രവിവാഹം വേർപെടുത്തുമെന്ന് പ്രതിജ്ഞ ചെയ്യുകയും വേണമെന്ന് എസ്രാ ആവശ്യപ്പെട്ടു (വാ. 10-12). എസ്രായുടെ ആവശ്യം തത്വത്തിൽ അംഗീകരിക്കപ്പെട്ടെങ്കിലും പ്രായോഗികമാക്കുന്നതിൽ പല വൈഷമ്യങ്ങളുമുണ്ടായിരുന്നു. കാലാവസ്ഥ പ്രതികൂലമായതിനാലും ജനം വളരെയേറെയുള്ളതിനാലും (വാ. 13) ഒരു പ്രതിനിധി സംഘത്തെ നിയോഗിച്ച് മിശ്രവിവാഹിതരെ കണ്ടെത്താനും വിവാഹമോചനം നടത്തിക്കാനുമായി തീരുമാനം. തീരുമാനത്തെ നാലുപേർ എതിർക്കുന്നുണ്ടെങ്കിലും (വാ. 15) പ്രസ്തുത എതിർപ്പ് അവഗണിക്കപ്പെടുകയാണുണ്ടായത്. ഇവർ മിശ്രവിവാഹം വേർപെടുത്തുന്നതിനെയല്ല എതിർത്തത് മറിച്ച് ഉടനടി മിശ്രവിവാഹം വേർപെടുത്താത്തതിനെയാണ് (പ്രതിനിധികളെവച്ച് പഠനം നടത്തി വിവാഹമോചനം നടത്തുമ്പോൾ ന്യായമായും കാലതാമസമുണ്ടാകും) എതിർത്തിരുന്നത് എന്ന് അനുമാനിക്കാം. എതിർപ്പിനുകാരണം യഹൂദ നിയമത്തോടുള്ള അമിതതീക്ഷ്ണതയായതുകൊണ്ടാണ് അവർക്ക് ശിക്ഷലഭിക്കാതിരുന്നത്. എതിർത്തവരിൽ മെഷുല്ലാം എസ്രായുടെ പ്രധാനസഹായികളിലൊരാളും ലേവായരെ കണ്ടെത്താൻ നിയോഗിക്കപ്പെട്ടവനുമാണ് (8:16). എതിർത്തവരിൽ മറ്റൊരാളായ ഷെബത്തായി (ഈ പേരിന് ഹീബ്രുവിൽ സാബത്താചരണത്തിൽ നിഷ്ഠയുള്ളവൻ എന്നാണ് അർത്ഥം) തന്റെ പേരിനെ അന്വർത്ഥമാക്കുന്ന മതതീക്ഷ്ണതയുള്ള വ്യക്തിയായിരിക്കാം. തന്മൂലം ഈ എതിർപ്പ് കുറ്റകരമായിരുന്നില്ല.

### മിശ്രവിവാഹം വേർപെടുത്തിയവരുടെ പട്ടിക (10:18-44)

പത്താം മാസം ഒന്നാം ദിവസം (ബി.സി. 458 ഡിസംബർ 29) പ്രതിനിധികൾ തെളിവെടുപ്പ് ആരംഭിക്കുകയും ഒന്നാം മാസം ഒന്നാം ദിവസം (മാർച്ച് 27, ബി.സി 457) പൂർത്തിയാക്കുകയും ചെയ്തു. അവർ കണ്ടെത്തിയ പ്രകാരമുള്ള മിശ്രവിവാഹിതരുടെ കണക്കുകൾ കുടുംബക്രമ

ത്തിൽ നൽകിയിരിക്കുന്നതാണ് 10:18-44 ന്റെ ഉള്ളടക്കം. എന്നാൽ പ്രതീക്ഷിച്ചതിലും വളരെക്കുറച്ചുപേർ മാത്രമേ മിശ്രവിവാഹം വേർപെടുത്തുന്നതായി ഈ പട്ടികയിൽ കാണുന്നുള്ളൂ. എസ്രാ 9:1-10:18 ലെ വിവരണമനുസരിച്ച് തിരിച്ചെത്തിയ പ്രവാസികളിൽ നല്ലൊരുപങ്ക് മിശ്രവിവാഹിതരാണ് എന്ന പ്രതീതിയാണ് ലഭിക്കുന്നത്. എന്നാൽ വിവാഹമോചനം നേടുന്നവരുടെ സംഖ്യ വളരെ പരിമിതമാണ്. ഇതിനുള്ള കാരണങ്ങൾ വ്യാഖ്യാതാക്കൾ വ്യത്യസ്തമായാണ് നൽകുന്നത്.

1. ഏതാനും പേരുടെ മിശ്രവിവാഹത്തെ ജനത്തിന്റെ മുഴുവൻ പാപമായി എസ്രാ ചിത്രീകരിച്ചതായിരിക്കാം.

2. അന്വേഷണത്തിനു നിയോഗിക്കപ്പെട്ട പ്രതിനിധിസംഘത്തിനുമുന്നിൽ തങ്ങളുടെ വിവാഹം നിയമാനുസൃതമായി നടന്നതാണെന്ന് സ്ഥാപിക്കാൻ പല മിശ്രവിവാഹിതർക്കും സാധിച്ചിരിക്കാം.

3. സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ളവരുടെ പേരുമാത്രമേ ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നുള്ളൂ. ദേവാലയ ശുശ്രൂഷകർ (ഹീബ്രുവിൽ-*നെതീനീം*), സാധാരണക്കാർ തുടങ്ങിയവരെയൊന്നും ഗ്രന്ഥകാരൻ പരാമർശിക്കുന്നില്ല എന്നതിനാലാണ് വിവാഹമോചിതരുടെ എണ്ണം പരിമിതപ്പെട്ടത്.

4. വിവാഹമോചനത്തിന് മിശ്രവിവാഹിതരിൽ ഭൂരിപക്ഷവും തയ്യാറല്ലാതിരുന്നതിനാൽ എസ്രായുടെ ദൗത്യം പരാജയപ്പെട്ടു എന്നതിന്റെ തെളിവായും വിവാഹമോചിതരുടെ പരിമിതമായ എണ്ണത്തെ പരിഗണിക്കാം.

ഇവയിൽ അവസാനത്തെ കാരണമാണ് വസ്തുതാപരമായി കൂടുതൽ ശരിയാകാൻ സാധ്യതയുള്ളത്. നാലുപുരോഹിതകുടുംബങ്ങളിലും നിന്ന് വിവാഹമോചനം നേടിയവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| എസ്രാ-10 | പേര് | വിവാഹമോചനം നേടിയർ | ആകെ അംഗസംഖ്യ | ശതമാനം |
|---|---|---|---|---|
| വാ.36 | യേവുവാ | 4 | 973 | 0.41 |
| വാ. 39 | ഇമ്മെർ | 2 | 1052 | 0.19 |
| വാ.39 | ഹാരിം | 5 | 1017 | 0.49 |
| വാ.38 | പാഷ്കർ | 6 | 1247 | 0.48 |
| വാ.40 | ലേവ്യർ | 6 | 74 | 8.1 |
| വാ. 41 | സംഗീതജ്ഞർ | 1 | 128 | 0.78 |
| വാ.42 | വാതിൽ കാവൽക്കാർ | 3 | 139 | 0.58 |

മിശ്രവിവാഹം വേർപെടുത്തിയ അൽമായ കുടുംബങ്ങൾ 83എണ്ണം ആണ്. 12127 അംഗങ്ങളുള്ള അസൂറിന്റെ കുടുംബത്തിൽനിന്ന് 83 പേരും 12455 അംഗങ്ങളുള്ള സഖായിയുടെ കുടുംബത്തിൽനിന്നും 83 പേരും മിശ്രവിവാഹബന്ധം അവസാനിപ്പിച്ചു.

**വിചിന്തനങ്ങൾ**

1. മിശ്രവിവാഹത്തെക്കുറിച്ച് എസ്രാ പുലർത്തുന്ന കർക്കശമായ നിലപാട് ആധുനിക സംസ്കാരത്തിന് ഒരു പക്ഷേ ഉൾക്കൊള്ളാനാവില്ലായിരിക്കാം. വിശേഷിച്ചും, നാനാജാതിമതസ്ഥർ ഇടകലർന്നും ഇടപഴകിയും ജീവിക്കുന്ന ഭാരതംപോലെയുള്ള മണ്ണിൽ. എന്നാൽ, മിശ്രവിവാഹത്തെ കേവലം ഒരു വിവാഹപ്രശ്നമായോ സാംസ്കാരികപ്രതിസന്ധിയായോ സാമൂഹികവിഷയമായോ അല്ല എസ്രായുടെ ഗ്രന്ഥം കരുതുന്നത് എന്നതാണ് ഏറെ ശ്രദ്ധാർഹം. എസ്രായുടെ ദൈവമായ കർത്താവിലുള്ള വിശ്വാസത്തിന് ഭംഗം വരുത്തുന്നു എന്നതിനാൽ മിശ്രവിവാഹത്തെ പരമപ്രധാനമായ ഒന്നാം പ്രമാണത്തിന്റെ ലംഘനമായാണ് എസ്രാ വിലയിരുത്തുന്നത്. മിശ്രവിവാഹത്തെ സഭ എതിർക്കുന്നതിനുകാരണവും ഇതുതന്നെയാണ്. മറ്റുമതസ്ഥർ മോശക്കാരായതുകൊണ്ടോ അവർ ഹീനരാണെന്നുകരുതുന്നതുകൊണ്ടോ അല്ല, മറിച്ച് സത്യവിശ്വാസത്തെ മറ്റെന്തിനേക്കാളും ആഴത്തിൽ സഭ വിലമതിക്കുന്നതുകൊണ്ടാണ്. വിശ്വാസം നഷ്ടമായാൽ കുടുംബവും സമൂഹവും സംസ്കാരവും തകരാറിലാകും എന്നതിനാലാണ് മിശ്രവിവാഹത്തെ മതങ്ങൾ എതിർക്കുന്നത്. ഇതിനെ മതസ്പർദ്ധയും വർഗ്ഗീയതയുമായി ചിത്രീകരിക്കുന്നവരുടെ മനസ്സാണ് യഥാർത്ഥത്തിൽ മിശ്രവിവാഹത്തിൽ എന്താണു കുഴപ്പം എന്ന ചോദ്യത്തിൽ പ്രസക്തം. മനുഷ്യരുടെ ഒരുമ പൂർണ്ണമാകുന്നത് ഏകസത്യമായ ദൈവത്തെ സകലരും കണ്ടുമുട്ടുമ്പോഴാണ്. വ്യതിരിക്തതകൾ മനുഷ്യയാഥാർത്ഥ്യത്തിന്റെ ഭാഗമാണെന്നു കരുതി പരസ്പര ബഹുമാനത്തിൽ ജീവിക്കുമ്പോഴാണ് മതസൗഹാർദ്ദം പുലരുന്നത്.

2. എസ്രായെ ഏറ്റവുമധികം അസ്വസ്ഥനാക്കുന്നത് പുരോഹിതർ, ലേവായർ തുടങ്ങി സമൂഹത്തിന് മാതൃകയാകേണ്ടവർ തിന്മയിൽ ജീവിക്കുന്നു എന്നതാണ് (9:2). സമൂഹത്തിന് മാതൃകയാകേണ്ടവർ വഴിതെറ്റുമ്പോൾ അത് അക്ഷന്തവ്യമായ അപരാധമാകുന്നു.

"വേലികൾ തന്നെ വിളവുമുടിച്ചാൽ, കാലികളെന്തുനടന്നീടുന്നു" എന്ന കുഞ്ചൻനമ്പ്യാരുടെ ചോദ്യത്തിന്റെ പ്രസക്തി ഇവിടെയാണ്. വിശുദ്ധ ജീവിതം നയിക്കാൻ വിളിക്കപ്പെട്ട സമർപ്പിതർ വാക്കുകളിൽപോലും ദുർമാതൃക കാട്ടരുത്. മകളെ വഴിതെറ്റിക്കുന്ന അപ്പനും ശിഷ്യയുടെ മാനത്തിനു വിലകല്പിക്കാത്ത ഗുരുവും അനുയായികളെക്കൊണ്ടു ചൂടുചോറുവാരിച്ച് ആനന്ദിക്കുന്ന നേതാക്കന്മാരുമൊക്കെ ജനത്തിന്റെ വഴിതെറ്റിയ പ്രയാണത്തിന് പ്രത്യക്ഷത്തിൽ ഉത്തരവാദികളാണ്.

3. ചരിത്രം പാപവും കൃപയും തമ്മിലുള്ള നിരന്തരസംഘർഷത്തിലാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. ഈ സത്യത്തിന്റെ സമ്പൂർണ്ണമായ ആവിഷ്കാരം എസ്രായുടെ പ്രാർത്ഥനയിൽ നിഴലിക്കുന്നുണ്ട്. രക്ഷാകരചരിത്രത്തിലുടനീളം അനസ്യൂതമായി നീളുന്ന മനുഷ്യന്റെ പാപചരിത്രത്തെ ദൈവം നേരിടുന്നത് തന്റെ കൃപയാലാണ്. ചരിത്രം വിരുദ്ധശ

ക്തികളുടെ സംഘർഷഭൂമിയാണെന്ന് ഹേഗലും മാർക്സും വാദിക്കുന്നത് ശരിയാണ്. അവയുടെ സംഘട്ടനത്തിൽ അന്തിമമായി വിജയിക്കുന്നത് ദൈവകൃപയാണ്. അല്ലാതെ തിന്മയും കൃപയും ചേർന്ന സങ്കലിതാശയം (Synthesis) അല്ല. മനുഷ്യന്റെ നിരന്തരമായ അവിശ്വസ്തതയ്ക്ക് തന്റെ സ്ഥിരമായ സ്നേഹത്തിലൂടെ (ഹീബ്രുവിൽ-*ഹെസെദ്*) ദൈവം മറുപടി നൽകിക്കൊണ്ടേയിരിക്കുന്നു (9:8).

4. എല്ലാ വ്യക്തിപരമായപാപത്തിനും ഒരു സാമൂഹികമാനമുണ്ട്. വിവാഹം വ്യക്തിപരമായ കാര്യമാണ്. എന്നാൽ വിവാഹത്തിന്റെ അനന്തരഫലങ്ങൾ വ്യക്തിപരമല്ല. വിവാഹബന്ധത്തിന്റെ ദൈവികമായ മാനം മറക്കുമ്പോൾ സംഭവിക്കുന്ന നഷ്ടം വ്യക്തിയിലും കുടുംബത്തിലും മാത്രം ഒതുങ്ങുന്നില്ല. അത് സമൂഹത്തെ ഒന്നാകെ സ്വാധീനിക്കുന്നു. നാട്ടിൽ വർദ്ധിച്ചുവരുന്ന ദാമ്പത്യഅവിശ്വസ്തതകളും വിവാഹമോചനങ്ങളും വിവാഹപൂർവ്വ വിഷയം മാത്രമായി കരുതാനാകുമോ? ഇല്ല എന്നതാണ് എസ്രായുടെ പ്രാർത്ഥന തരുന്ന ഉത്തരം. ഏതാനും വ്യക്തികളുടെ മിശ്രവിവാഹം സമൂഹത്തിനുമുഴുവൻ ദോഷകരമായി ബാധിക്കുന്നു എന്നതാണ് എസ്രാ തരുന്ന മുന്നറിയിപ്പ്.

5. എസ്രായുടെ കാലത്ത് നടക്കുന്ന നിർബന്ധിത മിശ്രവിവാഹമോചനം അനേകം അമ്മമാരെയും കുഞ്ഞുങ്ങളെയും വഴിയാധാരമാക്കി എന്നത് സങ്കടകരമാണ് (എസ്രാ 10:1-18). വിവാഹമോചനത്തെ (2:16). ഏറ്റവും കഠിനമായ ഭാഷയിലാണ് ക്രിസ്തു വിമർശിക്കുന്നത് (മത്താ 5:31-32; മർക്കോ 10:11-12; ലൂക്കാ 16: 18). എസ്രായുടെ കാലത്തെ വിവാഹമോചനത്തിന് രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങൾ ഉണ്ടായിരുന്നതായി പണ്ഡിതർ കരുതുന്നുണ്ട്. യഹൂദസമുദായത്തിനുള്ള പ്രവിശ്യയുടെ ഭരണാധികാരികളായിരുന്നു എസ്രായും നെഹെമിയായും. മിശ്രവിവാഹത്തിലൂടെ സാമുദായികത്തനിമനഷ്ടപ്പെട്ടാൽ കാലാന്തരത്തിൽ യൂദയാപ്രവിശ്യതന്നെ ഇല്ലാതാകും എന്ന് അവർ ന്യായമായും ഭയപ്പെട്ടിരുന്നു. പ്രവാസാനന്തരകാലത്ത് സ്ത്രീകൾക്കും സ്വത്തിനുമേൽ അവകാശമുണ്ടായിരുന്നതിനാൽ യഹൂദരുടെ അവകാശമായ ഭൂമി വിജാതീയസ്ത്രീകളിലൂടെ അന്യാധീനപ്പെട്ടുപോകും എന്ന ഭയവും മിശ്രവിവാഹിതരെ വേർപിരിക്കുന്നതിനു പിന്നിലുള്ളതായി കരുതപ്പെടുന്നു. എസ്രാ-നെഹെമിയ ഉയർത്തിപ്പിടിക്കുന്ന വംശശുദ്ധി എന്ന ആശയത്തെ റൂത്തിന്റെ പുസ്തകം തിരുത്തുന്നതിന്റെ കാരണം ഈ പശ്ചാത്തലത്തിലാണ് നാം അന്വേഷിക്കേണ്ടത്. തന്മൂലം വിജാതീയരെ ഒന്നടങ്കം വെറുക്കപ്പെട്ടവരായി അകറ്റിനിർത്തണം എന്ന ആശയം ബൈബിളിനില്ല എന്ന വസ്തുത വിസ്മരിക്കുന്നത് നീതിയല്ല.

# 04

## നെഹമിയായുടെ പുസ്തകം: ആമുഖം

എസ്രായുടെ പുസ്തകം ദേവാലയ നിർമ്മാണത്തെക്കുറിച്ചാണ് പ്രമുഖമായി പ്രതിപാദിക്കുന്നത്. എന്നാൽ നെഹെമിയായുടെ ഗ്രന്ഥം ജറുസലേം നഗരത്തിന്റെ പുനർനിർമ്മാണത്തിന്റെയും കോട്ടകൾ കെട്ടി അതിനെ ശാക്തീകരിക്കുന്നതിന്റെയും വിവരണമാണ്. നഗരത്തിന്റെ നിർമ്മാണവും ശാക്തീകരണവും എന്നതിലൂടെ കേവലമായ മരാമത്തുപണികൾ എന്നല്ല ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്. വിശുദ്ധജനമായ ഇസ്രായേലിന്റെ ശക്തിക്കു നിദാനമായ ദൈവവിശ്വാസത്തെയും ആരാധനയെയും പരിപോഷിപ്പിക്കുകയും വിശ്വാസവിരുദ്ധമായ മാർഗ്ഗങ്ങളിൽ നിന്ന് (ഉദാ: വിജാതീയരുമായുള്ള വിവാഹം) ജനത്തെ പിന്തിരിപ്പിക്കുകയും അതുവഴി ഇസ്രായേലിനെ വിശ്വസ്തതയും വിശുദ്ധിയുമുള്ള കരുത്തുറ്റ ജനതയാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. നെഹെമിയായുടെ പുസ്തകത്തിന്റെ ഘടന, രചയിതാവ്, രചനാകാലം, ചരിത്രപശ്ചാത്തലം തുടങ്ങിയവയുടെ വിശകലനത്തിന് എസ്രായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിന്റെ ആമുഖഭാഗം കാണുക.

നെഹെമിയായുടെ ഗ്രന്ഥത്തിന്റെ നല്ലൊരുഭാഗം വ്യക്തിപരമായ ഓർമ്മക്കുറിപ്പുകളാണ് (Memoir). ഇത് നെഹമിയായുടെ ആത്മകഥാപരമായ രചനയാണെന്നു കരുതപ്പെ

ടുന്നു. എന്നാൽ, നെഹെമിയായുടെ പുസ്തകത്തിലെ 3, 7 അധ്യായങ്ങൾ (ഇവ എസ്രാ രണ്ടാം അധ്യായത്തിന്റെ ആവർത്തനമാണ്) ഉത്തമപുരുഷസർവ്വനാമത്തിലുള്ള (Third Person) വിവരണമാകയാൽ പ്രസ്തുതഭാഗങ്ങൾ മറ്റൊരാളുടെ രചനയായിരിക്കാനാണ് സാധ്യത. രചയിതാവ് ഈ ഭാഗത്തെ നെഹെമിയായുടെ ഓർമ്മക്കുറിപ്പിനോടു കൂട്ടിച്ചേർത്തതാണ് എന്ന അനുമാനത്തിനാണ് പ്രമാണ്യമുള്ളത്. നെഹെ 11:1-2 ലെ വിവരണം നഗരമതിലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനെക്കുറിച്ചാണ്. നെഹെമിയാ ഏഴാം അധ്യായത്തിന്റെ തുടർച്ചയായ ആശയമാണിത്. എന്നാൽ 11:1-2 ലെ വിവരണം ഏഴാം അധ്യായത്തിലേതിൽ നിന്നു വ്യത്യസ്തമായി (പ്രഥമപുരുഷസർവ്വനാമശൈലി) ഉത്തമപുരുഷസർവ്വനാമത്തിലാണ്. തന്നെയുമല്ല നെഹെമിയായുടെ പേര് 11:1-2 ൽ പരാമർശിക്കുന്നുമില്ല. നെഹെ 7:73-12:26; 12:44;-13:3 എന്നീ വചനഭാഗങ്ങൾ ഇപ്രകാരം കൂട്ടിച്ചേർക്കപ്പെട്ടവയാണെന്നു കരുതാം. നെഹെ 5:14-19 ലെ സ്വയം നീതീകരണ ശ്രമങ്ങൾ നെഹെമിയ 13-ാം അധ്യായത്തിലെ വിവരണത്തിലും ദൃശ്യമാണ്. നെഹെമിയായുടെ പുസ്തകം സംശോധനകൾക്കു വിധേയമായിട്ടുണ്ട് എന്നതിനു തെളിവായി ഇത്തരം ആഖ്യാനഭംഗങ്ങളെ മനസ്സിലാക്കാവുന്നതാണ്.

നെഹെമിയായുടെ പുസ്തകത്തിന്റെ സിംഹഭാഗവും, മുൻസൂചിപ്പിച്ചതുപോലെ, ഓർമ്മക്കുറിപ്പുകളാണ്. ഓർമ്മക്കുറിപ്പുകൾ എന്ന സാഹിത്യഭാഗത്തിന് കൃത്യമായ ദൃഷ്ടാന്തങ്ങൾ സെമിറ്റിക്, ഗ്രീക്ക് സാഹിത്യകൃതികളിൽ കണ്ടെത്താനാകുന്നില്ല എന്നാണ് പണ്ഡിതമതം. ഈജിപ്ഷ്യൻ രാജാക്കന്മാരുടെ ശവകുടീരങ്ങൾക്കു മുന്നിൽ ആത്മകഥാപരമായ (First Person) ഓർമ്മക്കുറിപ്പുകൾ രേഖപ്പെടുത്തിയിരുന്നതായി ചരിത്രകാരൻമാർ സാക്ഷ്യപ്പെടുത്തുന്നു. ബൈബിൾ സങ്കീർത്തനങ്ങളിൽ പലതും ഇപ്രകാരം ആത്മകഥാപരമായ അർത്ഥനകളും പ്രാർത്ഥനകളും ഉൾക്കൊള്ളുന്നവയാണ്. എന്നാൽ ഇവയെ നെഹെമിയായുടെ പുസ്തകത്തിലെ ഓർമ്മക്കുറിപ്പുകൾക്കുള്ള ശരിയായ സമാനതകളായി പരിഗണിക്കാനാവില്ല.

ഓർമ്മക്കുറിപ്പുകളിൽ ആവർത്തിക്കപ്പെടുന്ന "ഓർമ്മിക്കുക" എന്ന ക്രിയ (ഹീബ്രുവിൽ - സാഖർ) ശ്രദ്ധേയമാണ് (5:19, 13:14, 22, 31). 5:19 ലെ അനുസ്മരണാഹ്വാനം ഗവർണർ എന്ന നിലയിൽ നെഹെമിയായുടെ പ്രവർത്തനശേഷം രചിക്കപ്പെട്ടതാണെന്ന് കരുതുന്ന പണ്ഡിതന്മാരുണ്ട്. (ഉദാ: വില്ല്യംസൺ, WBC, 16) പ്രസ്തുത പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ "ഓർമ്മിക്കുക" എന്ന ക്രിയാരൂപമുള്ള 5:14-19, 13:4-31 ഭാഗങ്ങൾ നെഹെമിയായുടെ കാലശേഷം കൂട്ടിച്ചേർക്കപ്പെട്ടതാണ്. നെഹെമിയാ ചെയ്ത സുപ്രധാന പ്രവൃത്തികളൊന്നും സൂചിപ്പിക്കാതെ പിൽക്കാലത്ത് മറ്റുള്ളവർ ചെയ്ത പ്രവൃത്തികളുടെ പേരിൽ നെഹെമിയായെ ഓർമ്മിക്കാനാണ് ഈ വിവരണങ്ങൾ ആവശ്യപ്പെടുന്നത് എന്നതിനാലാണ് ഇപ്രകാരമൊരു നിഗമനത്തിൽ പണ്ഡിതന്മാർ എത്തിച്ചേരുന്നത്. ഓർമ്മക്കു

റിപ്പുകളിലെ യഥാർത്ഥഉള്ളടക്കം പേർഷ്യൻ രാജാവിന്റെ കല്പനയും തദനുസൃതമുള്ള നഗരമതിലിന്റെ നിർമ്മാണവുമായിരുന്നു. ഇത് അരമായ ഭാഷയിലായിരുന്നു എന്നും പണ്ഡിതൻമാർ കരുതുന്നു. എന്നാൽ പിൽക്കാലസംശോധകൻ ഈ ഓർമ്മക്കുറിപ്പുകളെ ദൈവത്തോടുള്ള പ്രാർത്ഥനകൾ കൂട്ടിച്ചേർത്ത് (1:411; 4:45; 6:14) അഭിനവരൂപത്തിലാക്കിയതാണെന്നും കരുതുന്നവരാണ് നെഹെമിയായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാതാക്കളിൽ നല്ലൊരുപങ്കും.

എന്നാൽ, നെഹെ 5:14-19 ലെ വിവരണം കാലഗണനയിൽ അസ്ഥാനത്താണെങ്കിലും പ്രാർത്ഥനാരൂപം നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളിലുടനീളം കാണാനാവുമെന്ന് ചൂണ്ടിക്കാണിക്കുന്ന പണ്ഡിതന്മാരുമുണ്ട് (1:4-11; 3:36-37; 4:4-5; 6:9; 6:14; 13:29). ഇവയിൽ മറ്റെല്ലാ പ്രാർത്ഥനകളും "ഓർമ്മിക്കുക" എന്ന ക്രിയയോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ 6:9 ൽ "കരങ്ങളെ ശക്തിപ്പെടുത്തണമേ" എന്ന പ്രാർത്ഥനയാണുള്ളത്. ഇതിനു സമാനമായ ശൈലി ഈജിപ്തിലെ പേർഷ്യൻ പ്രതിനിധിയായ ഉഡ്ജാഹൊറെസ്നെതിന്റെ എഴുത്തുകളിൽ കണ്ടെത്താൻ കഴിയും. നെഹെമിയായെ ജറുസലേമിലേക്ക് അയച്ചതുപോലെ പേർഷ്യൻരാജാവ് ഈജിപ്തിലേക്ക് അയച്ച ഗവർണറായിരുന്നു ഉഡ്ജാഹൊറെസ്നെത്. തന്മൂലം ഇവരുടെ രചനകൾ തമ്മിലുള്ള താരതമ്യത്തിന് പ്രസക്തിയുണ്ട്. ഈജിപ്ഷ്യൻ പ്രവിശ്യയുടെ ഗവർണർ എഴുതിയതുപോലെ രാജാവിനുള്ള ദിനവൃത്താന്തക്കുറിപ്പുകളായിരുന്നു, നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളുടെ ആദ്യരൂപം എന്നു കരുതാവുന്നതാണ്. എന്നാൽ, രാജാക്കന്മാരിലൂടെ ചരിത്രത്തെ നയിക്കുന്നത് ദൈവമാണ് എന്ന എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങളുടെ അടിസ്ഥാന ദൈവശാസ്ത്രവീക്ഷണത്തിൽ, രാജാവിനെഴുതിയ ദിനവൃത്താന്തക്കുറിപ്പുകളെ ദൈവസ്തുതിക്കായുള്ള പ്രാർത്ഥനകളായി രൂപാന്തരപ്പെടുത്തുന്നത് തികച്ചും യുക്തിസഹമാണ്. തന്മൂലം ഓർമ്മക്കുറിപ്പുകളുടെ മൂലരൂപത്തിൽ ആരെയാണ് അഭിസംബോധന ചെയ്തിരിക്കുന്നത് എന്ന ചോദ്യത്തെ സങ്കീർണ്ണമാക്കേണ്ടതില്ല.

# 05

# നെഹെമിയായുടെ തിരിച്ചുവരവും നഗരമതിലിന്റെ നിർമ്മാണവും: നെഹെമിയാ 1:1 – 7:73

നെഹെ 1:1–11 ലെ ഉള്ളടക്കം നെഹെമിയായുടെ സഹായാഭ്യർത്ഥനകളാണ്. ജറുസലേമിൽ നടക്കുന്ന നിയമവിരുദ്ധമായ നടപടികളെയും ജീവിതരീതികളെയുംകുറിച്ചു കേട്ട് (1:3–4) മനസ്സുമടുത്ത നെഹെമിയാ ദൈവതിരുമുമ്പിൽ നടത്തുന്ന പ്രാർത്ഥനയാണിത്.

**സഹായാഭ്യർത്ഥനകൾ(1:1–11)**

അർത്താർബർബസ് രാജാവിന്റെ മുന്നിൽ താൻ നടത്താനിരിക്കുന്ന സഹായാഭ്യർത്ഥനയിൽ തനിക്ക് അനുകൂലമായി രാജാവിന്റെ മനസ്സിനെ മാറ്റാനുള്ള നിയോഗവും ഈ പ്രാർത്ഥനയിൽ സമർപ്പിക്കുന്നുണ്ട്. ദൈവത്തെ അഭിസംബോധന ചെയ്ത് (വാ.–5), തന്റെ പ്രാർത്ഥനകൾ കേൾക്കാനപേക്ഷിച്ച് (വാ.–6), ജനത്തിനുവേണ്ടി പാപങ്ങൾ ഏറ്റുപറഞ്ഞ് (വാ.–7), ദൈവത്തിന്റെ വാഗ്ദാനങ്ങളെയും (വി. 8–9) വാഗ്ദാനങ്ങളുടെ സ്വീകർത്താക്കൾ പ്രവാസാനന്തരസമൂഹമാണെന്ന സത്യത്തെയും (വാ.–10) ഓർമ്മിപ്പിച്ചുകൊണ്ടാണ് നെഹെമിയാ ദൈവസഹായം പ്രാർത്ഥിക്കുന്നത്. (വാ.–11) നിയമാവർത്തനഗ്രന്ഥത്തിലെ അനേകം പദങ്ങളും ശൈലികളും ഈ പ്രാർത്ഥനയിൽ ദൃശ്യമാണ്. ബൈബിളിലെ വിലാപകീർത്തനങ്ങളുമായി ഈ പ്രാർത്ഥനയ്ക്ക് പ്രകടമായ സാമ്യമുണ്ട്. ജനത്തിന്റെ പാപങ്ങളേറ്റെടുത്ത് അവയ്ക്കുവേണ്ടി ദൈവതിരുമുമ്പിൽ മാപ്പുചോദിച്ചു പ്രാർത്ഥിക്കുന്ന ശൈലി (വാ.–6–7) ബൈബിളിലെ ഇതര പ്രാർത്ഥനകളിലും ദൃശ്യമാണ് (എസ്രാ 9:4–15; 9:4–19; ബാറൂ

1:15–3:8). നെഹെമിയായുടെ ഗ്രന്ഥത്തിലെ ഇതര പ്രാർത്ഥനകളുമായും (4:4–5; 4:9; 5:19; 6:9, 14) ഈ പ്രാർത്ഥനയ്ക്ക് സാമ്യമുണ്ട്. ഈ പ്രാർത്ഥനയിൽ പ്രതിപാദിക്കുന്ന വസ്തുതകളിൽ പലതും നെഹെമിയായുടെ കാലഘട്ടവുമായി പ്രത്യക്ഷബന്ധമില്ലാത്തവയാണ്. പ്രവാസവും തിരിച്ചുവരവും ഈ പ്രാർത്ഥനയിലെ വിഷയങ്ങളാണ്. എന്നാൽ നെഹെമിയായുടെ കാലഘട്ടത്തിൽ ഈ വിഷയങ്ങൾ അത്രമേൽ സജീവമായിരുന്നില്ല. തന്മൂലം ഈ പ്രാർത്ഥന പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നു വാദിക്കുന്നവരുണ്ട്. 1:4 ൽ ഏതാനും ദിവസങ്ങളിൽ നീണ്ടുനിൽക്കുന്ന പ്രാർത്ഥനയെക്കുറിച്ചാണ് സൂചനയെങ്കിൽ 1:11 ൽ ഒരു ദിവസത്തെപ്രാർത്ഥനയാണ് വിവക്ഷിക്കപ്പെടുന്നത്. ഈ വൈരുധ്യവും പിൽക്കാല സംശോധനയുടെ തെളിവാകാം. 1:11 ൽ "ഈ മനുഷ്യൻ" എന്ന പദപ്രയോഗം തികച്ചും വ്യാഖ്യാനഭംഗം വരുത്തുന്നതാണ് എന്ന വാദവും ഈ പ്രാർത്ഥനയുടെ മൂലരൂപം വ്യത്യസ്തമായിരുന്നു എന്ന നിഗമനത്തെ സാധൂകരിക്കുന്നുണ്ട്.

നെഹെമിയാ എന്ന ഹീബ്രു വാക്കിന് "ദൈവം ആശ്വസിപ്പിച്ചു" എന്നാണർത്ഥം. ഹക്കാലിയായുടെ പുത്രനായ നെഹെമിയാ (10:2) അർത്താക്സെർക്സസ് രണ്ടാമൻ രാജാവിന്റെ പാനപാത്രവാഹകനായിരുന്നു (1:11). പാനപാത്രവാഹകൻ എന്നത് രാജകൊട്ടാരത്തിലെ സുപ്രധാന തസ്തികയായിരുന്നു.

പാനപാത്രവാഹകൻ രാജാവിന് വീഞ്ഞ് പകർന്നു കൊടുക്കുന്ന പരിചാരകനാണ്. പുരാതന പൗരസ്ത്യദേശങ്ങളിലാണ് ഇതു കൂടുതലായി നിലവിലിരുന്നത്. രാജാക്കൻമാരുടെ പാനീയങ്ങളിൽ വിഷം ചേർക്കാൻ സാധ്യതയുള്ളതിനാൽ വിശ്വസ്തൻ എന്ന് ഉറപ്പുള്ളവരെ മാത്രമേ രാജാവ് ഈ ജോലിക്കായി നിയോഗിച്ചിരുന്നുള്ളൂ. രാജാവിന്റെ പാനപാത്രവാഹകനാകുക എന്നത് വലിയൊരു ബഹുമതിയായിരുന്നു.

ഈജിപ്തിലെ ഫറവോരാജാവ് പല പാനപാത്രവാഹകരിൽ നിന്നും ഒരു പ്രധാനപാനപാത്രവാഹകനെ (Butler) നിയമിച്ചിരുന്നു. ഫറവോയുടെ പ്രധാനപാനപാത്രവാഹകനുണ്ടായ സ്വപ്നമാണ് ജോസഫ് വ്യാഖ്യാനിച്ചുകൊടുത്തത് (ഉൽപ. 40). 1 രാജാ. 10:5ലും 2 ദിന. 9:4ലും ലഭിക്കുന്ന സൂചനയനുസരിച്ച് സോളമന്റെ കൊട്ടാരത്തിലെ പാനപാത്രവാഹകർ കൊട്ടാരത്തിലെ പ്രൗഢിയുടെ ഭാഗംകൂടിയായിരുന്നു. അസ്സീറിയൻരാജാവായ സെന്നാക്കെരിബ് തന്റെ പാനപാത്രവാഹകനെ (റബ്ഷക്ക) രഹസ്യസന്ദേശവാഹകനായും കണക്കാക്കിയിരുന്നു (2 രാജാ. 18:17f; ഏശ. 36:2).

പാനപാത്രവാഹകൻ (ഹീബ്രുവിൽ-മസ്കേഗ്) എന്നതിനു പകരം ചില വിവർത്തനങ്ങളിൽ ഷണ്ഡൻ എന്നു വിവർത്തനം ചെയ്യുന്നുണ്ട്. എന്നാൽ ഇത് തെറ്റായ വിവർത്തനമാണ്. മസ്കേഗ് എന്ന ഹീബ്രുപദവും (പാനപാത്രവാഹകൻ) - സാറിസ് (ഷണ്ഡൻ) എന്ന ഹീബ്രുപദവും തമ്മിലുള്ള അക്ഷരസാമ്യം മൂലം പകർത്തെഴുത്തുകാരൻ വരുത്തിയ തെറ്റാണ് ഇതിനു കാരണം എന്നു നിരൂപിക്കാം. നെഹെമിയാ കൊട്ടാരം അന്തപ്പുരത്തിന്റെ ചുമതലയുള്ള ഷണ്ഡനായിരുന്നെങ്കിൽ ജറുസലേം ദേവാലയത്തിലെ അനുഷ്ഠാനങ്ങളിലും ബലികളിലും പങ്കെടുക്കാൻ കഴിയുമായിരുന്നില്ല. ഷണ്ഡൻ എന്നർത്ഥമുള്ള "സാറിസ്" എന്ന ഹീബ്രുപദം

അസ്സീറിയൻ ഭാഷയിൽ നിന്നുത്ഭവിച്ചതാണ്. ഇതിന്റെ മൂലാർത്ഥം "രാജ കൊട്ടാരത്തിലെ ഉദ്യോഗസ്ഥൻ" എന്നാണ്. കൊട്ടാരത്തിലെ പ്രധാന ഉദ്യോഗസ്ഥരെയെല്ലാം ഷണ്ഡന്മാരാക്കുന്ന പതിവ് പേർഷ്യയിൽ ഉണ്ടായിരുന്നു എന്നും അഭിപ്രായാന്തരമുണ്ട്. ഗ്രീക്കു ചരിത്രകാരനായ ഹെരഡോട്ടസിന്റെ അഭിപ്രായത്തിൽ, പൗരസ്ത്യദേശങ്ങളിൽ ഷണ്ഡൻമാർ എല്ലാവിധത്തിലും വിശ്വസ്തരായി കണക്കാക്കപ്പെട്ടിരുന്നു. പഴയനിയമത്തിലെ, ഷണ്ഡൻ എന്ന പ്രയോഗത്തിന് ഈ രണ്ട് അർത്ഥങ്ങളും കൽപിക്കാമോ എന്നും വ്യക്തമല്ല. പൊത്തിഫാർ (ഉൽപ. 39:1) വിവാഹിതനായിരുന്നതിനാൽ കൊട്ടാരഉദ്യോഗസ്ഥൻ എന്ന അർത്ഥമാണ് അഭികാമ്യം. എന്നാൽ ഏശ. 56:3-ൽ പ്രതിപാദിക്കുന്നത് അക്ഷരാർത്ഥത്തിൽ ഷണ്ഡൻ തന്നെ. 1 സാമു. 8: 15 (കിങ്കരൻ); എസ്തേ. 2: 3; ജറെ. 38:7; ദാനി. 1:3 എന്നീ വാക്യങ്ങളിലും മേൽപ്പറഞ്ഞ അർത്ഥമാണ് വിവക്ഷിതം.

ഇസ്രായേലിന്റെ ആരാധനാസമൂഹത്തിൽ നിന്നും ഷണ്ഡൻമാർ മാറ്റി നിർത്തപ്പെട്ടിരുന്നു (ലേവ്യ. 22: 24; നിയ. 23:1). ഇസ്രായേൽ രാജാക്കൻമാർ ഷണ്ഡൻമാരെ വിവിധജോലികൾക്കായി ഉപയോഗിച്ചിരുന്നു (1 സാമു. 8:15; 1 രാജാ. 22:9; 1 ദിന. 28:1). നിയമവിരുദ്ധമായ പ്രവൃത്തിയിൽ ഏർപ്പെടുകയോ കർത്താവിനെതിരേ അകൃത്യങ്ങൾ ആലോചിക്കുകയോ ചെയ്യാത്ത ഷണ്ഡൻ അനുഗൃഹീതനാണെന്ന് വിജ്ഞാനഗ്രന്ഥം സാക്ഷിക്കുന്നു (ജ്ഞാനം 3:14). എന്നാൽ പ്രഭാ. 20:24; 30:20 എന്നീ വാക്യങ്ങളിൽ ഷണ്ഡൻ കഴിവില്ലാത്തവനായി ചിത്രീകരിക്കപ്പെടുന്നു. മേൽപറഞ്ഞ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ കൊട്ടാരം ഉദ്യോഗസ്ഥനായ പാനപാത്രവാഹകൻ എന്ന വിശേഷണമാണ് നെഹെമിയായ്ക്ക് യോജിക്കുന്നത് എന്നു മനസ്സിലാക്കാം.

പുസ്തകം ആരംഭിക്കുന്ന വാക്യങ്ങളിൽ തന്നെ (1:1-3) ദൈവജനത്തോടും ദൈവിക പദ്ധതിയോടുമുള്ള നെഹെമിയായുടെ പ്രതിബദ്ധത വ്യക്തമാകുന്നുണ്ട്. ജറുസലേമിൽ നിന്നും വന്നവരോട് നെഹെമിയ മുൻകൈയെടുത്ത് പ്രവാസികളെക്കുറിച്ച് അന്വേഷിക്കുകയായിരുന്നു. പേർഷ്യൻതലസ്ഥാനമായ സൂസായിലെ സുഖസൗകര്യങ്ങളും അധികാരവും ആസ്വദിച്ചു കഴിയാമായിരുന്നിട്ടും പ്രവാസികളുടെ ദുഃസ്ഥിതിയിൽ മനസ്സുവേദനിക്കുന്ന നെഹെമിയായുടെ മനസ്സ് പുറപ്പാടു സംഭവത്തിനു തുടക്കം കുറിക്കുന്നു. ദൈവത്തിന്റെ മനസ്സിന്റെ വേദനയെ അനുസ്മരിപ്പിക്കുന്നു. പ്രവാസികളെക്കുറിച്ചു മാത്രമല്ല ദൈവനഗരമായ ജറുസലേമിനെക്കുറിച്ചും നെഹെമിയ അസ്വസ്ഥനാകുന്നുണ്ട് (വാ.3). ദൈവത്തെ സ്നഹിക്കുന്നവൻ ദൈവനഗരത്തെയും ദേവാലത്തെയും സ്നേഹിക്കുന്നു എന്നത് സത്യമാണ്. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യാം, ദൈവിക കൂദാശയിലോ സഭയിലോ വിശ്വാസമില്ല എന്നു പറയുന്ന ആധുനിക വിശ്വാസികൾക്ക് നെഹെമിയായുടെ നിലാപാട് ദുർഗ്രഹമായി തോന്നാം. വിശ്വാസത്തെ അമൂർത്തമായ ആശയതലത്തിൽ മാത്രം ഒതുക്കി നിർത്താനുള്ള ശ്രമം ആരോഗ്യകരമല്ല. ദൈവത്തെയും ദൈവികമായവയെയും തന്നേക്കാളും വിലയുള്ളതായി കരുതുമ്പോൾ മാത്രമേ ഒരുവൻ യഥാർത്ഥത്തിൽ ദൈവശുശ്രൂഷയ്ക്കു യോഗ്യനാകുന്നുള്ളൂ.

1:4-6 ൽ നെഹെമിയായുടെ ദൈവാശ്രയബോധമാണ് വെളിപ്പെടുന്നത് (ന്യായാ. 20:26; 1 സാമു 7:6; 1 ദിന. 10:12; എസ്തേർ 4: 3; 9:31; സങ്കീ. 35: 13; ഏശ. 58:6-8; ജറെ 36:9; ദാനി 9:3). ജറുസലേമിലെ ദൈവജനത്തിന്റെയും നഗരത്തിന്റെയും കരളലിയിക്കുന്ന കഷ്ടതകൾ നെഹെമിയായെ ദൈവത്തിലേക്കു തിരിക്കുന്നു. കഷ്ടതകളുടെ കഥകൾ പലപ്പോഴും മനുഷ്യനെ നിരാശയിലേക്കും ദൈവനിഷേധത്തിലേക്കും നയിക്കുമ്പോൾ യഥാർത്ഥവിശ്വാസിയെ അവ ദൈവത്തിലേക്ക് തിരിയാൻ പ്രേരിപ്പിക്കുന്നു. തറയിൽ വീണുള്ള പ്രാർത്ഥന നെഹെമിയായുടെ ആത്മാർത്ഥതയെയും കഷ്ടതയനുഭവിക്കുന്നവരോടുള്ള താദാത്മീകരണത്തെയും സൂചിപ്പിക്കുന്നു. നെഹെമിയായുടെ പ്രാർത്ഥന ത്യാഗം ചെയ്തുള്ള (ഉപവസിച്ചുള്ള) പ്രാർത്ഥനയായിരുന്നു. മധ്യസ്ഥപ്രാർത്ഥനകളുടെ ആത്മാർത്ഥത അവയിൽ അനുഷ്ഠിക്കുന്ന ത്യാഗത്തിലൂടെയാണ് വെളിപ്പെടുന്നത്. നെഹെമിയായുടെ പ്രാർത്ഥന സ്ഥിരതയുള്ളതായിരുന്നു. കാരണം നെഹെമിയാ ദിവസങ്ങളോളം പ്രാർത്ഥിച്ചു. പ്രാർത്ഥന ഒരു വൈകാരിക പ്രതികരണമായിരുന്നില്ല ദൈവജനത്തോടുള്ള സ്ഥിരമായ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു എന്ന് ഈ സംഭവം വ്യക്തമാക്കുന്നു (വാ. 4). നെഹെമിയ ‘‘സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ’’ സന്നിധിയിലാണ് പ്രാർത്ഥിക്കുന്നത്. ദൈവത്തിന്റെ സാർവ്വലൗകികമായ അധികാരത്തെ സൂചിപ്പിക്കുന്ന പദമാണിത് (2 ദിന 20:6; യോന 1:9; ദാനി 2:19, 28; എബ്രാ 7:12, 21, 23). സ്വർഗ്ഗസ്ഥനായിരിക്കുന്നതോടൊപ്പം ദൈവം ഉടമ്പടിപാലിക്കുന്നവനാണ് (വാ. 5). സാർവ്വലൗകികമായ അധികാരമുള്ളവനാണെങ്കിലും ഓരോ മനുഷ്യവ്യക്തിയോടും ഉടമ്പടിചെയ്തവനാണ് ദൈവം എന്ന വിശ്വസത്തിലൂടെ മനുഷ്യനോടുള്ള ദൈവത്തിന്റെ വ്യക്തിബന്ധത്തെയാണ് നെഹെമിയാ ഊന്നിപ്പറയുന്നത്.

ദൈവതിരുമുമ്പിലായിരിക്കുമ്പോൾ ഒരു വ്യക്തിയിൽ അനുഭവപ്പെടുന്ന രണ്ട് അടിസ്ഥാന വികാരങ്ങൾ അനുതാപവും (66-7) നന്ദിയും (വാ. 8-10) ആണ്. ദൈവത്തിന്റെ പരിശുദ്ധിയെയും നന്മയെയും കുറിച്ചുള്ള അവബോധമാണ് മനുഷ്യനിൽ പാപബോധവും അനുതാപവും ജനിപ്പിക്കുന്നത്. തന്റെ ജനത്തിന്റെ പാപത്തെ സ്വന്തം പാപമായി കരുതി അനുതപിക്കുകയും മാപ്പുചോദിക്കുകയും ചെയ്യുന്ന നെഹെമിയാ ഇസ്രായേലിന്റെ മതാത്മകതയുടെ നെടുംതൂണുകളായ അബ്രാഹത്തോടും മോശയോടും താദാത്മ്യപ്പെടുത്താവുന്ന വ്യക്തിത്വമായി മാറുകയാണിവിടെ. യഥാർത്ഥഅനുതാപവും ആത്മശോധനയും മനുഷ്യന്റെ ഹൃദയത്തെ കൃതജ്ഞതയുടെ വികാരത്താൽ നിറയ്ക്കുന്നു എന്നതിനുള്ള സാക്ഷ്യമാണ് 1:8-10 ലെ നെഹെമിയായുടെ കൃതജ്ഞതാപ്രകാശനം. ദൈവം മോശയിലൂടെ അരുളിചെയ്ത വാക്കുകളെപ്രതിയും (വാ. 8-9) അവിടുന്ന് തന്റെ കരബലത്താൽ ഇസ്രായേലിനുവേണ്ടി ചെയ്ത മഹത്കാര്യങ്ങളെപ്രതിയും (വാ. 10) നെഹെമിയാ ദൈവത്തെ സ്തുതിക്കുന്നു.

11-ാം വാക്യത്തിൽ പ്രാർത്ഥന അവസാനിക്കുന്നത് ദൈവത്തിന്റെ കരുണയിലുള്ള വലിയ പ്രത്യാശയോടെയാണ്. ജനത്തിന്റെ കഷ്ടത കേട്ടയുടൻ നെഹെമിയാ രാജസന്നിധിയിലേക്ക് ഓടിയില്ല. പ്രാർത്ഥനയിലും പരിത്യാഗത്തിലും നാളുകൾ ചെലവഴിച്ച് ദൈവകാരുണ്യത്തിൽ പ്രത്യാ

ശവച്ചശേഷമാണ് അദ്ദേഹം രാജാവിന്റെ പക്കൽ ജറുസലേമിലേക്കു പോകാനുള്ള അനുവാദത്തിനായി സമീപിക്കുന്നത്. അസമയത്തും അസ്ഥാനത്തുമുള്ള വാക്കുകളും പ്രവൃത്തികളും ഒഴിവാക്കുന്നതിന് പ്രാർത്ഥന സഹായകമാണെന്ന് നെഹെമിയായുടെ അനുഭവം സാക്ഷ്യം നൽകുന്നു. ഗതകാലത്ത് ദൈവം തന്ന നന്മകളെ ഓർത്ത് നന്ദിപറയുന്ന നെഹെമിയാ (വാ.9-10) 11-ാം വാക്യത്തിൽ ഇന്നിന്റെ ആവശ്യത്തിനുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. ഇന്നിന്റെ പ്രശ്നങ്ങളും ആവശ്യങ്ങളും ഇന്നലെത്തേതിൽ നിന്നു വ്യത്യസ്തമാണ്. പ്രാർത്ഥനയുടെ നൈരന്തര്യസ്വഭാവമാണ് ഇവിടെ വ്യക്തമാകുന്നത്.

അവിടുത്തെനാമം വണങ്ങുന്ന ഇതരദാസരോടു ചേർന്നാണ് നെഹെമിയാ പ്രാർത്ഥിക്കുന്നത് (വാ.11). ജറുസലേമിലെ പ്രവാസികൾ ആരേയുംതന്നെ നെഹെമിയാ വ്യക്തിപരമായി അറിയുകയില്ല. എന്നിട്ടും യാഹ്വെയിലുള്ള വിശ്വാസത്തെപ്രതി അവരെ സഹോദരരായാണ് നെഹെമിയാ കരുതുന്നത് (4:14, 23; 5:1, 8, 10; 10:29; 13:13). പേർഷ്യൻ രാജാവിനെയാകട്ടെ ''ഈ മനുഷ്യൻ'' (വാ.11) എന്നാണ് നെഹെമിയാ വിശേഷിപ്പിക്കുന്നത്. സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ സാർവ്വലൗകികമായ അധികാരത്തിനു മുന്നിൽ മാനുഷിക അധികാരങ്ങളെല്ലാം നിഷ്പ്രഭമാണെന്ന വലിയ തിരിച്ചറിവാണ് ഈ വാക്കുകളിലൂടെ സ്പഷ്ടമാകുന്നത്.

**വിചിന്തനങ്ങൾ**

1. നെഹെമിയായുടെ ദീനാനുകമ്പയും സഹോദരസ്നേഹവും വർണ്ണിച്ചുകൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നത് (1:1-3). അപരന്റെ വേദനകളോടു സംവദിക്കാനുള്ള ക്ഷമതയാണ് ആധ്യാത്മികതയുടെ ആദ്യപാഠം എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുകയാണിവിടെ. ഈജിപ്തിലെ ജനത്തിന്റെ ദുരവസ്ഥയിൽ ഹൃദയം നുറുങ്ങുന്ന യാഹ്വേയുടെ മനസ്സ് സ്വന്തമാക്കുമ്പോഴാണ് ആത്മീയതയക്ക് അർത്ഥവും ആഴവും കൈവരുന്നത്.

2. മാതൃകാപ്രാർത്ഥനയുടെ എല്ലാ ലക്ഷണങ്ങളും തികഞ്ഞ പ്രാർത്ഥനയാണ് നെഹെമിയാ ദൈവതിരുമുമ്പിൽ നടത്തുന്നത്. ഉറച്ച വിശ്വാസവും (വാ.5) നിരന്തരമായ സ്ഥിരതയും (വാ.4,6) ത്യാഗപൂർണ്ണമായ സമർപ്പണവും (വാ.4) തെറ്റിനെക്കുറിച്ചുള്ള പശ്ചാത്താപവും (വാ.6-7) ദൈവം ചെയ്ത അളവറ്റ നന്മകളോടുള്ള ആഴമേറിയ കൃതജ്ഞതയും (വാ.8-10) ദൈവപരിപാലനയിലുള്ള അചഞ്ചലമായ പ്രത്യാശയും (വാ.11) ഈ പ്രാർത്ഥനയിൽ ദൃശ്യമാണ്.

3. പ്രതിസന്ധികളിൽ ദൈവസഹായം ചോദിക്കുന്നതോടൊപ്പം തന്റെ ബുദ്ധിയും സ്ഥാനവും പദവിയും പ്രയോജനപ്പെടുത്തുന്ന നെഹെമിയാ ആത്മീയർക്ക് ശരിയായ ദിശാസൂചിയാണ്. വിശ്വാസത്തെ യുക്തിക്കുവിരുദ്ധമായി കരുതുന്ന പ്രവണത ആത്മീയരിൽ വർദ്ധിച്ചുവരുന്ന കാലമാണിത്. ഓരോ വ്യക്തിയുടെയും ബുദ്ധിശക്തിയും സ്ഥാനമഹിമകളും ദൈവദാനങ്ങളാണ്. അവ ഉപയോഗിച്ചു ശരിയായി പ്രവർത്തിക്കുമ്പോൾ പ്രസ്തുത വ്യക്തി ദൈവഹിതാനുസൃതമാണ് പ്രവർത്തിക്കുന്നത് എന്ന് fides et Ratio എന്ന ചാക്രികലേഖനത്തിൽ ജോൺപോൾ II പാപ്പ പറയുന്നതിന്റെ പൊരുൾ ഇതാണ്.

## നെഹെമിയാ ജറുസലേമിലേക്ക് (2:1-10)

രാജാവിന്റെ പക്കൽ നിന്ന് ജറുസലേമിലേക്കു പോകാനുള്ള അനുവാദം നേടുന്നതാണ് 2:1-10 ന്റെ ഇതിവൃത്തം. അനുവാദം ലഭിച്ചെങ്കിലും പ്രവിശ്യാധികാരികൾ നെഹെമിയായ്ക്കെതിരേ തിരിയുന്നതാണ് 10-ാം വാക്യം നൽകുന്ന സൂചന. ആറാം അദ്ധ്യായംവരെ തുടർന്നു വരുന്ന എല്ലാ ഭാഗങ്ങളിലും നെഹെമിയായ്ക്കെതിരേയുള്ള എതിർപ്പിന്റെ സൂചനകളുണ്ട്. 2:10 ലെ എതിർപ്പ് തുടർന്നു വരാനിരിക്കുന്ന എതിർപ്പിന്റെ പരമ്പരയിലെ ആദ്യസൂചനയാണെന്ന് ചുവടെ ചേർത്തിരിക്കുന്ന പട്ടിക വെളിപ്പെടുത്തുന്നു.

2:1-10 സ്വദേശത്തേയ്ക്കു മടങ്ങാനുള്ള അനുവാദം-സാൻബല്ലാത്, തോബിയ എന്നീ അധികാരികളുടെ എതിർപ്പ്.

2:11-20 ജറുസലേമിലെത്തി തകർന്ന മതിലുകൾ പരിശോധിക്കുന്നു. രാജാവിനോടു മത്സരിക്കുന്നതായി ആരോപണമുയരുന്നു.

3:1-4:5 നഗരമതിലുകളുടെ പുനരുദ്ധാരണം; സാൻബല്ലാത്, തോബിയ എന്നിവരുടെ എതിർപ്പ്.

4:6-9 നഗരമതിലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. നെഹെമിയായ്ക്കെതിരേ ഗൂഢാലോചന.

6:1-9 നെഹെമിയാ കലാപമുണ്ടാക്കുന്നതായി ആരോപണം.

6:10-15 നെഹെമിയായെ കുടുക്കിലാക്കാൻ വ്യാജപ്രവാചകന്റെ കരുനീക്കങ്ങൾ.

സ്വർഗ്ഗസ്ഥനായ ദൈവത്തിലുള്ള തന്റെ അചഞ്ചലമായ വിശ്വാസത്തിലൂടെ ഈ എതിർപ്പുകളെല്ലാം നെഹെമിയാ തരണം ചെയ്തു.

നീസാൻ മാസത്തിലാണ് (മാർച്ച് - ഏപ്രിൽ) ജറുസലേമിലേക്കു തിരിച്ചു പോകാനുള്ള അനുവാദത്തിനായി നെഹെമിയാ രാജാവിനെ സമീപിക്കുന്നത്. അതായത് ജറുസലേമിൽ നിന്നുള്ള ദുരിതവാർത്ത കേട്ടതിനു ശേഷം നാലുമാസക്കാലം പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിഞ്ഞതിനുശേഷമാണ് നെഹെമിയാ അനുവാദത്തിനായി രാജാവിനെ സമീപിക്കുന്നത്. രാജകീയവിരുന്നിനിടയിലാണ് നെഹെമിയാ തന്റെ അഭ്യർത്ഥന നടത്തുന്നത്. പേർഷ്യൻ രാജാക്കന്മാർ വിരുന്നു നടത്തുന്നതിൽ തല്പരരായിരുന്നുവെന്ന് ഇതര ബൈബിൾ വ്യഖ്യാനങ്ങളിൽ നിന്നു വ്യക്തമാണ് (എസ്തേർ 1:1-12; ദാനി 5:1-4; 1 എസ്ദ്രാ 3:1-3). ഇത്തരം വിരുന്നുകളിൽ രാജാക്കൻമാർ പൊതുവേ സന്തുഷ്ടചിത്തരായിരിക്കും എന്നതിനാൽ പല നിർണ്ണായകഅനുവാദങ്ങളും അനുചരന്മാർ നേടിയെടുത്തിരുന്നത് ഈ അവസരത്തിലായിരുന്നു. പാനപാത്രവാഹകനും രാജാവിന്റെ വിശ്വസ്തനുമായ നെഹെമിയാ അതീവദുഃഖിതനായാണ് പാനപാത്രവുമായി രാജസമക്ഷമെത്തിയത്. ഇത് അപകടകരമായ ഒരു അഭിനയമായിരുന്നു. നെഹെമിയായുടെ ദുഃഖനടനം രാജാവിന് ഹിതകരമായില്ലെങ്കിൽ കനത്തശിക്ഷ ലഭിക്കാനിടയുണ്ട്. രാജഹിതത്തിന് അനുഗുണമായി പ്രവർത്തിക്കാത്ത ദാസർക്ക് ശിക്ഷ ഉറപ്പാണ്. മുഖത്തെ ശോകഭാവം വിരുന്നുശാലയ്ക്ക് ചേരാത്ത വികാരമാണ്. എന്നാൽ ജറു

സലേമിലെ തന്റെ ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി ജീവൻ അപകടപ്പെടുത്തുന്ന ദൗത്യം നെഹെമിയാ ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. ദുഃഖകാരണം തിരക്കിയ രാജാവിനോടുള്ള മറുപടിയിലും നെഹെമിയായുടെ നയതന്ത്രം വ്യക്തമാണ്. തന്റെ പിതാക്കന്മാരുടെ കബറിടം സ്ഥിതിചെയ്യുന്ന പട്ടണത്തിന്റെ നാശത്തെക്കുറിച്ചു മാത്രമാണ് നെഹെമിയാ പ്രതിപാദിക്കുന്നത്. ജറുസലേം എന്ന പേരുപോലും നെഹെമിയാ വെളിപ്പെടുത്തുന്നില്ല. അർത്താക്സെർക്സസ് രാജാവിന്റെ കാലത്ത് ജറുസലേംനഗരത്തിന്റെ മതിലുനിർമ്മാണം നിർത്തിവെയ്ക്കാൻ കല്പിച്ചിരുന്നതിനാൽ (എസ്രാ 4:12-23) ജറുസലേം എന്ന പേര് ആദ്യമേ പറയുന്നത് വിപരീത ഫലം ചെയ്യാനിടയുണ്ടെന്ന് നെഹെമിയാ മനസ്സിലാക്കിയിരുന്നു. "എന്തു ചെയ്യണം ?" എന്ന രാജാവിന്റെ ചോദ്യത്തിനുള്ള (വാ.4) മറുപടിയിലും യൂദയായിലേക്കു പോകണം എന്നു മാത്രമേ നെഹെമിയാ പറയുന്നുള്ളൂ (വാ.5). ജറുസലേം എന്ന പേര് നെഹെമിയാ ഇവിടെയും ബോധപൂർവ്വം ഒഴിവാക്കിയിരിക്കുന്നു.

വാ. 6-7 ൽ രാജ്ഞിയുടെ ഇടപെടൽ ശ്രദ്ധേയമാണ്. പി. ഓ. സി. ബൈബിൾ രാജ്ഞി എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് "ഷെഗാൾ" എന്ന ഹീബ്രുപദമാണ്. രാജ്ഞിയെ സൂചിപ്പിക്കുന്ന ഹീബ്രുപദം "മൽക്കാഹ്" ആണ്. "ഷെഗാൾ" എന്ന പദം അന്തപ്പുരത്തിലെ രാജാവിനു പ്രിയപ്പെട്ട സ്ത്രീകളെ വിശേഷിപ്പിക്കുന്ന പദമാണ്. ഇത്തരം സ്ത്രീകൾ രാജാവിനോടൊത്ത് പരസ്യമായി പ്രത്യക്ഷപ്പെടുന്ന പതിവ് ഇല്ലായിരുന്നെങ്കിലും അപൂർവ്വമായി അവർ രംഗത്തു വന്നിരുന്നു (എസ്തേർ. 1). ഈ സ്ത്രീ നെഹെമിയായ്ക്കു വേണ്ടി സംസാരിക്കുന്നതും അസാധാരണമായി തോന്നാം. ഒരുപക്ഷേ തനിക്കു വേണ്ടി വാദിക്കാൻ നെഹെമിയാ അവളെ മുൻകൂട്ടി ചട്ടം കെട്ടിയതുമാകാം. നെഹെമിയായ്ക്ക് ആവശ്യമുള്ള കാലപരിധി, രാജാവ് ചോദിച്ചതിന് നെഹെമിയാ മറുപടി പറഞ്ഞെങ്കിലും അത് എത്രകാലമാണെന്ന് വിവരണത്തിൽ വ്യക്തമല്ല (വാ.6). നെഹെമിയാ പന്ത്രണ്ടുകൊല്ലം ജറുസലേമിൽ വസിച്ചതായി തുടർന്നുള്ള വിവരണങ്ങളിൽ നിന്നു വ്യക്തമാകും. എന്നാൽ, നെഹെമിയാ രാജാവിനോടു പറഞ്ഞത് വളരെ ചുരുങ്ങിയ ഒരു കാലഘട്ടമായിരിക്കാനാണ് സാധ്യത.

പോകാനുള്ള അനുവാദം ലഭിച്ചതോടെ നെഹെമിയാ തന്റെ പദ്ധതിയുടെ നടത്തിപ്പിനായുള്ള രാജസഹായം ഉറപ്പുവരുത്താനുള്ള ശ്രമമാണ് നടത്തുന്നത് (വാ.7-8). യൂദായിലെ ഭരണാധികാരികൾക്കുള്ള എഴുത്തും നിർമ്മാണാവശ്യങ്ങൾക്കുള്ള തടി ലഭിക്കാനുള്ള കത്തും നെഹെമിയാ തരപ്പെടുത്തി. തടി ലഭിക്കാനുള്ള കത്ത് "ധനകാര്യ വിചാരകനായ" ആസാഫിനു നൽകി (വാ.7) എന്നാണ് പി. ഓ. സി വിവർത്തനത്തിലുള്ളത്. എന്നാൽ "പാർദെസ്" എന്ന ഹീബ്രുപദത്തെ ധനകാര്യ വിചാരകൻ എന്നല്ല "കൊട്ടാരംവക തോട്ടത്തിന്റെ കാര്യസ്ഥൻ" എന്ന അർത്ഥത്തിലാണ് വിവർത്തനം ചെയ്യേണ്ടിയിരുന്നത്. തടി വാങ്ങുന്നത് തോട്ടം കാര്യസ്ഥനിൽ നിന്നാണല്ലോ. സഭാ. 2:5 ലും ഉത്ത. 4:13 ലും ഈ പദം രാജാവിന്റെ ഉടമസ്ഥതയിലുള്ള ഉദ്യാനത്തെ (വനത്തെ) സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. രാജാവിന്റെ ഉടമസ്ഥതയിലുള്ള വനം ഷെഫാലായിലായിരുന്നു എന്നു കരുതപ്പെടുന്നു. (1 ദിന. 27:28)

ദേവാലയത്തിന്റെ കോട്ടവാതിൽ (വാ.8) വടക്കുവശത്തുള്ള പ്രതിരോധവാതിലായിരുന്നു. വടക്കുവശത്തുള്ള ഹനാലേലിന്റെ കവാടവും ശതകവാടവും ഈ വാതിലിനടുത്തായിരുന്നു. കോട്ടവാതിൽ നിന്നിരുന്ന സ്ഥലത്ത് മക്കബായരുടെ കാലത്ത് ഒരു പ്രതിരോധ കോട്ടതന്നെ നിർമ്മിക്കുകയുണ്ടായി (1 മക്ക 13:52). തന്റെ ഭവനത്തിന്റെ പുനർനിർമ്മാണത്തെക്കുറിച്ചുള്ള സൂചനയിൽ നിന്ന് (വാ.8) നെഹെമിയാ ഒരു സമ്പന്നകുടുംബാംഗമായിരുന്നു എന്ന് നിരൂപിക്കാം. അദ്ദേഹത്തിന്റെ പൂർവികന്മാരുടെ ശവകുടീരങ്ങൾ ജറുസലേമിലാണെന്ന പരാമർശവും (2:3) നെഹെമിയായുടെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ വെളിപ്പെടുത്തുന്നുണ്ട്. കാരണം സമ്പന്നർക്കുമാത്രമേ ജറുസലേംനഗരത്തിൽ വീടും ശവകുടീരവും അവകാശപ്പെടാനാകുമായിരുന്നുള്ളൂ.

ജറുസലേമിലെ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനുള്ള അർത്താക് സെർക്സസ് രാജാവിന്റെ കല്പന (എസ്രാ 4:21) ഉണ്ടായിരുന്നിട്ടും നെഹെമിയായ്ക്ക് എളുപ്പത്തിൽ നിർമ്മാണാനുമതി ലഭിച്ചത് നിസ്സാരകാര്യമല്ല. മാറ്റമില്ലാത്ത കല്പനകൾക്ക് കേൾവികേട്ടവരായിരുന്നു പേർഷ്യൻ രാജാക്കന്മാർ (എസ്തേർ 1:9, 8:8 ദാനി 6:8). നെഹെമിയായോടൊത്തുള്ള സ്വർഗ്ഗസ്ഥനായദൈവത്തിന്റെ ശക്തിയുടെ അടയാളമായാണ് ഗ്രന്ഥകാരൻ ഈ അനുമതിയെ കാണുന്നത്. എന്നാൽ, നെഹെമിയായുടെ അഭ്യർത്ഥനയ്ക്കുപിന്നിൽ പേർഷ്യൻസാമ്രാജ്യത്തിനു ഗുണകരമായ ഒരു രാഷ്ട്രീയനേട്ടം കണ്ടതിനാലാവാം രാജാവ് നിർമ്മാണാനുമതി വേഗത്തിൽ നൽകിയത്. പേർഷ്യയും ഈജിപ്തും തമ്മിലുള്ള സംഘർഷം വളർന്നുവരുന്ന കാലമായിരുന്നു അത്. ഈജിപ്തിൽ നിന്നുള്ള മുന്നേറ്റങ്ങളെ തടയുന്നതിന് ശക്തമായ ജറുസലേംനഗരം സഹായകമാണെന്ന രാജബുദ്ധിയാണ് നെഹെമിയായുടെ അപേക്ഷ എളുപ്പത്തിൽ സ്വീകരിക്കാനിടയാക്കിയത്.

രാജകീയതീട്ടൂരങ്ങളും സുരക്ഷാഭടന്മാരുമായി ചെന്ന നെഹെമിയായ്ക്ക് പ്രവിശ്യാ ഗവർണർമാരുടെ പക്കൽ നിന്ന് ഊഷ്മളമായ സ്വീകരണമൊന്നും ലഭിച്ചില്ല. സമരിയാ ഗവർണറായിരുന്ന സാൻബല്ലായുടെ കാലത്തെ അഭിപ്രായവ്യത്യാസങ്ങൾ മുതലെടുത്ത് സാൻബല്ലാത് യൂദായുടെമേലും അധികാരം കരസ്ഥമാക്കിയിരുന്നു (4:21). സാൻബല്ലാത് എന്ന പേര് പേർഷ്യൻ ഉത്ഭവമാണെങ്കിലും അദ്ദേഹം യഹൂദനായിരിക്കാനാണ് സാധ്യത. കാരണം സാൻബല്ലാതിന്റെ മകളെ ജറുസലേമിലെ പ്രധാനപുരോഹിതന്റെ ഭവനത്തിലെ അംഗവുമായി വിവാഹം കഴിപ്പിച്ചിരുന്നു (13:28). 'ഹൊറോണ്യൻ' എന്ന വിശേഷണം (വാ.10) പരിഹാസരൂപത്തിൽ നൽകിയതായിരിക്കാം. ഷെഫാലത്ത്നഗരത്തിന് അഞ്ചുമൈൽ വടക്കാണ് ബേത്- ഹോറോൺ എന്ന ഗ്രാമം.

തോബിയായും ജറുസലേമിൽ സ്വാധീനമുള്ള ഭരണാധികാരിയായിരുന്നു (6:7-19; 13:4). തോബിയായെ 'ദാസൻ' എന്ന് നെഹെമിയായുടെ ഗ്രന്ഥം വിശേഷിപ്പിക്കുന്നത് പരിഹാസരൂപേണയാണെന്നാണ് പണ്ഡിതമതം. അദ്ദേഹം അമ്മോൻദേശത്തിന്റെ ഗവർണ്ണറായിരുന്നു. അതുകൊണ്ടായിരിക്കാം യഹൂദനായ തോബിയായെ അമ്മോന്യൻ എന്ന് വിശേഷിപ്പിക്കുന്നത് (വാ.10). ഇദ്ദേഹത്തിന്റെ പുത്രന്റെ പേര് 'യഹോഹന്നാൻ'

(6:18) എന്നത് തികച്ചും യഹൂദനാമമാണ്. പേർഷ്യൻരാജാക്കന്മാരെ പ്രീതി പ്പെടുത്തി സ്ഥാനമാനങ്ങൾ നേടാൻ യഹൂദർ പ്രവാസകാലത്ത് പേർഷ്യൻ നാമങ്ങൾ സ്വീകരിക്കുക പതിവായിരുന്നതിനാൽ തോബിയാ യഹൂദനായിരുന്നു എന്ന വാദത്തോട് വിയോജിക്കേണ്ട കാര്യമില്ല. അമ്മോ ന്യരും ഇസ്രായേലും തമ്മിലുള്ള പരമ്പരാഗത വൈരാഗ്യത്തെ സൂചിപ്പി ക്കുന്നതിന് വേണ്ടിയാകാം നെഹെമിയായുടെ ശത്രുവായിരുന്ന അമ്മോൻ ഗവർണറെ അമ്മോന്യനായി ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നത്. മൊവാ ബ്യരെയും അമ്മോന്യരെയും യഹൂദസമൂഹത്തിന് സമ്പർക്കം നിഷേ ധിക്കപ്പെട്ടവരായാണ് നിയമഗ്രന്ഥം കരുതുന്നത് (നിയ 23: 3-6). ജറുസ ലേമിലേക്കുള്ള നെഹെമിയായുടെ വരവിൽ അധികാരികൾ പ്രകടിപ്പി ക്കുന്ന അസന്തുഷ്ടി പിൽക്കാലത്ത് യേശുവിന്റെ ജനനത്തിൽ ഹെറോ ദേസ്‌രാജാവ് പ്രകടിപ്പിക്കുന്ന അസന്തു ഷ്ടിയെ ഓർമ്മപ്പെടുത്തുന്നുണ്ട് (മത്താ 2:1-12). യേശു തന്റെ പിതാവിനാൽ സംരക്ഷിക്കപ്പെടുന്നതുപോലെ നെഹെമിയായും ശക്തനായ ദൈവത്തിന്റെ കരത്താൽ സംരക്ഷിക്കപ്പെട്ടു.

## നെഹെമിയാ ജറുസലേമിൽ (2:11-20)

നാലുമാസം നീണ്ട യാത്ര നെഹെമിയായെ തളർത്തിയിരുന്നു. തന്മൂലം മൂന്നുദിവസത്തെ വിശ്രമം അദ്ദേഹത്തിന് ആവശ്യമായിരുന്നു (വാ. 11). എസ്രായും ഇപ്രകാരം മൂന്നുനാൾ വിശ്രമിച്ചിരുന്നു (എസ്രാ 8:32). പ്രതിദിനം 14-15 കി.മീ. നടന്നെങ്കിൽ മാത്രമേ നാലുമാസംകൊണ്ട് പേർഷ്യയിലെ സൂസായിൽനിന്ന് ജറുസലേമിലെത്താൻ കഴിയുകയുള്ളൂ എന്നത് നെഹെമിയായുടെ യാത്രാക്ലേശത്തിന്റെ ആഴം വ്യക്തമാക്കുന്നു ണ്ട്. എസ്രാ - നെഹെമിയാ എന്നിവരുടെ ദേവാലയനിർമ്മാണത്തിനു മു മ്പുള്ള മൂന്നു നാളത്തെ വിശ്രമത്തെ പുതിയനിയമത്തിലെ യോഹ 2:17 ന്റെ വെളിച്ചത്തിൽ യേശുവിന്റെ കല്ലറയിലെ മൂന്നുനാളത്തെ വാസ ത്തോടും മത്സ്യത്തിന്റെ ഉദരത്തിൽ മൂന്നുനാൾ വസിച്ച യോനായുടെ അനുഭവത്തോടും പ്രതീകവത്ക്കരിക്കുന്ന വ്യാഖ്യാതാക്കളുമുണ്ട്. എന്നാൽ ഈ വ്യാഖ്യാനം ഗ്രന്ഥകർത്താക്കൾ ലക്ഷ്യമാക്കിയിരുന്ന അർത്ഥമായിരുന്നു എന്ന് കരുതാനാവില്ല. ഏതാനും പേരോടൊത്ത് നെഹെമിയ രാത്രിയിൽ നഗരത്തിന്റെ തകർന്ന കാഴ്ച്ച കാണാൻ പോയി. കൂടെയുള്ളവരോട് നെഹെമിയാ തന്റെ യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തിയിരുന്നില്ല. കാരണം നെഹെമിയാ പ്രവർത്തിക്കുന്നത് ദൈവപ്രചോദനമനുസരിച്ചായിരുന്നു (വാ.12). തന്റെ യാത്രയുടെ ലക്ഷ്യം ആരോടും വെളിപ്പെടുത്താതിരുന്നത് ശത്രുക്കളുടെ (വാ.10) തെറ്റിദ്ധാരണ ഒഴിവാക്കാനുള്ള മുൻകരുതലിന്റെ ഭാഗമായിട്ടുമാവാം.

നെഹെമിയായുടെ കാലത്തെ ജറുസലേം നഗരത്തിന് ദേവാലയം സ്ഥിതിചെയ്യുന്ന മല, ഓഫേൽമല (ദാവീദിന്റെ നഗരം)എന്നീ പ്രധാന ഭാഗങ്ങളാണ് ഉണ്ടായിരുന്നത്. താഴ്‌വരയിലെ കവാടം കടന്നാണ് (ഓ ഫേൽ മലയുടെ പടിഞ്ഞാറുഭാഗത്താണ് ഈ കവാടം) നെഹെമിയാ നഗരപരിശോധനയ്ക്കുപോയത്. ടൈറോപിയൻ താഴ്‌വരയിലേക്കു തിരി യുന്ന താഴ്‌വരയിലെ കവാടം കടന്ന നെഹെമിയാ തെക്കോട്ടുതിരിഞ്ഞ് താഴ്‌വരയിലെ നീരുറവ (Dragon's Spring) വഴി ഓഫേൽമലയുടെ തെക്കേ അറ്റത്തെത്തി ചവറ്റുവാതിൽ (Dung gate) വരെ യാത്ര ചെയ്തു.

താഴ്‌വരയിലെ കവാടത്തിൽ നിന്ന് ചവറ്റുവാതിൽ വരെ ഏകദേശം 400 മീറ്റർ ദൂരമുണ്ട്. തുടർന്ന് വടക്കോട്ടു യാത്രചെയ്ത നെഹെമിയാ നഗരത്തിന്റെ തെക്കുകിഴക്കുള്ള ജലകവാടത്തിനും ഷേലാ കുളത്തിനുമിടയിലൂടെ (രാജവാപി) നടന്ന് താഴ്‌വരയിലെ കവാടം വഴി മടങ്ങുകയായിരുന്നു എന്ന് അനുമാനിക്കാം. നെഹെമിയാ തെരഞ്ഞെടുക്കുന്ന വഴിയനുസരിച്ച് നഗരത്തിന്റെ വടക്കേമതിൽ പരിശോധനാവിധേയമാക്കിയില്ല എന്ന് അനുമാനിക്കേണ്ടിവരും. നഗരത്തിന്റെ അധിപൻമാർക്കോ (ഹീബ്രുവിൽ "സെഗാനിം") യഹൂദനേതാക്കൾക്കോ (ഹീബ്രുവിൽ "ഹോഗിം") നെഹെമിയായുടെ ആഗമനത്തിന്റെ ലക്ഷ്യം മനസിലായിരുന്നില്ല.

തന്റെ പരിശോധനയിലൂടെ ബാബിലോണിൽ വച്ച് ജറുസലേമിന്റെ തകർച്ചയെക്കുറിച്ച് താൻ കേട്ട കാര്യങ്ങളത്രയും സത്യമായിരുന്നുവെന്ന് നെഹെമിയായ്ക്കു മനസിലായി. നഗരത്തിന്റെ സമുദ്ധാരണം അടിയന്തിരാവശ്യമാണെന്നും അതിനായി യഹൂദർ ഒന്നടങ്കം പരിശ്രമിക്കണമെന്നും നെഹെമിയാ തന്റെ സഹപ്രവർത്തകരോട് പറഞ്ഞു. തന്റെ നിയോഗം ദൈവഹിതാനുസൃതമാണെന്ന ഉറച്ചബോധ്യം നെഹെമിയായ്ക്കുണ്ടായിരുന്നു (വാ.18). രാജാവിന്റെ അനുമതിയും അദ്ദേഹത്തിനുണ്ടായിരുന്നു. നെഹെമിയായുടെ നേതൃത്വത്തിൽ ജനമൊന്നാകെ സംഘടിച്ച് മതിലുപണിയാൻ തീരുമാനമായി. ദൈവം-രാജാവ്-നെഹെമിയാ-ജനം എന്നിവരുടെ സംയുക്തസംരംഭമായാണ് മതിലുപണിയെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്.

മതിലുപണി ആരംഭിച്ചതോടെ ശത്രുക്കളുടെ എണ്ണവും കൂടിവന്നു. 10-ാം വാക്യത്തിൽ പരാമർശിച്ച സാൻബല്ലാത്, തോബിയ എന്നിവരോടുചേർന്ന് അറേബ്യനായ ഗഷേമും നെഹെമിയായ്ക്കെതിരേ തിരിഞ്ഞു. 6:12 ലും ഗഷേം നെഹെമിയായുടെ എതിരാളിയായി രംഗപ്രവേശം ചെയ്യുന്നുണ്ട്. ഈജിപ്തിലെ ടെൽ എൽ മഷ്കുത്തായിൽ നിന്നു ലഭിച്ച അരമായലിഖിതങ്ങളിൽ ഗഷേമിന്റെ ഈ ലിഖിതങ്ങളനുസരിച്ച് ഗഷേം കേദാറിലെ രാജാവാണ്. കേദാറുകാർ എന്നത് ജോർദ്ദാന്റെ മറുകരയിലെ സമതലത്തിലും നൈൽനദിയുടെ തീരത്തും വസിച്ചിരുന്ന ഗോത്രവർഗ്ഗക്കാരാണ്. ശത്രുക്കളോടുള്ള നെഹെമിയായുടെ തീരുമാനം ഉറച്ചതായിരുന്നു(വാ.20). സൂസായിൽ വച്ചു താൻ പ്രാർത്ഥിച്ച സ്വർഗ്ഗസ്ഥനായ ദൈവം(1:5; 2:4) തന്റെ ദൗത്യം വിജയിപ്പിക്കുമെന്ന് നെഹെമിയാ എതിരാളികളോട് പ്രഖ്യാപിച്ചു. തന്നെയുമല്ല തന്നെ എതിർക്കുന്ന നഗരാധികാരികൾ ജറുസലേമിൽ നിന്നു പുറത്താക്കപ്പെടുമെന്നും നെഹെമിയാ മുന്നറിയിപ്പു നൽകി. ജറുസലേമിൽ ഇസ്രായേലിന്റെ ശത്രുക്കൾക്ക് അവകാശമുണ്ടായിരിക്കില്ല എന്ന നിലപാട് ബൈബിളിൽ അന്യത്ര ദൃശ്യമാണ്(2 സാമു 20:1; 1 രാജാ 12:16). പേർഷ്യൻ രാജാവിനെ വെല്ലുവിളിക്കുന്ന രാജ്യദ്രോഹക്കുറ്റമായാണ് മതിൽനിർമ്മാണത്തെ നഗരധാരികൾ കരുതുന്നത് (വാ.19). എന്നാൽ, നെഹെമിയായുടെ മറുപടിയിൽ തനിക്ക് രാജാവിൽ നിന്ന് അനുമതിപത്രം ലഭിച്ചകാര്യം പരാമർശിക്കുന്നില്ല. പകരം തന്നെ അധികാരപ്പെടുത്തിയത് സ്വർഗസ്ഥനായ ദൈവമാണെന്ന് നെഹെമിയാ സാക്ഷ്യപ്പെടുത്തുന്നു. ദൈവനിയോഗം രാജനിയോഗത്തേക്കാൾ ശ്രേഷ്ഠമാണെന്ന നെഹെമിയായുടെ വിശ്വാസമാണ് ഇവിടെ പ്രകടമാകുന്നത്.

**വിചിന്തനങ്ങൾ**

1. നെഹെമിയാ തന്റെ ദൗത്യനിർവ്വഹണത്തിനുള്ള അനുകൂല സമയത്തിനായി കാത്തിരിക്കുന്നു (2:1) എന്ന വസ്തുത ശ്രദ്ധേയമാണ്. ബൈബിളിൽ കാത്തിരിപ്പിന് ദൈവികമായ അർത്ഥമുണ്ട്. കുഞ്ഞിനെ ലഭിക്കാനായി അബ്രാഹം 100 വയസ്സുവരെ കാത്തിരിക്കുന്നു. മോശ 40 വർഷം കാത്തിരുന്നപ്പോഴാണ് ഈജിപ്തിന്റെ നായകനായി നിയോഗം ലഭിച്ചത്. ക്രിസ്തു പരസ്യജീവിതത്തിനൊരുക്കമായി 30 കൊല്ലം കാത്തിരുന്നു. കാത്തിരിപ്പ് വിശ്വാസത്തിന്റെ വഴിയിൽ കൂടുതൽ ബോധ്യങ്ങൾ നൽകി ശക്തിപ്പെടുത്തുന്ന അവസരങ്ങളാണ്. ദൈവനിശ്ചയമായ സമയംവരെ പ്രതീക്ഷയോ ടെ കാത്തിരിക്കാനുള്ള കഴിവാണ് വിശ്വാസം.

2. പ്രവാസികളുടെ സംരക്ഷണത്തിന് എസ്രാ സൈന്യസഹായം നിരസിച്ചു. കാരണം പ്രവാസികളുടെ സംരക്ഷകൻ ദൈവമാണെന്ന് എസ്രാ വിശ്വസിച്ചിരുന്നു. എന്നാൽ നെഹെമിയാ സംരക്ഷണസൈന്യത്തെ ആവശ്യപ്പെടുകയാണു ചെയ്തത് (2:8). എസ്രായും നെഹെമിയായും ഒരുപോലെ ദൈവപരിപാലനയിൽ ആശ്രയിച്ചപ്പോഴും അവരുടെ ജീവിത വീക്ഷണങ്ങളിൽ വ്യത്യാസമുണ്ട്. ദൈവം ഒന്നേയുള്ളൂ എങ്കിലും ദൈവാനുഭവത്തിനുള്ള വഴികൾ വ്യത്യസ്തങ്ങളാണ്. സ്വന്തം ദൈവാനുഭവമാർഗ്ഗങ്ങളെ അപരന്റെ ദൈവാനുഭവത്തെ വിധിക്കാനുള്ള മാനദണ്ഡമാക്കുമ്പോഴാണ് നമുക്കു തെറ്റുപറ്റുന്നത്.

3. തന്റെ ദൗത്യത്തെക്കുറിച്ച് പൂർണ്ണ അവബോധമുള്ള നെഹെമിയായെയാണ് 2:19-20ൽ കാണുന്നത്. തന്നെ എതിർക്കാനിടയുള്ള പ്രവിശ്യാധികാരികൾ ആരെന്നു മുൻകൂട്ടി പഠിച്ചറിഞ്ഞ് അവർക്കുള്ള രാജശാസനകൾ കൃത്യമായി എഴുതി വാങ്ങുന്ന നെഹെമിയായുടെ ദീർഘവീക്ഷണവും ക്രാന്തദർശനവും അപാരമാണ്. ഇന്ന് സഭയിലും സമൂഹത്തിലും ക്രാന്തദർശികളുടെ എണ്ണം ഇല്ലാതാകുന്നു. ദൈവഹിതത്തോട് ചേർന്നു നിൽക്കുമ്പോഴാണ് ഒരുവന് ക്രാന്തദർശനം ലഭിക്കുന്നത്. ബൈബിളിൽ പ്രവാചകന്മാരെ ദീർഘദർശികൾ എന്നു വിളിക്കുന്നതിന്റെ കാരണവും ഇതുതന്നെയാണ്. ക്രാന്തദർശനമുള്ളവർക്കേ യഥാർത്ഥ നേതാവാകാനും ജനത്തെ വരും കാലഘട്ടത്തിനുതകുന്ന വിധം സജ്ജമാക്കാനും സാധിക്കുകയുള്ളൂ.

## നെഹെമിയായുടെ സഹായികൾ (3:1-32)

മൂന്നാം അധ്യായം നെഹെമിയായുടെ ഭരണപാടവത്തിനും സംഘാടക വൈദഗ്ധ്യത്തിനും സാക്ഷ്യം നൽകുന്നു. അനുയോജ്യരായ വ്യക്തികളെ നിർണ്ണായക സ്ഥാനങ്ങളിൽ നിയമിക്കുക എന്നത് ഭരണപാടവത്തിന്റെ ലക്ഷണമാണ്. സമർത്ഥരായ വ്യക്തികൾക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയതിലൂടെ നഗരമതിലിന്റെ നിർമ്മാണം എന്ന ശ്രമകരമായ ദൗത്യം നെഹെമിയാ നിശ്ചിതസമയത്തുതന്നെ നിറവേറ്റി. കഴിവുള്ളവരുടെ സഹായം ആവശ്യസമയത്ത് തേടാനുള്ള പ്രായോഗികബുദ്ധിയുടെ കുറവുകൊണ്ട് സഭയിലും സമൂഹത്തിലും സംഭവിക്കുന്ന കഷ്ടനഷ്ടങ്ങളുടെ വേളയിൽ അനുസ്മരിക്കാനും അനുകരിക്കാനും കഴിയുന്ന ദൃഷ്ടാന്തമായാണ് നെഹെമിയായെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്.

ഈ അധ്യായത്തിലെ വിവരണങ്ങൾ നെഹെമിയായുടെ സ്വന്തരചന എന്ന നിലയിലുള്ള ആത്മകഥാശൈലിയിലല്ല നൽകിയിരിക്കുന്നത്. പുരുഷസർവ്വനാമങ്ങൾ ഉപയോഗിക്കുന്നതും നെഹെമിയായെ "മേലാളൻ"(വാ.5) എന്ന് വിശേഷിപ്പിക്കുന്നതും ഈ വിവരണം നെഹെമിയായുടെ രചനയല്ല എന്ന വസ്തുതയാണ് വെളിപ്പെടുത്തുന്നത്. തന്നെയുമല്ല "പ്രമുഖന്മാർ"(ഹിബ്രുവിൽ അദീരിം) എന്നൊരു പുതിയ സാമൂഹികവിഭാഗത്തെക്കുറിച്ചും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട് (വാ. 5) കൂടാതെ നഗരമതിലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമുമ്പേ പ്രസ്തുത ജോലി പൂർത്തിയാക്കിയവരുടെ പട്ടിക നൽകുന്നു എന്ന ആഖ്യാനഭംഗവും ഈ അധ്യായത്തിനുണ്ട്. നാലാം അധ്യായത്തിൽ മതിൽപണിക്കിടയിൽ സംഭവിക്കുന്ന തടസ്സങ്ങളും പ്രതിസന്ധികളും വിവരിക്കുന്നുണ്ട്. 6:1 ലും 7:1 ലും കവാടങ്ങൾ ഇനിയും ഉറപ്പിച്ചിട്ടില്ല എന്ന വ്യക്തമായ പരാമർശങ്ങളുമുണ്ട്. തന്മൂലം പണിതീർത്തവരുടെ പട്ടിക എന്ന നിലയിൽ മൂന്നാംഅധ്യായം നൽകുന്ന പേരുവിവരങ്ങൾ വിവരണഭംഗത്തിന് കാരണമാകുന്നുണ്ട്. മൂന്നാം അധ്യായം പിന്നീട് രചിക്കപ്പെട്ട് നെഹെമിയായുടെ ഗ്രന്ഥത്തോട് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്ന നിഗമനത്തെ ശരിവയ്ക്കുന്നതാണ് ഈ വസ്തുതകൾ.

നഗരമതിൽ നിർമ്മാണത്തിന് അധികാരികളുടെയും ജറുസലേം നിവാസികളുടെയും നിർലോഭമായ പിന്തുണ ലഭിച്ചിരുന്നു എന്നതിന് മൂന്നാം അധ്യായത്തിലെ വിവരണം സാക്ഷ്യമാണ്. വിവിധ പ്രവിശ്യകളുടെ അധിപന്മാർ നഗരമതിലിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകുന്നുണ്ട്. 9,12 വാക്യങ്ങളിൽ ജറുസലേംപ്രവിശ്യയുടെ രണ്ട് അധികാരികളും 17,18 വാക്യങ്ങളിൽ കേലാപ്രവിശ്യയുടെ രണ്ട് അധികാരികളും 14, 15, 16 വാക്യങ്ങളിൽ യഥാക്രമം ബെത്ഹക്കേരം. മിസ്പാ, ബെത്സൂർ എന്നീ പ്രവിശ്യകളുടെ (ഹീബ്രുവിൽ "പെലക്") അധികാരികളും മതിൽ നിർമ്മാണത്തിന് നേതൃത്വം നൽകി എന്നു കാണാം. നെഹെമിയായുടെ കാലത്തെ ഭരണകേന്ദ്രങ്ങളെക്കുറിച്ചും പ്രവിശ്യാഭരണതലവന്മാരെക്കുറിച്ചും ഈ വിവരണം വ്യക്തമായ സൂചന നൽകുന്നുണ്ട്. ഈ കാലഘട്ടത്തിലെ ആറു പ്രവിശ്യകൾ ജെറുസലേം, ബെത്സൂർ, കെല്ലാ, ബേത്ഹക്കാരെ, മിസ്പാ, ജറീക്കോ എന്നിവയായിരുന്നു. ഇവയെല്ലാം ചേർന്ന യഹൂദ്ദേശത്തിന് പ്രവാസത്തിനുമുൻപുണ്ടായിരുന്ന യൂദാരാജ്യത്തിന്റെ പകുതി വിസ്തീർണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

നഗരമതിലുമായി ബന്ധപ്പെട്ട ജോലികളിൽ രണ്ടു ക്രിയകളുടെ ഉപയോഗം ശ്രദ്ധേയമാണ്. "നിർമ്മിച്ചു" എന്നർത്ഥമുള്ള "ബാന" എന്ന ഹീബ്രു ക്രിയാരൂപവും "കേടുപാടുകൾ പോക്കി" എന്നർത്ഥമുള്ള "ഹെഹെസിഖ്" എന്ന ഹിബ്രു ഹീഫിൽ ക്രിയാരൂപവും. ഇവയിൽ "ബാന" എന്ന ക്രിയ ഏഴുതവണയും (1-3, 13-15) "ഹെഹെസിഖ്" എന്ന ക്രിയ 35 തവണയും മൂന്നാം അധ്യായത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ബി. സി. 587ലെ അസ്സീറിയൻ ആക്രമണത്തിൽ പൂർണ്ണമായും തകർന്ന വടക്കുകിഴക്കൻ ഭാഗത്തെ മതിലുകൾ (2 രാജാ 25:4) നെഹെമിയാ പൂർണ്ണമായും പുനർനിർമ്മിക്കുകയായിരുന്നുവെന്നും പടിഞ്ഞാറുഭാഗത്തും

തെക്കുഭാഗത്തുമുള്ള മതിലുകളുടെ കേടുപാടുകൾ പോക്കിയതേ ഉള്ളു വെന്നും ഈ ക്രിയകളുടെ ഉപയോഗത്തിൽ നിന്നും അനുമാനിക്കാം. പ്രവാസത്തിനുമുമ്പുണ്ടായിരുന്ന നഗരത്തിന്റെ കിഴക്കൻഭാഗത്ത് മലയി ടിച്ചിൽ ഉണ്ടായതായി ഭൂഗർഭഗവേഷകരും കണ്ടെത്തിയിട്ടുണ്ട്. ഒരു പക്ഷേ, കിഴക്കുഭാഗത്തെ മതിൽ തകർന്നതിന് ഈ മലയിടിച്ചിലും കാര ണമായിട്ടുണ്ടാകാം. കിഴക്കുഭാഗത്തെ മതിൽ നിർമ്മാണത്തിനായി 21 സംഘം ജോലിക്കാരെ നിയമിച്ചിരുന്നതിൽ നിന്നും (വാ.14-32) കിഴക്കു ഭാഗത്തെ മതിൽനിർമ്മാണം ശ്രമകരമായിരുന്നുവെന്ന് ഊഹിക്കാം. വട ക്കുഭാഗത്ത് 8 സംഘങ്ങളെയും (വാ.1-5) പടിഞ്ഞാറ് 10 സംഘങ്ങളെ യും (വാ.) രണ്ടുസംഘങ്ങളെയുമാണ് (വാ. 14-15) നിയമിച്ചിരുന്നത്. മതിൽ നിർമ്മാണത്തിനു നേതൃത്വം വഹിച്ചവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വാക്യം | ജോലിസ്ഥലത്തിന്റെ നേതാവ് | ജോലിസ്ഥലം |
|---|---|---|
| 4 | ഉറിയായുടെ പുത്രൻ മെറെമോത്ത് | വടക്കേമതിൽ |
| 21 | ഹക്കോസിന്റെ പുത്രനായ മെറെമോത്ത് | കിഴക്കേമതിലിന്റെ ഒരു ഭാഗം |
| 5 | തെക്കോവായർ | വടക്കേമതിൽ |
| 27 | തെക്കോവായർ | കിഴക്കേ മതിലിന്റെ ഒരു ഭാഗം |
| 11 | ഹാറീമിന്റെ പുത്രൻ മൽക്കിയാലും<br>പഹാത്തിന്റെ പുത്രൻ ഹഷൂബും | പടിഞ്ഞാറേമതിലിന്റെ ഒരു ഭാഗം |
| 18 | ഹെദാദിന്റെ പുത്രൻ ബിന്നൂൽ | കിഴക്കേമതിലിന്റെ ഒരുഭാഗം |
| 24 | ഹെദാദിന്റെ പുത്രൻ ബിന്നൂൽ | കിഴക്കേമതിലിന്റെ ഒരുഭാഗം |
| 19 | യേഷുവായുടെ പുത്രൻ എഷേർ | പടിഞ്ഞാറേമതിലിന്റെ ഒരു ഭാഗം |
| 20 | ബാറൂക്ക് | കിഴക്കേമതിലിന്റെ ഒരുഭാഗം |
| 30 | ഷക്കാനിയായുടെ പുത്രൻ ഹനാനിയ | കിഴക്കേമതിലിന്റെ ഒരുഭാഗം |

നഗരമതിലിലെ പത്തുകവാടങ്ങളെക്കുറിച്ച് മൂന്നാം അധ്യായം പരാ മർശിക്കുന്നുണ്ട്. പ്രസ്തുത കവാടങ്ങൾ ജറുസലേം നഗരത്തിന്റെ ഭൂമി ശാസ്ത്രം പഠിക്കുന്നതിന് ഏറെ സഹായകമായതിനാൽ അവയെക്കുറി ച്ചുള്ള ലഘുവിവരണം ചുവടെ നൽകുന്നു:

# നെഹെമിയാ നിർമ്മിച്ച നഗരമതിൽ



**അജകവാടം (3:1-12):** എലിയാഷിബ് എന്ന പ്രധാനപുരോഹിതന്റെ നേതൃത്വത്തിലാണ് ഈ കവാടം നിർമ്മിച്ചത് (3:1; 12:10; 13:28). ജറുസലേം നഗരഭിത്തിയുടെ വടക്കുവശത്ത് ഹമ്മെയായുടെ സ്തംഭത്തിനരികെ യുള്ള കവാടമാണ് അജകവാടം. (നെഹെ. 3:32; 12:39). ബലിമൃഗങ്ങളെ ദേവാലയത്തിലേക്ക് കൊണ്ടുവന്നിരുന്നത് ഈ കവാടത്തിലൂടെയാണ്. ഇതിനടുത്തുള്ള ബേത്സഥാക്കുളത്തിലാണ് ബലിക്കുള്ള ആടുകളെ കുളി പ്പിച്ചിരുന്നത്. യോഹന്നാന്റെ സുവിശേഷ വിവരണപ്രകാരം (യോഹ. 5:2-4) മാറാരോഗികൾ സുഖപ്രാപ്തിക്കായി ജലമിളകുന്നതും കാത്തി രുന്ന കുളക്കര ഇതുതന്നെയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

**മത്സ്യകവാടം (3:3-5):** ഹസേനായുടെ പുത്രന്മാരാണ് ഈ കവാടം പുനർനിർമ്മിച്ചത്. ജറുസലേം പട്ടണത്തിന്റെ വടക്കുവശത്തുള്ള മതി ലിന്റെ കവാടമാണ് മത്സ്യകവാടം. ഈ കവാടം ആദ്യം പണിതത് ദാവീദ്‌രാജാവിന്റെ കാലത്താണ്. പിന്നീട് മനാസ്സെയുടെ കാലത്ത് നഗര ത്തിനു പുറംമതിലുകൾ പണിതപ്പോൾ മത്സ്യകവാടം അതിന്റെ ഭാഗമാ യിതീർന്നു (2 ദിന. 33:14). കർത്താവിന്റെ ദിനത്തിൽ മത്സ്യകവാടത്തിൽ നിന്ന് വിലാപം ഉയരുമെന്ന് സെഫാനിയാപ്രവാചകൻ പറയുന്നുണ്ട് (സെഫാ. 1:10).

നഗരത്തിൽ മത്സ്യം കൊണ്ടുവന്നിരുന്നത് ഈ കവാടത്തിലൂടെയാ യിരുന്നത് കൊണ്ടോ, നഗരത്തിലെ മീൻചന്തയുടെ സമീപം ഈ കവാടം സ്ഥിതിചെയ്തിരുന്നത്കൊണ്ടോ ആകാം ഈ കവാടത്തിന് മത്സ്യകവാടം എന്ന് പേരുവന്നത്.

**പ്രാചീനകവാടം (6-12):** പടിഞ്ഞാറെമതിലിലെ നിർമ്മാണപ്രവർത്തന ങ്ങൾ നടത്തിയ ആദ്യസംഘത്തെ നയിച്ചത് പസേയായുടെ പുത്രൻ യോയാദായാണ്. ഇദ്ദേഹം എസ്രായോടൊപ്പം മടങ്ങിവന്ന ദേവാ ലയശുശ്രൂഷികളുടെ സന്തതിപരമ്പരയിൽപെട്ടയാളാണ് (എസ്രാ. 2:49). പ്രാചീനകവാടം പുനരുദ്ധരിച്ചത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. ദേവാലയത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള പ്രാചീനകവാടം നഗരത്തിന്റെ പ്രതിരോധമതിലായി സ്ഥിതിചെയ്യുന്നു (നെഹെ. 3:6; 12:39). ഈ പ്രാചീനകവാടത്തെ എഫ്രായിംകവാടവുമായി ബന്ധപ്പെടുത്തികാണാ റുണ്ട് (നെഹെ. 3:7-8). കാരണം, നെഹെമിയായുടെ നവീകൃത നിയമ ഗ്രന്ഥത്തിൽ എഫ്രായിംകവാടത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. മാത്രമ ല്ല, പ്രാചീനകവാടത്തെ നിലനിർത്തിയിട്ടുമുണ്ട് (നെഹെ. 12:34).

വാ. 8 ൽ പരാമർശിക്കുന്ന വിശാലമതിൽ പഴയജറുസലേംപട്ടണ ത്തിലെ പടിഞ്ഞാറേമതിലും പുതിയപട്ടണവും തമ്മിൽ ചേരുന്ന ഭാഗ മാണ്. 11-ാം വാക്യത്തിലെ ചൂളഗോപുരത്തിന്റെ സ്ഥാനം കൃത്യമായി നിർണ്ണയിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബേക്കറി ആവശ്യത്തി നുള്ള വലിയ അടുപ്പോ (ജറെ 37:21 കാണുക) കുശവന്റെ ചൂളയോ ആകാം ഇവിടെ വിവക്ഷിക്കപ്പെടുന്നത്. 12-ാം വാക്യത്തിൽ ഷല്ലുമിന്റെ പുത്രിമാരും മതിൽ നിർമ്മാണത്തിൽ പങ്കുചേരുന്നതായി രേഖപ്പെടു ത്തിയിട്ടുണ്ട്. മതിൽനിർമ്മാണത്തിലെ വനിതാ പ്രാതിനിധ്യം ഇവരു ടേത് മാത്രമായിരുന്നു.

**താഴ്വരകവാടവും ചവറ്റുവാതിലും (13–14):** ഹനൂനും സനോവാ നിവാസികളും ചേർന്നാണ് ആയിരം അടിയോളം ദൈർഘ്യമുള്ള ഈ മതിൽഭാഗം (താഴ്വരകവാടത്തിനും ചവറ്റുവാതിലിനും ഇടയിലുള്ള ഭാഗം) നിർമ്മിച്ചത്. ഒരുപക്ഷേ ഈ ഭാഗത്ത് കാര്യമായ പണി ആവശ്യമായിരുന്നിട്ടുണ്ടാവില്ല.

ജറുസലേമിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള കവാടമാണ് താഴ്വരകവാടം. ജറുസലേമിനെ സുരക്ഷിതമാക്കുവാൻ ഉസിയാ രാജാവ് താഴ്വരകവാടത്തിനു സമീപം വലിയ ഗോപുരങ്ങൾ പണിതു (2 ദിന. 26:9). ഈ കവാടത്തിലൂടെയാണ് നെഹെമിയാ ജറുസലേമിനെക്കുറിച്ചുള്ള തന്റെ പരിശോധനായാത്ര നടത്തിയത് (നെഹെ.2:13).

കേന്യവംശത്തിൽപ്പെട്ട മൽക്കിയായാണ് ചവറ്റുകവാടം പുനർനിർമ്മിച്ചത് (വാ.14). നഗരത്തിന്റെ തെക്കേയറ്റത്താണ് ഇതിന്റെ സ്ഥാനം (2:13; 12:31). 14-ാം വാക്യത്തിലെ ബത്ഹക്കേറം എന്ന നഗരം ഒരു പ്രവിശ്യാഭരണകേന്ദ്രമായിരുന്നു. ജറുസലേമിന് രണ്ടുമൈൽ തെക്കുള്ള റാമാത്ത് റാഹേൽ ആണ് ഈ പട്ടണം എന്നു കരുതപ്പെടുന്നു.

**ഉറവവാതിൽ (3:15–24):** ജറുസലേമിന്റെ വടക്കുകിഴക്കുഭാഗത്തെ നഗരകവാടമാണ് ഉറവവാതിൽ എന്ന പേരിൽ അറിയപ്പെടുന്നത്. “രണ്ടു ചുവരുകൾക്കിടയിലുള്ള വാതിൽ ” എന്ന പേരിൽ അറിയപ്പെടുന്നതും (2 രാജാ 25:4; ജറെ 39:4; 52:7) ഈ വാതിൽ തന്നെയാണ്. 2:14 ലും 12:37 ലും നെഹെമിയാ ഈ വാതിലിനെ പരാമർശിക്കുന്നുണ്ട്. കിഴക്കേമതിൽ പുനർനിർമ്മിച്ചത് തകർക്കപ്പെട്ട പഴയമതിൽ നിന്നിരുന്നതിനേക്കാളും ഉയർന്ന പ്രദേശത്തുകൂടെയായിരുന്നു. ദാവീദിന്റെ കുഴിമാടം (വാ.16) ഈ മതിലിനോടു ചേർന്നായിരുന്നു. രാജാവിനെ നഗരത്തിനുള്ളിൽ സംസ്കരിക്കുന്ന പാരമ്പര്യത്തെ ഈ വിവരണം സാധൂകരിക്കുന്നു (1 രാജാ 2:10; 11:43; 14:31). ഷേലാ എന്ന കൃത്രിമക്കുളം (വാ.16) “രാജാവിന്റെ കുളം” എന്ന പേരിൽ 2:14 ൽ പരാമർശിച്ച കുളം തന്നെയാണ്. ഉറവവാതിലിനു വടക്ക് നഗരമതിലിനുവെളിയിലാണ് ഇതിന്റെ സ്ഥാനം. ലേവായരും (വാ.17) പുരോഹിതരും (വാ.22) ഈ ഭാഗത്തെ മതിലിന്റെ നിർമ്മാണത്തിൽ പങ്കുചേരുന്നു എന്നത് ഈ മതിലിന്റെ സവിശേഷത വിളിച്ചോതുന്നു.

**ജലകവാടം (3:25–27):** ജറുസലേമിന്റെ കിഴക്കുഭാഗത്തായി നെഹെമിയാ പുതുക്കിപ്പണിത കവാടമാണ് (നെഹെ. 3:26; 12:37) ജലകവാടം എന്ന് അറിയപ്പെടുന്നത്. ഈ കവാടത്തിൽ വരുന്ന ജനങ്ങളെ എസ്രാ നിയമം വായിച്ചുകേൾപ്പിക്കുമായിരുന്നു. ജലകവാടത്തിനരികെ കൂടാരത്തിരുനാളിനുവേണ്ടിയുള്ള കൂടാരങ്ങളും നിർമ്മിച്ചിരുന്നു (നെഹെ.8:1; 3:16). ഗിഹോൺ അരുവിക്കരികിലുള്ള കവാടമായതിനാലാകണം ജലകവാടം എന്ന പേര് ഇതിനു ലഭിച്ചത്. തെക്കോവാനിവാസികളാണ് ഈ കവാടം പുനർനിർമ്മിച്ചത് (വാ.27). വലിയഗോപുരം മുതൽ ഓഫേൽമതിൽ വരെയാണ് അവർ നിർമ്മാണപ്രവൃത്തികൾ നടത്തിയത്. ഈ ഭാഗം യോഥാംരാജാവിന്റെ കാലത്ത് പണികഴിപ്പിച്ചിരുന്നതാണ് (2 ദിന 27:3).

## അശ്വകവാടവും മതിൽ തിരിയുന്നിടത്തെ കവാടവും (3:28-32)

നഗരമതിലിലെ തെക്കുകിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന അശ്വകവാടം ആധുനികനഗരത്തിലെ ഹരാം എഷ്-ഷരീഫ് നഗരത്തിലായിരുന്നു എന്ന് കരുതപ്പെടുന്നു. രാജകൊട്ടാരത്തിലെ കുതിരകൾ ഇതുവഴിയാണ് പ്രവേശിച്ചിരുന്നത് എന്നതിനാലാണ് ഇതിന് അശ്വകവാടം എന്ന പേരു ലഭിച്ചത്.

31-ാം വാക്യത്തിൽ മതിൽ തിരിയുന്നിടത്തെ കവാടം പരിശോധനാകവാടം എന്നറിയപ്പെടുന്ന കവാടമാണ്. ദേവാലയാങ്കണത്തിലെ ഒരു കവാടമോ അഥവാ നഗരമതിലിലെ ഒരു കവാടമോ ആകാം ഇത് (എസ്രാ 10:9). വടക്കേയറ്റത്തുള്ള ബഞ്ചമിൻകവാടം തന്നെയാണ് ഈ കവാടവുമെന്ന സമീപനവും ശക്തമാണ്.

## മതിൽ നിർമ്മാണത്തിന് എതിർപ്പ് (4:1-12:)

നാലാം അധ്യായത്തിന്റെ ആരംഭത്തെക്കുറിച്ച് ഹീബ്രു ബൈബിളും പി.ഒ.സി ബൈബിളും ഉൾപ്പെടെയുള്ള ആധുനിക വിവർത്തനങ്ങളും തമ്മിൽ അഭിപ്രായാന്തരമുണ്ട്. പി.ഒ.സി. ബൈബിളിൽ 4:7 ൽ നൽകിയിരിക്കുന്ന വാക്യമാണ് ഹീബ്രു ബൈബിളിലെ 4:1 ആയി നൽകിയിരിക്കുന്നത്; 4:1-6 വാക്യങ്ങളെ മൂന്നാം അധ്യായത്തിന്റെ ഭാഗമായാണ് ഹീബ്രുവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആധുനികവിവർത്തനങ്ങളിലെ പാഠവിഭജനമാണ് കൂടുതൽ അർത്ഥവത്തായിട്ടുള്ളത്. 4:1 മുതലുള്ള ഭാഗങ്ങൾ നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളുടെ തുടർച്ചയാണ്. 3:1-32ലെ ജോലിക്കാരുടെ പട്ടികയുടെ തുടർച്ചയായി അതിനെ കരുതാനാവില്ല. മൂന്നാം അധ്യായത്തിന്റെ വ്യാഖ്യാനത്തിൽ സൂചിപ്പിച്ചതുപോലെ 3:1-32 നെഹെമിയായുടെ ഓർമ്മക്കുറിപ്പുകൾക്കിടയിൽ പിൽകാലത്ത് കൂട്ടി ചേർക്കപ്പെട്ടതാണ് എന്നു കരുതാനാണ് കൂടുതൽ ന്യായങ്ങളുള്ളത്. ഹീബ്രുമൂലകൃതി അധ്യായങ്ങളായി വേർതിരിക്കപ്പെട്ടിരുന്നില്ല എന്നതിനാൽ പാഠവിഭജനത്തിന്റെ ആധികാരികതയെക്കുറിച്ച് ഏറെ വിചിന്തനം ആവശ്യമില്ല.

സാൻബല്ലാതും തോബിയായുമാണ് മതിൽ നിർമ്മാണത്തെക്കുറിച്ചുള്ള എതിർപ്പുമായി രംഗത്തുവന്നത്. ഈ വ്യക്തികളെക്കുറിച്ചുള്ള വിശദാംശങ്ങൾ 2:19 ന്റെ വ്യാഖ്യാനത്തിൽ ലഭ്യമാണ്. യഹൂദരുടെ മതിൽനിർമ്മാണത്തെക്കുറിച്ച് പ്രധാനമായും പരിഹാസചോദ്യങ്ങളാണ് ഇവർ ഉന്നയിക്കുന്നത്.

1. ദുർബ്ബലരായ യഹൂദർ എന്തുചെയ്യാനാണ്. "ദുർബലർ" എന്ന അർത്ഥത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത് "അമെലാൽ" എന്ന ഹീബ്രുപദത്തെയാണ് (വാ.2). "കഴിവില്ലാത്തവൻ," "ഷണ്ഡൻ" എന്നൊക്കെയാണ് ഈ പദത്തിന്റെ മൂലാർത്ഥം (1 സാമു 14: 11-12; സഭ 12:8). യഹൂദരെ ഒരു ജനതയായി അംഗീകരിക്കാനോ അവരുടെ സാന്നിധ്യത്തെ മാനിക്കാനോ ഈ അധികാരികൾ തയ്യാറല്ല എന്ന സൂചനയാണ് ഈ ചോദ്യം നൽകുന്നത്. സമരിയാസൈന്യത്തിന്റെയും ചാർച്ചക്കാരുടെയും മുന്നിൽ വച്ചാണ് ഈ ചോദ്യം ഉയർത്തുന്നത്. യഹൂദരുടെ നാശം ആഗ്രഹിക്കുന്ന സമരിയാക്കാരുടെ വികാരം തന്നെയാണ് ഈ അധികാരികളും പങ്കുവയ്ക്കുന്നത്.

2. ഒറ്റദിവസം കൊണ്ട് എല്ലാം പുനരുദ്ധരിക്കാമെന്ന് ഇവർ കരുതുന്നുവോ? (വാ.26) എന്ന ചോദ്യം യഹൂദരുടെ ദൈവവിശ്വാസത്തിനെതിരേയുള്ള പരിഹാസമാണ്. പുനരുദ്ധരിക്കുക എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് "ആസാബ്" എന്ന ഹീബ്രു പദത്തെയാണ്. എന്നാൽ ഈ ക്രിയയുടെ യഥാർത്ഥ അർത്ഥം 'കൈയൊഴിയുക,' 'വിട്ടുപേക്ഷിക്കുക' എന്നൊക്കെയാണ്. മതിൽനിർമ്മാണം മുഴുവൻ ഇവർ ദൈവത്തിനു കൈയൊഴിയുമോ? എന്നതാണ് ഈ ചോദ്യത്തിന്റെ യഥാർത്ഥ വ്യംഗ്യം. ഈ ചോദ്യത്തിലെ 'ലാഹെം' (അവർക്ക്) എന്ന ഹീബ്രുപദത്തിനു പകരം മൂലകൃതിയിൽ 'ലാ എലോഹിം' (ദൈവത്തിന്) എന്നായിരുന്നു എന്ന വാദം അംഗീകരിച്ചാൽ ഈ വ്യാഖ്യാനം കൂടുതൽ അർത്ഥപൂർണ്ണമാകുന്നു. അതായത് കഴിവില്ലാത്ത തങ്ങൾക്കുവേണ്ടി ദൈവം ഇടപെട്ട് അത്ഭുതകരമായി മതിൽ നിർമ്മിച്ചു നൽകുമെന്നാണോ ഇവർ കരുതുന്നത്? എന്നാണ് ഈ പരിഹാസച്ചോദ്യത്തിന്റെ പൊരുൾ.

3. "ഇവർ ബലിയർപ്പിക്കുമോ?" (വാ.2c) എന്ന ചോദ്യവും സമൂഹത്തിന്റെ മതാത്മകതയെയും ദൈവാശ്രയബോധത്തെയും പരിഹസിക്കുന്നതാണ്. യഹൂദർ ഒരിക്കലും യാഹ്വേയെ ആരാധിക്കുന്ന കെട്ടുറപ്പുള്ള മതസമൂഹമായി വീണ്ടും നിലവിൽ വരില്ല എന്ന പ്രഖ്യാപനമായി ഈ ചോദ്യത്തെ മനസ്സിലാക്കാം.

4. ഒറ്റദിവസം കൊണ്ട് ഇവർ പണിതീർക്കുമോ? (വാ. 2 d) എന്ന ചോദ്യം യഹൂദരുടെ അടിസ്ഥാനരഹിതമായ ആത്മവിശ്വാസത്തെ പരിഹസിക്കുന്നതാണ്. "മൂന്നു ദിവസം കൊണ്ട് നീ ഈ ദേവാലയം പുനർനിർമ്മിക്കുമോ" (യോഹ 2:17 f) എന്ന് യേശുവിനോടുള്ള യഹൂദരുടെ ചോദ്യത്തിന്റെ ധ്വനിയും ഇതുതന്നെയാണ്.

5. അഗ്നിക്കിരയായ മതിലിന്റെ കല്ല് വീണ്ടെടുക്കാമെന്ന് ഇവർ കരുതുന്നുവോ? (വാ.2e) എന്ന ചോദ്യവും യഹൂദരുടെ അവിവേകത്തെ പരിഹസിക്കുന്നതാണ്. അഗ്നിബാധയിൽ തകർന്ന മതിലിന്റെ കല്ലുകൾ പുനർനിർമ്മാണത്തിന് ഉപയോഗപ്പെടില്ല എന്ന പരമ്പരാഗത ധാരണയാണ് ഷാൻബല്ലാത് പ്രകടമാക്കുന്നത്.

ഷാൻബല്ലാതിന്റെ നിരീക്ഷണങ്ങളെ ശരിവയ്ക്കുന്ന നിഗമനങ്ങളാണ് തോബിയായും നടത്തുന്നത്. ഒരു കുറുനരി കയറിയാൽ പൊളിയുന്നമതിലാണ് യഹൂദർ നിർമ്മിക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ പരിഹാസം (വാ.3). നഗരത്തിന്റെ നാശനഷ്ടങ്ങൾക്കിടയിൽ സാധാരണ കാണപ്പെടുന്ന ജീവിയാണ് കുറുനരി (സങ്കീ. 63:10; വിലാ. 5:18). നെഹെമിയായുടെ നേതൃത്വത്തിൽ നിർമ്മിച്ച നഗരമതിലിന്റെ ഗുണനിലവാരത്തെക്കുറിച്ച് അതിന്റെ ഭൂഗർഭാവശിഷ്ടങ്ങളിൽ നടത്തിയ പരിശോധനയിൽ നിന്ന് അത് നിലവാരം കുറഞ്ഞ നിർമ്മാണമായിരുന്നുവെന്ന് കാത്‌ലിൻ കെന്യോൻ എന്ന പര്യവേക്ഷക കണ്ടെത്തിയിട്ടുണ്ട്. തോബിയാ സൂചിപ്പിക്കുന്നത് മതിൽ നിർമ്മാണത്തിലെ നിലവാരമില്ലായ്മയെക്കുറിച്ചാണ്. ഈ മതിൽ ഏതു നിമിഷവും തകർത്തുകളയാവുന്നതേയുള്ളൂ എന്ന പരിഹാസ പ്രഖ്യാപനമായും ഈ വാക്യത്തെ മനസ്സിലാക്കാം.

നെഹെമിയായുടെ മറുപടിയാണ് തുടർന്നുള്ളത് (വാ.4-5). ശത്രുക്കളുടെ പരിഹാസത്തിന് മറുപടിയായി ദൈവസഹായം അഭ്യർത്ഥിക്കുന്ന പ്രാർത്ഥനയാണ് ഈ വാക്യങ്ങൾ. 6:4 ലും 13:29 ലും ഇതിനുസമാനമായ പ്രാർത്ഥനകൾ കാണാം. പ്രധാനമായും സങ്കീർത്തനങ്ങളുടെ ശൈലിയിലാണ് ഈ പ്രാർത്ഥന (10:15; 58:6-9; 59:5; 109:6-19). തങ്ങളുടെ ധിക്കാരമനോഭാവത്തിന് ശിക്ഷയായി യഹൂദജനത ബാബിലോണിൽ അനുഭവിച്ച ദുരിതങ്ങൾ തന്നെ ഇപ്പോൾ തങ്ങൾക്കെതിരേ ധിക്കാരം കാട്ടുന്നവർക്കും നൽകണമേ എന്നാണ് നെഹെമിയാ പ്രാർത്ഥിക്കുന്നത്. ശത്രുക്കളോടു ക്ഷമിക്കരുതേ (വാ.5) എന്ന പ്രാർത്ഥന ശ്രദ്ധാർഹമാണ് (ജറെ 18:23 കാണുക). ശത്രുക്കൾ ദൈവത്തെ നിന്ദിച്ചു എന്നത് (വാ.5) മാപ്പ് അർഹിക്കാത്ത കുറ്റമാണ്. മതിൽനിർമ്മാണത്തെ എതിർക്കുന്നവരെല്ലാം ദൈവനിഷേധികളും ദൈവദൂഷകരുമാണ് എന്ന നിലപാടാണ് നെഹെമിയാ സ്വീകരിക്കുന്നത്. ശത്രുക്കളുടെ ആക്ഷേപം (വാ.2-3) മതിൽനിർമ്മാതാക്കളുടെ മുന്നിൽ വച്ചായിരുന്നു എന്ന് വാ.5 ൽ നിന്ന് മനസിലാക്കാം. ശത്രുക്കളുടെ അധിക്ഷേപങ്ങൾക്കൊന്നും മതിൽനിർമ്മാണത്തെ തടസ്സപ്പെടുത്താൻ കഴിഞ്ഞില്ല (വാ.6).

മതിൽനിർമ്മാണം വിജയകരമായി മുന്നേറുന്നു എന്ന വാർത്ത ശത്രുക്കളെ കൂടുതൽ പ്രകോപിതരാക്കി. നാലുദിക്കുകളിൽ നിന്നും ശത്രുക്കൾ ഒരുമിച്ചുകൂടുന്നതിന്റെ വിവരണമാണ് 7-8 വാക്യങ്ങളിലുള്ളത്. വടക്കുവശത്തുനിന്ന് സാൻബല്ലാതും തെക്കുനിന്ന് അറബികളും കിഴക്കുനിന്ന് ആമോന്യരും പടിഞ്ഞാറു നിന്ന് അഷ്ദോദ്യരും യൂദായ്ക്കെതിരേ കരുനീക്കുന്നതായി ഈ വിവരണത്തിൽ നിന്ന് വ്യക്തമാണ്. (ബി.സി. 711 മുതൽ നിലവിൽ വന്ന ഫിലിസ്ത്യരുടെ സ്വതന്ത്രപ്രവിശ്യയാണ് അഷ്ദോദ്. പേർഷ്യൻരാജാവായ സാർഗോൻ ഈ പ്രവിശ്യയെ തന്റെ അധീനതയിലാക്കിയിരുന്നു.). ജറുസലേം മതിലിന്റെ "വിടവുകൾ അടഞ്ഞു" എന്ന പദപ്രയോഗം ശ്രദ്ധേയമാണ്. ശരീരത്തിലെ മുറിവുകൾ കൂടിച്ചേരുന്നതിനെ സൂചിപ്പിക്കുന്ന "നാഥാം" എന്ന ക്രിയാരൂപമാണ് ഇവിടെ ഉപയോഗിക്കുന്നത്. ദൈവജനം വിശുദ്ധനഗരത്തെ സ്വന്തം ശരീരംപോലെ കരുതുന്നു എന്ന അർത്ഥത്തിൽ ഈ പദപ്രയോഗത്തെ മനസ്സിലാക്കാം. കൂടാതെ മതിൽ തകർന്നുപോകും എന്ന തോബിയായുടെ പരിഹാസത്തിനുള്ള (വാ.3) മറുപടികൂടിയാണിത്. ശരീരത്തിന്റെ കെട്ടുറപ്പുപോലെ മതിൽ ഭദ്രമാണ് എന്ന സൂചനയും ഈ വാക്യം നൽകുന്നുണ്ട്.

ശത്രുക്കളുടെ സംഘാതമായ നീക്കത്തിനെതിരേ പ്രാർത്ഥനയും മുൻകരുതൽ പ്രവർത്തനങ്ങളും സമന്വയിപ്പിച്ച സമീപനമാണ് നെഹെമിയാ സ്വീകരിക്കുന്നത് (വാ.9). എന്നാൽ ബാഹ്യസമ്മർദ്ദങ്ങൾക്കൊപ്പം യൂദായിൽ ആഭ്യന്തരപ്രശ്നങ്ങളും തലപൊക്കിത്തുടങ്ങി എന്നതാണ് 10-ാം വാക്യം നൽകുന്ന സൂചന. ബാഹ്യസമ്മർദ്ദങ്ങൾക്കു മുന്നിൽ ആഭ്യന്തരപ്രശ്നങ്ങൾക്കും വിമതശബ്ദങ്ങൾക്കും കൂടുതൽ കരുത്താർജ്ജിക്കാനാകുമെന്ന സാമാന്യ തത്വമാണ് ഇവിടെയും വെളിപ്പെടുന്നത്. 10-ാം വാക്യം കാവ്യരൂപത്തിലാണ് ഹീബ്രുബൈബിളിൽ നൽകിയിരിക്കുന്നത്. ചുമട്ടുകാരെ സൂചിപ്പിക്കുന്ന "ഹസ്സബാൽ" എന്ന പദവും "ഞങ്ങ

ൾക്കു കഴിയില്ല" എന്നർത്ഥമുള്ള "ലോനുക്കാൽ" എന്ന പദവും ചേർന്ന് ഈ കവിതാശകലത്തിൽ അന്ത്യപ്രാസമൊരുക്കുന്നുണ്ട്. 11-ാം വാക്യവും യഹൂദരുടെ മറ്റൊരു ആഭ്യന്തരപ്രശ്നമാണ് വെളിപ്പെടുത്തുന്നത്. യഹൂദർ ശത്രുക്കളുടെ ആക്രമണത്തെക്കുറിച്ച് ജാഗ്രതയില്ലാതെയാണ് കഴിയുന്നതെന്ന ശത്രുക്കളുടെ നിരീക്ഷണം യഹൂദരുടെ അലസമായ സമീപനത്തെയാണ് സൂചിപ്പിക്കുന്നത്. മൂന്നാമത്തെ ആഭ്യന്തരപ്രശ്നമാണ് 12-ാം വാക്യത്തിൽ പ്രതിഫലിക്കുന്നത്. ശത്രുക്കളുടെയിടയിൽ പാർത്തിരുന്ന യഹൂദർ ജറുസലേമിലെ യഹൂദരോടു നടത്തുന്ന അഭ്യർത്ഥനയാണിത്. നിർഭാഗ്യവശാൽ ഈ വാക്യത്തിന്റെ പി.ഒ.സി വിവർത്തനം ശരിയല്ല. ഹീബ്രുബൈബിളിലെ വചനമനുസരിച്ച് "നിങ്ങൾ ഞങ്ങളെ തകർക്കുമോ? അവർ എല്ലാ വശത്തുനിന്നും ഞങ്ങളെ തകർക്കും" എന്നാണ് ഈ വാക്യം അർത്ഥമാക്കുന്നത്. ശത്രുക്കളുടെ അതിർത്തിയിൽ താമസിക്കുന്ന തങ്ങളാണ് ശത്രുക്കളുടെ ആക്രമണത്തിന് ആദ്യം ഇരയാകുന്നത് എന്നതിനാൽ നിർമ്മാണപ്രവർത്തനം നിർത്തിവച്ച് ശത്രുക്കളുമായി സൗഹൃദത്തിലാകാനുള്ള അഭ്യർത്ഥനയായിട്ടാണ് ഹീബ്രുബൈബിളിൽ ഈ വാക്യത്തെ കാണുന്നത്. പത്തുപ്രാവശ്യം (ഹീബ്രുവിൽ "എസേർ പാം") എന്ന പ്രയോഗം ആവർത്തിച്ചുള്ള അഭ്യർത്ഥന എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത് (ഉൽപ 3:7; ലേവ്യ 26:26; സംഖ്യ 14:22).

## നെഹെമിയായുടെ ജാഗ്രതാ നടപടികൾ ( 4:13-23)

ബാഹ്യവും ആന്തരികവുമായ സമ്മർദ്ദങ്ങളിൽ മതിലിന്റെ നിർമ്മാണം മുടങ്ങും എന്ന ഘട്ടംവന്നപ്പോൾ യഥാർത്ഥ നേതൃഗുണത്തിന്റെ നലംതികഞ്ഞ മാതൃകയായി നെഹെമിയ മാറി. സാധ്യമായവിധത്തിൽ ഒരു ചെറുസൈന്യത്തെ സജ്ജമാക്കി ആയുധധാരികളായി മതിലിനു പൊക്കം കുറഞ്ഞ സ്ഥലങ്ങളിൽ ക്രമീകരിക്കുക എന്ന തന്ത്രമാണ് നെഹെമിയ സ്വീകരിക്കുന്നത്. എല്ലായിടത്തും സജ്ജീകരിക്കാൻ മാത്രം പടയാളികൾ ഇല്ലാത്തതിനാൽ മതിലിനു പൊക്കംകുറഞ്ഞ ഭാഗങ്ങളിൽ മാത്രം സേനയെ വിന്യസിപ്പിക്കാനാണ് നെഹെമിയ തീരുമാനിച്ചത് (വാ.13). വെളിയിൽ നിന്നു കാണാവുന്ന ഭാഗങ്ങളിലെല്ലാം (മതിലിനു പൊക്കം കുറഞ്ഞ ഭാഗങ്ങളിൽ) സൈന്യത്തെ നിർത്തുന്നതിലൂടെ നഗരം മുഴുവൻ സൈന്യം വളഞ്ഞിരിക്കുകയാണെന്നും അവരെ തോൽപ്പിക്കുക എളുപ്പമല്ലെന്നും ശത്രുക്കൾ കരുതാനിടയാകും എന്നതാണ് ഈ തന്ത്രത്തിന്റെ പൊരുൾ. ഇതിനു സമാനമായ ഒരു യുദ്ധതന്ത്രം ന്യായാധിപനായ ഗിദയോൻ വിജയകരമായി പ്രയോഗിക്കുന്നത് ന്യായാധിപന്മാരുടെ പുസ്തകം 7:15-25 ൽ വിവരിക്കുന്നുണ്ട്.

തങ്ങളുടെ കരുനീക്കങ്ങൾ യഹൂദർ അറിയില്ല എന്ന ശത്രുക്കളുടെ നിഗമനം (വാ.11) തെറ്റായിരുന്നുവെന്ന് നെഹെമിയായുടെ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ വെളിവാക്കി (വാ.14). നെഹെമിയാ ശ്രേഷ്ഠൻമാരോടായി നടത്തുന്ന പ്രഭാഷണം യഹൂദരുടെ വിശുദ്ധ യുദ്ധങ്ങളുടെ മുന്നൊരുക്കമായുള്ള പരമ്പരാഗതരീതിയിലുള്ളതാണ് (2 ദിന 13:2-20; 14:10-16; 20:1-30; 25:5-13; 32:1-23). കുടുംബക്രമത്തിൽ അണിനിര

ക്കുന്ന യഹൂദയോദ്ധാക്കളോട്, എണ്ണത്തിലും ആയുധബലത്തിലും നിസ്സാരരായ തങ്ങൾക്കുവേണ്ടി സൈന്യങ്ങളുടെ കർത്താവു പൊരുതുമെന്നും വിജയം സുനിശ്ചിതമാണെന്നുമുള്ള പ്രഖ്യാപനമാണ് വിശുദ്ധയുദ്ധാഹ്വാനത്തിന്റെ പരമ്പരാഗതരീതി. ഇസ്രായേലിന്റെ ശത്രുക്കളെ തെറ്റിദ്ധരിപ്പിച്ചും പരസ്പരം ഭിന്നിപ്പിച്ചും ദൈവം പലതവണ ഇസ്രായേലിനു വിജയം നൽകിയിരുന്നു (പുറ 15:14-16; 23:27-28; നിയ. 2:25). ഇതിനു സമാനമായൊരു സംരക്ഷണമാണ് നെഹെമിയായും ജനത്തിന് ഉറപ്പു നൽകുന്നത്.

മൂന്നുതരത്തിലുള്ള പ്രതിരോധമാർഗ്ഗങ്ങളാണ് നെഹെമിയാ സ്വീകരിക്കുന്നത്. ഒന്നാമതായി സേവകരിൽ പകുതിപ്പേർ ആയുധധാരികളായി കാവൽ നിൽക്കുമ്പോൾ ശേഷിക്കുന്നവർ മതിൽനിർമ്മാണം തുടരുക (വാ.16). രണ്ടാമതായി ചുമട്ടുകാർ ഒരു കയ്യിൽ ഭാരവും മറുകയ്യിൽ ആയുധവും വഹിച്ചു (വാ.17). 4:10ൽ തളർന്നു തുടങ്ങി എന്നു പരാതിപ്പെടുന്ന ചുമട്ടുകാർ ഇപ്പോൾ ഇരട്ടിജോലി ചെയ്യുന്നു എന്നത് ശ്രദ്ധേയമാണ്. ആയുധം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ഹീബ്രു വാക്ക് "ഷാലാഹ്" എന്നതാണ്. ശത്രുവിനുമേൽ എറിയാൻ സാധിക്കുന്നവയാണ് അവർ വഹിച്ച ആയുധങ്ങൾ എന്ന് ഈ വാക്ക് സൂചനതരുന്നു. ഒരു പക്ഷേ നിർമ്മാണ സാമഗ്രികളായ കല്ലോ, തടിയോ തന്നെ ആയുധമായും ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിരുന്നു എന്ന അർത്ഥത്തിൽ ഈ വാക്യത്തെ വ്യാഖ്യാനിക്കാം. മൂന്നാമതായി പണിക്കാർ അരയിൽ വാൾ ധരിക്കുകയും രാവും പകലും രണ്ട് ഗണമായി ജോലിയും കാവലും തുടരുകയും ചെയ്തു.

ശത്രുക്കളുടെ മിന്നൽ ആക്രമണമുണ്ടായാൽ സംയുക്തമായ പ്രത്യാക്രമണത്തിന് സകലരെയും സജ്ജമാക്കാൻ കാഹളം മുഴക്കുന്നവരെ നെഹെമിയാ പ്രത്യേകം നിയോഗിച്ചു എന്നു മാത്രമല്ല അവരെ നിരന്തരം തന്റെ ഒപ്പം നിർത്തുകയും ചെയ്തു (വാ. 19-21). ശരിക്കും ഒരു സൈന്യാധിപന്റെ ഭാഗധേയമാണ് നെഹെമിയാ ഇവിടെ നിർവ്വഹിക്കുന്നത്. നേതാവായ നെഹെമിയായും കൂടെയുള്ള സഹോദരൻമാരും വസ്ത്രം പോലും മാറാതെ മുഴുവൻ സമയവും ജാഗരൂകരായി ചെലവഴിച്ച് മറ്റുള്ളവർക്ക് മാതൃക നൽകി (വാ. 22). നേതാവ് കൽപന പുറപ്പെടുവിക്കുന്നവൻ മാത്രമല്ല അണികളെക്കാൾ ആത്മാർത്ഥമായി അനുസരിച്ച് മാതൃകയാകേണ്ടവൻ കൂടിയാണെന്ന് നെഹെമിയായുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു.

**വിചിന്തനങ്ങൾ**

1. നെഹെമിയാ ദൈവനിയോഗാർത്ഥം നിസ്വാർത്ഥമായി ചെയ്യുന്ന ജോലിയാണ് നഗരമതിലിന്റെ നിർമ്മാണം. എന്നിട്ടും ആന്തരികവും ബാഹ്യവുമായ എതിർപ്പുകളെ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വന്നു. എതിർപ്പുകളുണ്ടാകുമ്പോൾ പ്രസ്തുത നിയോഗം ദൈവികമല്ലെന്നോ അത് ഉപേക്ഷിക്കേണ്ടതാണെന്നോ ഉള്ള നിഗമനങ്ങളിലേക്ക് എടുത്ത് ചാടരുത്. ദൈവനിയോഗങ്ങളെ തകർക്കാൻ തിന്മയുടെ ശക്തികൾ സദാ ജാഗരൂകരായി കാത്തുനിൽപ്പുണ്ട് എന്നു മനസ്സിലാക്കി ദൈവാശ്രയബോധത്തിൽ മുന്നേറുകയാണ് വേണ്ടത്.

2. പ്രതിസന്ധികളിൽ നെഹെമിയാ പ്രാർത്ഥിക്കുന്നത് ഏതൊരു നേതാവിനും അനുകരിക്കാവുന്ന മാതൃകയാണ് (വാ.4). എന്നാൽ തന്നെ എതിർക്കുന്നവരെല്ലാം ദൈവനിന്ദകരായതിനാൽ അവർക്ക് സർവ്വനാശം ഭവിക്കണമെന്ന ചിന്ത വിവേകത്തോടെ വേണം മനസ്സിലാക്കാൻ. സ്വന്തം പദ്ധതികൾക്കെതിരുനിൽക്കുന്നവരെല്ലാം ദൈവനിന്ദകരും മരണാർഹരുമാണെന്ന ചിന്താഗതി ലോകത്തിൽ വർഗ്ഗീയതയും ഭീകരവാദവും വളർത്തിയിട്ടുണ്ട്. സ്വന്തം പദ്ധതി ദൈവപദ്ധതിയാണ് എന്ന ഉറപ്പില്ലാതെ പ്രവർത്തിക്കുമ്പോഴാണ് ഇത്തരം അപചയങ്ങൾ സംഭവിക്കുന്നത്.

3. ബാഹ്യശക്തികളുടെ സമ്മർദ്ദങ്ങളുണ്ടാകുമ്പോൾ ആന്തരികസംഘർഷം വർദ്ധിക്കാനുള്ള സാധ്യത ഏറെയാണ് (വാ.10). ദൈവാശ്രയബോധത്തിന്റെ കുറവാണ് ഇതിനു കാരണം. ബാഹ്യസമ്മർദ്ദങ്ങൾക്കു മുന്നിൽ ഒരു മനസ്സും ശരീരവുമായി വർത്തിക്കുന്ന സമൂഹങ്ങൾക്കു മാത്രമേ ഭാവിയുള്ളൂ. റോമൻ മതമർദ്ദനത്തെ ആദിമസഭ പരാജയപ്പെടുത്തിയത് അവരുടെ കൂട്ടായ്മയുടെ ശക്തിയിലാണ്. എന്നാൽ ഇന്ന് നിസ്സാരങ്ങളായ സമ്മർദ്ദങ്ങൾക്കു മുന്നിൽ പോലും വിശ്വാസികളുടെ സമൂഹം പതറുന്നതിനു കാരണം ആന്തരികമായ ഐക്യത്തിന്റെ അഭാവമാണ്.

4. പ്രാർത്ഥനയും പ്രവർത്തനവും ഒരുമിക്കുന്ന ശൈലിയാണ് നെഹെമിയാ അനുവർത്തിക്കുന്നത് (വാ. 9–15). മനുഷ്യന്റെ ബുദ്ധിയും ശക്തിയും വിവേകവും കൂട്ടായ്മയുമെല്ലാം ദൈവം തന്ന ദാനങ്ങൾ തന്നെയാണ്. ഇവയെല്ലാം ഉപയോഗിച്ചുള്ള പ്രവൃത്തി പ്രാർത്ഥനപോലെ ശ്രേഷ്ഠമാണെന്ന തിരിച്ചറിവ് ആത്മീയതയെ കൂടുതൽ ആഴമുള്ളതാക്കുന്നു. ഉദാഹരണമായി, രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ് രോഗിക്കു ചികിത്സ ലഭ്യമാക്കുന്നതും. സർവ്വശക്തിയോടും ആത്മാർത്ഥതയോടും കൂടിയുള്ള മനുഷ്യന്റെ പ്രവർത്തനങ്ങളാണ് ദൈവാനുഗ്രഹത്തിന് നിമിത്തമാകുന്നത്.

5. നഗരമതിൽ നിർമ്മാണത്തിനായി നെഹെമിയായുടെ സമകാലികർ അനുഭവിച്ച ത്യാഗത്തിന്റെ കഥ ചരിത്രത്തിന്റെ ആത്മീയതയിലേക്ക് വെളിച്ചം വീശുന്നതാണ്. നാം അധിവസിക്കുന്ന നാടും നഗരവും അതിലെ സകല വികസനപ്രവർത്തനങ്ങളും ക്രമീകരിക്കാൻ മുൻതലമുറകൾ അനുഭവിച്ച ത്യാഗത്തെക്കുറിച്ച് തലമുറകൾ സ്മരിക്കണം. നാം നടക്കുന്ന മണ്ണിൽ അനേകരുടെ വിയർപ്പും കണ്ണീരും ചോരയും കലർന്നിട്ടുണ്ട് എന്ന തിരിച്ചറിവ് നമ്മെ ഏറെ വിനീതരാക്കും.

6. നെഹെമിയാ കൽപനകൾ പുറപ്പെടുവിച്ചശേഷം സുഖമായി വിശ്രമിക്കുന്ന നേതാവായിരുന്നില്ല (വാ. 23). തന്റെ നിർദ്ദേശങ്ങളെ തന്റെ അനുയായികളേക്കാൾ ആത്മാർത്ഥതയോടെ അനുസരിച്ച് മാതൃക കാട്ടുമ്പോഴാണ് ഒരുവൻ യഥാർത്ഥ നേതാവാകുന്നത്. യുദ്ധത്തിന് കൽപന കൊടുക്കുന്ന പ്രധാനമന്ത്രിയോ മുഖ്യസൈന്യാധിപനോ യുദ്ധമുന്നണിയിൽ പൊരുതുന്ന സൈനികന്റെ ധർമ്മസങ്കടം അറിയുന്നില്ല. പല യുദ്ധങ്ങളും അനാവശ്യമായും അനുസ്യൂതമായും തുടരുന്നതിനു കാരണം നേതാവും അണികളും തമ്മിലുള്ള ഈ അന്തരം തന്നെയാണ്.

7. ദൈവജനത്തിന് വിജയം തരുന്നവൻ ദൈവമാണ്. വിശുദ്ധിയിലും അനുസരണത്തിലും ജീവിക്കുന്നിടത്തോളം കാലം ദൈവസംരക്ഷണയിൽ ദൈവജനം അജയ്യരാണ്.

## സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾ (5:1–13)

അമ്പത്തിരണ്ടുദിവസം നീണ്ട മതിൽ നിർമ്മാണത്തിനായി യഹൂദരിൽ ഭൂരിഭാഗവും ജറുസലേമിൽ തന്നെ തങ്ങിയതിനാൽ കൃഷിഭൂമികളിൽ യഥാസമയം കൃഷിയിറക്കാൻ കഴിഞ്ഞിരുന്നില്ല. മതിൽ നിർമ്മാണം പൂർണ്ണമായും സൗജന്യസേവന മായിരുന്നതിനാൽ ജോലിക്കാർക്ക് വേതനമൊന്നും ലഭിച്ചിരുന്നില്ല. ഇത് സമൂഹത്തിൽ വിശിഷ്യാ ദരിദ്രരുടെയിടയിൽ വലിയ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായി. ആ നാളുകളിൽ യൂദാദേശത്തുണ്ടായ വരൾച്ചയും വിളനാശവും ദാരിദ്ര്യത്തിന്റെ ആക്കം കൂട്ടിയിരുന്നു (വാ.3). പേർഷ്യക്കാർക്കു നൽകേണ്ടിയിരുന്ന നികുതിയുടെ അധിഭാരവും ജനത്തെ സാമ്പത്തികമായി തളർത്തി. ഇതിനൊക്കെപ്പുറമേ യഹൂദരുടെയിടയിൽ നിലനിന്നിരുന്ന കൊള്ളപ്പലിശയും അന്യായമായ സാമൂഹികവ്യവസ്ഥിതികളും ദരിദ്രരുടെ ജീവിതം ദുസ്സഹമാക്കിമാറ്റി. ഈ സാമ്പത്തികപ്രതിസന്ധിയും അതിന് നെഹെമിയാ നിർദേശിക്കുന്ന പരിഹാരവുമാണ് അഞ്ചാം അദ്ധ്യായത്തിന്റെ ഉള്ളടക്കം.

5:1–3 ൽ സ്ത്രീകളും ഭൂരഹിതരായ കർഷകരും ചേർന്നു നടത്തുന്ന പരിദേവനമാണ് പരാമർശവിഷയമാകുന്നത്. രണ്ടാം വാക്യത്തിന്റെ പി.ഓ.സി. വിവർത്തനം അർത്ഥ ക്ലിപ്തത നൽകുന്നില്ല. ഹീബ്രുമൂലം വിവർത്തനം ചെയ്താൽ "ജീവൻ നിലനിർത്താനുള്ള ധാന്യത്തിനായി ഞങ്ങൾക്ക് ഞങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും പണയപ്പെടുത്തേണ്ടിവന്നു." എന്ന അർത്ഥമാണ് ലഭിക്കുക. മൂന്നാം വാക്യത്തിലെ പരാതിക്കാർ തങ്ങളുടെ കൃഷിഭൂമികളും മുന്തിരിത്തോട്ടങ്ങളും വീടും പണയപ്പെടുത്തേണ്ടിവന്നവരാണ്. ക്ഷാമകാലത്ത് ഇത്തരം പണയപ്പെടുത്തലുകൾ സാധാരണമായിരുന്നു (ഹഗ്ഗാ 1:5 –6; 2:15–16; മലാ 3: 9–12; ജോയേൽ 1–2). പേർഷ്യൻ നികുതിയടക്കാനുള്ള വെള്ളി ലഭിക്കാനായി വീടും പറമ്പും പണയപ്പെടുത്തേണ്ടിവന്നവരുടെ സങ്കടമാണ് അടുത്തത് (വാ.4). പേർഷ്യൻചക്രവർത്തിക്ക് കപ്പം നൽകാൻ യഹൂദർ കടപ്പെട്ടിരുന്നു. നികുതി വെള്ളിയായിട്ടു നൽകണമെന്നായിരുന്നു നിയമം. യഹൂദരിൽ നിന്ന് 350 താലന്ത് വെള്ളി നികുതിയായി പിരിച്ചിരുന്നതായി ഹെറോഡോട്ടസിന്റെ വിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (3.91).

ഇപ്രകാരം പണയം വാങ്ങി പണം നൽകിയിരുന്നത് യഹൂദർ തന്നെയായിരുന്നു എന്നതാണ് സങ്കടകരമായ കാര്യം (വാ.5). സമ്പന്നരായ യഹൂദർ ദരിദ്രരായ യഹൂദരെ അവരുടെ സാമ്പത്തികഞെരുക്കത്തിൽ ക്രൂരമായി ചൂഷണം ചെയ്യുകയും കടംനൽകിയ പണത്തിന്റെ പേരിൽ യഹൂദരെ അടിമകളാക്കുകയും  ചെയ്തിരുന്നു. ഈ ദുഷ്ടസാമൂഹികവ്യവസ്ഥിതിയിലെ ചൂഷണമനോഭാവമാണ് ഈ പരാതികളിലൂടെ വെളിപ്പെടുന്നത്. സമ്പത്തിന്റെ മുന്നിൽ സാഹോദര്യവും മതവിശ്വാസവും രക്തബന്ധങ്ങൾ പോലും വിസ്മരിക്കപ്പെടുന്ന സാഹചര്യം അന്നും ഉണ്ടായി

രുന്നു എന്നതിനു തെളിവാണ് ഈ പരാതിപ്രളയം. ഉത്തമർണ്ണൻമാർ കടക്കാരുടെ വസ്തുക്കൾ പിടിച്ചെടുക്കുകയും അവരെ അടിമകളാക്കുകയും ചെയ്യുന്നതിന്റെ നിരവധി സൂചനകൾ ബൈബിളിലുണ്ട് (പുറ 21: 2-11; 22: 25-27; ലേവ്യ 25; നിയ 15: 1-18; 24: 10-13). കടക്കാരുടെ പെൺമക്കളെ സമ്പന്നർ ലൈംഗികമായും ചൂഷണം ചെയ്തിരുന്നു (എസ്തേ 7:8).

സമൂഹത്തിലെ സമ്പന്നർ നടത്തുന്ന ഈ ചൂഷണത്തോട് നിശിതമായ ഭാഷയിലാണ് നെഹെമിയാ പ്രതികരിച്ചത്(വാ. 5-7). പണയവസ്തുക്കൾ ഈടാക്കുന്നതിന് നിയമഗ്രന്ഥം നിശ്ചയിച്ച വ്യവസ്ഥകൾ ഒന്നുംതന്നെ (പുറ 22:36, നിയ 24:10) സമ്പന്നർ പാലിച്ചിരുന്നില്ല. അവരുടെ അതിക്രമങ്ങൾക്കെതിരേ പ്രതികരിക്കാൻ നെഹെമിയാ ഒരു പൗരസഭ വിളിച്ചുചേർത്തു (വാ.7). അടിമത്തത്തിൽനിന്ന് ദൈവം വീണ്ടെടുത്തുകൊണ്ടുവന്ന ദൈവജനത്തെ യഹൂദർ തന്നെ അടിമകളാക്കുന്നതിനുപിന്നിലെ ദൈവികനിന്ദയെക്കുറിച്ചാണ് നെഹെമിയാ സംസാരിക്കുന്നത്(വാ.8 10). ദൈവഭയംമൂലം (ദൈവത്തിലുള്ള വിശ്വാസത്തെ പ്രതി) ഇത്തരം അതിക്രമങ്ങൾക്ക് അറുതിവരുത്തണമെന്ന് നെഹെമിയാ ആവശ്യപ്പെട്ടു. നിയമഗ്രന്ഥം നൽകുന്ന അനുശാസനമാണ് നെഹെമിയാ പ്രയോജനപ്പെടുത്തുന്നത്(ലേവ്യ 25:17,36,43). നിർദ്ദേശങ്ങൾ നൽകുക മാത്രമല്ല പലിശരഹിത വായ്പയും പണയരഹിതമായ മുതലും നൽകി നെഹെമിയാ മാതൃകകാട്ടുകയും ചെയ്തു (വാ.10). ഈടുവാങ്ങിയ വസ്തുക്കളും പലിശയീടാക്കിയിട്ടുള്ള പണവും തിരിച്ചു നൽകാനുള്ള ധാരണയായി. അക്കാലത്തെ പലിശയെക്കുറിച്ച് 11-ാം വാക്യം നൽകുന്ന സൂചന(ശതാംശം =1%) ശരിയാകാൻ ന്യായമില്ല. ഈ പ്രതിമാസപലിശനിരക്കനുസരിച്ച് വാർഷിക പലിശനിരക്ക് 12% മാത്രമാണ്. എന്നാൽ പേർഷ്യൻകാലഘട്ടത്തിൽ 60% മുതൽ 100% വരെ പ്രതിമാസം പലിശ വാങ്ങിയിരുന്നതായി പുരാതനരേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് (AP 10; BMAP 11.3). ദരിദ്രരിൽ നിന്ന് പലിശ ഈടാക്കുന്നത് നിയമഗ്രന്ഥം വിലക്കിയിരുന്നു.(പുറ 22:25; ലേവ്യ 25:25-37; നിയ23: 19-20). പൗരസഭയിൽ നെഹെമിയായുടെ നേതൃത്വത്തിലെടുത്ത തീരുമാനം നടപ്പിലാക്കാൻ സമ്പന്നരും ഉത്തമർണ്ണരും ഒരുപോലെ പ്രതിജ്ഞ ചെയ്തു (വാ. 13).

## നെഹെമിയായുടെ വിശാലമനസ്കതയും കാരുണ്യവും ( 5:14-19)

നെഹെമിയാ ഗവർണറായി നിയമിക്കപ്പെട്ടിരുന്നു എന്ന വസ്തുത 5:14 ൽ ആണ് ഗ്രന്ഥകർത്താവ് ആദ്യമായി വെളിപ്പെടുത്തുന്നത്. അർത്താക്സെർക്സസ് ഒന്നാമൻ രാജാവിന്റെ ഭരണത്തിന്റെ 20-ാം വർഷം മുതൽ 32-ാം വർഷംവരെ 12 വർഷക്കാലം (ബി.സി.445-433) നെഹെമിയ ഗവർണറായാണ് ഭരണം നടത്തിയിരുന്നത്. യൂദയാ ഗവർണർമാരുടെ പട്ടികയിൽ ബൈബിൾ പരാമർശിക്കുന്ന അവസാനത്തെ പേർഷ്യൻഗവർണർ നെഹെമിയാ ആണ്. ഷേഷ് ബാസർ (എസ്രാ 5:14), സെറുബാബേൽ (ഹഗ്ഗാ 1:1,14) എന്നീ പേർഷ്യൻ ഗവർണർമാരുടെ പേര് ബൈബിളിൽ പരാമർശിക്കുന്നുണ്ട്. ഇവരുടെ ഭര

ണകാലത്തിനിടയിൽ എൽനാഥാൻ, യഹോയേസർ, ആസായി എന്നീ ഗവർണർമാർ യൂദായിൽ ഭരണം നടത്തിയിരുന്നതായി പൗരാണിക രേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

തന്റെ ഭരണകാലത്ത് തനിക്ക് അർഹതപ്പെട്ട ഭക്ഷണവേതനം നെഹെമിയാ സ്വീകരിച്ചിരുന്നില്ല (വാ.14). പ്രതിദിനം നാൽപ്പതു ഷെക്കൽ വീതം വ്യക്തിപരമായ ആവശ്യങ്ങൾക്കു ചെലവഴിക്കാൻ പേർഷ്യൻനിയമം ഗവർണർക്ക് അനുവാദം നൽകിയിരുന്നു. നെഹെമിയാ ഈ ഭക്ഷണവേതനം ഉപേക്ഷിച്ചു എന്നു മാത്രമല്ല തന്നോടൊപ്പമുള്ള നൂറ്റിഅമ്പതിലധികം സഹപ്രവർത്തകരെയും അനേകം പരദേശികളെയും സമൃദ്ധമായി തീറ്റിപ്പോറ്റിയിരുന്നു. നെഹെമിയായുടെ വിരുന്നുമേശയുടെ സമൃദ്ധി 17-18 വാക്യങ്ങളിൽ വ്യക്തമാണ്. എന്നാൽ, സോളമൻരാജാവിന്റെ ഭക്ഷണമേശയുടെ സമൃദ്ധിയുമായി താരതമ്യം ചെയ്താൽ (1 രാജാ 4:22-23) നെഹെമിയായുടെ ഭക്ഷണക്രമം ലളിതമായിരുന്നു. അർഹമായിരുന്ന ഭക്ഷണവേതനം ഉപേക്ഷിക്കാൻ നെഹെമിയായെ പ്രേരിപ്പിച്ചത് രണ്ടു കാര്യങ്ങളാണ്; ദൈവഭയവും (വാ.15) ജനങ്ങളുടെ അമിതനികുതിഭാരവും (വാ.18). നികുതിഭാരവും അടിമത്തവും പട്ടിണിയും കൊണ്ടുവലഞ്ഞ ജനത്തിന്റെ അവസ്ഥ ഈജിപ്തിലെ അടിമത്തത്തെയും ബാബിലോണിലെ പ്രവാസത്തെയും അനുസ്മരിപ്പിക്കുന്നുണ്ട് ദൈവത്തോടുള്ള പ്രാർത്ഥനയോടെയാണ് നെഹെമിയ ഈ കുറിപ്പ് അവസാനിപ്പിക്കുന്നത് (വാ.19). സമാനമായ സമാപനപ്രാർത്ഥനകൾ ഈ ഗ്രന്ഥത്തിൽ അന്യത്ര ദൃശ്യമാണ് (13:14,22,31).

**വിചിന്തനങ്ങൾ**

1. ആഗോളവൽക്കരണവും നവീനസാമ്പത്തികനയങ്ങളും നടപ്പിലാക്കുമ്പോൾ സാധാരണക്കാരന്റെ ഉപജീവനമാർഗ്ഗം പോലും അടഞ്ഞുപോകുന്ന സാമ്പത്തികപ്രതിസന്ധിക്ക് സമാനമായ സാഹചര്യമാണ് നെഹെമിയായുടെ കാലത്ത് ഉണ്ടായത്. സമ്പന്നർ ദരിദ്രരുടെ നിസ്സഹായാവസ്ഥയെ ചൂഷണം ചെയ്ത് കൂടുതൽ സമ്പന്നരാകുമ്പോൾ, ദരിദ്രർ പട്ടിണിയും അടിമത്തവും മൂലം വലയുന്നു. സമ്പത്തിന്റെ നിയന്ത്രണം ഏതാനും സമ്പന്നർ മാത്രം കൈയാളുമ്പോൾ, സാധാരണക്കാരന്റെ ജീവിതം അപകടത്തിലാകുന്നു എന്ന നെഹെമിയായുടെ തിരിച്ചറിവ് ഇന്നത്തെ അധികാരികൾക്കും ആവശ്യമാണ്.

2. നഗരമതിൽ നിർമ്മാണത്തിനുവേണ്ടി വിശ്വാസികളെ സൗജന്യസേവനത്തിനു നിയോഗിച്ചത് സാമ്പത്തികപ്രതിസന്ധിയുടെ കാരണങ്ങളിലൊന്നായിരുന്നു. സഭയ്ക്കും സമൂഹത്തിനും വേണ്ടി നിസ്വാർത്ഥമായി അധ്വാനിക്കുന്നവരുടെ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം സഭയ്ക്കും സമൂഹത്തിനുമുണ്ട്. ദൈവവിശ്വാസത്തെയും സഭാസ്നേഹത്തെയും മറയാക്കി ജോലിക്കാർക്കു ന്യായമായ വേതനം കൊടുക്കാതിരിക്കുന്ന നിലപാടുകൾ തീർച്ചയായും തിരുത്തപ്പെടേണ്ടതാണ്.

3. സാമ്പത്തികപ്രതിസന്ധിയുടെ പരിഹാരത്തിന് ദൈവവിശ്വാസവും (വാ.9) അതിൽനിന്നുത്ഭവിക്കുന്ന പരസ്നേഹവുമാണ് (വാ.8) നെഹെ

മിയാ നിർദേശിക്കുന്നത്. അടിമകളായ യഹൂദരെ ദൈവമാണ് സ്വത ന്ത്രരും സമ്പന്നരുമാക്കിയത്. ഈ സത്യം മറന്ന് അവർ തന്നെ സ്വന്തം സഹോദരങ്ങളെ അടിമകളാക്കുന്നതിന്റെ വൈരുദ്ധ്യം നെഹെമിയാ ചൂണ്ടി ക്കാട്ടുന്നു. എല്ലാ സാമ്പത്തിക നയങ്ങളും അന്ധമാണ്- നൈയാ മികനീതിയിൽ തൊഴിലാളി എന്നും ദരിദ്രനായിരിക്കും, സമ്പത്ത് മുത ലാളിയുടേത് എന്ന ചിന്ത തിരുത്തി സമ്പത്ത് ദൈവത്തിന്റേത് എന്ന നിലപാടു സ്വീകരിക്കാനാണ് നെഹെമിയാ ആവശ്യപ്പെടുന്നത്.

4. അധികാരിയായ നെഹെമിയാ മാതൃകാപരമായി ലളിതജീവിതം നയിക്കുകയും ജനങ്ങളുടെ നികുതിഭാരം ലഘൂകരിക്കുകയും ചെയ്യുന്നത് എല്ലാ അധികാരികൾക്കും മാതൃകയാണ്. ജനങ്ങളുടെ നികുതി പ്പണത്തിന്റെ സിംഹഭാഗവും അധികാരികളുടെ ആഡംബരത്തിനും അഴി മതിക്കും വിനിയോഗിക്കുന്ന ഈ കാലത്ത് നെഹെമിയായുടെ മാതൃ കയ്ക്ക് നക്ഷത്രശോഭയുണ്ട്.

## നെഹമിയായ്ക്കെതിരേ ഗൂഢാലോചന (6:1–14)

നെഹെമിയായ്ക്കെതിരേ വ്യത്യസ്ത സാഹചര്യങ്ങളിലും വ്യക്തിക ളിലും നിന്നുയർന്ന ഭീഷണികളെയും ഗൂഢാലോചനകളെയും അദ്ദേഹം വിജയകരമായി അതിജീവിക്കുന്നതിന്റെ വിവരണമാണ് 6:1–19 ലെ ഉള്ള ടക്കം. സാൻബല്ലാതും ഗഷേമും ചേർന്ന് നടത്തുന്ന ഗൂഢാലോചനയും (വാ.1–9) സാൻബല്ലാതും തോബിയായും ചേർന്നുള്ള എതിർപ്പുകളും (വാ.15–14) യൂദാ പ്രഭുക്കന്മാരും തോബിയായും ചേർന്ന് നടത്തുന്ന ഗൂഢ നീക്കങ്ങളും (വാ.15–19) നെഹെമിയായുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചെങ്കിലും അദ്ദേഹം വിജയകരമായി മതിൽനിർമ്മാണം പൂർത്തി യാക്കി.

നെഹെമിയായുടെ മതിൽനിർമ്മാണം വിജയകരമായി മുന്നേറുന്ന വാർത്തയറിഞ്ഞ സാൻബല്ലാത്തും ഗഷേമും ചേർന്ന് നെഹെമിയായെ ഒരു കൂടിക്കാഴ്ച്ചയ്ക്കു ക്ഷണിച്ചു. ഓനോസമതലത്തിലെ കെഫിരിംഗ്രാമ മാണ് കൂടിക്കാഴ്ച്ചയ്ക്കു വേദിയായി നിശ്ചയിക്കപ്പെട്ടത്. ജറുസലേമിന് ഇരുപതുമൈൽ വടക്കുപടിഞ്ഞാറാണ് ഓനോസമതലം. പ്രവാസ ത്തിൽനിന്നു മടങ്ങിയ യഹൂദർ ഇവിടെ താമസിച്ചിരുന്നു (എസ്രാ 2:3; നെഹെ. 7:37). പ്രത്യക്ഷത്തിൽ സൗഹാർദ്ദപരമെന്നു തോന്നിച്ച ഈ ക്ഷണത്തിനു പിന്നിലെ ചതിയും അപകടവും മുൻകൂട്ടിക്കാണാൻ നെഹെമിയായ്ക്കു കഴിഞ്ഞു. എന്നാൽ നെഹെമിയാ ജോലിഭാരമുണ്ട് എന്ന കാരണം ചൂണ്ടിക്കാട്ടി തന്ത്രപൂർവ്വമാണ് കൂടിക്കാഴ്ച്ച ഒഴിവാക്കി യത്. നാലുവട്ടം ക്ഷണവും മറുപടിയും ആവർത്തിച്ചെങ്കിലും (വാ. 4) നെഹെമിയാ കൂടിക്കാഴ്ച്ചയ്ക്കു തയ്യാറായില്ല. അഞ്ചാംവട്ടം അയച്ച അഭ്യർത്ഥനയിൽ നെഹെമിയായ്ക്കെതിരേ രാജ്യദ്രോഹക്കുറ്റവും സ്വയം രാജാവാകാൻ പരിശ്രമിക്കുന്നു എന്ന ഗുരുതരമായ ആരോപണവും ശത്രു ക്കൾ ഉന്നയിച്ചു (വാ.6). എന്നാൽ ചക്രവർത്തിയുടെ അംഗീകാരത്തോടെ ആരംഭിച്ച മതിൽനിർമ്മാണം (2:8) രാജ്യദ്രോഹമാണെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമായിരുന്നു.

മറ്റൊരു ഗുരുതരമായ ആരോപണം നെഹെമിയായെ രാജാവായി പ്രഖ്യാപിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചു എന്നതാണ് (വാ.7). ജറുസലേമിലെ രാജാക്കന്മാരെ വാഴിക്കുന്നതിൽ പ്രവാചകന്മാർ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു എന്നത് സത്യമാണ്. പ്രവാസത്തിനു മുമ്പുള്ള കാലഘട്ടത്തിൽ ഈ പ്രവണത സാധാരണമായിരുന്നു. സാവൂളിനെയും (1 സാമു 9-16) ദാവീദിനെയും (1 സാമൂ 16) വാഴിക്കുന്നതിൽ സാമുവേലും സോളമനെ വാഴിക്കുന്നതിൽ നാഥാനും (2 സാമു 7) ജറോബോവാം ഒന്നാമനെ വാഴിക്കുന്നതിൽ അഹിയാപ്രവാചകനും (1 രാജാ 11) യേഹുവിന്റെ സ്ഥാനാരോഹണത്തിൽ ഏലിഷായും (2 രാജാ 9:1-13) നിർണ്ണായകമായി ഇടപെട്ടിട്ടുണ്ട്. എന്നാൽ പ്രവാസാനന്തരകാലഘട്ടത്തിലെ സാഹചര്യം വ്യത്യസ്തമായിരുന്നു. ഹഗ്ഗായി(2:21-23), സഖറിയ(3:8; 4: 6-10; 6: 10-14) പ്രവാചകന്മാർ വരാനിരിക്കുന്ന രാജാവായ മിശിഹായെക്കുറിച്ച് നടത്തുന്ന പ്രവചനങ്ങളെ ശത്രുക്കൾ തെറ്റിദ്ധരിച്ചതാകാനും ഇടയുണ്ട്. നെഹെമിയാ ദാവീദിന്റെ വംശത്തിൽപ്പെട്ടവനാണ് എന്ന വസ്തുതയും നെഹെമിയായ്ക്കെതിരായുള്ള ആരോപണത്തിനു പിന്നിലുണ്ട്. തന്റെ പൂർവ്വികരുടെ പാപത്തെക്കുറിച്ചുള്ള പശ്ചാത്താപവും (1:6), നഗരമധ്യത്തിലുള്ള പൂർവികന്മാരുടെ കല്ലറയും(2:3) നെഹെമിയായുടെ രാജകീയപാരമ്പര്യം വെളിപ്പെടുത്തുന്നുണ്ട്. നെഹെമിയായ്ക്കെതിരേയുള്ള ആരോപണങ്ങൾ പേർഷ്യൻരാജാവിന്റെ പക്കൽ എത്തിക്കും എന്ന ഭീഷണിയും എഴുത്തിലുണ്ട്. എന്നാൽ നെഹെമിയാ ഈ ആരോപണങ്ങളെ നിഷ്കരുണം തള്ളിക്കളയുകയും കൂടിക്കാഴ്ച്ചയ്ക്കുള്ള അവസരം നിഷേധിക്കുകയും ചെയ്തു.

തോബിയായും സാൻബല്ലാത്തും ചേർന്ന് ഷെമായാ എന്ന വ്യാജപ്രവാചകനെ ഉപയോഗിച്ച് നെഹെമിയായെ ചതിക്കാൻ ശ്രമിക്കുന്നതാണ് നെഹെമിയാ നേരിട്ട രണ്ടാമത്തെ പരീക്ഷണം (വാ. 10-14). ഷെമായാപ്രവാചകൻ ദെലാലിയായുടെ പുത്രനാണ് എന്നതിൽക്കവിഞ്ഞൊരു അറിവൊന്നും നമുക്ക് ബൈബിളിൽ നിന്നും ലഭ്യമല്ല. ഷെമായാ വീട്ടുതടങ്കലിലാകുവാനുള്ള കാരണവും വ്യക്തമല്ല (വാ.10). നെഹെമിയാ എന്തുകൊണ്ട് ഷെമായായെ സന്ദർശിച്ചു എന്നതും അജ്ഞാതമാണ്. ഒരു പക്ഷേ നെഹെമിയായ്ക്കുള്ള ദൈവസന്ദേശം തനിക്കു ലഭിച്ചു എന്ന് അറിയിച്ചതിനാൽ നെഹെമിയാ ഷെമായായെ സന്ദർശിച്ചതാകാം. ഷെമായാ വിളിച്ചാൽ നെഹെമിയാ വരും എന്ന് ഉറപ്പുള്ളതിനാലാണ് ശത്രുക്കൾ ഷെമായായുടെ സഹായം പ്രയോജനപ്പെടുത്തുന്നത് എന്നും അനുമാനിക്കാം. എന്നാൽ ഷെമായായുടെ സന്ദേശം ദൈവികമല്ലെന്നു ഗ്രഹിക്കാൻ നെഹെമിയായ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. വധിക്കാൻ വരുന്നവരിൽ നിന്നു രക്ഷനേടാൻ ദേവാലയത്തിൽ ഒളിച്ചിരിക്കാനാണ് ഷെമായാ ഉപദേശിച്ചത്. എന്നാൽ ശത്രുക്കളുടെ കൈയ്യിൽ തന്നെ കൃത്യമായി എത്തിക്കാനുള്ള ചതിയാണ് ഈ ഉപദേശമെന്ന് മനസ്സിലാക്കിയ നെഹെമിയാ ഈ പ്രതിസന്ധിയെയും അതിജീവിച്ചു.

നെഹെമിയായെ സാധൂകരിക്കുന്ന ചില വസ്തുതകൾ ശ്രദ്ധേയമാണ്:

1. ഗവർണർ എന്ന നിലയിൽ ഭീരുവിനെപോലെ ഒളിവിൽ പോകാൻ നെഹെമിയാ തയ്യാറായിരുന്നില്ല (വാ.11).

2. പുരോഹിതനല്ലാത്ത തനിക്ക് ദേവാലയത്തിനുള്ളിൽ കതകടച്ചിരിക്കാൻ (വാ.11) അനുവാദമില്ലെന്ന് നെഹെമിയായ്ക്ക് അറിയാമായിരുന്നു (സംഖ്യ 18:7).

3. ദേവാലയത്തിനുള്ളിൽ ഇരിക്കുന്നവർക്ക് പ്രത്യേക നിയമസംരക്ഷണമൊന്നും ഉണ്ടായിരുന്നില്ല. ബലിപീഠത്തിന്റെ കൊമ്പിൽപിടിക്കുന്നവർക്കു മാത്രമേ ശിക്ഷയിൽ നിന്ന് ഇളവു ലഭിക്കുമായിരുന്നുള്ളൂ(പുറ 21: 13-14; 1രാജാ 1: 50-53; 2:25). ഇതാകട്ടെ ദേവാലയത്തിനു വെളിയിലാണുതാനും.

4. കൊലയാളികൾക്ക് ദേവാലയത്തോട് പ്രത്യേക ബഹുമാനമൊന്നും ഇല്ലാത്തതിനാൽ ദേവാലയത്തിലായിരിക്കുന്നതുകൊണ്ട് പ്രത്യേക പ്രയോജനമൊന്നുമില്ല എന്ന് നെഹെമിയാ മനസ്സിലാക്കി.

5. തന്റെ ദൈവികജ്ഞാനത്താൽ ഷെമായായുടെ ഉപദേശം വ്യാജമാണെന്നു കണ്ടെത്തി (വാ.12).

6:14 ൽ പരാമർശിക്കുന്ന നൊവാദിയ പ്രവാചികയെക്കുറിച്ചോ അവൾ നെഹെമിയ്ക്കെതിരേ നടത്തിയ കരുനീക്കങ്ങളെക്കുറിച്ചോ നമുക്ക് യാതൊരുവിധ അറിവും ബൈബിൾ നൽകുന്നില്ല. നെഹെമിയായ്ക്കെതിരേയുള്ള കരുനീക്കങ്ങൾ ഒറ്റപ്പെട്ടതായിരുന്നില്ല എന്ന് ഈ പരാമർശം വ്യക്തമാക്കുന്നുണ്ട്.

## യൂദാപ്രഭുക്കന്മാരുടെ വഞ്ചന (6:15-19)

നെഹെമിയാ നേരിടേണ്ടിവരുന്ന മൂന്നാമത്തെ ബാഹ്യസമ്മർദ്ദം യൂദാപ്രഭുക്കളിൽ നിന്നായിരുന്നു. അമ്പത്തിരണ്ടുദിവസങ്ങൾ നീണ്ട മതിൽനിർമ്മാണം വിജയകരമായി പൂർത്തിയാക്കിയ സന്ദർഭത്തിലാണ് ഈ എതിർപ്പ് രൂപംകൊള്ളുന്നത് (6:16). മതിൽ നിർമ്മാണത്തിന് 28 മാസങ്ങൾ വേണ്ടിവന്നു എന്ന് ചരിത്രകാരനായ ജോസേഫൂസ് (Ant 11.5.8) സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ജോസേഫൂസിന്റെ കാലഗണനയ്ക്ക് പ്രത്യേകമായ അടിസ്ഥാനങ്ങളൊന്നുമില്ലാത്തതിനാൽ നെഹെമിയായുടെ 52 ദിവസം എന്ന സമയഗണനയെ അവിശ്വസിക്കേണ്ടതില്ല. നെഹെമിയായെ രാജാവ് അധികാരച്ചുമതല ഭരമേല്പിച്ചതിന്റെ ആറാം മാസം തന്നെ (ഏലൂൾ മാസം 25-ാം തീയതിയാണ് മതിൽനിർമ്മാണം പൂർത്തിയായത്) മതിൽ പൂർത്തീകരിക്കപ്പെട്ടു എന്നത് നെഹെമിയായുടെ കാലഗണനയെ ജൊസേഫൂസിന്റേതിനേക്കാൾ വിശ്വാസ്യതയുള്ളതാക്കുന്നു.

മതിൽനിർമ്മാണം പൂർത്തിയായി എന്ന വാർത്ത ശത്രുക്കളെ ഭയചകിതരാക്കി (വാ.16). ദൈവം യഹൂദരോടൊത്തുണ്ട് എന്ന തിരിച്ചറിവാണ് അവരെ ഭയപ്പെടുത്തിയത്. ദൈവം കൂടെയുള്ളപ്പോൾ ഇസ്രായേൽക്കാർ അജയ്യരാണെന്ന് അവരുടെ ശത്രുക്കൾ അറിഞ്ഞിരുന്നു. തോബിയായ്ക്ക് ജറുസലേമിൽ ചെറുതല്ലാത്ത സ്വാധീനമുണ്ടായിരുന്നതായി ഇതിനോടകം നമുക്ക് മനസ്സിലായിട്ടുള്ള വസ്തുതയാണ്. ജറുസലേമിലെ പ്രഭുക്കന്മാർ തോബിയായുമായി നിരന്തരം കത്തിടപാടുകൾ നടത്തുന്നതാണ് നെഹെമിയായെ അസ്വസ്ഥനാക്കുന്നത്. തോബിയായുടെ പക്ഷത്തുള്ള ഷെമായിയാ നെഹെമിയായുടെ കൂടെ മതിൽനിർമ്മാണത്തിന് നേതൃത്വം കൊടുത്ത വ്യക്തിയാണ് (3:29). തന്മൂലം യൂദാപ്രഭുക്കന്മാർ മതിൽ നിർമ്മാണത്തിന് എതിരായിരുന്നില്ല. എന്നാൽ, അയൽനാടുകളിലെ അധികാരി

കളുമായി സാമ്പത്തികമോ സാമൂഹികമോ വാണിജ്യപരമോ ആയി നല്ല ബന്ധം തുടരാൻ അവർ ആഗ്രഹിച്ചിരുന്നു എന്നുമാത്രം കരുതാനേ തരമുള്ളൂ (13:4).

## നഗരത്തിന്റെ സുരക്ഷാക്രമീകരണങ്ങൾ (7:1–5)

നഗരമതിലിന്റെ നിർമ്മാണം പൂർത്തിയായതോടെ നഗരം സുരക്ഷിതമായി. നഗരമതിലിന്റെ കവാടങ്ങൾക്ക് കാവലേർപ്പെടുത്താനുള്ള നീക്കങ്ങളാണ് 7:1–4ൽ പ്രതിപാദിക്കുന്നത്. ശത്രുക്കളിൽനിന്ന് നഗരത്തെ സംരക്ഷിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വം “ഗായകരെയും ലേവ്യരെയും” ഏൽപിച്ചു (വാ. 1) എന്ന പ്രസ്താവന വിചിത്രമാണ്. കാരണം ലേവ്യരും ഗായകരുമടങ്ങുന്ന പുരോഹിതവംശം ദേവാലയത്തിനുള്ളിലെ കാവൽക്കാരാണ് (വാ. 45). ആരാധനക്രമസംബന്ധമായ അശുദ്ധിസംഭവിക്കാതെ കാവൽ നിൽക്കുകയാണ് ഇവരുടെ ധർമ്മം. ദേവാലയത്തിനുള്ളിലെ കാവൽക്കാരെയും നഗരമതിലിനുവെളിയിലുള്ള കാവൽക്കാരെയും തമ്മിൽ ഗ്രന്ഥത്തിന്റെ പിൽക്കാല പകർപ്പെഴുത്തുകാരൻ തെറ്റിദ്ധരിച്ചതിനാലാകാം “കാവൽക്കാർ” (ഹീബ്രുവിൽ “ഷോ എറിം”) എന്ന പദത്തോടൊപ്പം ഗായകർ, ലേവ്യർ (ഹീബ്രുവിൽ, “മെഷ്റീം, ലേവീം”) എന്നീ പദങ്ങൾക്കൂടി കാണപ്പെടുന്നത്. തന്മൂലം പല ആധുനികവിവർത്തനങ്ങളും “ലേവ്യരെയും ഗായകരെയും” എന്ന ഭാഗം ബ്രായ്ക്കറ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് (ഉദാ. NJB).

നെഹെമിയായുടെ സഹോദരൻ ഹനാനി (1:2)യാണ് നഗരത്തിന്റെ സൈന്യാധികാരിയായി നിയമിക്കപ്പെട്ടത്. ശത്രുക്കളുടെ ഭീഷണിയും ചതിപ്രയോഗങ്ങളും ശക്തമായിരുന്ന സാഹചര്യത്തിൽ നഗരത്തിന്റെ സംരക്ഷണ ച്ചുമതല ഏറ്റവും വിശ്വസ്തനായ വ്യക്തിയെ ഏൽപ്പിക്കണം എന്ന് നെഹെമിയായ്ക്കു നിർബന്ധമുള്ളതുകൊണ്ടാണ് അദ്ദേഹം ഹനാനിയെ പ്രസ്തുത ദൗത്യം ഭരമേല്പിച്ചത്. ഹനാനി, ഹനാനിയാ എന്നീ പേരുകൾ ഒന്നുതന്നെയാണ്. “ദൈവം കരുണയുള്ളവനാണ്” എന്നാണ് ഈ പേരിന്റെ അർത്ഥം. നെഹെമിയായോടുള്ള വിശ്വസ്തതയെക്കാളുപരി ഹനാനി ദൈവത്തോടും വിശ്വസ്തനായിരുന്നു (വാ. 2) എന്ന പദപ്രയോഗം ശ്രദ്ധേയമാണ്. ദൈവത്തോടുള്ള വിശ്വസ്തയിൽ നിന്നാണ് സഹജീവികളോടുള്ള വിശ്വസ്തതയും രൂപംകൊള്ളുന്നത്. വെയിൽ ഉറയ്ക്കുന്നതുവരെ നഗരകവാടങ്ങൾ അടച്ചിടണം എന്ന നിർദ്ദേശത്തിന്റെ അർത്ഥം പൂർണ്ണമായും വ്യക്തമല്ല. കാവൽക്കാർ മയക്കംവിട്ട് ഉണർന്ന് പൂർണ്ണ സജ്ജരാകുംവരെ കവാടങ്ങൾ അടച്ചിടുന്നതാണ് സുരക്ഷിതം എന്ന ചിന്തയാകാം ഇതിനുപിന്നിൽ. നഗരവാസികളെ തങ്ങളുടെ വീടിന് എതിർവശത്തുള്ള മതിൽ ഭാഗത്തിന്റെ സംരക്ഷണച്ചുമതല ഏൽപിക്കുന്നതും തികച്ചും തന്ത്രപരമായ നീക്കമാണ് (വാ.4). നഗരസംരക്ഷണച്ചുമതല കാവൽക്കാരുടേതുമാത്രമല്ല മുഴുവൻ നഗരവാസികളുടേതുമാണെന്ന ചിന്തയുണർത്താൻ ഈ നീക്കം സഹായകമാകും.

നഗരം വിശാലമായിരുന്നതിനാൽ നഗരത്തിൽ അധിവസിക്കാൻ ആവശ്യമായിരുന്നത്ര ജനമോ ഭവനങ്ങളോ ഇല്ല എന്നതാണ് നെഹെമിയാ

കണ്ടെത്തിയ അടുത്ത പ്രശ്നം. തിരിച്ചെത്തിയ പ്രവാസികളിൽ നല്ലൊരു പങ്കിനെയും ജറുസലേമിലേക്കു മാറ്റിപാർപ്പിക്കുക എന്നതാണ് നെഹെമിയ കണ്ടെത്തിയ പരിഹാരം. അതിനായി വംശമുറയനുസരിച്ച് ജനങ്ങളുടെ കണക്കെടുക്കാൻ നെഹെമിയാ തീരുമാനിച്ചു. ഈ കണക്കെടുപ്പ് ദൈവപ്രേരണയുടെ ഫലമായിട്ടാണ് എന്ന് നെഹെമിയാ പ്രത്യേകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. (വാ.5). ദാവീദിന്റെ കാലത്ത് ദൈവഹിതത്തിനു വിരുദ്ധമായി നടന്ന കണക്കെടുപ്പുകളെക്കുറിച്ചും അതിനുലഭിച്ച ശിക്ഷയെക്കുറിച്ചും ഉള്ള ഓർമ്മയാകാം (2 സാമു 24:1) ഈ സന്ദർഭത്തിൽ "കണക്കെടുപ്പ് ദൈവഹിതാനുസൃതമാണ്" എന്ന് നെഹെമിയാ പ്രത്യേകം അനുസ്മരിപ്പിക്കാൻ കാരണം.

**വിചിന്തനങ്ങൾ**

1. അന്യായമായി ഉയർത്തുന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ കാലത്തോളം പഴക്കമുള്ളതാണെന്ന് 6:5-9ലെ വിവരണങ്ങൾ വെളിപ്പെടുത്തുന്നു. നെഹെമിയാ നേരിട്ടതുപോലെയുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പല ദൈവശുശ്രൂഷകരും നേരിടേണ്ടിവരും. ആരോപണങ്ങൾക്ക് മുന്നിൽ സ്വീകരിക്കാവുന്ന ആരോഗ്യകരമായ നിലപാടിന്റെ മാതൃകയാണ് നെഹെമിയായുടെ ജീവിതം. പ്രധാനമായും നാലു കാര്യങ്ങളാണ് ഇവിടെ ശ്രദ്ധേയമായിട്ടുള്ളത്. (1) ആരോപണത്തിൽ കഴമ്പുണ്ടോ എന്നും ആരോപണം ഉയർത്താനുള്ള പ്രകോപനമെന്തെന്നും കണ്ടെത്തുക. പരിഹരിക്കാവുന്നതാണെങ്കിൽ പരിഹരിക്കുക (2) പ്രതികാരചിന്തകൾ പൂർണ്ണമായും വെടിഞ്ഞ് ആരോപണങ്ങളുന്നയിക്കുന്നവരുടെ അജ്ഞതയ്ക്കു മാപ്പുകൊടുക്കുക. വിചാരണവേളയിൽ ക്രിസ്തു സ്വീകരിക്കുന്ന മാർഗ്ഗമിതാണ്. (3) ദൈവാശ്രയബോധം ശക്തമാക്കാനുള്ള ആഹ്വാനമായി ദുരാരോപണങ്ങളെ മനസ്സിലാക്കാം. (4) ആരോപണങ്ങൾ മാനസികമായി തകർക്കാനും തളർത്താനുമുള്ള ശ്രമത്തിന്റെ ഭാഗമാണെന്നു മനസ്സിലാക്കി അവയെ ഒഴിവാക്കാം.

2. ദൈവനാമത്തിലും ദൈവസ്വരത്തിലും കടന്നുവരുന്ന കള്ളനാണയങ്ങളെയും ചതിപ്രയോഗങ്ങളെയും കുറിച്ച് കരുതൽ വേണമെന്ന സന്ദേശമാണ് 6:13ൽ ലഭിക്കുന്നത്. സഭയിൽ വിഘടിതഗ്രൂപ്പുകൾ ആരംഭിക്കുന്നതും വിഭാഗീയത വളർത്തുന്നതും ഇത്തരം കള്ളനാണയങ്ങളാണ്. അവരെ വിവേചിച്ചറിയാൻ നെഹെമിയായ്ക്കു കഴിഞ്ഞതുപോലെ എല്ലാ വിശ്വാസികൾക്കും കഴിയണം.

3. എസ്രാ 2:1-70ലെ പ്രവാസികളുടെ പട്ടിക നെഹെമിയ 7:5-70ൽ ആവർത്തിക്കുന്നതിലൂടെ ദേവാലയം പണിതതും വിശുദ്ധനഗരത്തിന്റെ മതിൽ നിർമ്മിച്ചതും ഒരേ ജനംതന്നെയാണ് എന്ന ആശയമാണ് വ്യക്തമാക്കുന്നത്.

*7:6-73 ലെ പ്രവാസികളുടെ പട്ടിക എസ്രാ 2:1-70 ലെ പട്ടികയുടെ ആവർത്തനമാണ്. തന്മൂലം ഈ വചനഭാഗത്തിന്റെ വ്യാഖ്യാനത്തിന് എസ്രാ 2:1-70 ന്റെ വ്യാഖ്യാനം കാണുക.*

# 06

## നിയമപാരായണവും ഉടമ്പടിനവീകരണവും: നെഹെമിയാ 7:73b – 10,39

നെഹെ 7:73a വരെയുള്ള ഭാഗത്ത് ജറുസലേമിൽ കൂടുതൽ ആളുകളെ പുനരധിവസിപ്പിക്കാനുള്ള തീരുമാനമാണ് വിവരിക്കുന്നത് (7:5). ഈ തീരുമാനമനുസരിച്ചുള്ള പുനരധിവാസം നടപ്പിലാക്കുന്നത് 11:1–2ലാണ്. ഈ രണ്ടു ഭാഗങ്ങളും നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളിലെ തുടർച്ചയായ ഭാഗമായി കരുതാം. എന്നാൽ 7:73b–10:39 വരെയുള്ള ഭാഗം നെഹെമിയായുടെ ഓർമ്മക്കുറിപ്പിനിടയിൽ പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതായിരിക്കാനാണ് സാധ്യത. ഈ നിഗമനത്തിന് ആധാരമായ വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. നെഹെ 8:1–18 ലെ നിയമപാരായണം നടത്തുന്നത് എസ്രായാണ്. നെഹെമിയായെക്കുറിച്ച് 8:9ൽ പരാമർശിക്കുന്നുണ്ടുതാനും. എസ്രായും നെഹെമിയായും സമകാലികരാണ് എന്ന ധാരണയിലാണ് ഈ വിവരണം മുന്നേറുന്നത്. ഈ നിഗമനം ശരിയല്ല എന്ന് ഈ ഗ്രന്ഥങ്ങളുടെ ആമുഖപഠനത്തിൽ നാം ചർച്ചചെയ്തതാണ്. നെഹെ 8:9ലെയും 12:26ലെയും പരാമർശങ്ങൾ ഒഴിവാക്കിയാൽ മറ്റെല്ലാവിവരണങ്ങളിലും എസ്രായും നെഹെമിയായും സമകാലികരല്ല എന്ന നിലപാടാണ് നെഹെമിയായുടെ ഗ്രന്ഥത്തിനുള്ളത്.

2. എസ്രാ 8,9 അധ്യായങ്ങളിലെ സംഭവങ്ങൾക്കിടയിൽ നെഹെമിയാ 8ൽ വിവരിക്കുന്നവ സംഭവിച്ചു എന്നു കരുതുന്നതാണ് ചരിത്രപരമായി കൂടുതൽ ശരിയായിട്ടുള്ളത്.

3. നെഹെമിയായിലെ, കൂടാരത്തിരുനാളിന്റെ സന്തോഷകരമായ ആഘോഷത്തിനുശേഷം (വാ. 13–18) ഒൻപതാം അധ്യായത്തിലെ, വിലാപവും പരിഹാരവും സംബന്ധിച്ച വിവരണങ്ങൾ ആഖ്യാനഭംഗത്തിനു കാരണമാകുന്നുണ്ട്. ഒൻപതാം അധ്യായത്തിൽ എസ്രായുടെ പേര് പരാമർശിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.

4. നെഹെ 10: 30–39ലെ വിവരണം നെഹെമിയാ 13–ാം അധ്യായത്തിലെ വിവരണത്തിനുശേഷമേ പ്രസക്തമാകുന്നുള്ളൂ എന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. (ഉദാ. റാൽഫ് ക്ലൈൻ).

5. നെഹെ 8,9 അധ്യായങ്ങളിലെ വിവരണങ്ങളുടെ യഥാർത്ഥസ്ഥാനത്തെക്കുറിച്ച് വ്യാഖ്യാതാക്കളുടെയിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. എസ്രാ 9–ാം അധ്യായത്തിനുശേഷമാണ് നെഹെമിയ 8 അധ്യായങ്ങളുടെ യഥാർത്ഥസ്ഥാനമെന്ന് വാദിക്കുന്നവരുണ്ട്. (ഡേവിഡ് ക്ലൈൻസ്) നെഹെമിയാ 9:1–5ന്റെ സ്ഥാനം എസ്രാ 10:15നും 10:16നും ഇടയിലാണെന്ന് മറ്റൊരു കൂട്ടർ വാദിക്കുന്നു. (ഉദാ. എച്ച്.ജി. വില്യംസൺ). നെഹെ 8:1–12ന്റെ ആവർത്തനം മാത്രമാണ് 9:1–5 ലെ വിവരണം എന്ന് കരുതുന്നവരുമുണ്ട് (ബ്ലങ്കിൻ സോപ്പ്). എന്നാൽ നെഹെമിയാ 9–10 അധ്യായങ്ങൾ അവയുടെ യഥാർത്ഥ സ്ഥാനത്തുതന്നെയാണ് എന്നുകരുതുന്ന വ്യാഖ്യാതാക്കളുമുണ്ട് (ഉദാ: ഉൾറിക് കെല്ലർമാൻ, വിൽഹെം ഇൻദെർ സ്മിത്തൻ).

## എസ്രായുടെ നിയമപാരായണം (7:73b–8:18)

സമൂഹമാണ് നിയമപാരായണത്തിന് എസ്രായോട് ആവശ്യപ്പെടുന്നത് (വാ.1) എസ്രാ വായിക്കുന്ന നിയമഗ്രന്ഥം ഏതാണ് എന്ന കാര്യത്തിൽ അഭിപ്രായാന്തരങ്ങളുണ്ട്. പഞ്ചഗ്രന്ഥിയിലുടനീളമുള്ള നിയമങ്ങൾ പരാമർശിക്കുന്നതിനാൽ ഇപ്പോൾ നിലവിലുള്ള പഞ്ചഗ്രന്ഥിയോടു സമാനതയുള്ള ഒരു നിയമഗ്രന്ഥമാണ് എസ്രാ വായിച്ചത് എന്ന് അനുമാനിക്കാം. വായനയിൽ ലിഖിതനിയമമേത്? എസ്രായുടെ വ്യാഖ്യാനമേത്? എന്നു വേർതിരിക്കാനാവാത്തതിനാൽ എസ്രാ വായിച്ച നിയമഗ്രന്ഥത്തിന്റെ യഥാർത്ഥ ഉള്ളടക്കം വ്യക്തമല്ല. ഏഴാംമാസം ഒന്നാംദിവസമാണ് നിയമപാരായണം നടക്കുന്നത്. ഇത് യഹൂദരുടെ പുതുവത്സരദിനമാണ് (ലേവ്യ 23:23–25). ഏഴാംമാസത്തിൽ തന്നെയാണ് എസ്രാ ബലിപീഠത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതും (എസ്രാ 3:3). നെഹെമിയാ നിർമ്മിച്ച നഗരമതിലിന്റെ കിഴക്കുവശത്തുള്ള ഗിഹോൺഉറവയുടെ സമീപത്തുള്ള ജലകവാടത്തിനരികിലാണ് ജനം സമ്മേളിച്ച മൈതാനം (വാ.1). ദൈവാലയത്തിനു വെളിയിലായിരുന്നതിനാൽ പുരോഹിതർക്കും സാധാരണജനങ്ങൾക്കും ഒരുപോലെ പങ്കെടുക്കാൻ കഴിഞ്ഞു. സ്ത്രീകളും പുരുഷന്മാരും (കുട്ടികളും) അടങ്ങുന്ന മുഴുവൻ സമൂഹവും നിയമപാരായണത്തിന് എത്തിച്ചേർന്നിരുന്നു (വാ. 2–3). സമൂഹമൊന്നടങ്കം നിയമം ശ്രവിക്കുന്നതിന്റെ വിവരണങ്ങൾ അന്യത്ര ദൃശ്യമാണ് (നിയ 31:10–13; നെഹെ 10:28;2 ദിന 20:13).

സോളമൻ പ്രഥമദേവാലയത്തിന്റെ സമർപ്പണനാളിൽ നിന്നുപ്രാർത്ഥി ച്ചതിന് സമാനമായ (2 ദിന 6:13) ഉയർന്ന ഒരു പീഠത്തിലാണ് എസ്രാ നിയമപാരായണത്തിനായി നിലകൊള്ളുന്നത് (വാ. 4). സിനഗോഗുകളിലെ വായനാ പീഠത്തിന്റെ ഉത്ഭവവും ഒരു പക്ഷേ ഈ സംഭവത്തിൽ നിന്നായിരിക്കാം. എസ്രായുടെ ഇടവും വലവും 14 പ്രമാണികൾ നിലയുറപ്പിക്കുന്നതും ഗ്രന്ഥം തുറക്കുമ്പോൾ ജനം എഴുന്നേറ്റുനിൽക്കുന്നതും നിയമഗ്രന്ഥത്തോടുള്ള ആദരവാണ് സൂചിപ്പിക്കുന്നത് (വാ.5). ദൈവസ്തുതിയോടെയാണ് എസ്രാ നിയമപാരായണം ആരംഭിക്കുന്നത്. (1 ദിന 6:36; 2 ദിന 6:4 കാണുക). ജനം കരങ്ങളുയർത്തുന്നത് ദൈവജനത്തിന്റെ പ്രതീക്ഷയെയും ദൈവാശ്രയബോധത്തെയുമാണ് സൂചിപ്പിക്കുന്നതെങ്കിൽ (സങ്കീ 28:2; 134:2) സാഷ്ടാംഗപ്രണാമം സമ്പൂർണ്ണമായ അനുസരണത്തെയും വിധേയത്വത്തെയുമാണ് വെളിവാക്കുന്നത്. 14. ലേവ്യർ നിയമപാരായണം നടത്തി വ്യാഖ്യാനിച്ചുവെന്നും ഇത് അതിരാവിലെ മുതൽ മധ്യാഹ്നം വരെ നീണ്ടു എന്നും (ആറുമണിക്കൂർ) വിവരണത്തിൽ നിന്നു വ്യക്തമാണ് (വാ. 3,8). ജനം ‘ആമ്മേൻ’ എന്ന് പ്രത്യുത്തരിക്കുകയും ചെയ്യുന്നു. നെഹെ 8:1-12ലെ വിവരണം സിനഗോഗിലെ ആരാധനാശുശ്രൂഷയ്ക്കുള്ള മാർഗ്ഗനിർദ്ദേശമായി കരുതാവുന്നതാണ്. സിനഗോഗിലെ നിയമപാരായണത്തിൽ പിൽക്കാലത്ത് നിലവിൽ വന്ന ആചാരങ്ങളെല്ലാം ഈ വിവരണത്തിൽ ദൃശ്യമാണ് എന്നത് ശ്രദ്ധേയമാണ്.

നിയമവായന നടന്ന പുതുവത്സരദിനത്തെ എസ്രാ വിശുദ്ധദിനമായി പ്രഖ്യാപിച്ചു. പുതുവത്സരദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പഞ്ചഗ്രന്ഥിയുടെ നിർദ്ദേശങ്ങളാണ് ഇവിടെ അനുവർത്തിക്കുന്നത് (ലേവ്യ 23:24; സംഖ്യ 29:1-6). നിയമവായനയുടെ പ്രതികരണമെന്നോണം ജനം കരയാൻ ആരംഭിച്ചപ്പോൾ എസ്രാ അവരെ വിലക്കി (വാ. 9-12). നിയമം പാലിക്കുന്നതിൽ വന്ന വീഴ്ചയോർത്തായിരുന്നു ജനം കരഞ്ഞത്. സമാനമായ പ്രതികരണം നിയമപാരായണാവസരത്തിൽ ജോസിയാ രാജാവിൽ നിന്നുമുണ്ടായി (2 രാജാ 22:11; 2 ദിന 34:10). കരയുന്നതിനുപകരം മധുരപാനീയങ്ങൾ കഴിച്ച് ആനന്ദിക്കാനാണ് (ഉത്ത 5:16) എസ്രാ ആവശ്യപ്പെടുന്നത്. ഇല്ലാത്തവരുമായി ഭക്ഷണം പങ്കുവയ്ക്കാനുള്ള ആഹ്വാനവും ശ്രദ്ധേയമാണ്. പാപങ്ങൾക്കുള്ള പരിഹാരം കരച്ചിൽ മാത്രമല്ല സഹോദരനുമായുള്ള പങ്കുവയ്പ്പും കൂടിയാണെന്ന് ഈ നിർദ്ദേശം ഓർമ്മിപ്പിക്കുന്നു.

നിയമപാരായണത്തിനുശേഷം ഒരു സംഘം ലേവായർ ജറുസലേമിൽ തങ്ങി. കൂടാരത്തിരുനാൾ ആഘോഷത്തിനു പാലിക്കേണ്ട നടപടികൾ പഠിക്കുന്നതാണ് തുടർന്നുള്ള ഭാഗം (വാ. 13-18). കൂടാരത്തിരുനാളിനെക്കുറിച്ച് പഞ്ചഗ്രന്ഥിയിലുള്ള വിവരണങ്ങൾ (പുറ 23:16; 34:22; ലേവ്യ 23:33-43; സംഖ്യ 29:12-38; നിയ 16:13-15) അവർ ശ്രദ്ധാപൂർവ്വം പഠിച്ചു.

ഏഴാം മാസത്തിന്റെ (തിഷ്റി) പതിനഞ്ചാം ദിവസമാണ് കൂടാരത്തിരുനാൾ ആചരിച്ചിരുന്നത്. പാപപ്പരിഹാരദിനാചരണം കഴിഞ്ഞ് അഞ്ചുദിവസത്തിനുശേഷം ആഘോഷിച്ചിരുന്ന ഈ ഉത്സവം ഏഴുദിവസം നീണ്ടുനിന്നിരുന്നു. (പുറ. 23:14ff; 34:22). ഒന്നാമത്തെയും എട്ടാമത്തെയും ദിനങ്ങൾ വിശ്രമദിവസങ്ങളായിരുന്നു. ഈന്തപ്പനയോലകളും അരളിമര

ത്തിന്റെയും മറ്റ് വൃക്ഷങ്ങളുടെയും ശാഖകളും കൊണ്ടു നിർമ്മിക്കുന്ന കൂടാരങ്ങളിലാണ് ഈ ഏഴുദിവസവും ഇസ്രായേൽക്കാർ വസിച്ചിരുന്നത്. ഈജിപ്തിൽ നിന്നു പുറത്തുവന്നശേഷം മരുഭൂമിയാത്രയ്ക്കിടയിൽ ഇസ്രായേൽക്കാർ കൂടാരങ്ങളിൽ താമസിച്ചിരുന്നതിനെ അനുസ്മരിക്കാനാണ് ഇപ്രകാരം ചെയ്തിരുന്നത്. (ലേവ്യ. 23:33-43). കുടുംബാംഗങ്ങളോടൊപ്പം വിദേശികളും അനാഥരും വിധവകളും ലേവായരും ഈ ആഘോഷങ്ങളിൽ പങ്കുകൊണ്ടിരുന്നു (നിയ. 16:13-15). ഈ തിരുനാളിനോടനുബന്ധിച്ച് എഴുപത് കാളകളെ ബലിയർപ്പിച്ചിരുന്നു. ഏഴുവർഷം കൂടുമ്പോൾ ഈ തിരുനാളിൽ നിയമഗ്രന്ഥം മുഴുവൻ പരസ്യമായി വായിച്ചിരുന്നു (നിയ. 31:9-13).

ജോഷ്വയുടെ കാലം മുതൽ എസ്രായുടെ കാലംവരെ ഈ തിരുനാളാഘോഷം മുടങ്ങിക്കിടക്കുകയായിരുന്നു. നിയമഗ്രന്ഥങ്ങളിൽ അനുശാസിച്ചിരുന്ന അതേ രീതിയിൽതന്നെയാണ് എസ്രായുടെ കാലത്ത് ഈ തിരുനാൾ ആചരിച്ചിരുന്നത് (നെഹെ. 8:13-18). കൂടാരത്തിരുനാളാഘോഷിക്കുവാനായി സകല ജനപദങ്ങളും ജറുസലേമിൽ വന്നെത്തുന്ന ദിനങ്ങളെക്കുറിച്ച് സഖറിയാ പ്രവചിക്കുന്നുണ്ട് (സഖ. 14:16-19).

കൂടാരത്തിരുനാളിൽ പങ്കെടുക്കുവാനായി യേശു ജറുസലേമിൽ പോയിരുന്നു (യോഹ. 7:2,8). ജോസേഫൂസിന്റെ അഭിപ്രായത്തിൽ, യഹൂദരുടെ ഏറ്റവും പ്രധാനപ്പെട്ടതും പരിശുദ്ധവുമായ തിരുനാളാണിത് (Anti. VIII iv.1). മിഷ്നായിലെയും ജോസേഫൂസിന്റെയും (Anti. III x. 4) വിവരണമനുസരിച്ച് കൂടാരത്തിരുനാളിൽ സീലോഹായിലെ നീരുറവയിൽ നിന്നുള്ള ജലം തർപ്പണകർമ്മത്തിനായി ദേവാലയത്തിൽ കൊണ്ടു വന്നിരുന്നു. കൂടാരത്തിരുനാളിൽ ജീവജലത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തിന്റെ (യോഹ. 7:37-39) പശ്ചാത്തലം ഇതാണെന്ന് കരുതപ്പെടുന്നു.

ജോഷ്വായെയും എസ്രായെയും തമ്മിൽ ബന്ധിപ്പിക്കുന്ന പരാമർശം (വാ.17) ശ്രദ്ധേയമാണ്. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് തിരികെയെത്തിയവർക്ക് കാനാൻ ദേശം നേടിക്കൊടുത്തത് ജോഷ്വായാണ്. സമാനമായ ഒരു നേതൃത്വത്തിലൂടെ ബാബിലോൺപ്രവാസം കഴിഞ്ഞു തിരിച്ചെത്തിയ യഹൂദർക്ക് യൂദയായിൽ അവകാശം നേടിക്കൊടുത്തത് എസ്രായാണ് എന്നതാകാം ഈ താരതമ്യത്തിന്റെ പൊരുൾ. ദേശം കൈവശമാക്കിയ ഉടൻ ജോഷ്വായും നിയമപാരായണം നടത്തിയിരുന്നു (ജോഷ്വ 24 കാണുക). കൂടാരത്തിരുനാൾ ആചരിക്കുന്നതിൽ വന്ന വീഴ്ച ഇസ്രായേലിന്റെ പാപങ്ങളിൽ ഒന്നായാണ് പരിഗണിക്കപ്പെടുന്നത് (വാ. 17). സോളമന്റെ കാലം മുതൽ ഹെസെക്കിയായുടെ കാലം വരെയും പെസഹാത്തിരുനാളിന്റെ ആചരണത്തിലും വീഴ്ചവന്നിരുന്നു (2 ദിന 30:26). ജോസിയായുടെ കാലത്ത് സാഘോഷം ആചരിച്ച പെസഹാത്തിരുനാളിനു സമാനമായത് സാമുവേലിന്റെ കാലത്തിനു ശേഷം ഉണ്ടായിട്ടില്ലെന്ന് 2 ദിന 35:18ൽ പരാമർശമുണ്ട്. തിരുനാളാഘോഷങ്ങളിലെ വീഴ്ച ദൈവവിശ്വാസത്തിലുള്ള അപചയത്തിന്റെ ലക്ഷണമായിട്ടാണ് വി. ഗ്രന്ഥം വിലയിരുത്തുന്നത്.

കൂടാരത്തിരുനാൾ ആഘോഷത്തെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ടെങ്കിലും ഏഴാംമാസം പത്താംദിവസം ആചരിക്കേണ്ട പാപപ്പരിഹാരദിനത്തെക്കുറിച്ച് (യോം കിപ്പൂർ) നിയമഗ്രന്ഥം നൽകുന്ന നിർദ്ദേശങ്ങൾ (ലേവ്യ 16:29-34;23:26-32;സംഖ്യ 29:7-11) നെഹെമിയായുടെ ഗ്രന്ഥം പരാമർശിക്കുന്നില്ല. മൂന്നു വസ്തുതകളാണ് ഇതിനു കാരണങ്ങളായി നിർദ്ദേശിക്കപ്പെടുന്നത്.

1. നെഹെമിയായുടെ കാലത്തിനുശേഷമായിരിക്കാം പാപപ്പരിഹാരദിനം ആരാധനക്രമവത്സരത്തിൽ നിശ്ചിതദിവസമായി നിജപ്പെടുത്തിയത്. ഈ നിഗമനം ശരിയാണെങ്കിൽ നെഹെമിയായുടെ കാലശേഷമാണ് പഞ്ചഗ്രന്ഥിയുടെ അന്തിമരൂപം നിലവിൽ വന്നത് എന്ന് അനുമാനിക്കേണ്ടിവരും.

2. യോംകിപ്പൂർ പ്രധാനപുരോഹിതന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തിരുനാൾ ആയതിനാൽ അൽമായരായിരുന്ന എസ്രായും നെഹെമിയായും പ്രസ്തുത തിരുനാളിന് പ്രാധാന്യം നൽകിയിരുന്നില്ല.

3. എസ്രാ-നെഹെമിയായുടെ കാലത്ത് പാപപ്പരിഹാരദിനം പരമ്പരാഗതരീതിയിൽ കുറ്റമറ്റവിധം ആചരിച്ചിരുന്നതിനാൽ അതിനെക്കുറിച്ച് പ്രത്യേകം പരാമർശിക്കേണ്ട ആവശ്യമില്ലായിരുന്നു. ഇവയിൽ ഏതാണ് ചരിത്രപരമായി കൂടുതൽ ശരി എന്ന നിഗമനത്തിൽ എത്തിച്ചേരുക ശ്രമകരമാണ്.

**വിചിന്തനങ്ങൾ**

1. ദൈവവചനവും ദൈനംദിനജീവിതവും തമ്മിലുള്ള അന്തരം ആധ്യാത്മികതയിലെ എക്കാലത്തെയും അപകടമാണ്. ഈ അന്തരം കുറയ്ക്കാനുള്ള വഴി വചനത്തിലേക്കുള്ള മടക്കയാത്രയാണ്. അല്ലാതെ ജീവിതശൈലിക്ക് അനുസൃതമായി വചനത്തെ മാറ്റിയെഴുതുകയോ വ്യാഖ്യാനിക്കുകയോ അല്ല. നെഹെമിയാ 8-ാം അധ്യായത്തിലെ നിയമപാരായണം ദൈവപ്രമാണങ്ങളിലേക്കുള്ള മടക്കയാത്രയാണ്. തെറ്റുപറ്റിയത് ഏതൊക്കെ മേഖലകളിലാണെന്ന് തിരിച്ചറിഞ്ഞ് തിരുത്താൻ ഇത്തരം മടക്കയാത്രകൾ സഹായിക്കും. വിവാഹമോചനം, ലൈംഗിക അരാജകത്വം, സ്വവർഗ്ഗഭോഗം തുടങ്ങിയ നവീനപ്രവണതകൾക്കനുസൃതമായി വചനവ്യാഖ്യാനത്തിനു മുതിരുന്ന ആധുനിക ചിന്തകൾക്കുള്ള മാർഗ്ഗനിർദ്ദേശമായി ഈ വചനഭാഗത്തെ മനസ്സിലാക്കാം.

2. പുരോഹിതരും അത്മായരും ചേർന്നതാണ് സഭ. ഇവർ തമ്മിലുള്ള അനാരോഗ്യകരമായ സംഘർഷങ്ങൾ സഭാഗാത്രത്തിനുദോഷം ചെയ്യും. പലപ്പോഴും പൗരോഹിത്യ മേധാവിത്വം (clericalism) മൂലം അത്മായരുടെ ന്യായമായ അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യം സംജാതമാകാറുണ്ട്. നെഹെമിയാ 8-ാം അധ്യായം പൗരോഹിത്യാധീശത്വത്തോടുള്ള പ്രതിഷേധമായി വ്യാഖ്യാനിക്കുന്നവരുണ്ട്. അൽമായരായ എസ്രായും നെഹെമിയായും നിയമപാരായണം നടത്തുകയും തിരുനാളാഘോഷങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നത് വി. ഗ്രന്ഥത്തിന്റെ ഭാഗമാണ് എന്നത് ആരും വിസ്മരിക്കരുത്. പുരോഹിതഅത്മായസഹകരണത്തിലേ സഭ വളരുക

യുള്ളൂ. പരസ്പരബഹുമാനത്തിലധിഷ്ഠിതമായ ഈ ബന്ധം തകരുന്നിടത്ത് സഭയുടെ ഭാവി അപകടത്തിലാകുന്നു.

3. വചനപാരായണത്തിന്റെ മൂന്നുഫലങ്ങൾ ഈ വിവരണം നൽകുന്നുണ്ട്. (വാ. 9–12) (i) വചനം നമ്മുടെ പാപങ്ങൾ വെളിപ്പെടുത്തുന്നു. (ii) വചനത്തിലൂടെ നമ്മുടെ പൊതു പൈതൃകം വെളിപ്പെടുന്നതിനാൽ വചനം വിശ്വാസികളുടെ കൂട്ടായ്മ വർദ്ധിപ്പിക്കുന്നു. (iii) വചനം ദൈവത്തിന്റെ വാഗ്ദാനവും ഉടമ്പടിയും വഴി നമ്മെ ശക്തരും പ്രത്യാശാഭരിതരുമാക്കുന്നു.

4. തിരുനാളാഘോഷങ്ങളുടെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് 8:13–18 വിശദീകരിക്കുന്നുണ്ട്. കഴിഞ്ഞ കാലത്ത് ദൈവം തന്ന നന്മകളോട് കൃതജ്ഞത പ്രകാശിപ്പിക്കാനുള്ള അവസരവും ഈ കാലഘട്ടത്തിൽ ദൈവമഹത്വത്തിനു സാക്ഷ്യം വഹിക്കാനുള്ള സന്ദർഭവും ഭാവിയിലേക്കുള്ള പ്രത്യാശയുടെ കവാടവുമായി തിരുനാളുകളെ മനസ്സിലാക്കാനണ് നെഹെമിയായുടെ ഗ്രന്ഥം ആവശ്യപ്പെടുന്നത്.

## പശ്ചാത്താപത്തിന്റെ ദിനത്തിന് ഒരുക്കം (9:1–5)

നിയമപാരായണത്തിനായുള്ള മഹാസമ്മേളനം നടന്ന ഏഴാംമാസത്തിന്റെ 24–ാം ദിവസം തന്നെ ജനം പാപപരിഹാരാർത്ഥം പശ്ചാത്തപിക്കാനായി ഒരുമിച്ചുകൂടി (വാ.1–5). എന്നാൽ ഏഴാംമാസം 24–ാം ദിവസം ഇപ്രകാരമൊരു പാപപ്പരിഹാരദിനം ഇസ്രായേലിന്റെ ആരാധനാക്രമപഞ്ചാംഗത്തിൽ ഉണ്ടായിരുന്നില്ല. ഏഴാംമാസം പത്താംദിവസമാണ് പാപപ്പരിഹാരദിനം ആചരിച്ചിരുന്നത്. എന്നാൽ അനുതാപത്തിനും പശ്ചാത്താപത്തിനുമായി ആരാധനാക്രമപഞ്ചാംഗത്തിലെ നിർദ്ദിഷ്ട തീയതികളിലല്ലാതെയും യഹൂദർ സമ്മേളിച്ചിരുന്നതായി ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് (സഖ 7:5;8:19). പാപപ്പരിഹാരദിനത്തിൽ പ്രധാനപുരോഹിതൻ അനുഷ്ഠിക്കേണ്ട കർമ്മവിധികളെക്കുറിച്ച് ഈ വിവരണത്തിൽ സൂചനകളില്ലാത്തതിനാൽ ഇതിനെ പാപപ്പരിഹാരദിനാചരണമായി വ്യാഖ്യാനിക്കുന്നവരുടെ നിലപാട് ശരിയായിരിക്കാനിടയില്ല. ഉപവാസവും ചാക്കുവസ്ത്രവും(1 ദിന 21:16; ദാനി 9:3; യോനാ 3:5) നെറ്റിയിലെ ചാരം പൂശലും (ജോഷ്വാ 7:6; 1 സാമു 1:2; ജോബ് 2:12) (പി.ഓ.സി. ബൈബിൾ തലയിൽ പൂഴിവിതറി എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്) പശ്ചാത്താപത്തിന്റെയും വിലാപത്തിന്റെയും ലക്ഷണമാണ്.

പശ്ചാത്താപത്തിന്റെ അനുഷ്ഠാനങ്ങൾ മാത്രമല്ല, ക്രിയാത്മകമായ ജീവിതനവീകരണ നടപടികളും യഹൂദരുടെ ഭാഗത്തുനിന്നുണ്ടായിരുന്നു. അവർ വിജാതിയരുമായുള്ള സകല സമ്പർക്കങ്ങളുമുപേക്ഷിച്ചിട്ടാണ് പാപങ്ങൾ ഏറ്റുപറയുന്നത്. നിയമപാരായണത്തിലെന്നതുപോലെ (8:1–8) അർദ്ധ ദിനം (ആറു മണിക്കൂർ) നീണ്ട ചടങ്ങാണ് പശ്ചത്താപദിനത്തിലും നടക്കുന്നത്. ഇതിൽ മൂന്നു മണിക്കൂർ പാപങ്ങൾ ഏറ്റു പറയുന്നതിനു ചെലവഴിച്ചു (വാ. 3). ലേവ്യരുടെ രണ്ടു പട്ടികകൾ (വാ.4–5) വ്യാഖ്യാനത്തിന് ബുദ്ധിമുട്ട് ഉളവാക്കുന്നതാണ്. ആദ്യപട്ടികയിലുള്ള അഞ്ചുപേരുകൾ രണ്ടാമത്തെ പട്ടികയിലും ആവർത്തിക്കപ്പെടുന്നു എന്നതാണ് ഇതി

നുള്ള കാരണം. ഒരേ ആളുകൾ തന്നെ രണ്ടുധർമ്മങ്ങളും നിർവ്വഹിച്ചു എന്നോ, യഥാർത്ഥത്തിൽ ലേവ്യരുടെ ഒരു പട്ടിക മാത്രമേ ഉണ്ടായിരുന്നുള്ളൂ; പിൽക്കാല സംശോധനയിൽ അത് അശ്രദ്ധമായി ആവർത്തിക്കപ്പെട്ടതാണ് എന്നോ അനുമാനിക്കാം. ആദ്യവിഭാഗം ലേവ്യർ ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ രണ്ടാമത്തെ വിഭാഗം വിളിച്ചപേക്ഷിക്കാനുള്ള ആഹ്വാനം ജനത്തിന് നൽകുകയാണ് ചെയ്യുന്നത്. വിളിച്ചപേക്ഷിക്കുന്നവർതന്നെ തങ്ങളെ അനുകരിച്ച് വിളിച്ചപേക്ഷിക്കാൻ ജനത്തോട് ആഹ്വാനം ചെയ്യുന്നതായിരിക്കാം വിവരണത്തിന്റെ വിവക്ഷ.

## പശ്ചാത്താപത്തിന്റെ പ്രാർത്ഥന (9:6-37)

ഹീബ്രുബൈബിളിൽ കാവ്യരൂപത്തിലാണ് ഈ പ്രാർത്ഥന നൽകിയിരിക്കുന്നത്. ഇതിന്റെ ഘടന ചുവടെ ചേർക്കുന്നു.

9:5b - ദൈവത്തെ സ്തുതിക്കാനുള്ള ആഹ്വാനം.
9:6-31 - ഇസ്രായേലിന്റെ ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലുകളെ അനുസ്മരിക്കുന്നു.
9:32 - പ്രാർത്ഥനയുടെ സമാപന അർത്ഥന.
9:33-35 - പാപങ്ങൾ ഏറ്റുപറയുന്നു.
9:36-37 - ജനങ്ങളുടെ സങ്കടങ്ങൾ ഉണർത്തിക്കുന്നു.

ഈ കീർത്തനവുമായി ഏറ്റവും അടുത്ത് സാമ്യമുള്ളതായി കരുതാവുന്നത് 106-ാം സങ്കീർത്തനമാണ്. നെഹെ 9:36-37ലെ പ്രാർത്ഥനകൾ ആമോസിന്റെ പുസ്തകത്തിലും (ആമോ 4:13; 5:8-9;9:5-6) ചരിത്ര സങ്കീർത്തനങ്ങളിലും (സങ്കീ 78;105;135;136) ആവർത്തിക്കപ്പെടുന്നുണ്ട്. ബാറൂക്ക് 1:15-3:8 മായുള്ള സാമ്യവും പ്രത്യേകം ശ്രദ്ധേയമാണ്. ഈ കീർത്തനം രചിച്ചയാൾക്ക് പഞ്ചഗ്രന്ഥിയിൽ അവഗാഹമുണ്ടെന്ന് അനുമാനിക്കാം.

## ചരിത്രത്തിന്റെ അനുസ്മരണം (9:6-31)

ഇസ്രായേലിന്റെ ചരിത്രത്തിൽ ദൈവം നടത്തിയ അത്ഭുതകരമായ ഇടപെടലുകളെ അനുസ്മരിക്കുന്നതിലൂടെ യാഹ്‌വെയെ തങ്ങളുടെ ചരിത്രത്തിന്റെ നിയന്താവായി ജനം അംഗീകരിച്ച് ഏറ്റുപറയുകയാണിവിടെ. ഇതിൽപ്രധാനമായും അഞ്ച് സംഭവങ്ങൾ വിവരിക്കുന്നുണ്ട്.

1. സൃഷ്ടികർമ്മവും അബ്രാഹത്തിന്റെ വിളിയും (വാ. 6-8): സർവ്വതും സൃഷ്ടിക്കുകയും അബ്രാഹത്തിനു വാഗ്ദാനങ്ങൾ നൽകുകയും അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തതുകൊണ്ട് ഇസ്രായേലിന്റെ പൂർവ്വചരിത്രത്തെ നയിച്ചത് യാഹ്‌വെയായ ദൈവമാണ്. ആകാശവും സ്വർഗാധിസ്വർഗവുമെല്ലാം ഈ പ്രപഞ്ചത്തിന്റെ വലിപ്പം സൂചിപ്പിക്കുന്നു.

2. സീനായിൽനിന്നുള്ള പുറപ്പാട് (വാ.9-15): ഇസ്രായേൽക്കാരെ ഈജിപ്തിൽനിന്നു മോചിപ്പിച്ചുകൊണ്ട് ദൈവം അവരെ സ്വന്തജനമായ തിരഞ്ഞെടുത്തു. അവർക്കനുഭവപ്പെട്ട തടസ്സങ്ങളെല്ലാം നീക്കി അവിടുന്ന് അവരെ മരുഭൂമിയിലൂടെ ആനയിച്ചു. എവിടെയും ശിക്ഷയുടെ അടയാളങ്ങൾ പ്രവർത്തിച്ചു. തന്റെ നാമം വിശ്രുതമാക്കിയ ദൈവത്തെ പാപികൾ ഭയപ്പെടുക ആവശ്യമാണ്.

3. മനുഷ്യരുടെ കൃതഘ്നതയും ദൈവത്തിന്റെ ദീർഘശാന്തതയും (വാ. 16–21): മരുഭൂമിയിൽവെച്ച് ദൈവനിഷേധവും വിഗ്രഹാരാധനയിലേക്കുള്ള പതനവും സംഭവിച്ചു.

4. ദേശം കൈവശമാക്കുന്നു (വാ. 22–26): ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേറ്റി. ദൈവജനം പൂർവജോർദാൻ പ്രദേശം കടന്നു കാനാൻദേശം കരസ്ഥമാക്കി.

5. ന്യായാധിപകാലം മുതൽ പ്രവാസം വരെ (26:31): ഈകാലഘട്ടത്തെ പാപത്തിന്റെയും പശ്ചാത്താപത്തിന്റെയും കാലഘട്ടമെന്ന് വിശേഷിപ്പിക്കാം. ന്യായാധിപൻമാരുടെയും രാജാക്കൻമാരുടെയും കാലത്തു നടന്ന സംഭവങ്ങളെ പരാമർശിക്കാതെ, ആ കാലത്തിന്റെ പ്രത്യേകത എന്താണെന്ന് മാത്രം പറഞ്ഞിരിക്കുന്നു. ദൈവാത്മാവു നിറഞ്ഞുസംസാരിച്ച പ്രവാചകൻമാരുടെ താക്കീതുകൾ ശ്രവിക്കാതെ ജനങ്ങൾ അവരെ വധിച്ചുകളഞ്ഞു (1 രാജാ. 19:10; 2 ദിന. 24:21; ജറെ. 26;2023).

## പാപങ്ങൾ ഏറ്റുപറയുന്നു(9:32–37)

തങ്ങളും തങ്ങളുടെ പൂർവ്വികരുംവഴി ദൈവതിരുമുമ്പിൽ ചെയ്തുപോയ തെറ്റുകൾ ഏറ്റുപറയുന്നതാണ് തുടർന്നുള്ള ഭാഗം (വാ. 33–37). 'ഞങ്ങൾ' എന്ന സർവ്വനാമത്തിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാവിഭാഗം ജനങ്ങളും എന്നതാണ് പ്രഥമ അർത്ഥതലമെങ്കിലും 9:6–31 ലെ ചരിത്രാപഗ്രഥനത്തിന്റെ പശ്ചാത്തലത്തിൽ പൂർവ്വികരുടെ പാപങ്ങളും ഇവിടെ പരാമർശവിഷയമാണെന്ന വാദം പ്രസക്തമാണ്. ദൈവത്തിന്റെ നിരവധിയായ നന്മകളെ അവഗണിച്ചതിന്റെ അനന്തരഫലമായി ഇസ്രായേൽ അടിമത്തം അനുഭവിക്കേണ്ടിവന്നു (വ. 35). "ഇന്നേദിവസം വരെ ഞങ്ങൾ അടിമത്തം അനുഭവിക്കുന്നു" എന്ന വാക്യം ശ്രദ്ധാർഹമാണ്. പ്രവാസം കഴിഞ്ഞ് സ്വദേശത്തേക്ക് തിരിച്ചുവന്നവർ ഇപ്പോഴത്തെ അടിമത്തത്തെക്കുറിച്ച് പരാതിപ്പെടുന്നതിൽ വൈരുധ്യം തോന്നാം. എന്നാൽ പ്രവാസം അവസാനിച്ചെങ്കിലും യഹൂദർ ഇപ്പോഴും പൂർണ്ണസ്വതന്ത്രരായിട്ടില്ല എന്ന സത്യം അവശേഷിക്കുന്നുണ്ട്. തങ്ങൾ അധ്വാനിച്ചുണ്ടാക്കുന്നതെല്ലാം പേർഷ്യൻ അധികാരികൾ നികുതിയായി എടുത്തുകൊണ്ടുപോകുന്ന ദുരവസ്ഥയെക്കുറിച്ചാകാം അടിമത്തം എന്ന് വിവക്ഷിക്കുന്നത്. ഭൂമിയുടെയും കന്നുകാലികളുടെയും വിളകളുടെയുംമേൽ പേർഷ്യക്കാർ പുലർത്തിയിരുന്ന അധികാര മനോഭാവത്തെയാണ് (വാ.37) ഇവിടെ സൂചിപ്പിക്കുന്നത്. 3-4a വാക്യങ്ങൾ പിൽക്കാലരചനയാകാനാണ് കൂടുതൽ സാധ്യത (ദേവാലയ ശുശ്രൂഷകരും സോളമന്റെ ദാസരും എന്ന പദപ്രയോഗം പിൽക്കാലശൈലിയാണ്). 21–24 വാക്യങ്ങളും പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണ് (21–ാം വാക്യം, 3–ാം വാക്യത്തെ അനുസ്മരിപ്പിക്കുമ്പോൾ 23–ാം വാക്യം, 22–ാം വാക്യത്തെ വിശദീകരിക്കുന്നതാണ്).

ജറുസലേമിൽ വസിക്കാനുള്ളവരെ നറുക്കിട്ടു തീരുമാനിക്കുന്നത് ജറുസലേമിൽ വസിക്കാൻ ഒരുപാടുപേർ ആഗ്രഹിച്ചിരുന്നതിനാലാകാം. നഗരത്തിനുവെളിയിൽ അരക്ഷിതാവസ്ഥയും ദാരിദ്ര്യവും ഉണ്ടാകാനിടയുള്ളതാകാം ഇതിനു കാരണം. ദേവാലയവും മതിലും പണിതതോടെ ജറു

സലേം "വിശുദ്ധനഗരം" എന്നാണ് അറിയപ്പെടുന്നത്(വാ.1-3). വിശുദ്ധ നഗരമായതിനാൽ ജനത്തിന്റെ ദശാംശം (പത്തിൽ ഒരാൾവീതം) ജറുസലേമിൽ വസിക്കാനുള്ള തീരുമാനം പ്രതീകാത്മകമാണ്. നഗരവാസികളുടെ പട്ടിക താഴെ പറയും വിധമാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

യൂദാ ഗോത്രജർ (വാ.4-6)
ബഞ്ചമിൻ ഗോത്രജർ (വാ.7-8)
ബഞ്ചമിൻ ഗോത്രനേതാക്കൾ (വാ.9)
പുരോഹിതർ (വാ.10-14)
ലേവ്യർ (വാ.15-18)
വാതിൽകാവൽക്കാർ (വാ.19)
പട്ടികയുടെ ഉപസംഹാരം (വാ.20-24)
യൂദായിലെ നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും പട്ടിക (വാ.25-35)

യൂദാ, ബഞ്ചമിൻ ഗോത്രങ്ങളിലെ അൽമായരുടെ പട്ടികയാണ് 11:4-9ൽ നൽകിയിരിക്കുന്നത്. പൂർവ്വപിതാവായ യൂദായ്ക്ക് 3 മക്കളാണ് ഉണ്ടായിരുന്നത്; ഷേലാ, പെരസ്, സേറ (ഉൽപ 38:11,29-30; 46:12). നെഹെ 11:4ൽ പരാമർശിക്കുന്ന അത്തായിയാ പെരസിന്റെ ആറുതലമുറകൾക്കു ശേഷമുള്ള പുത്രനാണ്. ഷെലായുടെ ഏഴുതലമുറകൾക്കു ശേഷമുണ്ടായ മാസേയിയായെ 5-ാം വാക്യം പരാമർശിക്കുന്നുണ്ട്. സേറായുടെ പേര് 11:5 ൽ കാണുന്നില്ലെങ്കിലും 11:24 ൽ പരാമർശിക്കുന്നുണ്ട്. ജറുസലേംനിവാസികളുടെ പൂർവ്വപിതാക്കളെ വെളിപ്പെടുത്തുന്നതിലൂടെ വിശുദ്ധനഗരത്തിൽ വസിക്കുന്നവർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട വംശശുദ്ധിയെയാണ് ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത്.

ബഞ്ചമിൻഗോത്രത്തിൽനിന്ന് സല്ലുവിന്റെയും സഹോദരൻമാരുടെയും പേരുവിവരങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. പുരോഹിതൻമാരുടെ പട്ടികയാണ് 10-14 വാക്യങ്ങളിലുള്ളത്. ഇവരുടെ പേരുവിവരങ്ങൾ തമ്മിൽ വിവിധ കയ്യെഴുത്തുപ്രതികളിൽ സാരമായ വ്യത്യാസം കാണുന്നുണ്ട്. 1 ദിന 6:13-14 ലെ വിവരണമനുസരിച്ച് സെറായിയാ ഹിൽക്കിയുടെ പൗത്രനാണ്. 'ദേവാലയഭരണാധികാരി' (വാ.11) എന്ന സ്ഥാനപ്പേര് (ഹീബ്രുവിൽ നാഗിദ്) പ്രധാനപുരോഹിതനെ സൂചിപ്പിക്കുന്നു. അദായിയായുടെ വംശാവലിയിൽ പറയുന്ന ഏഴുപേരുകളിൽ ആദ്യത്തെ രണ്ടുപേരുകളും അവസാനത്തെ രണ്ടുപേരുകളും (വാ.12) 1ദിന 9:12ൽ കാണാം. എസ്രാ 2:36-39 ലെ നാലുപുരോഹിതകുടുംബങ്ങളിൽ മൂന്നെണ്ണങ്ങളെക്കുറിച്ച് 10-13 വാക്യങ്ങളിൽ പരാമർശിക്കുന്നുണ്ട്, പുരോഹിതരുടെ എണ്ണമായി നൽകിയിരിക്കുന്ന 1193 പേർ എന്നത് കൃത്യമായ സംഖ്യയാണോ പ്രതീകാത്മകമാണോ എന്നതിനെക്കുറിച്ച് അഭിപ്രായാന്തരങ്ങളുണ്ട്. എസ്രാ 2:36ലെ പുരോഹിതരുടെ എണ്ണം 973 മാത്രമാണ്. 14-ാം വാക്യത്തിലെ "ശൂരപരാക്രമികൾ" എന്ന വിശേഷണത്തിലൂടെ 1192 പേർ പുരോഹിതരാണോ യോദ്ധാക്കളാണോ എന്ന സംശയവും അവശേഷിക്കുന്നുണ്ട്.

ലേവ്യരുടെ വംശാവലിയിൽ (വാ.15-18) ആദ്യത്തെ നാലുതലമുറകൾക്ക് നെഹെമിയായുടെയും 1ദിനവൃത്താന്തകാരന്റെയും വിവരണങ്ങൾ തമ്മിൽ മാറ്റമില്ല. എന്നാൽ അഞ്ചാം തലമുറയിൽ "ബുന്നിയുടെ

പുത്രൻ'' എന്നതിനുപകരം (വാ.16) 1ദിന 9:14ൽ ''മെറാറിയുടെ പുത്രൻമാർ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദാവീദിന്റെ കൊട്ടാരത്തിലെ ഗായകസംഘനേതാവായിരുന്ന ആസാഫിന്റെ വംശാവലിയിൽപെട്ട മത്താനിയാ (വാ.17) ആണ് നെഹെമിയായുടെ കാലത്തും ഗായകസംഘത്തിന് നേതൃത്വം നൽകിയത് (ദിന 25:1-6). പുരോഹിതരുടെ എണ്ണത്തിന്റെ നാലിലൊരു ഭാഗം മാത്രമേ ലേവ്യർ ഉണ്ടായിരുന്നുള്ളൂ (284 പേർ). എന്നാൽ 1ദിന 9:10-13ലെ പുരോഹിത-ലേവ്യ അനുപാതം ഇതിലും കുറവായിരുന്നു (ആറിലൊന്ന് മാത്രം).

11:19-24ലെ വാതിൽ കാവൽക്കാരുടെ പട്ടിക 1ദിന 9:17-22നു സമാന്തരമാണ്. 1ദിന 9:18-32ൽ ദ്വാരപാലകരുടെ മറ്റുകടമകളും വിശദീകരിക്കുന്നുണ്ട്. ദിനവൃത്താന്തകാരൻ വാതിൽ കാവൽക്കാരെ ലേവായരുടെ ഗണമായി എണ്ണുന്ന സാമൂഹികവ്യവസ്ഥിതി നെഹെമിയായുടെ കാലത്തിനുശേഷമുള്ള സ്ഥിതിവിശേഷമാണ്. എസ്രാ 2:42ലെ വാതിൽകാവൽക്കാരുടെ പട്ടികയിലും ഈ പേരുകൾ ആവർത്തിക്കപ്പെടുന്നതിനാൽ ഇവ വ്യക്തിനാമങ്ങളല്ല, കുടുംബനാമങ്ങളാണെന്ന് അനുമാനിക്കാം. നെഹെമിയാ 11:20 ജറുസലേം നിവാസികളുടെ പട്ടികയ്ക്കുള്ള ഉപസംഹാരവാചകമാണ്. ഈ അധ്യായത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ വാ. 21-24 പിൽക്കാലസംശോധനയിൽ ഉരുത്തിരിഞ്ഞതാണ് എന്ന് അനുമാനിക്കാം.

## നിയമപാലനത്തിനുള്ള ഉറച്ച ഉടമ്പടി (9:38-10,30)

ചരിത്രം നൽകിയ പൊള്ളുന്ന പാഠങ്ങളെ അവലംബമാക്കി നിയമപാലനത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുസ്വീകരിക്കാൻ ജനം ദൈവവുമായി ഒരു കരാറിൽ (ഹീബ്രുവിൽ 'അമാന') ഏർപ്പെടുകയാണ്. ഈ 'കരാർ' ഉടമ്പടിയിൽനിന്ന് (ഹീബ്രുവിൽ 'ബെറിത്') വ്യത്യസ്തമാണ്. ദൈവം മുൻകൈ എടുത്ത് നടത്തുന്ന ഉടമ്പടിയിൽ നിന്ന് വ്യത്യസ്തമായി കരാർ എന്നത് മനുഷ്യന്റെ പ്രതിജ്ഞയാണ്. "ഉടമ്പടിയിൽ ഒപ്പുവെച്ചവർ'' എന്ന പദത്തിന് പാഠഭേദമുണ്ട്. മൂലഭാഷയിൽ ''ഹാഹത്തേമിം" (ഒപ്പുവെച്ചവർ) എന്നും "അൽ ഹാഹത്തുമിം"(ഒപ്പുവെച്ച രേഖകൾ) എന്നുമുള്ള രണ്ട് വ്യത്യസ്തപാഠങ്ങൾ കയ്യെഴുത്തു പ്രതികളിലുണ്ട്. പി.ഓ.സി.ബൈബിൾ "ഒപ്പുവെച്ചവർ" (ഹാ ഹത്തേമിം) എന്ന അർത്ഥമാണ് സ്വീകരിച്ചിരിക്കുന്നത്. പി.ഓ.സി വിവർത്തനത്തിന്റെ സാധുതയാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. കാരണം, തുടർന്നുവരുന്നത് ഒപ്പുവെച്ച വ്യക്തികളുടെ പേരുകളാണ്. നെഹെമിയായ്ക്കൊപ്പം ഒപ്പുവെച്ച സദെക്കിയാ നെഹെമിയായുടെ സഹായിയായിരുന്നു(നെഹെ. 13:13). ഒപ്പുവെച്ചവരുടെ പട്ടിക നാലുഗണങ്ങളായി തിരിച്ചാണ് നൽകിയിരിക്കുന്നത്.

1. ഒപ്പുവെച്ച പുരോഹിതൻമാർ (വാ. 2-8)
2. ഒപ്പുവെച്ച ലേവായർ (വാ.9-13)
3. ഒപ്പുവെച്ച അത്മായ നേതാക്കൾ (വാ.14-27)
4. ഒപ്പുവെച്ച മറ്റുള്ളവർ (വാ.28-29)

നെഹെമിയാ 10:1-29ൽ നൽകിയിരിക്കുന്ന പേരുകളിൽ പലതും നെഹെമിയാ 12:1-7ലും 12:12-21ലും ആവർത്തിക്കുന്നവയാണ്. ചുവടെ കൊടുത്തിരിക്കുന്ന പട്ടിക ഇതിന് സാക്ഷ്യം വഹിക്കുന്നുണ്ട്. 10:2-8ൽ പരാമർശിക്കുന്ന 21 പുരോഹിതരിൽ 5പേരുകൾമാത്രമേ 12-ാം അധ്യായത്തിലെ പട്ടികയിൽ ഇല്ലാത്തതായുള്ളൂ. പുരോഹിതരുടെ കുടുംബനാമങ്ങളെ വ്യക്തിനാമങ്ങളായി കരുതുന്ന ശൈലിയും ഈ പട്ടികയിൽ ദൃശ്യമാണ്.

**ഉടമ്പടിയിൽ ഒപ്പുവെച്ച ഗായകരുടെ പട്ടിക**

| **നെഹെ. 10** | **നെഹെ. 12:1-7** | **നെഹെ.12:12-21** |
|---|---|---|
| സെറായ | സെറായ | സെറായ |
| അസറിയാ | ജറെമിയാ | ജറെമിയാ |
| ജറെമിയാ | എസ്രാ | എസ്രാ |
| പാഷൂർ | അമരിയാ | അമരിയാ |
| അമരിയാ | മല്ലൂക് | മല്ലുക്കി |
| മൽകിയാ | ഹത്തൂഷ് | ഷെബാനിയാ |
| ഹത്തൂഷ് | ഷെക്കാനിയാ | ഹാറിം |
| ഷബാനിയാ | റഹൂം | മെറായോത് |
| മല്ലൂക് | മെറെമോത്ത് | ഇദ്ദോ |
| ഹാരിം | ഗിന്നത്തോയ് | ഗിന്നഥോൻ |
| മെറെമോത്ത് | അബിയാ | അബിയാ |
| ഒബാദിയാ | മിയാമിൻ | മിനിയാമിൻ |
| ദാനിയേൽ | മാദിയാ | മൊവാദിയാ |
| ഗിന്നഥോൻ | ബിൽഗാ | ബിൽഗാ |
| ബാറൂക് | ഷമായാ | ഷമായാ |
| മെഷുല്ലാം | യോയാറിബ് | യൊയാബി |
| അബിയാ | യദായാ | യദായാ |
| മിയാമിൻ | സല്ലു | സല്ലായ് |
| മാസിയാ | ആമോക് | അമോക് |
| ബിൽഗായ് | ഹിൽക്കിയാ | ഹിൽക്കിയാ |
| ഷെമായാ | യദായാ | യദായാ |

ലേവ്യരുടെ പട്ടികയിൽ പരാമർശിക്കുന്ന നാമങ്ങളും (വാ. 9-13) നെഹെമിയായുടെ ഗ്രന്ഥത്തിൽ അന്യത്ര ദൃശ്യമാണ്(8:7; 9:4-5; 12:8). ലേവ്യരുടെ പട്ടികയിൽ പരാമർശിക്കുന്ന 15പേരുകളിൽ - ഇതിൽ ഷെബാനിയ, ഹോദിയാ എന്നീപേരുകൾ ആവർത്തിക്കപ്പെടുന്നുണ്ട്- 12 പേരുകളും അന്യത്ര പരാമർശിക്കപ്പെടുന്നുണ്ട്. 10:14-27ലെ അത്മായനേതാ

ക്കളുടെ പട്ടികയിൽ പരാമർശിക്കുന്ന 21 നാമങ്ങളിൽ ഇരുപതെണ്ണവും എസ്രാ 1, നെഹെമിയാ 7 എന്നീപട്ടികകളിൽ കുടുംബനാമമായോ സ്ഥല നാമമായോ ആവർത്തിക്കപ്പെടുന്നവയാണ്. ഹോദിയയുടെ പേരുമാത്രമേ ഈ പട്ടികയിൽ പുതുതായി കാണാനാകുന്നുള്ളൂ. പുരോഹിതരും ലേവായരും നേതാക്കളും മാത്രമല്ല വാതിൽകാവൽക്കാരനും ഗായകരും ദൈവാലയശുശ്രൂഷകരും വിജാതീയരുമായി സംസർഗ്ഗം വെടിഞ്ഞ സകലരും ഉറച്ച ഉടമ്പടിയിൽ ഒപ്പുവെച്ചു എന്ന പരാമർശം (വാ. 28–29) ഈ കരാറിന്റെ സമഗ്രതയെ സൂചിപ്പിക്കുന്നു.

## ഉടമ്പടിയുടെ വ്യവസ്ഥകൾ ( 10:31–39)

എസ്രാ – നെഹെമിയായുടെ ഗ്രന്ഥങ്ങളിൽ ചർച്ചാവിഷയമാകുന്ന മിശ്രവിവാഹം തന്നെയാണ് ഉടമ്പടിയുടെ ആദ്യവ്യവസ്ഥയായി അവതരിപ്പിക്കുന്നത്(വാ. 30). വിജാതീയരുമായുള്ള വിവാഹത്തെ ഏറ്റവും നിഷിദ്ധമായ കർമ്മമായിട്ടാണ് നെഹെമിയാ വിശേഷിപ്പിക്കുന്നത്(13:23–27). നിയമാവർത്തനം 7:3–4ൽ തദ്ദേശീയരുമായുള്ള വിവാഹത്തെ അനുകൂലിക്കുന്ന നിയമങ്ങളുടെ തിരുത്തലോ പരിഷ്കരണമോ ആയി എസ്രാ-നെഹെമിയായുടെ കാലത്തെ നിയമത്തെ മനസ്സിലാക്കാം. നിയമാവർത്തനഗ്രന്ഥം പരാമർശിക്കുന്ന ദേശവാസികളുടെ പട്ടികയിലെ ഹിത്യർ, ഹിവ്യർ, ജെബൂസ്യർ, ആമോര്യർ, കാനാന്യർ, പെരീസ്യർ തുടങ്ങിയ വിഭാഗങ്ങളെ "ദേശവാസികൾ" എന്ന ഒറ്റവാക്കിലാണ് നെഹെമിയായുടെ ഗ്രന്ഥം വിശേഷിപ്പിക്കുന്നത്. എസ്രാ 10–ാം അധ്യായത്തിലെ നിലപാടിൽ നിന്ന് വ്യത്യസ്തമായി മിശ്രവിവാഹങ്ങൾ വേർപെടുത്തണം എന്ന നിലപാട് നെഹെമിയാ 10–ാം അധ്യായത്തിലും 13–ാം അധ്യായത്തിലും കാണുന്നില്ല. രണ്ടാമത്തെ വ്യവസ്ഥ സാബത്താചരണത്തെക്കുറിച്ചാണ്(വാ.31). സാബത്തിലെ ക്രയവിക്രയങ്ങൾ നിയമവിരുദ്ധമായിരുന്നു (ആമോ. 8:5). സാബത്തിൽ ഭാരംവഹിക്കുന്നതിനെ ജറെമിയായും വിലക്കുന്നുണ്ട്(ജറെ. 17:21–22). മൂന്നാമത്തെ വ്യവസ്ഥ സാബത്തുവർഷാചരണത്തെക്കുറിച്ചാണ്. സാബത്തുവർഷത്തിലെ വിളകൾ പാവങ്ങൾക്ക് അർഹതപ്പെട്ടതാണ് (പുറ. 23:10–11). സാബത്തുവർഷത്തിൽ കടങ്ങൾ ഇളച്ചുനൽകുകയും അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്യേണ്ടതാണ്(പുറ.21:2–6; നിയ 15:1–18; ജറെ 34:8–16). ഈ നിയമങ്ങളുടെ കർക്കശമായ അനുസരണമാണ് നെഹെമിയാ ആവശ്യപ്പെടുന്നത്. നാലാമത്തെ പ്രതിജ്ഞ(വ്യവസ്ഥ) ദേവാലയ നികുതിയെക്കുറിച്ചാണ്. ധനികനും ദരിദ്രനും തങ്ങളുടെ മോചനദ്രവ്യമായി അരഷെക്കൽ നികുതി ദേവാലയത്തിലെ ആവശ്യങ്ങൾക്കായി നൽകണമെന്ന് നിയമമുണ്ടായിരുന്നു (പുറ. 30:11–16). രാജഭരണകാലത്ത് രാജാക്കൻമാർ ദേവാലയത്തിന്റെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നതിനാൽ ദൈവാലയനികുതി കാലക്രമത്തിൽ നിന്നുപോയിരുന്നു. പ്രവാസാനന്തരകാലഘട്ടത്തിൽ ഈ നികുതിവ്യവസ്ഥ തിരികെ കൊണ്ടുവരേണ്ടത് ആവശ്യമായിരുന്നു. എന്നാൽ ജനങ്ങളുടെ സാമ്പത്തിക ഞെരുക്കം പരിഗണിച്ച് അരഷെക്കൽ എന്നത് മൂന്നിൽഒന്ന് ഷെക്കൽ ആയി ചുരുക്കി(വാ.32–33). പ്രതിവാരം സമർപ്പിക്കുന്ന കാഴ്ചയപ്പത്തിനുള്ള ചെലവുകളും ജനം വഹിക്കാമെന്ന് പ്രതിജ്ഞചെയ്തു.

കർത്താവിനു സമർപ്പിക്കുവാനായി ദേവാലയത്തിന്റെ പൊൻമേശയിലോ, വാഗ്ദത്തപേടകത്തിന്റെ മുമ്പിലോ അർപ്പിക്കുന്ന പന്ത്രണ്ട് അപ്പമാണ് കാഴ്ചയപ്പം. ഇവ പുളിപ്പില്ലാത്തതും നേരിയ മാവുകൊണ്ട് ഉണ്ടാക്കുന്നതുമാണ്. ഓരോ അപ്പത്തിനും പത്തിൽ രണ്ട് ഏഫാ മാവ് ഉപയോഗിക്കും(പുറ. 25:23-30). ഇവ ആറുവീതം രണ്ടുനിരകളായാണ് പൊൻമേശയിൽ വെയ്ക്കുക. എല്ലാ സാബത്തുദിവസവും തിരുസാന്നിധ്യ അപ്പം തൽസ്ഥാനത്തുനിന്ന് മാറ്റി പുതിയവ സമർപ്പിക്കും (1.സാമു 21:5-7). പഴയ അപ്പം പുരോഹിതർക്ക് അവകാശപ്പെട്ടതാണ്.

തിരുസാന്നിധ്യഅപ്പം (2ദിന. 2:4), ദൈവസന്നിധിയിൽ നിവേദിക്കുന്ന അപ്പം, ദിനംതോറും സമർപ്പിക്കുന്ന അപ്പം (സംഖ്യ 4:7), വിശുദ്ധഅപ്പം (1. സാമു. 21:6), അപ്പം(പുറ. 40:23) എന്നീപേരുകളിലും ഇത് അറിയപ്പെട്ടിരുന്നു.

അഞ്ചാമത്തെ പ്രതിജ്ഞ ബലിപീഠത്തിലെ ആവശ്യത്തിനായുള്ള വിറകിന്റെ നേർച്ചയാണ്. വിറകുനൽകണമെന്ന വ്യവസ്ഥ നിയമഗ്രന്ഥങ്ങളിൽ കാണുന്നില്ല. പ്രവാസാനന്തരകാലഘട്ടത്തിലെ മാറിയ സാഹചര്യങ്ങളും വിറകിന്റെ ദൗർലഭ്യവുമാകാം ഈ പുതിയ നിയമത്തിന്റെ ആവിർഭാവത്തിന് കാരണമായത്. ഗിബയോൺകാർ ആരംഭകാലത്ത് ബലിപീഠത്തിലേക്ക് ആവശ്യമായ വിറകു നൽകിയിരുന്നതിനാലാകാം (ജോഷ്വാ 9:27) മുൻകാലങ്ങളിൽ വിറകുനേർച്ച ഒഴിവാക്കിയിരുന്നത്. ആറാമത്തെ പ്രതിജ്ഞ ആദ്യഫലങ്ങളെയും ആദ്യജാതരെയും സംബന്ധിച്ചുള്ളതാണ് (വാ. 35-36). വിളവുകളുടെ ആദ്യഫലങ്ങളെ ദൈവത്തിന് സമർപ്പിക്കുന്നതുവരെ സകലഫലങ്ങളും ദൈവത്തിന് അവകാശപ്പെട്ടതാണെന്നും മനുഷ്യർ ഉപയോഗിക്കരുതെന്നും നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു(പുറ. 23:19; 34:26; സംഖ്യ 18:12-13).

ഇസ്രായേലിലെ ആദ്യജാതരും മൃഗങ്ങളുടെ കടിഞ്ഞൂലുകളും ദൈവത്തിനവകാശപ്പെട്ടതായിരുന്നു(പുറ. 22:29-30). എന്നാൽ അശുദ്ധമായമൃഗങ്ങൾക്കു പകരം ആടുകളെ ബലിയർപ്പിച്ച് അവയെ വീണ്ടെടുക്കാം(cfr. പുറ. 13:13; 34:19; സംഖ്യ 18:15-16). ബലിയോഗ്യമായമൃഗങ്ങളെ തിരിച്ചെടുക്കാവുന്നതല്ല. ആദ്യവിളവിന്റെ ആദ്യഫലം ദൈവത്തിനുള്ളതത്രേ (പുറ. 23:19; സംഖ്യ 18:12-13; നിയ. 18:4). ആദ്യഫലങ്ങളുടെ നീരാജനബലി പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിലും (ലേവ്യ. 23:9-14) വിളവെടുപ്പു തിരുനാളിലുമാണ്(ലേവ്യ. 23:20) അർപ്പിക്കേണ്ടത്.

ആദ്യഫലങ്ങളോടൊപ്പം പാചകം ചെയ്ത ഭക്ഷണങ്ങളും കാഴ്ചവെക്കുന്ന പുതിയ ഒരു വ്യവസ്ഥകൂടി നെഹെമിയാ കൂട്ടിച്ചേർക്കുന്നുണ്ട് (വാ. 37). ആദ്യഫലങ്ങളും പാകം ചെയ്തവയും തമ്മിലുള്ള വേർതിരിവ് നിയമഗ്രന്ഥത്തിലുണ്ട് (നിയ 15:20-21; 18:12; നിയ 18:4; എസെ 44:30). പാകം ചെയ്ത ഫലങ്ങൾ പുരോഹിതരുടെ അവകാശമായിരുന്നു (നെഹെ 13:4-5; 2ദിന 31:11-12).

ഏഴാമത്തെ പ്രതിജ്ഞ ദശാംശം നൽകുന്നതിനെക്കുറിച്ചാണ്. ദശാംശം നൽകപ്പെടാത്തതിനാൽ പുരോഹിതർക്ക് നിത്യവൃത്തിക്ക് വഴിയില്ലാതായി എന്ന സങ്കടകരമായ വസ്തുതയും ഇവിടെ സൂചിപ്പിക്കു

ന്നുണ്ട്(13;1014). ദശാംശം എന്നത് ഇസ്രായേലിന്റെ മതാത്മകതയുമായി അഭേദ്യം ബന്ധപ്പെട്ട വസ്തുതയാണ്.

ഒരുവ്യക്തിയുടെ വാർഷികവരുമാനത്തിന്റെ പത്തിലൊരംശം മതപരമായ ആവശ്യങ്ങൾക്കായി നീക്കിവെക്കുന്ന പാരമ്പര്യം മധ്യപൂർവ്വദേശങ്ങളിൽ പുരാതനകാലം മുതൽ നിലവിലുണ്ടായിരുന്നു. ബി.സി ആറാം നൂറ്റാണ്ടിൽ ബാബിലോണിയായിലെ ആരാധനാലയങ്ങൾ പരിരക്ഷിക്കുവാനായി ഇപ്രകാരമൊരു ധനശേഖരണസംവിധാനം ഏർപ്പെടുത്തിയതിനെക്കുറിച്ച് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. രാജാവിന്റെ ഖജനാവിലേക്കുള്ള ധനാഗമമാർഗ്ഗമെന്ന നിലയിലും പ്രജകളിൽനിന്ന് ദശാംശം സ്വീകരിച്ചിരുന്നു. സിറിയായിലെ സെലൂക്യരാജാക്കൻമാരും ഇപ്രകാരം ദശാംശം സ്വീകരിച്ചിരുന്നു (1 മക്ക. 10:31; 11:35). എന്നാൽ, യഹൂദരെ സംബന്ധിച്ചിടത്തോളം ദശാംശം എന്നത് മതപരമായ ആവശ്യങ്ങൾക്കായി മാത്രമുള്ളതാണ് (1 മക്ക. 3:49).

ദശാംശം നൽകുന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ വിവരണങ്ങൾ ബൈബിളിൽ കണ്ടെത്താനാവും. തന്മൂലം വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്തനിയമങ്ങളാണ് നിലനിന്നിരുന്നതെന്ന് അനുമാനിക്കാം.

എസ്രായുടെയും നെഹെമിയായുടെയും കാലത്ത് പുരോഹിതൻമാരുടെയും ലേവായരുടെയും പരിരക്ഷണത്തിനായിട്ടാണ് ജനങ്ങളിൽ നിന്ന് ദശാംശം സ്വീകരിച്ചിരുന്നത്. ഇത് ശേഖരിച്ചിരുന്നത് ദേവാലയത്തിൽ വെച്ചായിരുന്നു(നെഹെ. 10:37-38; 12:44; 13:5, 12). എന്നാൽ, ഈ കാലഘട്ടത്തിൽ ദശാംശം നൽകുന്നതിൽ പലരും വീഴ്ച വരുത്തിയിരുന്നു(മലാ. 3:8,10).

ദശാംശം നൽകുന്നതിനെക്കുറിച്ച് കൃത്യമായ നിയമങ്ങൾ പഞ്ചഗ്രന്ഥിയിൽ കണ്ടെത്താനാവും. ആകാശത്തിലും ഭൂമിയിലുമുള്ള സകലതും കർത്താവിന്റേതാകയാൽ ഫലമൂലാദികളുടെയും മനുഷ്യനുള്ള സകല സമ്പത്തിന്റെയും ദശാംശം കർത്താവിന് നൽകണം(ലേവ്യ.27:30-33). എന്നാൽ പുരോഹിതർ ചെയ്യുന്ന സേവനത്തിന് പ്രതിഫലമായി അവർക്ക് ദശാംശം നൽകണമെന്നാണ് സംഖ്യയുടെ പുസ്തകത്തിൽ ആവശ്യപ്പെടുന്നത് (സംഖ്യ. 18:21-32). വീഞ്ഞ്, ധാന്യം, എണ്ണ എന്നിവയുടെ ദശാംശവും എല്ലാ ആദ്യഫലങ്ങളും ആടുമാടുകളുടെ ആദ്യജാതരെയും കർത്താവിനു സമർപ്പിക്കേണ്ടതുണ്ട് (നിയ. 14:22-29). എന്നാൽ, നിയമാവർത്തനഗ്രന്ഥകാരന്റെ വീക്ഷണമനുസരിച്ച് മൂന്ന് വർഷത്തിലൊരിക്കൽ മാത്രം പുരോഹിതർക്കും ലേവായർക്കും വിധവകൾക്കും പരദേശികൾക്കുമായി ദശാംശം നൽകിയാൽമതി. മറ്റുവർഷങ്ങളിൽ കർത്താവിനായി നീക്കിവെയ്ക്കുന്ന ദശാംശം ദേവാലയത്തിൽ വെച്ച് ഉടമസ്ഥനുതന്നെ ഭക്ഷിക്കാം (നിയ. 14:23). നിയമാവർത്തന ദൈവശാസ്ത്രത്തിന്റെ സ്വാധീനത്തിൽ ജറുസലേം ദേവാലയത്തിലൊഴികെ മറ്റ് ആരാധനാലയങ്ങളിൽ ബലിയർപ്പണങ്ങൾ നിരോധിക്കപ്പെട്ടു. തന്മൂലം, വരുമാനം നിലച്ചുപോയ പ്രസ്തുത ആരാധനാലയങ്ങളിലെ പുരോഹിതൻമാരെയും ലേവായരെയും സംരക്ഷിക്കുവാനാണ് ദശാംശം നൽകുന്ന രീതി നടപ്പിലാക്കിയത് (cfr. നിയ. 1:12). ആരെങ്കിലും ദശാംശത്തിൽ നിന്ന്

ഒരുഭാഗം വീണ്ടെടുക്കാൻ ആഗ്രഹിച്ചാൽ, ദശാംശമായി നൽകിയ വസ്തുക്കളുടെ മൊത്തം വിലയുടെ അഞ്ചിലൊന്ന് പ്രതിഫലമായി ദേവാലയത്തിൽ നൽകണം (ലേവ്യ. 27:31). സ്വന്തമായി വരുമാന മാർഗ്ഗമില്ലാത്ത നിർദ്ധനരായ വ്യക്തികളുടെ (ലേവ്യർ, പുരോഹിതർ, അനാഥർ, വിധവകൾ, പരദേശികൾ) സംരക്ഷണാർത്ഥമാണ് ഇസ്രായേൽക്കാർ ദശാംശം നൽകിയിരുന്നത്.

വിശുദ്ധകാര്യങ്ങൾക്കായല്ലാതെ നടത്തിയിരുന്ന ദശാംശപിരിവുകളെക്കുറിച്ചും പഴയനിയമത്തിൽ സൂചനകളുണ്ട്. രാജാവിനെ നിയമിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് വിവരിക്കുമ്പോൾ, "അവൻ നിങ്ങളുടെ ധാന്യങ്ങളുടെയും മുന്തിരിയുടെയും ആടുമാടുകളുടെയും ദശാംശം പിരിച്ചെടുക്കുമെന്ന്" സാമുവൽ മുന്നറിയിപ്പു നൽകുന്നുണ്ട് (1 സാമു. 8:15,17). ഇത്തരം ദശാംശങ്ങൾ രാജകീയ ഖജനാവിലേക്കുള്ള വരുമാനമാർഗ്ഗങ്ങളായിരുന്നുവെന്ന് അനുമാനിക്കാം.

ദശാംശത്തെക്കുറിച്ച് നിയതമായ നിയമങ്ങൾ നിലവിൽ വരുന്നതിനുമുമ്പ്, പൂർവ്വപിതാക്കൻമാരുടെ കാലംമുതൽ തങ്ങളുടെ സമ്പത്തിന്റെ ദശാംശം ദൈവികകാര്യങ്ങൾക്ക് നൽകുന്ന പതിവ് നിലവിലുണ്ടായിരുന്നു. ഉദാഹരണമായി, അബ്രാഹം താൻ യുദ്ധത്തിൽ പിടിച്ചെടുത്ത കൊള്ളമുതലിന്റെ ദശാംശം പുരോഹിതനായ മെൽക്കിസെദെക്കിന് നൽകി (ഉൽപ. 14:20; cfr. ഹെബ്രാ. 7:1-10). ബഥേലിൽ വെച്ചുണ്ടായ സ്വപ്നത്തിനുശേഷം തന്റെ സമ്പത്തിന്റെ പത്തിലൊന്ന് കർത്താവിന് കാഴ്ചവെക്കാൻ യാക്കോബ് തീരുമാനിച്ചു (ഉൽപ. 28:22).

ദൈവികകാര്യങ്ങൾക്കായും രാജകീയാവശ്യങ്ങൾക്കായും ദശാംശം നൽകുന്ന പാരമ്പര്യം യഹൂദരുടെ ഇടയിൽ ആദിമകാലംമുതൽ നിലവിലുണ്ടായിരുന്നുവെന്ന് ഈ വിവരണങ്ങൾ വ്യക്തമാക്കുന്നു. ഈ രണ്ടുദശാംശങ്ങളും തുടക്കത്തിൽ ഒന്നുതന്നെയായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. കാരണം, ജറുസലേമിലെയും ബഥേലിലെയും ആരാധനാലയങ്ങൾ സ്ഥാപിച്ചത് രാജാക്കൻമാരാണ് (1 രാജാ. 6-8; 12:25-33; ആമോ. 7:13). തന്മൂലം ദേവാലയത്തിൽ ലഭിക്കുന്ന ദശാംശം രാജാവിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നു എന്ന് കരുതുന്നതിൽ തെറ്റില്ല (cfr. എസെ. 45:17). കാരണം, ദേവാലയത്തിന്റെ സംരക്ഷണച്ചുമതല രാജാവിനായിരുന്നു. ഹെസെക്കിയ രാജാവ് ദേവാലയത്തിലേക്കുള്ള ദശാംശം സ്വീകരിക്കുന്നതിനെക്കുറിച്ച് ദിനവൃത്താന്തകാരൻ രേഖപ്പെടുത്തുന്നുണ്ട്(2 ദിന. 31:5,6,12).

ദശാംശത്തെ സംബന്ധിക്കുന്ന നിയമങ്ങൾ യഹൂദരുടെ ഇടയിൽ പിൽക്കാലത്ത് വളരെയേറെ വ്യാഖ്യാനങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഭൂമിയിൽനിന്ന് മുളച്ചുവളരുന്ന സകലത്തിന്റെയും ദശാംശം നൽകണമെന്ന്(cfr. ലൂക്കാ. 18:12) അവർ നിയമമുണ്ടാക്കി. പഞ്ചഗ്രന്ഥിയിലെ വിവരണങ്ങൾ (ലേവ്യ.27:30-33; സംഖ്യ 18:21-32; നിയ. 14:22-29) തമ്മിലുള്ള വ്യത്യാസം ഒഴിവാക്കുവാനായി രണ്ടുതരത്തിലുള്ള ദശാംശങ്ങൾ നടപ്പിലാക്കപ്പെട്ടു. ഒന്ന് പുരോഹിതൻമാർക്കായും മറ്റൊന്ന് ഉടമസ്ഥന് ഭക്ഷിക്കുവാനായും.

നിസ്സാരവസ്തുക്കളുടെ പോലും ദശാംശം കൊടുക്കുന്നതിൽ അതിരുകടന്ന തീക്ഷ്ണത കാണിക്കുകയും ആന്തരികമായി സത്യത്തിനും നീതിക്കും പ്രാധാന്യം കൽപിക്കാതിരിക്കുകയും ചെയ്യുന്ന ഫരിസേയരുടെ കാപട്യത്തെ യേശു വിമർശിക്കുന്നുണ്ട് (മത്താ. 23:23). ദശാംശം നൽകുന്നതിനെയല്ല യേശു വിമർശിക്കുന്നത്, ദശാംശം നൽകുന്നവന്റെ മനോഭാവത്തെയാണ്.

ദൈവത്തിന്റെ ആലയത്തെ ഞങ്ങൾ വിസ്മരിക്കില്ല (വാ. 39) എന്ന പ്രതിജ്ഞയോടെയാണ് ഉടമ്പടി അവസാനിക്കുന്നത്. ഉടമ്പടിയിലെ പ്രതിജ്ഞകളെല്ലാംതന്നെ ദേവാലയത്തിന്റെ സുഗമമായ നടത്തിപ്പും സുസ്ഥിരതയും ഉറപ്പുവരുത്താനുള്ളവയായിരുന്നു. തന്മൂലം മുൻപ്രതിജ്ഞകൾക്കുചേർന്ന ഉപസംഹാരം തന്നെയാണ് ഈ വാക്യം. “കർത്താവിന്റെ ആലയം എന്തുകൊണ്ട് ഉപേക്ഷിക്കപ്പെട്ടു” (13:11) എന്ന നെഹെമിയായുടെ ചോദ്യത്തിനുള്ള മറുപടിയായും ഈ വാക്യത്തെ മനസ്സിലാക്കാം. പത്താം അധ്യായത്തിന്റെ യഥാർത്ഥസ്ഥാനം 13-ാം അധ്യായത്തിന് ശേഷമാണ് എന്ന വസ്തുത (വിശദാംശങ്ങൾക്ക് 7:73- 10:36ന്റെ ആമുഖ വ്യാഖ്യാനം കാണുക) പരിഗണിക്കുമ്പോൾ ഈ വ്യാഖ്യാനം കൂടുതൽ അർത്ഥവത്താകുന്നു.

## ജറുസലേമിലെ പുതിയ താമസക്കാർ (11:1–24)

നെഹെമിയാ 7:5ൽ ജറുസലേമിലേക്ക് പുതിയ താമസക്കാരെ കൊണ്ടുവരുന്നതിനെക്കുറിച്ച് നടത്തിയ പരാമർശത്തിന്റെ തുടർച്ചയായി 11:1-36ലെ വിവരണത്തെ കാണാം. 8-10 അധ്യായങ്ങൾ പിൽക്കാല സംശോധന (editing)യുടെ ഫലമാണ് എന്ന നിഗമനം ശരിയാണെങ്കിൽ 7-ാം അധ്യായത്തിന്റെ തുടർച്ചയായി 11-ാം അധ്യായത്തെ പരിഗണിക്കാം. എന്നാൽ 1-7 ആധ്യായങ്ങളിൽ പൊതുവേ കാണപ്പെട്ട നെഹെമിയായുടെ ആത്മകഥാകഥനശൈലിയല്ല 11-ാം അധ്യായത്തിൽ കാണപ്പെടുന്നത്. ഭാഷാശൈലിയിലും വ്യത്യാസം കാണാനാകും. ഉദാഹരണമായി ഭരണാധികാരികളെ സൂചിപ്പിക്കാൻ പതിനൊന്നാം അധ്യായത്തിൽ “സാറീം” എന്ന ഹീബ്രു പദം ഉപയോഗിക്കുമ്പോൾ 1-7 അധ്യായങ്ങളിൽ “സെഗാനീം” എന്ന പദമാണ് ഉപയോഗിക്കുന്നത്. ആദ്യഭാഗത്തിൽനിന്നു വ്യത്യസ്തമായി ജറുസലേമിനെ സൂചിപ്പിക്കുവാൻ “വിശുദ്ധനഗരം” (“യീർ ഹാ കോദെഷ്”) എന്ന പദമാണ് പതിനൊന്നാം അധ്യായം ഉപയോഗിക്കുന്നത്.

നെഹെ 11:3-19 ലെ നഗരവാസികളുടെ പട്ടികയിൽ പരാമർശിക്കുന്നതിന് സമാന്തരമായൊരു പട്ടിക 1 ദിന 9:1-17 ൽ കാണാനാകും. ഇവിടെ പ്രവാസം കഴിഞ്ഞയുടൻ ജറുസലേമിലേക്ക് തിരിച്ചുവന്നവരുടെ പട്ടികയായിട്ടാണ് നൽകിയിരിക്കുന്നത്. 1 ദിന 9-ാം അധ്യായം നെഹെമിയാ 11-ാംഅധ്യായത്തെ അധികരിച്ച് എഴുതപ്പെട്ടതാണെന്ന് പ്രഥമ ദൃഷ്ട്യാ വ്യക്തമാണ് (നെഹെ 11:3-4 വാക്യങ്ങൾ 1 ദിന 9 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്) ഗായകരെ ലേവ്യരുടെ ഗണത്തിൽ ചേർത്താണ് നെഹെ 11 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പതിവ് പിൽക്കാല രീതിയായതിനാൽ നെഹെമിയാ ഏഴാം അധ്യായത്തിലും എസ്രാ രണ്ടാം അധ്യായത്തിലും കാണപ്പെടുന്ന പട്ടികകൾ രൂപംകൊണ്ട് ഏറെ വർഷങ്ങൾ കഴിഞ്ഞാണ് നെഹെ 11-ലെ പട്ടിക രൂപംകൊണ്ടത് എന്ന് അനുമാനിക്കാം.

മേൽപറഞ്ഞ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ നെഹെമിയാ പതിനൊന്നാം അധ്യായത്തിലെ ചില വാക്യങ്ങളെങ്കിലും പിൽക്കാല സംശോധനയുടെ ഫലമാണെന്ന് അനുമാനിക്കാം. ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കിക്കൊണ്ടുള്ള സ്തുതിപ്പുകൾ അവസാനിപ്പിച്ച് സ്വന്തം കാലഘട്ടത്തിലെ വിഷയങ്ങളിലേക്ക് തിരിയുന്നതിന്റെ അടയാളമാണ് 32-ാം വാക്യത്തിലെ “ഇന്ന്” എന്ന സമയസൂചിക. സർവ്വശക്തനും ആരാധ്യനുമായ ദൈവം ഉടമ്പടിയിൽ വിശ്വസ്തനാണെന്ന് ഈ വാക്യം അനുസ്മരിക്കുന്നു. നാളിതുവരെ തങ്ങൾ അനുഭവിച്ച കഷ്ടതകളെ ഓർക്കണമേ എന്ന പ്രാർത്ഥന ശ്രദ്ധേയമാണ്. കഷ്ടത എന്ന അർത്ഥത്തിൽ “തേലാഹ്” എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (വാ. 32). ഈ പദമാകട്ടെ, ഈജിപ്തിലെ അടിമത്തത്തിൽ ഇസ്രായേൽജനം അനുഭവിച്ച കഷ്ടതകളെ സൂചിപ്പിക്കുന്ന പദമാണ്. ഈജിപ്തിലെ ജനത്തിന്റെ കഷ്ടതകളിൽ കരുണകാണിച്ച ദൈവം (പുറ. 4) അതേ കരുണയോടെ തങ്ങളെ കടാക്ഷിക്കുമെന്ന പ്രതീക്ഷയാണ് ഇവിടെ പ്രകടമാകുന്നത്.

## യൂദായിലെ പട്ടണങ്ങൾ ( 11:25-36)

യൂദാ 11:25-35 ലെ പട്ടണങ്ങളുടെ പട്ടികയിൽ പ്രവാസാനന്തരകാലത്തെ യൂദാ പ്രവിശ്യയ്ക്കു വെളിയിലുള്ള പട്ടണങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. ജോഷ്വാ 15:20-33 ലെ പട്ടണങ്ങളുടെ പട്ടികയുമായാണ് ഇതിന് കൂടുതൽ സാമ്യമുള്ളത്. പ്രവാസാനന്തരകാലഘട്ടത്തിലെ ദൈവജനം കാനാൻദേശം കൈവശമാക്കിയ ജനത്തിന്റെയും യഥാർത്ഥ പിൻതുടർച്ചക്കാരാണ് എന്ന് സ്ഥാപിക്കുക എസ്രാ-നെഹെമിയാ ഗ്രന്ഥങ്ങളുടെ അടിസ്ഥാനലക്ഷ്യമായതിനാൽ ഈ താരതമ്യം സ്വാഭാവികവും പ്രതീകാത്മകവുമാണ്. നെഹെ 11:25-30ലെ പട്ടണങ്ങളും ജോഷ്വാ 15:2033 ലെ പട്ടണങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാണ്.

**നെഹെമിയാ 11:25-30 ലെ നഗരങ്ങളും ജോഷ്വാ 15 ലെ നഗരങ്ങളും**

| | | | |
|---|---|---|---|
| | **വാ: 25** | | |
| * | കിരിയാത് അർബ | ജോഷ്വാ | 15:13, 54 |
| * | ദിബോൺ | ജോഷ്വാ | 15:22 |
| * | യക്കാബ്സേൽ | ജോഷ്വാ | 15:21 |
| | **വാ: 26** | | |
| * | യഷുവ | ജോഷ്വാ | 15:26 |
| * | മൊളാദാ | ജോഷ്വാ | 15:26 |
| * | ബത്പെലേത് | ജോഷ്വാ | 15:27 |
| | **വാ: 27** | | |
| * | ഹസാർ-ഷുവാൽ | ജോഷ്വാ | 15:28 |
| * | ബേർഷെബാ | ജോഷ്വാ | 15:28 |
| | **വാ: 28** | | |
| * | സിക്ലാഗ് | ജോഷ്വാ | 15:31 |
| * | മെക്കോനാ | | |

| | | | |
|---|---|---|---|
| | **വാ: 29** | | |
| * | എൻ-റിമ്മോൻ | ജോഷ്വാ | 15:32 |
| | സോറാ | ജോഷ്വാ | 15:33,41 |
| | യാർമുത് | ജോഷ്വാ | 15:35 |
| | **വാ: 30** | | |
| | സനോവാ | ജോഷ്വാ | 15:34 |
| | അദുല്ലാം | ജോഷ്വാ | 15:35 |
| | ലാഖീഷ് | ജോഷ്വാ | 15:39 |
| | അസേക്കാ | ജോഷ്വാ | 15:35 |

ഈ പട്ടികയിലെ കിരിയാത്ത് അർബാ (വാ. 25) എന്നത് ഹെബ്രോണിന്റെ പഴയപേരാണ്. ഈ പട്ടികയിലെ 11 പട്ടണങ്ങൾ (നക്ഷത്ര ചിഹ്നമുള്ളവ) പ്രവാസാനന്തര യൂദാപ്രവിശ്യക്കു വെളിയിലുള്ളവയാണ്.

11:31-35 ൽ ബഞ്ചമിൻഗോത്രത്തിന്റെ പട്ടണങ്ങളുടെ പട്ടികയാണുള്ളത്. ജോഷ്വ 18:11-28ലെ ബഞ്ചമിൻഗോത്രങ്ങളുടെ നഗരങ്ങളുടെ പട്ടികയുമായി ഈ വിവരണത്തിന് കാര്യമായി പൊരുത്തമില്ല. എന്നാൽ ഇവിടെ പരാമർശിക്കുന്ന 15 പട്ടണങ്ങളിൽ പത്തെണ്ണവും എസ്രാ 2, നെഹെമിയ 7 അധ്യായങ്ങളിലെ ജനസംഖ്യാകണക്കെടുപ്പിൽ പരാമർശിക്കപ്പെടുന്നുണ്ട്.

**ബെഞ്ചമിൻഗോത്രനഗരങ്ങൾ - നെഹെ 11:25-30**
**എസ്രാ 2 ലും ജോഷ്വ 15 ലും**

ബെഞ്ചമിൻനഗരങ്ങൾ

| | | | | |
|---|---|---|---|---|
| | **വാ. 31** | | | |
| * | ഗേബാ | ജോഷ്വ | 18:24; | എസ്രാ 2:26 |
| * | മിക്-മാഷ് | എസ്രാ | 2:27 | |
| * | അയ്യാ | എസ്രാ | 2:28 | |
| * | ബഥേൽ | ജോഷ്വ | 18:22; | എസ്രാ 2:28 |
| | **വാ: 32** | | | |
| * | അനാത്തോത് | എസ്രാ | 2:23 | |
| * | നോബ് | എസ്രാ | 2:29 | നേബോ |
| | അനാനിയാ | | | |
| | **വാ: 33** | | | |
| * | ഹാസോർ | | | |
| * | റാമാ | ജോഷ്വ | 18:25; | എസ്രാ 2:26 |
| | ഗിത്തായിം | | | |
| | **വാ: 34** | | | |
| * | ഹദീദ് | എസ്രാ | 2:33 | |
| | സെബോയിം | | | |
| | നെബല്ലാത് | | | |
| | **വാ: 35** | | | |
| * | ലോദ് | എസ്രാ | 2:33 | |
| * | ഓനോ | എസ്രാ | 2:33 | |

11:36 ലെ സൂചനയനുസരിച്ച് യൂദായിലെയും ബെഞ്ചമിനിലെയും ചില ലേവ്യഗണങ്ങൾ ജെറുസലേമിനു വെളിയിൽ താമസം ആരംഭിച്ചതായി അനുമാനിക്കാം. ദേവാലയത്തിൽ നിന്നുള്ള വരുമാനം കൊണ്ട് ഉപജീവനം അസാധ്യമായതാകാം ഇപ്രകാരമൊരു കുടിയേറ്റത്തിനു പിന്നിലെ യഥാർത്ഥ കാരണം.

## പുരോഹിതർ, ലേവ്യർ, മഹാപുരോഹിതർ (12:1-26)

പുരോഹിതരുടെയും ലേവായരുടെയും മഹാപുരോഹിതരുടെയും പട്ടിക അവതരിപ്പിക്കുന്ന ഭാഗമാണ് നെഹെമിയ 12:1-26. പ്രവാസാനന്തരകാലഘട്ടത്തിലെ പുരോഹിതക്രമത്തെക്കുറിച്ച് പൊതുവിലും മഹാപുരോഹിതന്മാരെക്കുറിച്ച് പ്രത്യേകിച്ചും ഈ പട്ടിക വ്യക്തമായ വിവരങ്ങൾ നൽകുന്നുണ്ട്. ഈ പട്ടികയെ മൂന്നായി തരംതിരിക്കാം.

1. പുരോഹിതരുടെ പട്ടിക (വാ. 1-7, 12-21)
2. ലേവായരുടെ പട്ടിക (വാ. 8-9, 14-25)
3. മഹാപുരോഹിതന്മാരുടെ പട്ടിക (വാ. 10-11, 22-23)

ഈ പട്ടികയിലെ കുടുംബനാമങ്ങളായി പരാമർശിക്കപ്പെട്ടവതന്നെ (വാ. 1-7) തുടർന്നുള്ള പട്ടികയിൽ വ്യക്തിനാമങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. കൂടാതെ, നെഹെമിയ 10:2-8 ലെ പട്ടികയുമായും പട്ടികയിലെ നാമങ്ങൾക്ക് സമാനതയുണ്ട്. ചുവടെ ചേർക്കുന്ന പട്ടിക ഇതുവ്യക്തമാക്കുന്നുണ്ട്.

### പ്രവാസാനന്തര പുരോഹിതർ

| | നെഹെ 12:12-2<br>പുരോഹിത കുടുംബം/തലവൻ | നെഹെ 12:1-7 | നെഹെ 10:2-8 |
|---|---|---|---|
| 1. | സെറായാ/മെറായാ | സെറായാ | സെറായാ (വാ.2) |
| 2. | ജറെമിയാ/ഹനനിയാ | ജറെമിയാ | അസറിയാ |
| 3. | എസ്രാ/മെഷുല്ലാം (വാ.13) | എസ്രാ | ജറെമിയ / പാഷൂർ (വാ.3) |
| 4. | അമരിയാ/യഹോഹനാൻ | അമരിയാ (വാ.2) | അമരിയാ / മൽക്കിയാ |
| 5. | മല്ലുകി/ജോനാഥൻ (വാ.14) | മല്ലൂക് | ഹത്തൂഷ് (വാ. 4) |
| 6. | - | ഹത്തൂഷ് | ഷബാനിയാ |
| 7. | ഷെബാനിയാ/ജോസഫ് | ഷെക്കാനിയാ (വാ.3) | മല്ലൂക്ക് |
| 8. | ഹാറിം/അദ്നാ (വാ.15) | റഹും | ഹാരിം (വാ.5) |
| 9. | മെറായോത് /ഹെൽക്കായ് ദാനിയേൽ (വാ.6) | മെറെമോത്ത് | മെറെമോത്ത്/ഒബാദിയ/ |
| 10. | അദ്ദോ/സഖറിയാ (വാ. 16) | ഇദ്ദോ (വാ-14) | ഗിന്നെഥോൻ / ബാറൂക്/ മെഷുല്ലാം (വാ.7) |
| 11. | ഗിന്നഥോൻ/മെഷുല്ലാം | ഗിന്നെത്തോയ് | അബിയാ |
| 12. | അബിയാ/സിക്രി (വാ.17) | അബിയാ | മിയാമിൻ |
| 13. | മിനിയാമിൻ | മിയാമിൻ (വാ. 5) | മാസിയാ (വാ.8) |

| | | | |
|---|---|---|---|
| 14. | മൊവാദിയാ/പൽത്തായ് | മാദിയാ | ബിൽഗായ് |
| 15. | ബിൽഗാ/ഷമ്മുവാ (വാ.18) | ബിൽഗാ | ഷെമായാ |
| 16. | ഷമായാ/യഹോനാഥാൻ | ഷമായാ (വാ. 6) | |
| 17. | യൊയാബ/മത്തെനായ് (വാ.19) | യോയാറിബ് | |
| 18. | യദായാ/ഉസി | യദായാ | |
| 19. | സല്ലായ്/കല്ലായ് (വാ.20) | സല്ലു (വാ.7) | |
| 20. | അമോക്/ഏബെർ | അമോക് | |
| 21 | ഹിൽക്കിയാ/ഹഷാബിയാ(വാ.21) | ഹിൽക്കിയാ | |
| 22. | യദായാ/നെത്തനേൽ | യദായാ | |

12-21 വാക്യങ്ങളിൽ കാണുന്ന 16 പുരോഹിത നാമങ്ങളിൽ 15 എണ്ണവും 2-8 വാക്യങ്ങളിൽ ആവർത്തിക്കുന്നുണ്ട്. 16 പുരോഹിതനാമങ്ങൾ ഉൾക്കൊള്ളുന്ന പട്ടികയുടെ ആദ്യരൂപം പിന്നീട് ആവർത്തനത്തിലൂടെ 22 പേരുടേതായി പുന:സംശോധന നടത്തിയതാകാം.

സെറുബാബേലിന്റെ കാലം മുതലുള്ള (BC 520) പുരോഹിതരുടെ പട്ടികയാണ് നെഹെമിയാ നൽകുന്നത്. (വാ. 1-9) ഈ വാക്യങ്ങളിലെ പേരുകൾ വാ. 12-21ൽ ആവർത്തിക്കുന്നുണ്ട്. അവയുടെ താരതമ്യം ചുവടെ ചേർക്കുന്നു.

നെഹെ 12:8-9
നെഹെമിയാ 12:24-25
യേഷുവാ (വാ.8)
ഹഷാബിയ (വാ.24)
ബിന്നുയി (വാ.8)
ഷെഗാബിയ
കദ്മിയേൽ (വാ.8)
യേഷുവാ
ഷെരാബിയ (വാ. 8)
ബിന്നുവി
യൂദാ
കദ്മേൽ
മത്താനിയാ
മത്താനിയ
ബക്ബുക്കിയാ (വാ. 10)
ബാബു കിയാ
ഒബദാനിയ
ഒബാദിയ

എസ്രാ-നെഹെമിയായുടെ കാലത്തെ പ്രധാനപുരോഹിതൻ യൊയാക്കിം ആണെന്ന സൂചന (വാ.26) ചരിത്രപരമായി സത്യമാകണമെന്നില്ല. കാരണം നെഹെമിയായുടെ കാലത്തെ പ്രധാനപുരോഹിതൻ എലിയാഷിബ് ആയിരുന്നു.

നെഹെ 12:10-11 ലെ പ്രധാനപുരോഹിതന്മാരുടെ പട്ടിക 1 ദിന 6:4-15 ലെ പട്ടികയുമായി സമാനതകളുള്ളതാണ്. എസ്രായുടെ കാലത്തെ പ്രധാനപുരോഹിതൻ യൊയാക്കിം ആണെന്ന് ചരിത്രകാരനായ ജൊസേഫൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. നെഹെമിയായുടെ കാലത്തെ പ്രധാനപുരോഹിതൻ എലിയാഷിബ് ആണെന്ന് ആവർത്തിച്ചുള്ള സൂചനകൾ ഉണ്ട് (3:1, 20-21;13:28) നെഹെ 13:28 ലെ വിവരണമനുസരിച്ച് എലിയാഷിന്റെ പൗത്രൻ നെഹെമിയായുടെ എതിരാളിയായ സാൻബല്ലാതിന്റെ മകളെ വിവാഹം ചെയ്തു. ജോനാഥൻ എന്ന പ്രധാനപുരോഹിതനെ ഒരിക്കൽ മാത്രമേ പരാമർശിക്കുന്നുള്ളൂ (വാ. 11). ജോസെഫൂസിന്റെ വിവരണത്തിൽ യദുവ എന്ന പുരോഹിതനാണ് ജോനാഥന്റെ പിൻഗാമിയായി ദാരിയൂസ് III (336-333 ബി.സി.) ന്റെ കാലത്ത് പ്രധാനപുരോഹിതനായത് (Ant. XI.302). വാ. 10-11ലെ പ്രധാനപുരോഹിതന്മാരുടെ പട്ടികയും വാ. 22-23ലെ പ്രധാനപുരോഹിതന്മാരുടെ പേരുകളും താരതമ്യം ചെയ്താൽ ചില വ്യത്യാസങ്ങൾ ദൃശ്യമാണ്.

| **വാ. 10-11** | **വാ. 22** | **വാ. 23** |
|---|---|---|
| യേഷുവാ | | |
| യെയാക്കിം | | |
| എലിയാഷിബ് | എലിയാഷിബ് | |
| | | എലിയാഷിബ് |
| യോയിദാ | യോയിദാ | |
| | | യോഹന്നാൻ |
| ജോനാഥൻ | യോഹന്നാൻ | |
| യദുവാ | യദുവാ | |

പ്രധാനപുരോഹിതന്മാരുടെ പേരുകൾ ആവർത്തിക്കപ്പെടുന്നതിനാലും ചിലപേരുകൾ ചില പട്ടികയിൽ ഉൾപ്പെടാത്തതിനാലും ഇവരുടെ യഥാർത്ഥക്രമം പുനർനിർമ്മിക്കുക ശ്രമകരമാണ്. ഫ്രാങ്ക് എം. ക്രോസ്സ് എന്ന അരമായ പണ്ഡിതൻ ഇവരുടെ ക്രമം ഏറെക്കുറെ തൃപ്തികരമായി കണ്ടെത്തിയിട്ടുണ്ട് (JBL 94 (1975) 4-18). വല്യപ്പന്റെ പേര് കൊച്ചുമക്കൾ സ്വീകരിക്കുന്ന പതിവ് (Papponomy) പ്രധാന പുരോഹിതകുടുംബത്തിൽ ഉണ്ടായിരുന്നു എന്ന നിഗമനത്തിലാണ് ഈ പട്ടിക അദ്ദേഹം തയ്യാറാക്കുന്നത്. പ്രധാനപുരോഹിതന്മാരുടെ ജനന വർഷങ്ങളുടെ ക്രമത്താലാണ് അദ്ദേഹം ക്രമീകരിക്കുന്നത്.

യേഷുവാ (ബി.സി. 570) ഭരണകാലം ബി.സി. 502-495<br>
യോയാക്കിം (ബി.സി. 545) ഭരണകാലം ബി.സി. 495-450<br>
എലിയാഷിബ് I(ബി.സി. 545) ഭരണകാലം ബി.സി. 445-432<br>
യോഹന്നാൻ I (ബി.സി. 520)<br>
എലിയാഷിബ് II (ബി.സി. 495)<br>
യോയാദാ I (ബി.സി. 470) ഭരണകാലം ബി.സി. 417-410<br>
യോഹന്നാൻ II (ബി.സി. 445) = യോനാഥൻ, ഭരണകാലം ബി.സി. 410-370

യെദുവാ II (ബി.സി. 420) ഭരണകാലം ബി.സി. 336-370
യോഹന്നാൻ III (ബി.സി. 395)
യദുവാ III (ബി.സി. 370)

എസ്രായുടെ കാലത്തെ പ്രധാനപുരോഹിതൻ യോഹന്നാൻ I (യഹോഹന്നാൻ) ആണ് (എസ്രാ 10:6). മേൽ സൂചിപ്പിച്ച പട്ടികയനുസരിച്ച് വ്യാഖ്യാനിക്കുമ്പോൾ പ്രധാനപുരോഹിതന്മാരുടെ പട്ടികയുടെ വ്യാഖ്യാനത്തിലെ അർത്ഥക്ലിഷ്ടത അകലുന്നുണ്ട്. യെദുവാ II ന്റെ സഹോദരനാണ് സാൻബല്ലാത്തിന്റെ മകളെ വിവാഹം ചെയ്തത്.

ഈ പട്ടികയിൽ പരാമർശിച്ചിട്ടില്ലാത്ത പുരോഹിതരെക്കുറിച്ചും ഗ്രന്ഥകാരന് അറിയാമെന്ന് (വാ. 22-23) വ്യക്തമാക്കപ്പെടുന്നുണ്ട്. യേഷുവാ മുതൽ യൊയാക്കിം വരെയുള്ളവരുടെ പട്ടികയേ പ്രസിദ്ധീകരിക്കുന്നുള്ളൂ എങ്കിലും - ദാരിയൂസ് രാജാവിന്റെ കാലം മുതൽ റോത്തൂസ് ദാരിയൂസിന്റെ (423-404) കാലംവരെയുള്ള - അതിനുശേഷമുള്ള പട്ടികയും ഗ്രന്ഥകാരന് ലഭ്യമാണ് എന്ന അറിയിപ്പിൽ നിന്ന് ഈ പട്ടിക പിൽക്കാലസംശോധനയ്ക്കു വിധേയമായിട്ടുണ്ടെന്ന് അനുമാനിക്കാം.

## നഗരമതിലിന്റെ പ്രതിഷ്ഠാകർമ്മം ( 12:27-43)

നെഹെമിയാ 7:1 ൽ നഗരമതിലിന്റെ നിർമ്മാണം പൂർത്തിയായതായി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ ഉടൻ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കപ്പെട്ടു എന്നു കരുതാനാണ് കൂടുതൽ ന്യായങ്ങളുള്ളത്. 7:4 മുതൽ 12:26 വരെയുള്ള ഭാഗങ്ങൾ നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളോട് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്ന വാദത്തെ ശരിവയ്ക്കുന്നതാണ് ഈ ആഖ്യാനഭംഗം. 7:4 ന് ശേഷം ആത്മകഥാശൈലി ഗ്രന്ഥത്തിൽ തിരികെ വരുന്നത് 12:27 മുതലാണ് എന്നതും പിൽക്കാലസംശോധനയ്ക്കും കൂട്ടിച്ചേർക്കലിനുമുള്ള സാക്ഷ്യമാണ്. എന്നാൽ ഈ ഭാഗം പൂർണ്ണമായും നെഹെമിയായുടെ ഓർമ്മക്കുറിപ്പിന്റെ ഭാഗമാണെന്നു കരുതാനാവില്ല. പുരോഹിതരുടെയും സംഗീതജ്ഞരുടെയും പേരുവിവരപ്പട്ടിക നൽകുന്ന ശൈലി നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളുടെ ഭാഗമല്ലാത്തതിനാൽ പേരുവിവരപ്പട്ടിക നൽകുന്ന 33-36, 41-42 വാക്യങ്ങൾ ഓർമ്മക്കുറിപ്പിനോട് ചേർക്കപ്പെട്ടവയാണെന്ന് അനുമാനിക്കാം.

ഈ വചനഭാഗത്തിലെ വിവരണങ്ങൾ താഴെക്കാണും വിധം ചുരുക്കി വിവരിക്കാം.

1. ലേവ്യരുടെയും ഗായകരുടെയും ഒത്തുകൂടൽ (വാ. 27- 29)
2. ശുദ്ധീകരണകർമ്മങ്ങൾ (വാ. 30)
3. പ്രദക്ഷിണം നയിക്കാനുള്ള രണ്ടുഗായക സംഘങ്ങളെ നിയോഗിക്കുന്നു (വാ. 31, 37-39)
4. പ്രമുഖ ജനനേതാക്കളായ നെഹെമിയാ, ഹോഷായിയാ എന്നിവരുടെ നേതൃത്വം (വാ. 32,40)
5. കാഹളം മുഴക്കാനുള്ള ഏഴുപുരോഹിതർ (വാ. 33-34, 41)

6. ലേവ്യഗായകസംഘത്തിന്റെ നേതാക്കൾ : ഇസ്രാഹി, സഖറിയ (വാ. 36, 42)
7. ലേവ്യഗായകസംഘത്തിൽ എട്ട് അംഗങ്ങൾ (36, 42a)
8. സമാപനബലിയർപ്പണം (വാ. 43).

മതിൽ പൂർത്തിയായ ഉടൻ തന്നെ (6:15) അതിന്റെ പ്രതിഷ്ഠയും നടക്കുമെന്നാണ് പ്രതീക്ഷിക്കുക. നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളെ ആശ്രയിക്കുന്ന ഗ്രന്ഥകാരൻ അത് വിപുലപ്പെടുത്തുകകൂടി ചെയ്യുന്നു. പണിതീർന്ന മതിൽ ദൈവസംരക്ഷണയ്ക്കായി അർപ്പിക്കുന്നതിനെക്കുറിച്ചുള്ള വിവരണം ഹ്രസ്വമാണ്. അയൽപ്രദേശങ്ങളിൽ വസിച്ചിരുന്ന ലേവ്യരെ ജറുസലേമിലേക്കു വിളിച്ചുവരുത്തി, അതിനുശേഷം, പ്രതിഷ്ഠാകർമ്മങ്ങളിൽ പങ്കുചേരാനുള്ള എല്ലാവരും സ്വയം ശുദ്ധീകരിച്ചു. ശുദ്ധീകരണത്തിനുള്ള വിധികളിൽപെട്ടതാണ് പാപപരിഹാരബലി, ഉപവാസം, ക്ഷാളനങ്ങൾ എന്നിവ. താഴ്വരക്കവാടത്തിൽ നിന്ന് ആരംഭിക്കുന്ന രണ്ടു ഘോഷയാത്രകൾ മതിലിനു മുകളിലൂടെ എതിർദിക്കുകളിലേക്കു നീങ്ങിയാണ് ദൈവാലയത്തിലെത്തുന്നത്. പ്രതിഷ്ഠാകർമ്മത്തിന്റെ ലക്ഷ്യം മതിലുകളുടെ ഭാവിസുരക്ഷിതത്വമാണ്. 36-ാം വാക്യമനുസരിച്ച് എസ്രായും പ്രദക്ഷിണ ത്തിൽ പങ്കുചേരുന്നുണ്ട്. എസ്രായെ നെഹെമിയായുടെ സഹപ്രവർത്തകനായി കാണാൻ ശ്രമിക്കുന്ന ഒരു ഗ്രന്ഥകാരന്റെ കരങ്ങളാണ് ഇതിന്റെ പിന്നിലുള്ളത്. എല്ലാവരും ഒത്തൊരുമിച്ച് സമാധാനബലി അർപ്പിക്കണമെന്ന നിർദ്ദേശം പൂർത്തിയായ പണിയിലുള്ള കൃതജ്ഞതയും ആഹ്ലാദവും പ്രകടമാക്കാൻ വേണ്ടിയുള്ളതാണ്. 43-ാം വാക്യത്തിൽ ആഹ്ലാദം എന്ന പദം അഞ്ചു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുവെന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

എസ്രായുടെ ഗ്രന്ഥത്തിന്റെ ആരംഭഭാഗത്ത് ദൈവാലയപ്രതിഷ്ഠയും (6:16-17) നെഹെമിയായുടെ ഗ്രന്ഥത്തിന്റെ സമാപനഭാഗത്ത് നഗരമതിലിന്റെ പ്രതിഷ്ഠയും നടത്തിക്കൊണ്ട് ഈ രണ്ടു ഗ്രന്ഥങ്ങൾ ഒറ്റ ഏകകമായി വർത്തിക്കുന്നുണ്ട്. ശ്രമകരമായ പുനരധിവാസപ്രവർത്തനങ്ങളുടെ പൂർത്തീകരണമായാണ് നഗരമതിലിന്റെ പ്രതിഷ്ഠയെ അവതരിപ്പിക്കുന്നത്. നെഹെമിയായുടെ ഗ്രന്ഥത്തിന്റെ ആദ്യരൂപം 12:44 ൽ അവസാനിച്ചിരുന്നു എന്ന് പല പണ്ഡിതരും കരുതുന്നതിന്റെ കാരണം ഇതാണ്.

**വിചിന്തനങ്ങൾ**

1. നഗരമതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയത് ഇസ്രായേൽ ജനത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിനും പുനരർപ്പണത്തിനുമുള്ള അവസരമായി മാറുന്നതായാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. നേട്ടങ്ങളും വിജയങ്ങളും സ്വപ്നസാക്ഷാത്കാരങ്ങളുമൊക്കെ തങ്ങളെത്തന്നെ ദൈവത്തിനു പുനരർപ്പിക്കാനുള്ള ക്ഷണമായി കരുതാൻ യഹൂദർക്കു കഴിഞ്ഞിരുന്നു. എന്നാൽ ആധുനികലോകത്തിലെ വിസ്ഫോടനങ്ങളും ശാസ്ത്രീയ കണ്ടെത്തലുകളും പലപ്പോഴും ദൈവനിഷേധത്തിലേക്കും മതനിന്ദയിലേക്കും നയിക്കുന്നു എന്നത് സങ്കടകരമാണ്.

2. ജനം ആഘോഷത്തിനായി ഒരുമിച്ചുകൂടിയപ്പോൾ ആദ്യം ചെയ്തത് തങ്ങളെത്തന്നെ വിശുദ്ധീകരിച്ചു എന്നതാണ് (വാ. 30). എല്ലാ ആഘോഷവും ഹൃദയശുദ്ധിയിലേ അർത്ഥവത്താകുന്നുള്ളു എന്ന സന്ദേശത്തിന് കാലാതിവർത്തിയായ പ്രസക്തിയുണ്ട്. തിരുനാളാഘോഷങ്ങളിൽ പങ്കുചേരുന്നവരിൽ എത്ര പേർ പാപമോചനകൂദാശകൾക്ക് പ്രാധാന്യം നൽകുന്നുണ്ട് എന്നത് ചിന്തനീയമായ ചോദ്യമാണ്. ആഘോഷം എന്നതിലൂടെ മദ്യപാനവും അമിതഭക്ഷണവും മദിരോത്സവങ്ങളും എന്ന ആധുനികചിന്താഗതിയിൽ യഹൂദരുടെ ആഘോഷങ്ങളിലെ ഹൃദയശുദ്ധീകരണത്തിനും ദൈവസ്തുതിക്കും നൽകുന്ന പ്രാധാന്യം കാലഹരണപ്പെട്ടതായി തോന്നാം.

3. നേട്ടങ്ങളുടെ അവസരങ്ങളിൽ തങ്ങളുടെ മൺമറഞ്ഞുപോയ പൂർവ്വികരെ അനുസ്മരിക്കുന്ന ഇസ്രായേൽജനം (വാ. 36, 45) ആധുനികസംസ്കാരത്തിന് ദിശാസൂചിക നൽകുന്നുണ്ട്. സമൂഹത്തിന്റെ ശാശ്വതമായ പാരമ്പര്യങ്ങളും സമൂഹത്തിനുവേണ്ടി അത്യധ്വാനം ചെയ്ത പൂർവ്വസൂരികളും അവഗണിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ സ്വന്തം മാതാപിതാക്കൾ പോലും ഭാരമായി തോന്നുന്നത് സ്വാഭാവികമാണ്. കഴിഞ്ഞതിനെ സമ്പൂർണ്ണമായും നിഷേധിക്കുന്നവർക്ക് ചരിത്രമില്ല, അത് പിതൃഹത്യയ്ക്കു തുല്യമാണ്.

4. മതകർമ്മങ്ങൾക്കുവേണ്ട മൂന്ന് അവശ്യഗുണങ്ങൾ കൃത്യത, സജീവത, സാക്ഷ്യഗുണം എന്നിവയാണ്. കൃത്യമായ മുന്നൊരുക്കത്തോടെ നടത്തുന്ന, സജീവതയും പരസ്യപ്രദക്ഷിണം നൽകുന്ന സാക്ഷ്യവും ചേർന്ന് നഗരമതിലിന്റെ പ്രതിഷ്ഠാകർമ്മത്തെ കുറ്റമറ്റ ആരാധനാകർമ്മമാക്കുന്നു.

## നവീകരണ
## സംരംഭങ്ങളുടെ തുടക്കം ( 12:44–13:13)

നഗരമതിലിന്റെ പ്രതിഷ്ഠ കേവലം ആഘോഷങ്ങളിൽ ഒതുങ്ങി നിന്നില്ല എന്നത് ശ്രദ്ധേയമാണ്. “ആ ദിവസം തന്നെ” (12:44;13:1) അവർ മോശയുടെ നിയമത്തിനനുസൃതം തങ്ങളുടെ ജീവിതത്തെ ക്രമീകരിക്കാൻ പരിശ്രമിച്ചുതുടങ്ങി എന്നത് ശ്രദ്ധേയമാണ്. ഈ വചനഭാഗം നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളുടെ ഭാഗമല്ല എന്ന് ഭാഷാശൈലിയിൽ നിന്നും വ്യക്തമാണ്. 10-ാം അധ്യായവുമായുള്ള സമാനത നിമിത്തം 12:44–13 നെ പിൽക്കാല സംശോധനയുടെ ഭാഗമായിട്ടാണ് പൊതുവെ കരുതുന്നത്. എന്നാൽ 13:4–31 നെഹെമിയായുടെ ഓർമ്മക്കുറിപ്പുകളുടെ ഭാഗമായി മനസ്സിലാക്കാവുന്നതാണ്. ഈ വചനഭാഗത്ത് വ്യക്തമായ സമാന്തരഘടന ദൃശ്യമാണ്.

A ദശാംശത്തെക്കുറിച്ച് (12:44–47)

B വിജാതീയരിൽ നിന്നുള്ള അകൽച്ച (13:1–3)

$B^1$ തോബിയായിൽ നിന്നുള്ള അകൽച്ച (13:4–9)

$A^1$ ദശാംശത്തെക്കുറിച്ച് (13:10–13)

12:44-47ൽ ദൈവാലയത്തിന്റെയും പുരോഹിതരുടെയും സുസ്ഥിതിക്കുവേണ്ടി ഏർപ്പെടുത്തിയ ദശാംശം കൃത്യമായി പിരിച്ചെടുക്കാനും സൂക്ഷിക്കാനുമായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ് പ്രതിപാദ്യം. പുരോഹിതരുടെയും ലേവ്യരുടെയും ശുശ്രൂഷയിൽ സംതൃപ്തരായിരുന്ന ജനത്തിന് ദശാംശം നൽകാൻ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. സെറുബാബേലിനെയും നെഹെമിയായെയും ഒരേ നിലയിൽ കാണുന്ന പതിവ് ഇവിടെയും ആവർത്തിക്കുന്നുണ്ട് (വാ. 47). ഇവരുടെ കാലഘട്ടങ്ങൾ തമ്മിൽ 75 വർഷത്തെ ദൈർഘ്യമുണ്ടെന്ന വസ്തുത പലപ്പോഴും പിൽക്കാല ഗ്രന്ഥകാരന്മാർ വിസ്മരിക്കുന്നതിന് (2 മക്ക 1;18-36) നെഹെമിയായുടെ പുസ്തകത്തിന്റെ ശൈലി കാരണമായിട്ടുണ്ടാകാം.

13:1-3 ൽ യഹൂദരല്ലാത്തവരെ സമൂഹത്തിൽ നിന്നു ബഹിഷ്കരിക്കുന്നതിന്റെ വിവരണമാണുള്ളത്. വിജാതീയരുമായുള്ള സമ്പർക്കം ഇസ്രായേലിന്റെ മതാത്മകതയെ അപകടപ്പെടുത്തും എന്ന ചിന്തയാണ് ഈ സാമൂഹിക വിച്ഛേദനത്തിനു പിന്നിലെ പ്രചോദനം (പുറ 12:38; ജറെ 25:20;50:37; എസെ 30:5). എന്നാൽ എസ്രായുടെ പുസ്തകത്തിൽ കാണപ്പെടുന്നതുപോലെ മിശ്രവിവാഹങ്ങൾ വേർപെടുത്താനുള്ള നടപടികൾ ഈ വിവരണത്തിൽ കാണുന്നില്ല. മൊവാബ്യരും ആമോന്യരും ഇസ്രായേലിന്റെ ശത്രുക്കളാണെന്ന നിയമഗ്രന്ഥത്തിന്റെ നിലപാടുതന്നെയാണ് എസ്രാ-നെഹെമിയായും അനുവർത്തിക്കുന്നത് (13:2).

നെഹെമിയാ രാജാവിനെ സന്ദർശിക്കാൻ ബാബിലോണിൽ പോയ സമയത്ത് പ്രധാന പുരോഹിതൻ വിജാതീയനും യഹൂദരുടെ ശത്രുവുമായ തോബിയായ്ക്ക് ദൈവാലയത്തിന്റെ മുറികളിൽ ഒന്ന് നൽകിയതിനെ നെഹെമിയാ തിരുത്തുന്നതാണ് 13:4-9ന്റെ ഇതിവൃത്തം. ബി.സി. 433ലാണ് (അർത്താക്സെർക്സസ് രാജാവിന്റെ ഭരണത്തിന്റെ 32-ാം വർഷം) നെഹെമിയാ ബാബിലോണിലേക്ക് പോയത്. തന്റെ ഗവർണർ പദവിയുടെ കാലാവധിയായ പന്ത്രണ്ടുവർഷം പൂർത്തിയായപ്പോഴാണ് നെഹെമിയാ തിരികെ പോയത്. നെഹെമിയാ ഗവർണറായി വീണ്ടും തിരിച്ചുവരുമെന്ന് എലിയാഷിബോ തോബിയായോ കരുതിയിരുന്നില്ല. തന്മൂലമാണ് ദൈവാലയത്തിന്റെ ദുരുപയോഗത്തിന് അവർ ധൈര്യം കാട്ടിയത്. നെഹെമിയാ തിരിച്ചെത്തിയത് ഗവർണർ പദവിയോടെയാണോ എന്ന കാര്യം ഗ്രന്ഥത്തിൽ പരാമർശിക്കുന്നില്ലെങ്കിലും തുടർന്ന് നെഹെമിയാ നടത്തുന്ന പ്രവർത്തനങ്ങളിൽ നിന്നും അദ്ദേഹം ഗവർണർ പദവിയിൽ തുടരുകയാണെന്ന് അനുമാനിക്കാം. വിജാതീയനായ തോബിയായുടെ സാന്നിദ്ധ്യം ദൈവാലയത്തെ അശുദ്ധമാക്കിയതാണ് നെഹെമിയായെ പ്രകോപിപ്പിക്കുന്നത്.

ദശാംശം നൽകുന്നതിൽ വീഴ്ച വന്നതിനാൽ ലേവ്യർ ഉപജീവനമാർഗ്ഗം തേടി വയലുകളിൽ പണിക്കുപോകേണ്ടിവന്ന ദുരവസ്ഥയാണ് 13:10-14ന്റെ ഉള്ളടക്കം. പ്രവാസാനന്തര കാലഘട്ടത്തിലെ ജനം ദശാംശം നൽകുന്നതിൽ കാര്യമായ വീഴ്ചവരുത്തിയിരുന്നതായി മലാക്കിപ്രവാച

കൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് (മലാ 3:8-9) ലേവ്യർക്ക് സ്വന്തമായി ഭൂമി യില്ലാത്തവരാണ്. എന്നാൽ അവർ വയലുകളിൽ പണിയെടുത്തു തുടങ്ങി (വാ. 10) എന്നത് അവർ സ്വന്തമായി ഭൂമി ആർജ്ജിച്ചു തുടങ്ങിയതിന്റെ സൂചനയാകാം. ബലിവസ്തുക്കൾ നേരിട്ടു ലഭിക്കുന്നതിനാൽ (നിയ 18:8-19) പുരോഹിതർക്ക് ലേവായരുടെയൊപ്പം കഷ്ടത അനുഭവിക്കേണ്ടി വന്നിരിക്കാനിടയില്ല. ദശാംശം കർക്കശമാക്കുകയും ലേവ്യരെ തിരികെ ദൈവാലയത്തിലെത്തിക്കുകയും ചെയ്തതിലൂടെ നെഹെമിയാ ജനത്തി ന്റെയും ലേവായരുടെയും ദൈവാലയത്തിന്റെയും പരിശുദ്ധി വീണ്ടെടു ത്തു. തന്റെ പ്രവൃത്തി ഓർക്കണമേ (വാ. 14) എന്ന പ്രാർത്ഥനയോടെ യാണ് ഈ ഭാഗം അവസാനിക്കുന്നത്.

## സാബത്താചരണവും മിശ്രവിവാഹവും ( 13:14-31)

നെഹെമിയായുടെ മതനവീകരണ സംരഭങ്ങൾ തുടരുന്നതിന്റെ വിവ രണമാണ് 13:15-31 ൽ. മുന്തിരിയുടെ വിളവെടുപ്പുകാലത്ത് (സെപ്തം ബർ-ഒക്ടോബർ) സാബത്തിലും ജനങ്ങൾ ജോലിചെയ്തിരുന്നത് നെഹെമിയാ തടഞ്ഞു. വിളവെടുക്കുക മാത്രമല്ല, വിളവ് ജറുസലേമി ലേക്ക് കഴുതപ്പുറത്തേറ്റിക്കൊണ്ടുചെന്ന് വില്പന നടത്തുകയും ചെയ്തി രുന്നു. മുന്തിരി പാകമായാൽ വളരെ വേഗം താഴെവീണു നശിച്ചുപോകും എന്നതിനാലാണ് യഹൂദർ സാബത്തിലും വിളവെടുപ്പ് നടത്തിയിരുന്ന ത്. ടയറിൽ നിന്നുള്ളവർ (വാ. 16) മധ്യപൗരസ്ത്യദേശത്ത് കച്ചവടത്തിന് പേരുകേട്ടവരായിരുന്നു (ഏശ 23:2-3; എസെ 27:12-25; ആമോ 1:9-10; ജോയേൽ 3:6). ജറുസലേമിൽ വാസമുറപ്പിച്ചിരുന്ന ഇവർ സാബത്തു ദിവസം മത്സ്യവും മറ്റ് വസ്തുക്കളും യഹൂദർക്കു വിൽക്കുവാനായി കൊണ്ടുവന്നിരുന്നു. സാബത്തിൽ വിളവെടുക്കുന്നതും കച്ചവടം ചെയ്യു ന്നതും നിയമവിരുദ്ധമായതിനാൽ ഈ നടപടിയെ നെഹെമിയാ തിരുത്തി. സാബത്തുലംഘനം മൂലം പ്രവാസപൂർവ്വജനതക്ക് അടിമത്തം അനുഭ വിക്കേണ്ടിവന്ന വസ്തുത നെഹെമിയാ ഓർമ്മിപ്പിക്കുന്നുണ്ട്. സമാനമായ നാശത്തിന്റെ വഴിയേയാണ് യഹൂദർ നടക്കുന്നത് എന്ന നിലപാടാണ് നെഹെമിയാ സ്വീകരിക്കുന്നത്. ജറെമിയായും ഇതിനുസമാനമായ വ്യാഖ്യാനം സാബത്തുലംഘനത്തെക്കുറിച്ച് നൽകുന്നുണ്ട് (ജറെ 17:19 -27). സാബത്തിൽ കച്ചവടം നിരോധിക്കുന്നതിന്റെ ഭാഗമായി നഗരകവാ ടങ്ങൾ തലേന്നു വൈകിട്ടുതന്നെ അടച്ചിടാനാണ് നെഹെമിയാ കൽപി ക്കുന്നത്. വാതിൽകാവലിന്റെ ചുമതല ലേവായരെ ഏൽപ്പിക്കുന്നതിന്റെ (വാ.22) ലക്ഷ്യവും സാബത്തിന്റെ പരിശുദ്ധി പരിരക്ഷിക്കുക എന്നതാ ണ്. സാബത്തിന്റെ പരിശുദ്ധി സംരക്ഷിക്കാൻ പരിശ്രമിച്ച തന്നെ മറക്ക രുതേ എന്ന പ്രാർത്ഥനയോടെയാണ് ഈ വിവരണം സമാപിക്കുന്നത്.

13:23-29 ലെ വിവരണം മിശ്രവിവാഹത്തെക്കുറിച്ചാണ്. 13:1-3ൽ ആമ്മോന്യരെയും മൊവാബ്യരെയും കുറിച്ചുള്ള വിവാഹവിലക്ക് 23-29

വാക്യങ്ങളിൽ അഷ്ദോദുകാരുമായുള്ള വിവാഹത്തിനും ബാധകമാണെന്നു പറയുന്നു. നിയമഗ്രന്ഥത്തിലൊരിടത്തും അഷ്ദോദുകാരുമായുള്ള വിവാഹം വിലക്കിയിട്ടില്ല. അഷ്ദോദുകാർ ഇസ്രായേലിന് ഏതെങ്കിലും ദ്രോഹം ചെയ്തതായും കാണുന്നില്ല. അവർ വ്യത്യസ്തമായ ഭാഷ സംസാരിക്കുന്നു എന്നതുമാത്രമാണ് ആരോപണമായി ഉന്നയിച്ചിരിക്കുന്നത്. അഷ്ദോദുകാരുടെ ഭാഷയെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. അസ്സീറിയൻ, അരമായ, ഗ്രീക്ക് ഭാഷകൾ നിർദ്ദേശിക്കപ്പെടുന്നുണ്ടെങ്കിലും അഷ്ദോദ് എന്നത് ഒരു ഭാഷയുടെ പേരായിരിക്കും എന്ന നിഗമനത്തിനാണ് പ്രാമാണ്യമുള്ളത്. നെഹെമിയാ മിശ്രവിവാഹിതരെ ശപിക്കുകയും (ഹീബ്രുവിൽ "റിബ്") അവരുടെ മുടി പറിച്ചെടുക്കുകയും ചെയ്തു (വാ.25). മുടി പറിക്കുന്നത് ദുഃഖത്തിന്റെയും അപമാനത്തിന്റെയും അടയാളമാണ് (2 സാമു 10:4; ഏശ 50:6; എസ്രാ 9:3). ഇത്തരത്തിലുള്ള ശിക്ഷാനടപടികൾ നെഹെമിയായുടെ പതിവുശൈലിയായിരുന്നു (വാ. 8,21). നെഹെമിയാ മിശ്രവിവാഹിതരെക്കൊണ്ട് എടുപ്പിച്ച പ്രതിജ്ഞ നിയ 7:3ന്റെ സംക്ഷിപ്ത രൂപമാണ്.

മിശ്രവിവാഹത്തെ നിയമഗ്രന്ഥം എതിർക്കുന്നത് സത്യവിശ്വാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായിട്ടാണ്. മിശ്രവിവാഹത്തിലൂടെ സോളമന്റെ ജീവിതത്തിൽ സംഭവിച്ച വിശ്വാസഭ്രംശങ്ങളെയാണ് നെഹെമിയാ ഉദാഹരിക്കുന്നത് (വാ. 26). ജ്ഞാനിയും (രാജാ 3:12) ദൈവത്തിന്റെ പ്രിയങ്കരനുമായിരുന്നിട്ടും (2 സാമു 12:24-25) വിജാതീയസ്ത്രീകൾമൂലം സോളമൻ വഴിതെറ്റി (1 രാജാ 11). സോളമൻ പോലും മിശ്രവിവാഹത്തിലൂടെ വിശ്വാസഭംഗം വരുത്തിയെങ്കിൽ സാധാരണക്കാർക്ക് എത്രയധികം വിശ്വാസഭ്രംശം മിശ്രവിവാഹത്തിലൂടെ സംഭവിക്കും? എന്ന യുക്തിയാണ് നെഹെമിയാ ഇവിടെ ഉന്നയിക്കുന്നത്. പ്രധാനപുരോഹിതനായ എലിയാഷിബിന്റെ പുത്രൻ പോലും മിശ്രവിവാഹം കഴിച്ചതിനെ ചൂണ്ടികാട്ടി (വാ.28) വിശ്വാസഭ്രംശം ദൈവജനത്തിന്റെ എല്ലാതട്ടിലേക്കും പടരുന്നതായി നെഹെമിയാ ചൂണ്ടികാട്ടുന്നു. പ്രധാനപുരോഹിതൻ ഇസ്രായേലിലെ കന്യകയെ മാത്രമേ വിവാഹം ചെയ്യാൻ പാടുള്ളൂ എന്നാണ് നിയമഗ്രന്ഥം അനുശാസിക്കുന്നത് (ലേവ്യ 21:13-15). എസ്രായിൽ നിന്ന് വ്യത്യസ്തമായി മിശ്രവിവാഹങ്ങൾ വേർപെടുത്താനുള്ള ശ്രമം നെഹെമിയാ നടത്തുന്നില്ല എന്നത് ശ്രദ്ധേയമാണ്. നിയമലംഘനത്തിലൂടെ പ്രധാനപുരോഹിതകുടുംബം വരുത്തിയ അപമാനത്തിനു തക്ക ശിക്ഷ (നിയ 33:9-11; മലാ 2:4-8) എലിയാഷിബിനു ലഭിക്കും എന്ന മുന്നറിയിപ്പാണ് 29-ാം വാക്യത്തിലെ പ്രാർത്ഥനയുടെ ഉള്ളടക്കം.

13:30-31ൽ തന്റെ നവീകരണപ്രവർത്തനങ്ങളുടെ രത്നച്ചുരുക്കമാണ് നെഹെമിയ ഉപസംഹാരമായി പരാമർശിക്കുന്നത്. നെഹെമിയായുടെ ഗ്രന്ഥത്തിന്റെ രണ്ടാം പകുതിയിൽ നിന്നുള്ള കാര്യങ്ങൾ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ.

1. മിശ്രവിവാഹത്തെ എതിർത്തുള്ള പ്രതിജ്ഞ (13:25)
2. വിജാതീയരിൽ നിന്നുള്ള വേർതിരിവ് (10:28)

3. പുരോഹിതരുടെയും ലേവ്യരുടെയും ദൗത്യനിർണ്ണയം (12:44; 13:10-13)
4. ദേവാലയത്തിൽ വിറകുനൽകാനുള്ള ദൗത്യനിർണ്ണയം (10:34)
5. ആദ്യഫലസമർപ്പണത്തിനുള്ള വ്യവസ്ഥ (10:35)

സമാപനവാക്യങ്ങൾ ഗ്രന്ഥത്തിന് മുഴുവനുമുള്ള സമാപനമാണോ അതോ പിൽക്കാല സംശോധകൻ കൂട്ടിച്ചേർത്ത സമാപനമാണോ എന്ന് ഉറപ്പിച്ചുപറയാനാകില്ല.

**വിചിന്തനങ്ങൾ**

1. പുരോഹിതരുടെ ശുശ്രൂഷയിൽ സംപ്രീതരായിരുന്ന ജനം ദശാംശം സന്തോഷത്തോടെ നൽകി (12:44) എന്ന പരാമർശം ശ്രദ്ധേയമാണ്. പുരോഹിതർ ദൈവശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യുമ്പോൾ ജനം ദശാംശം നൽകുകയും വിശ്വാസികളുടെ സമൂഹം കെട്ടുറപ്പിൽ വളരുകയും ചെയ്യും. പുരോഹിതർ ധനസമ്പാദനവ്യഗ്രതയിലേക്കുമാറിയാൽ ദൈവശുശ്രൂഷക്ക് ക്ഷതം വരുകയും ജനം ദശാംശം നൽകാൻ വിസമ്മതിക്കുകയും ചെയ്യും ഇത് സഭാസമൂഹങ്ങളുടെ ശോഷണത്തിനു കാരണമാകും.

2. ദ്രവ്യാഗ്രഹം ശക്തമാകുമ്പോൾ കർത്താവിന്റെ ദിവസത്തിന്റെ പരിശുദ്ധിയൊക്കെ ദൈവജനം മറക്കും (13:15-22) എന്ന നിരീക്ഷണത്തിന് കാലികപ്രസക്തിയുണ്ട്. ഞായറാഴ്ച ജോലിചെയ്യാനും അതുവഴി ഇരട്ടിവേതനം നേടാനുമുള്ള അവസരങ്ങൾക്ക് വിശ്വാസികൾ മത്സരിക്കുന്ന കാലമാണിത്. കർത്താവിന്റെ ദിവസത്തിന്റെ പരിശുദ്ധി മറന്ന് അധ്വാനിക്കുന്നവർ സമ്പന്നരാകുന്നില്ല. മാത്രമല്ല, അവരുടെ വീടും ദേശവും അന്യാധീനമായി അവർ അടിമകളായി കഴിയേണ്ടിവരുമെന്ന ഭീതിദമായ സത്യവും ഇവിടെ പ്രസക്തമാണ്.

3. നെഹെമിയാ സത്യവിശ്വാസം സംരക്ഷിക്കാൻ ധീരോചിതമായ നടപടികൾ എടുത്തു (13:11,15,17,25). വിശ്വാസസംരക്ഷണം ധീരമായ പ്രവർത്തനങ്ങളിലൂടെയും- ജീവിത സാക്ഷ്യത്തിലൂടെയുമേ സാധ്യമാകുകയുള്ളൂ. വചനത്തോടുള്ള പ്രതിബദ്ധതയിൽ മായം ചേർക്കപ്പെടുന്ന സമൂഹങ്ങളിൽ വിശ്വാസം അല്പായുസ്സായിരിക്കും.

4. മതനിരപേക്ഷത മതദ്വേഷവും മതനിന്ദയുമായി പരിണമിക്കുന്ന കാലത്ത് സ്വന്തം വിശ്വാസസത്യങ്ങളോടുള്ള പ്രതിബദ്ധത മാത്രമേ വിശ്വാസസംരക്ഷണത്തിനു സഹായകമാകൂ എന്ന നെഹെമിയായുടെ നിലപാട് ശ്രദ്ധാർഹമാണ്. തെറ്റായ മതനിരപേക്ഷത ഭൗതികവാദത്തിനും ആപേക്ഷികവാദത്തിനും കാരണമാകും.